ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഒക്ടോബർ-നവംബർ-ഡിസംബർ 2022 പുസ്തകം 3 ലക്കം 4

ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിൽ വിദ്യാഭ്യാസത്തിന്റെയും മതവിശ്വാസത്തിന്റെയും പങ്ക്

ഇന്ത്യൻ ഭരണഘടനയുടെ ധനപരമായ അധികാരങ്ങളും ഫെഡറൽ ഘടനയും

ധനസ്ഥിതിയിലെ കേരളത്തിന്റെ തിരിച്ചുവരവും സാമ്പത്തിക അച്ചടക്കവും

കോവിഡിന്റെ രണ്ടു വർഷവും ജി എസ് ടി വരുമാനത്തിലെ തിരിച്ചുവരവും

ജി എസ് ടി സമ്പ്രദായം അഞ്ച് വർഷം പിന്നിടുമ്പോൾ

ഇന്ത്യയിലെ ജി എസ് ടി ഉത്തരവുകളെ കുറിച്ച് ഒരു വിശകലനം

കോവിഡ് കാലത്തെ ഉയർന്ന പണപ്പെരുപ്പം: കേരളവുമായി ഒരു താരതമ്യം

കോവിഡ് മഹാമാരിയും തൊഴിലില്ലായ്മയും : കേരളവും ഇതര സംസ്ഥാനങ്ങളും-ഒരു താരതമ്യം

സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ആഗോള സ്ഥിതിയും ഇന്ത്യയും

സി ഒ പി 27 ഉച്ചകോടിയും ഇന്ത്യയുടെ നിലപാടുകളും

ഉന്നത വിദ്യാഭ്യാസ രംഗത്ത് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സ്വാധീനം

ജി എസ് ടി : പ്രധാന നടപടികൾ

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ഒക്ടോബർ-നവംബർ-ഡിസംബർ 2022 പുസ്തകം 3 ലക്കം 4

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

അസിസ്റ്റന്റ് എഡിറ്റർ
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

**പേജ് നമ്പർ**

*എഡിറ്റോറിയൽ*

1. **ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിൽ വിദ്യാഭ്യാസത്തിന്റെയും മതവിശ്വാസത്തിന്റെയും പങ്ക്** 3
ഡി നാരായണ

2. **ഇന്ത്യൻ ഭരണഘടനയുടെ ധനപരമായ അധികാരങ്ങളും ഫെഡറൽ ഘടനയും** 16
ആർ മോഹൻ

3. **ധനസ്ഥിതിയിലെ കേരളത്തിന്റെ തിരിച്ചുവരവും സാമ്പത്തിക അച്ചടക്കവും** 20
കെ ജെ ജോസഫ്, അനിതകുമാരി എൽ

4. **കോവിഡിന്റെ രണ്ടു വർഷവും ജി എസ് ടി വരുമാനത്തിലെ തിരിച്ചുവരവും** 30
സന്തോഷ്കുമാർ ഡാഷ്, ജെറോം ജോസഫ്

5. **ജി എസ് ടി സമ്പ്രദായം അഞ്ച് വർഷം പിന്നിടുമ്പോൾ** 39
റെൽഫി പോൾ

6. **ഇന്ത്യയിലെ ജി എസ് ടി ഉത്തരവുകളെക്കുറിച്ച് ഒരു വിശകലനം** 45
ജെന്നി തെക്കേക്കര, അനിതകുമാരി എൽ

7. **കോവിഡ് കാലത്തെ ഉയർന്ന പണപ്പെരുപ്പം : കേരളവുമായി ഒരു താരതമ്യം** 55
രഞ്ജിത്ത് പി എസ്, കിരൺകുമാർ കക്കർലപുടി

8. **കോവിഡ് മഹാമാരിയും തൊഴിലില്ലായ്മയും : കേരളവും ഇതര സംസ്ഥാനങ്ങളും – ഒരു താരതമ്യം** 65
കിരൺകുമാർ കക്കർലപുടി, ഷഗിഷ്ണ കെ

9. **സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ആഗോള സ്ഥിതിയും ഇന്ത്യയും** 76
ലക്ഷ്മി പ്രസാദ്, കിരൺകുമാർ കക്കർലപുടി

10. സി ഒ പി 27 ഉച്ചകോടിയും ഇന്ത്യയുടെ നിലപാടുകളും 84
റിജു മോഹൻ എ

11. ഉന്നത വിദ്യാഭ്യാസ രംഗത്ത് ദേശീയ വിദ്യാഭ്യാസനയത്തിന്റെ സ്വാധീനം 94
ഇന്ദു ടി ആർ

12. **GST updates**
**Highlights of 48th GST council meeting** 101
Relfi Paul

13. **New studies on Kerala** 106
Young scholars' forum, GIFT.

14. **What is new(s) from GIFT** 114

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിൽ വിദ്യാഭ്യാസത്തിന്റെയും മതവിശ്വാസത്തിന്റെയും പങ്ക്

ഡി നാരായണ

### ആമുഖം

2011 ലെ കണക്കുകൾ പ്രകാരം കേരളത്തിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ മൊത്തം ജനസംഖ്യ 4.85 ലക്ഷമാണ്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ് ഇത്. പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ എല്ലാ ജില്ലകളിലും ഉണ്ടെങ്കിലും 75 ശതമാനവും അധിവസിക്കുന്നത് കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ ആറ് ജില്ലകളിലാണ്. പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുന്ന 35 ഗോത്ര വിഭാഗങ്ങളാണ് കേരളത്തിലുള്ളത്. പല വിഭാഗങ്ങളിലും ജനസംഖ്യ നൂറിന് മുകളിൽ മാത്രമാണ്. എന്നാൽ ചില ഗോത്രങ്ങളുടെ ജനസംഖ്യ 20,000 ത്തിന് മുകളിലാണ്. അരണ്ടൻ (283), കൊച്ചുവേലൻ (38), മഹാമലസർ (154) തുടങ്ങിയവ ചെറിയ ഗോത്രങ്ങൾക്ക് ഉദാഹരണമാണ്. എന്നാൽ കാണിക്കാരൻ വിഭാഗത്തിൽ 21,251 പേരും മലഅരയ വിഭാഗത്തിൽ 33,216 പേരും പണിയ വിഭാഗത്തിൽ 88,450 പേരും ഉണ്ടെന്നാണ് കണക്ക്. നഗരവൽകരണത്തിന്റെ തോത് 50 ശതമാനത്തിനടുത്തുള്ള കേരളത്തിൽ, പട്ടിക വർഗ്ഗ വിഭഗക്കാരിൽ 90 ശതമാനം പേരും ഗ്രാമീണ മേഖലയിലാണ് അധിവസിക്കുന്നത്.

ആദിവാസി വിഭാഗങ്ങളുടെ പരമ്പരാഗതമായ ആവാസസ്ഥലങ്ങളിലും ജീവസന്ധാരണ മാർഗ്ഗങ്ങളിലും ഗോത്രങ്ങൾക്കിടയിൽ വ്യത്യസ്തതയുണ്ട്. കാടർ, മുതുവാന്മാർ എന്നിവർ പൊതുവെ ഉൾവനങ്ങളിലാണ് അധിവസിക്കുന്നത്. കാട്ടിൽ നിന്ന് തേൻ, കാട്ടുകിഴങ്ങുകൾ എന്നിവ ശേഖരിക്കലും പക്ഷി, മൃഗാദികളെ വേട്ടയാടലുമാണ് ഇവരുടെ ഉപജീവന മാർഗ്ഗം. എന്നാൽ പണിയ, അടിയ എന്നീ വിഭാഗങ്ങളിൽ പെടുന്നവർ പൊതുവെ മറ്റുള്ളവർക്ക് വേണ്ടി വിവിധ ജോലികൾ ചെയ്ത ജീവിക്കുന്ന വരാണ്. ഏതാണ്ട് രണ്ട് നൂറ്റാണ്ട് മുൻപ് മുതൽക്ക് വയനാട്ടിലും തൊട്ടടുത്ത ജില്ല കളിലുമുള്ള ഇവരുടെ പരമ്പരാഗത ഇടങ്ങളിലേക്ക് ഉണ്ടായ വൻതോതിലുള്ള കുടിയേറ്റമാണ് ഇതിന് പ്രധാന കാരണം. വട്ടി, കുട്ട മുതലായ വീട്ട് സാധനങ്ങൾ നെയ്തെടുക്കുന്നവരാണ് കൊറഗ വിഭാ

***അതിവേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നഗരവൽകരണം ജനസംഖ്യ യിൽ ചെറിയ ശതമാനം മാത്രമുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവരെ കാര്യമായി ബാധിക്കുന്നുണ്ട്. തെക്കൻ ജില്ലകളിലെ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർ അതാത് ജില്ലകളിലും മറ്റു ജില്ലകളിലുമുള്ള നഗര മേഖലകളിലേക്ക് ചേക്കേറുന്ന പ്രവണത ശക്തമാണ്.***

***കാർഷികേതര തൊഴിലുകളിലേക്കുള്ള ചുവടുമാറ്റത്തിന് ഒരു മുഖ്യ കാരണം വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളാണ്. വിദ്യാഭ്യാസ നേട്ടത്തിന്റെ കാര്യത്തിൽ വടക്കൻ ജില്ലകളിലെ ആദിവാസി വിഭാഗങ്ങൾ പട്ടിക ജാതി വിഭാഗങ്ങളിൽ പെട്ടവരെക്കാളും പൊതുവിഭാഗങ്ങളെ അപേക്ഷിച്ചും ഏറെ പിന്നിലാണ്. പക്ഷെ തെക്കൻ ജില്ലകളിൽ ഇവരുടെ നില പട്ടിക ജാതി വിഭാഗങ്ങളെക്കാൾ ഉയർന്നതാണ്. നഗര പ്രദേശങ്ങളിലേക്ക് മാറുന്നതിനു പിന്നിലെ ഒരു പ്രധാന ഘടകം ഇതാണ്.***

ഗത്തിൽ പെടുന്നവർ. ഇവർ പൊതുവെ മറ്റു വിഭാഗങ്ങളുമായി ഇടകലർന്ന് ജീവിക്കുന്നവരാണ്. ചത്ത കന്നുകാലികളെ സംസ്കരിക്കൽ, മാലിന്യങ്ങൾ നീക്കൽ തുടങ്ങിയ ജോലികളിലും ഇവർ ഏർപ്പെടാറുണ്ട്. കൗതുകകരമായ കാര്യം, ഇത്തരത്തിൽ ജീവിത രീതികളിൽ വൈജാത്യം പുലർത്തുന്ന ആദിവാസി ഗോത്ര വിഭാഗങ്ങൾക്കായുള്ള വികസന പദ്ധതികൾ ഒരേ മാതൃകയിലുള്ളതാണ് എന്നതാണ്. കൃഷിക്കും വീട് വയ്ക്കുന്നതിനുമായി ഭൂമി അനുവദിക്കുക, വീടുകളും ശൗചാലയങ്ങളും നിർമിക്കുക, വിദ്യാഭ്യാസം നൽകുക, സംഘടിത മേഖലയിൽ തൊഴിൽ ലഭിക്കുന്നതിന് അവസരമൊരുക്കുക തുടങ്ങി പല കാര്യങ്ങളും ഇതിന് ഉദാഹരണമായി നിരത്താൻ കഴിയും.

വിവിധ ജില്ലകളിലെ ഇവരുടെ ജീവിതത്തെ നിരീക്ഷിക്കുന്ന ഒരാൾക്ക് പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ജീവിതത്തിൽ വ്യക്തമായ മാറ്റങ്ങൾ സംഭവിക്കുന്നത് കാണാൻ കഴിയും. 1981 ൽ ആദിവാസി ഗോത്രങ്ങൾ വയനാട് (36.5 ശതമാനം), ഇടുക്കി (14.8), പാലക്കാട് (11), കോട്ടയം (5.8) എന്നീ നാല് ജില്ലകളിലായാണ് ജീവിച്ചിരുന്നത്. എന്നാൽ 2011 ആകുമ്പോൾ ഈ ജില്ലകളിൽ ഇവരുടെ പ്രാധിനിത്യം 57 ശതമാനമായി കുറഞ്ഞതായി കാണാം. മൂന്ന് പതിറ്റാണ്ടിനിടയിൽ സംഭവിച്ചത് 11 ശതമാനം ഇടിവ്. ഇത് വ്യക്തമാക്കുന്ന കാര്യം, പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർ അവരുടെ പരമ്പരാഗത ആവാസ കേന്ദ്രങ്ങളും തൊഴിലുകളും ഉപേക്ഷിച്ച് മറ്റിടങ്ങളിലേക്ക് ചേക്കേറുന്നു എന്നാണ്. ഇത്തരത്തിലുള്ള ഒരു മാറ്റത്തിന്റെ രീതി എപ്രകാരമാണ്? ഏതു വിഭാഗങ്ങളിൽപ്പെട്ടവരാണ് ഇത്തരത്തിൽ മാറിയിട്ടുള്ളത്? ഇത്തരത്തിലുള്ള മാറ്റത്തിന് അവർക്ക് സഹായകരമായി വർത്തിച്ച ഘടകങ്ങൾ ഏതൊക്കെയാണ്? ഇവർക്കായി നടപ്പാക്കിയ വികസന പദ്ധതികൾ ഇതിൽ പങ്ക് വഹിച്ചിട്ടുണ്ടോ? ഇത്തരത്തിലുള്ള ചില നിർണ്ണായക കാര്യങ്ങളാണ് ഈ ലേഖനത്തിന്റെ അന്വേഷണ വിഷയം.

## ആദിവാസി വിഭാഗങ്ങളുടെ ജീവിത മാറ്റത്തിന്റെ രീതികൾ

പട്ടിക ഒന്നിൽ ഇതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പട്ടിക ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്, പട്ടികയിൽ മുകളിലെ കോളങ്ങളിൽ ഉൾപ്പെടുന്ന ഗോത്രവിഭാഗങ്ങളിൽ പെടുന്നവർ വടക്കൻ ജില്ലകളിൽ അധിവസിക്കുന്നവരും താഴത്തെ പട്ടികയിൽ പെടുന്നവർ തെക്കൻ ജില്ലകളിൽ നിന്നുള്ളവരുമാണ്. താഴത്തെ പട്ടികയിൽ ഉൾപെടുന്നവർക്കിടയിലാണ് നഗര ജീവിതത്തിലേക്കുള്ള ചുവടുമാറ്റം കാര്യമായുള്ളത്. ദക്ഷിണ ജില്ലകളിൽ നിന്നുള്ളവർ മറ്റു ജില്ലകളിലെ അല്ലെങ്കിൽ അവരുടെ തന്നെ ജില്ലകളിലെ നഗര പ്രദേശങ്ങളിലേക്ക് മാറുന്നു എന്നത് ഒരു പ്രത്യേകതയാണ് (പട്ടിക –1).

ആദിവാസി ഗോത്രവിഭാഗങ്ങളുടെ ജനസംഖ്യയിലെ വർധനയും പൊതുവിൽ ജനസംഖ്യയിൽ ഉണ്ടായ വർധനയും ഈ മാറ്റത്തെ കുറിച്ച് പഠിക്കുന്നതിനായി വിശകലനം

**Table 1.** Spatial and rural-urban movement of tribes in Kerala over 1991-2011

| District Level Concentration | Urbanisation Rising | No Change in Urbanisation |
|---|---|---|
| Small Change in Spatial Concentration | Arandan(2.8%), Kadar(6.3%), Koraga(40%), Kudiya(2%), Kurichiya(5%), Kuruma (3.5%), Malai Pandaram (11%), Uraly(2.4%) | Adiyan(1.2%),Eravallan(0.4%), Hill Pulaya(1.7%), Irular(1.8%), Kattunayakan(4%), Paniyan(3.5%) |
| Large Reduction in Spatial Concentration | Kanikaran (8.7%), Malai Arayan (9.6%), Malai Vedan (10.5%), Malayan (3%) | Malayarayar(10.5%), Mannan (3.4%), Muthuvan (1.5%) |

*Source: https://censusindia.gov.in/DigitalLibrary/Tables.aspx, 1991 and 2011.*

*Note: Small change – less than two percentage points.*

*Figures in brackets are level of urbanization in 2011.*

ചെയ്യേണ്ടതുണ്ട്. 2001 നും 2011 നു മിടയിൽ കേരള ജനസംഖ്യയിലുണ്ടായ വർധന 4.9 ശതമാനമാണ്. എന്നാൽ പട്ടിക വർഗ്ഗങ്ങളുടെ ജനസംഖ്യയിലുണ്ടായ വളർച്ച 33[1] ശതമാന മായിരുന്നപ്പോൾ ഇടുക്കി, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ പൊതുവിൽ ജന സംഖ്യയിലുണ്ടായ വർധന പൂജ്യമോ അതിൽ താഴെയോ ആയിരുന്നു. പക്ഷെ തൃശൂർ, എറണാകുളം, കോഴിക്കോട് തുടങ്ങി നഗരവൽകരണം അതിദ്രുതം സംഭവിക്കുന്ന ജില്ലകളിൽ ഇത് 5 ശതമാനത്തിന് മുകളി ലാണെന്ന് കാണാം. ഇതേ പാറ്റേൺ കുറേ ക്കൂടി തീവ്രമായ വിധത്തിലാണ് ഗോത്ര വിഭാ ഗങ്ങൾക്കിടയിലും പ്രകടമായത്. നഗര വൽകരണം ദ്രുതഗതിയിൽ സംഭവിക്കുന്ന ജില്ലകളിൽ ആദിവാസി വിഭാഗങ്ങൾ ക്കിടയിലെ ജനസംഖ്യ വളർച്ച 65 ശതമാനത്തിനും 150 ശതമാനത്തിനു മിടയിലാണെന്ന് കാണാൻ കഴിയുന്നു. നഗരവൽകരണം അഞ്ച് ശതമാനത്തിൽ താഴെയായ ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലെ ആദിവാസി വിഭാഗങ്ങളുടെ ജനസംഖ്യ വളർച്ച 10 ശതമാനം മാത്രമാണ്. അതിവേഗത്തിൽ സംഭവിച്ച നഗരവത് കരണത്തിന് കാരണം, ജനങ്ങൾ ഇത്തരം ജില്ലകളിലേക്ക് കൂടുതലായി മാറിയതാണ്. ആദിവാസി വിഭാഗങ്ങളുടെ എണ്ണം ഇത്തരം ജില്ലകളിൽ വർധിക്കാൻ കാരണം, അവർ അവിടെ എണ്ണത്തിൽ തുലോം കുറവായ താണ് (പട്ടിക–2).

2001 നും 2011 നുമിടയിൽ കേരളത്തിലെ നഗരവൽകരണം അതിവേഗത്തിലുള്ള താണെന്ന് കാണാം. ഈ ദശകത്തിൽ ആദിവാസി വിഭാഗങ്ങളുടെ ജനസംഖ്യാ വളർച്ച നെഗറ്റീവായിരുന്നു. ഇത് വ്യക്ത മാക്കുന്ന കാര്യം നഗര മേഖലകളിലേക്ക് കാര്യമായ ഒഴുക്ക് ഉണ്ടായി എന്നതാണ്. കാർഷികേതര തൊഴിൽ മേഖലകളിലേക്ക് മറ്റു ജനവിഭാഗങ്ങൾക്കൊപ്പം ആദിവാസി മേഖലകളിൽ നിന്നുള്ളവരും മാറിയതായി വ്യക്തമാകുന്നുണ്ട്. തങ്ങളുടെ തനത് ആവാസ കേന്ദ്രങ്ങളിൽ നിന്നും അടുത്ത ജില്ലകളിലെ നഗര പ്രദേശങ്ങളിലേക്കാണ്

**Table 2.** Distribution of districts by level of urbanisation and tribal population Growth

| Urbanisation % -2011 | Tribal Population Growth % -2001 to 2011 | | | |
|---|---|---|---|---|
| | Above 100 | 51-100 | 26- 50 | 25 or below |
| Above 60 | Kannur (65,110) Kozhikode (67,156) | Thrissur (67,95) Ernakulam (68,65) | | |
| 36 – 60 | Alappuzha (54,110) Kollam (45,107) | Kasaragod (39,61)Malappuram (44,87) | Thiruvanant-hapuram(54,29) | |
| 11-35 | | | | Palakkad (24,11) Kottayam (29,20) Pathanamthitta (11,24) |
| 10 or Less | | | | Wayanad (4,11) Idukki (5,10) |

*Source: https://censusindia.gov.in/Digital Library/Tables.aspx, 2001 and 2011.*

ഗോത്രവിഭാഗങ്ങൾ അധികവും ചേക്കേറിയത്. കേരളത്തിലെ മുഴുവൻ ആദിവാസി സമൂഹവും ഇത്തരത്തിൽ മാറിയിട്ടില്ല. തെക്കൻ ജില്ലകളിലാണ് ഇത്തരത്തിലുള്ള മാറ്റം കൂടുതൽ പ്രകടമായി കാണുന്നത്.

**ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ–ഒരു താരതമ്യം**

കാർഷികേതര തൊഴിലുകളിലേക്കുള്ള ചുവട് മാറ്റത്തിന്റെ ഒരു പ്രധാന കാരണം വിദ്യാഭ്യാസമാണ്. പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസ മേഖലയിലെ പുരോഗതിയിൽ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരുടെയും പൊതുസമൂഹത്തിന്റേതുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഒരു പ്രധാന പങ്ക് വഹിച്ചതായി വ്യക്തമാകുന്നുണ്ട്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പല സൂചികകളും ഇതിനായി നമുക്ക് എടുക്കാൻ കഴിയും. വിവിധ പ്രായ വിഭാഗത്തിൽ പെടുന്നവരിൽ ബിരുദം നേടിയവരുടെ എണ്ണമാണ് ഇവിടെ ഉപയോഗിക്കുന്നത്. പ്രായം ഇക്കാര്യത്തിൽ ഒരു നിർണ്ണായക ഘടകമാണ്. കാരണം, ഓരോ കാലഘട്ടത്തിലെയും പുരോഗതി ഇതിൽ നിന്ന് മനസിലാക്കാൻ കഴിയുന്നതാണ് (പട്ടിക–3).

വടക്കൻ ജില്ലകളുടെ കാര്യമെടുത്താൽ 2011 ൽ പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ ബിരുദധാരികളുടെ എണ്ണം പട്ടിക ജാതിക്കാരെ അപേക്ഷിച്ച് കുറവായിരുന്നു. പൊതുവിഭാഗത്തിന്റെ കാര്യമെടുത്താലും മൂന്ന് വടക്കൻ ജില്ലകളുടെ കാര്യത്തിൽ ഇത് കുറവാണ് (പട്ടിക–3). കണ്ണൂർ ജില്ലയിൽ പട്ടിക വർഗ്ഗക്കാരുമായി തട്ടിച്ച് നോക്കുമ്പോൾ പട്ടിക ജാതിക്കാരിൽ ബിരുദധാരികളുടെ സംഖ്യ 3.7 ഇരട്ടിയാണ്. പൊതുവിഭാഗമെടുക്കുമ്പോൾ ഇത് 4.7 ഇരട്ടിയുമാണ്. ഇത് വലിയ വ്യത്യാസമാണ്. കഴിഞ്ഞ 40 വർഷത്തിനിടയിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ

***പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഒരേ രീതിയിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ സർക്കാർ ലഭ്യമാക്കുമ്പോൾ, തെക്കൻ, വടക്കൻ ജില്ലകൾ തമ്മിൽ കാണുന്ന ഒരു പ്രധാന വ്യതിയാനം പട്ടിക വർഗ്ഗ വിഭാഗക്കാരുടെ മതപരമായ വിശ്വാസമാണ്. വടക്കൻ ജില്ലകളിൽ പട്ടിക വർഗ്ഗ വിഭാഗക്കാർക്കിടയിൽ ക്രിസ്തു മതം സ്വീകരിച്ചവർ പ്രായേണ കുറവാണെങ്കിൽ തെക്കൻ ജില്ലകളിൽ കൂടുതലാണ്. അവിടെ 20.77 ശതമാനം പട്ടിക വർഗ്ഗ വിഭാഗക്കാർ ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നവരാണ്. ഇതിൽ തന്നെ 30 ശതമാനത്തോളം പേർ നഗരങ്ങളിലേക്ക് മാറിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ പുരോഗതിയുടെ കാര്യത്തിലും നഗര കേന്ദ്രങ്ങളിലേക്കുള്ള മാറ്റത്തിന്റെ കാര്യത്തിലും ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം ഒരു നിർണ്ണായക ഘടകമായി മാറിയിട്ടുണ്ട്.***

വിഭാഗങ്ങൾ തമ്മിലുള്ള ഈ വിടവ് കുറയുന്ന ഒരു ലക്ഷണവും പ്രകടമല്ല. എന്നാൽ പൊതു വിഭാഗത്തിന്റെ കാര്യത്തിൽ സ്ഥിതി ഇതല്ല. ഈ വ്യത്യാസം പരിമിതമായ തോതിലാണെങ്കിലും, കുറഞ്ഞു വരികയാണ്. പട്ടിക ജാതി വിഭാഗക്കാരുടെ ഇടയിലെ ഈ മാറ്റത്തിന് കാരണം വിദ്യാഭ്യാസ രംഗത്ത് അവർ വേഗത്തിൽ പുരോഗതി കൈവരിച്ചു എന്നതാണ്. കണ്ണൂർ ജില്ലയുടെ കാര്യമെടുത്താൽ അറുപതും അതിലധികവും പ്രായമുള്ളവരുടെ വഭാഗത്തിൽ പട്ടിക ജാതിക്കാരുടെ കാര്യത്തിൽ ഒരു ശതമാനം അധികമാണ്. എന്നാൽ 20–24 പ്രായവിഭാഗത്തിലേക്ക് വരുമ്പോൾ വ്യത്യാസം ഇല്ലാതാകുന്നതും പ്രകടമാണ്. വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ തമ്മിലുള്ള ഈ വ്യതിയാനം കുറയുന്നില്ലെന്ന് കാണാൻ കഴിയും. പൊതു വിഭാഗവുമായി താരതമ്യം ചെയ്യുമ്പോഴും ഇത് തന്നെയാണ് സ്ഥിതി. വടക്കൻ ജില്ലകളിലും ഇക്കാര്യത്തിൽ വ്യത്യസ്തമായ സ്ഥിതിയില്ല. പട്ടിക മൂന്നിൽ നിന്ന് ഇക്കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്.

പൊതുവിൽ മനസിലാക്കാൻ കഴിയുന്നത്, കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരിലെ ബിരുദധാരികളുടെ എണ്ണം പട്ടിക ജാതി വിഭാഗവുമായും പൊതുവിഭാഗവുമായും താരതമ്യം ചെയ്യുമ്പോൾ കുറവാണ് എന്നതാണ്. ഇക്കാര്യത്തിൽ ഒരു മാറ്റം പ്രകടമാകുന്നില്ല.

ദക്ഷിണ ജില്ലകളിൽ വ്യത്യസ്തമായ ഒരു ചിത്രമാണ് കാണുന്നത്. പൊതുവിഭാഗത്തിൽ ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് എണ്ണം കൂടുതലാണ്. പക്ഷെ, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ തമ്മിൽ കാര്യമായ അന്തരം കാണുന്നില്ല (പട്ടിക–4). രണ്ടു ജില്ലകളിൽ പട്ടിക വർഗ്ഗ വിഭാഗക്കാരാണ് പട്ടിക ജാതി വിഭാഗങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ മുന്നിൽ നിൽക്കുന്നത് എന്നും കാണാം. ഇടുക്കി ജില്ലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സ്ഥിതി പട്ടിക ജാതി വിഭാഗങ്ങളെ അപേക്ഷിച്ച് മോശമാണ്. എന്നാൽ കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ വിദ്യാഭ്യാസ രംഗത്ത് ഭേദപ്പെട്ട നിലയിലാണ് കാര്യങ്ങൾ. മൊത്തത്തിലെടുക്കുമ്പോൾ വടക്കൻ ജില്ലകളെ അപേക്ഷിച്ച് തെക്കൻ ജില്ലകളിൽ ബിരുദം നേടിയവരുടെ എണ്ണം രണ്ടോ മൂന്നോ ഇരട്ടിയാണ്. പട്ടിക വർഗ്ഗവിഭാഗക്കാരുടെ കാര്യത്തിലും ഇതേ പ്രവണത കാണാം (പട്ടിക–4).

വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ രണ്ടു മേഖലകൾ കൈവരിച്ച നേട്ടങ്ങൾ ചില

**Table 3.** Proportion of graduates in population by age class in a few districts of Kerala, 2011

| Age Class (Years) | % Graduates - Kannur | | | % Graduates - Wayanad | | | % Graduates - Palakkad | | |
|---|---|---|---|---|---|---|---|---|---|
| | ST | SC | All | ST | SC | All | ST | SC | All |
| Total | 1.97 | 7.21 | 9.25 | 1.28 | 4.14 | 6.29 | 1.44 | 3.13 | 6.96 |
| 20-24 | 4.64 | 20.10 | 20.73 | 3.70 | 11.13 | 13.32 | 3.73 | 9.57 | 15.79 |
| 25-29 | 4.47 | 16.35 | 19.72 | 3.18 | 8.96 | 12.44 | 3.46 | 7.21 | 13.20 |
| 30-34 | 2.79 | 9.34 | 13.52 | 1.55 | 4.67 | 9.23 | 1.57 | 3.63 | 9.19 |
| 35-59 | 1.07 | 4.57 | 7.68 | 0.44 | 3.02 | 5.19 | 0.64 | 1.52 | 5.68 |
| 60+ | 0.54 | 1.65 | 2.69 | 0.05 | 0.72 | 1.18 | 0.31 | 0.36 | 2.64 |
| Age not stated | 2.27 | 4.09 | 5.45 | 0 | 0 | 4.01 | 0 | 2.83 | 4.69 |

*Source: https://censusindia.gov.in/DigitalLibrary/Tables.aspx, 2011.*

**Table 4.** Proportion of graduates in population by age class in a few districts of Kerala, 2011

| Age Class (Years) | % Graduates - Idukki | | | % Graduates - Kottayam | | | % Graduates - Thiruvananthapuram | | |
|---|---|---|---|---|---|---|---|---|---|
| | ST | SC | All | ST | SC | All | ST | SC | All |
| Total | 3.56 | 3.87 | 7.87 | 7.56 | 6.92 | 12.40 | 6.45 | 6.34 | 13.89 |
| 20-24 | 8.79 | 11.15 | 18.13 | 20.20 | 18.56 | 25.71 | 13.35 | 13.47 | 23.26 |
| 25-29 | 9.05 | 9.95 | 17.88 | 20.62 | 18.64 | 27.56 | 12.73 | 13.79 | 26.97 |
| 30-34 | 5.39 | 5.29 | 12.01 | 10.62 | 9.86 | 18.58 | 9.25 | 9.03 | 20.75 |
| 35-59 | 1.88 | 1.86 | 6.26 | 5.01 | 4.18 | 11.35 | 4.98 | 4.69 | 12.75 |
| 60+ | 0.71 | 0.45 | 1.89 | 2.08 | 2.10 | 5.87 | 3.33 | 2.61 | 7.59 |
| Age not stated | 0 | 4.90 | 8.14 | 10.00 | 5.50 | 7.88 | 2.44 | 7.58 | 9.94 |

*Source: https://censusindia.gov.in/DigitalLibrary/Tables.aspx, 2011.*

വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്. ഒന്ന്, തെക്കൻ ജില്ലകളെ അപേക്ഷിച്ച് വടക്കൻ ജില്ലകളിൽ ബിരുദധാരികളുടെ എണ്ണം കുറവാണ്. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിലും ഇത് തന്നെയാണ് സ്ഥിതി. രണ്ട്, വടക്കൻ ജില്ലകളിൽ പട്ടിക ജാതി വിഭാഗക്കാർക്കിടയിലാണ് ബിരുദധാരികളുടെ എണ്ണംകൂടുതൽ. പക്ഷെ തെക്കൻ ജില്ല കളിലേക്ക് വരുമ്പോൾ സ്ഥിതി നേരെ തിരിച്ചാണ്. കോട്ടയം ജില്ല മാത്രമെടുത്താൽ പൊതുവിഭാഗവുമായി തന്നെ ഇക്കാര്യത്തിൽ പട്ടിക വർഗ്ഗ വിഭാഗക്കാർ മത്സരിക്കു കയാണെന്ന് കാണാം. കാർഷികേതര തൊഴിലുകളിലേക്കുള്ള ചുവട് മാറ്റത്തിനുള്ള ഒരു പടിയായി വിദ്യാഭ്യാസത്തെ കണ്ടാൽ തെക്കൻ ജില്ലകളിൽ പട്ടിക വർഗ്ഗക്കാർ ഇക്കാര്യത്തിൽ നേട്ടമുണ്ടാക്കുന്നു എന്ന് വ്യക്തമാണ്. തെക്കൻ ജില്ലകളിൽ പട്ടിക ജാതി വിഭാഗക്കാരെക്കാൾ മെച്ചപ്പെട്ട സ്ഥിതിയാണ് പട്ടിക വർഗ്ഗ വിഭാഗക്കാരുടെ കാര്യത്തിലുള്ളത്.

പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വികസനം മുൻനിർത്തിയുള്ള ആസൂത്രണത്തിലെ രണ്ട് മുഖ്യ ചുവടുവയ്പുകളിൽ ഒന്ന്, അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് (1974-79) തുടക്കമിട്ട ട്രൈബൽ സബ് പ്ലാനും (ടി എസ് പി) തൊണ്ണൂറുകളുടെ മധ്യത്തിൽ ആരംഭിച്ച വികേന്ദ്രീകൃത ആസൂത്രണവുമാണ്. അഞ്ചു മുതൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി വരെയുള്ള കാലയളവിൽ കേരളത്തിൽ ടി എസ് പിയിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. 2009 മുതൽ തുടർച്ചയായി ഇതിനായി അനുവദിച്ച ഫണ്ട് മൊത്തം പദ്ധതിയുടെ രണ്ടു ശതമാനത്തിൽ കൂടു തലാണ്. താഴെ തട്ട് മുതൽ ആരംഭിക്കുന്ന സബ് പ്ലാൻ വഴിയായി ഇവരുടെ ശബ്ദം മേൽത്തട്ടിലെ ആസൂത്രണത്തിൽ ഉയർന്നു കേൾക്കാൻ ഇടയായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പൽ അടിസ്ഥാനത്തിലുള്ള പദ്ധതി കൾ വഴിയായി ആവശ്യങ്ങൾ കൂടുതലായി തിരിച്ചറിയാൻ കഴിയുന്ന സ്ഥിതിയുണ്ട്. പ്രാദേശിക ഭരണകൂടങ്ങളിൽ ലഭ്യമാകുന്ന രാഷ്ട്രീയ പ്രാതിനിധ്യം ഇതിന് ആക്കം വർധിപ്പിക്കുന്നതാണ്.

പട്ടിക വർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴിയാണ് കേരളത്തിൽ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള വികസന പദ്ധതികൾ നടപ്പാക്കി വരുന്നത്. പട്ടിക വർഗ്ഗ വികസന വകുപ്പിന് 7 ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫിസുകളും 9 ട്രൈബൽ ഡെവലപ്മെന്റ് ഓഫിസുകളും 48 ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസുകളു മാണുള്ളത്. വകുപ്പ് നടപ്പാക്കുന്ന പദ്ധതികളെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹ്യ വികസനം, സാംസ്കാരിക വികസനം, ഇതര വികസന പദ്ധതികൾ എന്നിങ്ങനെ അഞ്ചു വിഭാഗങ്ങളായി തിരിക്കാം. 1997–98 മുതൽ കേരള സർക്കാർ വികസന പദ്ധതികളുടെ നല്ലൊരു ഭാഗം ഫണ്ട് പ്രാദേശിക ഭരണകൂടങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ടി എസ് പി ഫണ്ടുകളിൽ 50 ശതമാനം ഇങ്ങനെ കൈമാറുന്നു.

പട്ടിക വർഗ്ഗ വിഭാഗക്കാരുടെ കാര്യത്തിൽ സാമൂഹ്യ വികസനത്തിനുള്ള പ്രധാന ചാലകശക്തി വിദ്യാഭ്യാസമാണ്. സ്വാതന്ത്ര്യ ത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഇതിനായി പരിമിതമായ ശ്രമം മാത്രമാണ് നടന്നത്. എന്നാൽ അഞ്ചാം പഞ്ചവത്സര പദ്ധതി ക്കാലത്ത് നടപ്പാക്കിയ ടി എസ് പി പദ്ധതി ഇക്കാര്യത്തിൽ വലിയ മുന്നേറ്റമുണ്ടാക്കി. സർവശിക്ഷാ അഭിയാന്റെ ഭാഗമായി വിദ്യാഭ്യാസം സർവ്വത്രികമാക്കിയതും വലിയ ഉണർവിന് കാരണമായി. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ പുരോഗതി ക്കായി ഗവണ്മെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ആശ്രമം സ്കൂളുകൾ, ട്രൈബൽ സ്കൂളുകൾ എന്നിവയും ആരംഭിച്ചു. സാമ്പത്തിക സഹായത്തിന് പുറമെ

ഹോസ്റ്റൽ സൗകര്യവും ഇവർക്കായി ഏർപ്പെടുത്തി.

പട്ടിക വർഗ്ഗ വിഭാഗക്കാർ ഏറെയുള്ള ജില്ല കളിലായി സംസ്ഥാനത്ത് 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ആശ്രമം സ് കൂളുകൾ എന്നിവ പ്രവർത്തിക്കുന്നു. വയനാട്ടിൽ ഇത്തരം 5 സ്കൂളുകൾ പ്രവർ ത്തിക്കുന്നു. ഇടുക്കി, പാലക്കാട്, തിരുവന ന്തപുരം എന്നീ ജില്ലകളിൽ രണ്ടു വീതവും കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഓരോന്ന് വീതവും പ്രവർത്തിക്കുന്നു. ഇവയിൽ എട്ടെണ്ണം ഹയർ സെക്കണ്ടറി തലം വരെയുള്ളതും ഒമ്പതെണ്ണം ഹൈസ്കൂൾ തലം വരെയും ഒരെണ്ണം അപ്പർ പ്രൈമറി തലം വരെയുള്ളതുമാണ്. ആൺ കുട്ടികൾക്ക് മാത്രമായി ഏഴെണ്ണവും പെൺ കുട്ടികൾക്ക് മാത്രമായി അഞ്ചെണ്ണവും പ്രവർത്തിക്കുന്നു. മറ്റ് ആറെണ്ണത്തിൽ ആൺ കുട്ടികളും പെൺകുട്ടികളും പഠിക്കുന്നു. ഈ സ്കൂളുകളിലെല്ലാം ഭക്ഷണം, താമസം, യൂണിഫോം എന്നിവ സൗജന്യമാണെന്നതിന് പുറമെ വിദ്യാർത്ഥികൾക്ക് മാസം തോറും അലവൻസും നൽകുന്നു.

ഉയർന്ന തലത്തിലുള്ള വിദ്യാഭ്യാസത്തിന് അവസരം ലഭ്യമാക്കുന്ന ഇത്തരം സ്കൂളുകൾ താമസിച്ച് പഠിക്കുന്നതിനുള്ളതാണ്. എന്നാൽ ഇത്തരം സ്കൂളുകളിൽ പ്രവേശനം നേടു കയെന്നത് പലർക്കും പ്രയാസകരമായ കാര്യമാണ്. ആദിവാസി സമൂഹങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളോട് ചേർന്ന് സംസ്ഥാന സർക്കാരും നിരവധി സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഇവ റെസിഡൻഷ്യൽ സ് കൂളുകളല്ല. ആലപ്പുഴ ജില്ല ഒഴിച്ചുള്ള ജില്ലകളിലായി ഇത്തരം 90 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിൽ 1500 ൽ താഴെ പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്. 49 സ്കൂളുകൾ ലോവർ പ്രൈമറി വിഭാഗത്തിലും 15 എണ്ണം അപ്പർ പ്രൈമറി വിഭാഗത്തിലും 26 എണ്ണം ഹൈസ്കൂൾ വിഭാഗത്തിലും ഉൾപ്പെടുന്നു. ഇവയെല്ലാം പട്ടികവർഗ്ഗ വിഭാഗക്കാർ അധികമായുള്ള ജില്ലകളിലാണ് പ്രവർത്തിക്കുന്നത്.

ആദിവാസി വിഭാഗത്തിൽ പെട്ട വിദ്യാർ ത്ഥികൾ സ്കൂളുകളിലും കോളേജുകളിലും എത്താതെ പോകുന്നതിന് ഒരു പരിധി വരെ പരിഹാരമാകുന്നത് ഹോസ്റ്റൽ സൗകര്യമാണ്. പട്ടിക വർഗ്ഗ വികസന വകുപ്പ് 108 പ്രീ –മെട്രിക് ഹോസ്റ്റലുകൾ നടത്തുന്നുണ്ട്. വയനാട് ജില്ലയിൽ ഇത്തരം 28 ഹോസ്റ്റലുകളാണ് പ്രവർത്തിക്കുന്നത്. പാലക്കാട്ട് ഇരുപത്തി മൂന്നും ഇടുക്കിയിൽ 12 എണ്ണവും പ്രവർത്തന ക്ഷമമാണ്. ഇത്തരം ഹോസ്റ്റലുകളിൽ പ്രവേശനം നേടുന്നതിന് നല്ല തിരക്കാണ് അനുഭവപ്പെടുന്നത്.

സംസ്ഥാന സർക്കാർ ഓരോ പട്ടിക വർഗ്ഗ വിദ്യാർത്ഥിക്കും ഗ്രാന്റ് നൽകുന്നതിന് പുറമെ പ്രതിമാസ സ്റ്റൈപൻഡും അനുവദിക്കുന്നു. ക്ലാസുകൾ അനുസരിച്ച് തുകയും വർധിക്കുന്നു. പോസ്റ്റ് മെട്രിക് പഠനത്തിനും സർക്കാർ ധനസഹായം നൽകുന്നുണ്ട്. വിവിധ കോഴ്സുകളുടെ മൊത്തം വിദ്യാഭ്യാസ ഫീസും വരുമാന പരിധി കണക്കിലെ ടുക്കാതെ സർക്കാരാണ് വഹിക്കുന്നത്. പ്രതിമാസ സ്റ്റൈപൻഡും വാർഷിക ഗ്രാന്റും നൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ താമ സിക്കുന്ന വിദ്യാർത്ഥികൾക്ക് മാസം തോറുമുള്ള സ്റ്റൈപൻഡ് നൽകുന്നില്ല. പകരം അവർക്ക് പോക്കറ്റ് മണിയായി തുക അനുവദിക്കുന്നു.

സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ നടത്തുക, സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുക എന്നിവയ്ക്ക് പുറമെ, ആദി വാസികളുടെ വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമിട്ടാണ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. എസ് എസ് എൽ സി, പ്ലസ് വൺ, പ്ലസ് ടൂ വിദ്യാർ ത്ഥികളിൽ നിന്ന് മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും തോറ്റ് പോകുന്ന വിദ്യാർത്ഥികളെ പഠനത്തിൽ നിലനിർത്തു

ന്നതിനും ലക്ഷ്യമിട്ടാണ് അയ്യൻകാളി ടാലന്റ് സെർച്ച്, വികസന പദ്ധതി നടപ്പാക്കി വരുന്നത്. എസ് എസ് എൽ സി, പ്ലസ് വൺ, പ്ലസ് ടു, ബിരുദ വിദ്യാർത്ഥികളിൽ ഫസ്റ്റ് ക്ളാസ് നേടുന്നവർക്കായി പ്രത്യേക പദ്ധതിയും നടപ്പാക്കി വരുന്നു. അതുകൊണ്ട് പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ കാര്യത്തിൽ പണം ഒരു പ്രശ്നമായി മാറുന്നില്ല, വിവിധ വിഭാഗങ്ങൾ തമ്മിലോ പ്രദേശങ്ങൾ തമ്മിലോ ഇക്കാര്യത്തിൽ വേർതിരിവുമില്ല.

1975ൽ ഐ സി ഡി എസ് പദ്ധതി നടപ്പാക്കിയതോടെ ശിശുപരിചരണ കാര്യത്തിലും വിദ്യാഭ്യാസത്തിനും പ്രത്യേക ഊന്നൽ ലഭ്യമാക്കുന്നുണ്ട്. അങ്കണവാടികൾ വഴിയാണ് ഇത് നടപ്പാക്കി വരുന്നത്. കഴിഞ്ഞ ഏതാനും വർഷത്തിനിടയിൽ അങ്കണവാടി കളിലേക്ക് എത്തുന്ന പട്ടിക വർഗ്ഗ വിഭാഗ ത്തിൽ പെടുന്ന കുട്ടികളുടെ എണ്ണത്തിൽ വർധന പ്രകടമാകുന്നുണ്ട്. ഇത് മറ്റു സമുദായ ങ്ങളുടെ എണ്ണത്തിന് തുല്യമാണ്. കേരള ത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് നഴ്സറി സ്കൂളുകളും ഏക അധ്യാപക സ്കൂളുകളും നടത്തി വരുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചയാണ് ഇതിന്റെ ലക്ഷ്യം. സംസ്ഥാനത്തെ 4644 പട്ടിക വർഗ്ഗ കോള നികളിൽ 11 ശതമാനത്തിൽ മാത്രമാണ് അങ്കണവാടികൾ ഇല്ലാത്തത്. 2010 ലെ കണക്കുകൾ പ്രകാരം ഇപ്രകാരം അങ്കണ വാടികൾ ഇല്ലാത്ത ജില്ലകൾ കൂടുതലുള്ളത് ഉത്തര കേരളത്തിലാണ്. മൾട്ടി ഗ്രേഡ് ലേണിങ് സെന്ററുകളുടെ കാര്യത്തിലും ഇതേ സ്ഥിതിയുണ്ട്.

പഞ്ചവത്സര പദ്ധതികൾ പട്ടിക വർഗ്ഗ വിഭാഗക്കാരും ഇതര വിഭാഗങ്ങളും തമ്മിലുള്ള സാമൂഹ്യമായ അന്തരം കുറയ്ക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. വിദ്യാഭ്യാ സത്തിന് ഇക്കാര്യത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയും. മത്സര പരീക്ഷകൾ

**Table 5.** Proportion of urban population and christians among the scheduled tribes in Kerala

| District | % Urban | | % Christian -2011 |
|---|---|---|---|
| | 1961 | 2011 | |
| Thiruvananthapuram | 2.49 | 25.18 | 8.38 |
| Thrissur | 0.29 | 37.87 | 11.75 |
| Southern Districts | 0.83 | 15.04 | 20.77 |
| Northern Districts | 0.15 | 7.12 | 1.40 |
| Southern Districts excluding Pathanamthitta and Idukki | - | 30.42 | 24.63 |
| Northern Districts excluding Wayanad | - | 11.39 | 1.39 |

*https://censusindia.gov.in/DigitalLibrary/Tables.aspx, 2011*

*Note: Southern districts – Ernakulam, Alappuzha, Kottayam, Pathanamthitta, Kollam, Idukki*

*Northern districts – Kasaragod, Kannur, Wayanad, Kozhikode, Malappuram, Palakkad.*

എഴുതുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ഫിനിഷിങ് സ്കൂളുകൾ ആരംഭിക്കുക, മാതൃക റെസിഡൻഷ്യൽ സ്കൂളുകൾ തുറക്കുക, പ്രീ മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുക, സ്റ്റൈപൻഡ്, ഗ്രാന്റ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ വർധിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി വരുന്നു. പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും അരികുവത്കരിക്കപ്പെട്ട ഇതര ജന വിഭാഗങ്ങളുടെയും കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വലിയ പങ്ക് നിർവഹിക്കാനുണ്ട്. നിലവിലുള്ള പദ്ധതികൾ തുടരുന്നതിനുമപ്പുറം പുതു വഴികൾ കണ്ടെത്തുക എന്നത് പ്രയാസമേറിയ ഒരു കാര്യമാണ് .

**മതപരമായ വിശ്വാസവും നഗര ജീവിതവും**

ആദിവാസികളുടെ മതപരമായ വിശ്വാസങ്ങൾ, ആചാരങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ വടക്കൻ ജില്ലകളും തെക്കൻ ജില്ലകളും തമ്മിൽ കാര്യമായ അന്തരമുണ്ട്. പട്ടിക അഞ്ചിൽ നിന്ന് വ്യക്തമാകുന്ന ഒരു കാര്യം വടക്കൻ ജില്ലകളിലുള്ളവരിൽ ചെറിയൊരു പങ്ക് ക്രിസ്ത്യൻ മതവിശ്വാസം പിന്തുടരുന്നവരാണ് എന്നതാണ്. വയനാട് ഒഴികെയുള്ള ജില്ലകളിൽ ഇത് കാണാവുന്നതാണ്. ക്രിസ്ത്യൻ വിശ്വാസം പിന്തുടരുന്നവർ 1.4 ശതമാനം മാത്രമാണ്. ഇതിൽ തന്നെ മല അരയ, പുലയ വിഭാഗങ്ങളിൽ പെടുന്നവരിൽ ഒരു ഭാഗം തെക്കൻ ജില്ലകളിൽ നിന്ന് വടക്കൻ പ്രദേശങ്ങളിലേക്ക് കുടിയേറിയവരാണ്. ഇവരെ ഒഴിവാക്കിയാൽ ക്രിസ്ത്യൻ വിഭാഗത്തിൽ ഉൾപെടുന്നവരുടെ സംഖ്യ ഉത്തര കേരളത്തിൽ 1.27 ശതമാനം മാത്രമാണ്. വടക്കൻ ജില്ലകളിൽ കാസർഗോഡ് ജില്ലയിലെ കൊറഗ വിഭാഗക്കാരൊഴിച്ചാൽ ക്രിസ്തുമത വിശ്വാസം പിന്തുടരുന്നവർ തുലോം കുറവാണ്. 1582 മാത്രമാണ് ഇവരുടെ എണ്ണം. അതുകൊണ്ട് മൊത്തത്തിലുള്ള ശതമാനക്കണക്കിൽ ഇത് കാര്യമായ മാറ്റം കാണിക്കുന്നില്ല.

എന്നാൽ തെക്കൻ ജില്ലകളിൽ ക്രിസ്തുമതത്തിൽ വിശ്വസിക്കുന്ന പട്ടിക വർഗക്കാർ 20.77 ശതമാനമാണ്. ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകൾ ഒഴിവാക്കിയാൽ ബാക്കിയുള്ള തെക്കൻ ജില്ലകളിൽ 24.63 ശതമാനം ക്രിസ്തുമതം പിന്തുടരുന്നവരാണ്. കോട്ടയം ജില്ലയിൽ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ 39.40 ശതമാനം ക്രിസ്ത്യാനികളാണ്. തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ 10 ശതമാനം പേർ ക്രിസ്തു മതത്തിൽ വിശ്വസിക്കുന്നവരാണ്. വടക്കൻ ജില്ലകളിൽ നിന്ന് വ്യത്യസ്തമായി, തൃശൂരിന് തെക്കുള്ള ജില്ലകളിൽ ക്രിസ്തുമതം പിന്തുടരുന്ന പട്ടിക വർഗ്ഗ വിഭാഗക്കാരുടെ എണ്ണം കൂടുതലാണ്. നഗര മേഖലകളിലാണ് ഇവരിൽ 30 ശതമാനവും അധിവസിക്കുന്നതെന്നും ശ്രദ്ധേയമാണ് (പട്ടിക–5).

ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നു എന്ന ഘടകം പട്ടിക വർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിയെ സ്വാധീനിച്ചിട്ടുണ്ടോ? അങ്ങനെ സംഭവിച്ചിട്ടുണ്ട് എന്ന് വേണം കരുതാൻ. ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലെ മല അരയൻ വിഭാഗക്കാരിൽ 46.30 ശതമാനം പേർ ക്രിസ്തുമതം പിന്തുടരുന്നവരാണ്. 1961 ൽ ഇത് കേവലം 2.93 ശതമാനം മാത്രമായിരുന്നു. 15,000ത്തോളം വരുന്ന മല അരയൻ ക്രിസ്ത്യൻ വിഭാഗക്കാർ തെക്കൻ പ്രദേശങ്ങളിലെ മൊത്തം പട്ടിക വർഗ്ഗ ക്രിസ്ത്യാനികളുടെ 60 ശതമാനം വരും.

കാട്ടിലെ രാജാക്കന്മാർ എന്നാണ് മല അരയന്മാർ അറിയപ്പെട്ടിരുന്നത്. പൂഞ്ഞാർ, പന്തളം രാജകുടുംബങ്ങളുടെ കുടിയാന്മാരായിരുന്നു അവർ. 1789ൽ വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കികൊണ്ട് തിരുവിതാംകൂർ മഹാരാജാവ് നടത്തിയ ഒരു വിളംബരമാണ് ഇതിന് കാരണമായത്. ഏതാണ്ട് ഒരു നൂറ്റാണ്ടോളം ഈ സ്ഥിതി തുടർന്നു. ഹെൻറി ബേക്കർ എന്ന പാതിരി മല അരയരുടെ കോളനികൾ സന്ദർശിച്ചതോടെയാണ്

ഇവരുടെ ജീവിതത്തിൽ വലിയ മാറ്റം സംഭവിച്ചത്. ഇവിടങ്ങളിൽ അദ്ദേഹം 11 പള്ളികളും 27 സ്കൂളുകളും സ്ഥാപിച്ചു. ക്രിസ്തുമത്തിലേക്ക് മാറിയതോടെ ഇവരുടെ ജീവിതത്തിൽ ഉണ്ടായ മാറ്റം, ജോസഫ് (2004) വിശദീകരിച്ചിട്ടുണ്ട്.

'ക്രിസ്തുമതം മല അരയരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്നുണ്ട്. പൂഞ്ഞാർ രാജാക്കന്മാരുടെ നികുതി പിരിവുകാരായ മുഹമ്മദീയരായ കച്ചവട ക്കാരുടെ പിടിയിൽ നിന്നും ബേക്കറാണ് ഇവരെ മോചിപ്പിച്ചത്. 'മലഅരയ വിഭാഗത്തിൽ നിന്ന് ആദ്യമായി ഐ എ എസ് നേടിയ എം.എസ് ജോസഫ് നിരീക്ഷിക്കുന്നത്, മിഷനറിമാർ അവർക്കിടയിലേക്ക് ബൈബിളുമായല്ല എത്തിയത്, മറിച്ച് തോക്കുകളുമായി എത്തിയവരാണ് എന്നാണ് വിമർശിക്കപ്പെടുന്നത്. എന്നാൽ ദൈവവചന ത്തിനൊപ്പം ശാസ്ത്രത്തിന്റെ ലോകം കൂടിയാണ് അവർ ആദിവാസികൾക്ക് തുറന്നു നൽകിയത്. ബൈബിളിലെ പഴയ നിയമ പുസ്തകത്തിലെ നായകരുടെ കഥകൾ മല അരയൻ വിഭാഗത്തിലെ യുവജനതയെ ആകർഷിക്കുകയുണ്ടായി. മദ്യത്തിന് അടിപ്പെട്ടിരുന്ന അവരെ അതിൽ നിന്ന് മോചിപ്പിക്കുന്നതിനും പള്ളികൾ നല്ല പങ്ക് വഹിച്ചിട്ടുണ്ട്.

അവരുടെ സാംസ്കാരിക വികസനത്തെ ഇത് കാര്യമായി സ്വാധീനിച്ചതിന് പുറമെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ധാരണകളെ തിരുത്തികുറിക്കുകയും ചെയ്തു. ഇതിന്റെ ചുവട് പിടിച്ച് ഹിന്ദു വിഭാഗത്തിൽ പെട്ട മല അരയ മഹാസഭ ഹിന്ദു വിഭാഗങ്ങളെ ഉണർത്തുന്ന കാര്യത്തിൽ നിയാമക ശക്തിയായി. ഇത് വിദ്യാഭ്യാസ കാര്യത്തിൽ വലിയ നേട്ടങ്ങൾ കൈവരിക്കുന്നതിനും ഇതര ഹിന്ദു വിഭാഗങ്ങളുമായി ഇക്കാര്യത്തിൽ മത്സരിക്കുന്നതിനും അവരെ പ്രാപ്തരാക്കി എന്നും വിലയിരുത്താം.

ഇത്തരത്തിലുള്ള നടപടികൾ തെക്കൻ ജില്ലകളിലെ മലയരയർ, ഉള്ളാടർ എന്നീ വിഭാഗങ്ങളുടെ കാര്യത്തിൽ അഭികാമ്യമാണ്. കാസർഗോഡ് ജില്ലയിലെ കൊറഗ വിഭാഗത്തിൽ പെട്ടവർ മാത്രമാണ് വടക്കൻ ജില്ലകളിൽ ക്രിസ്ത്യൻ വിശ്വാസത്തിലേക്ക് മാറിയത്. ഇവരിൽ 16.50 ശതമാനം പേർ ക്രിസ്ത്യാനികളാണ്. പട്ടിക ഒന്നിൽ കണ്ടത് പോലെ ഇവരുടെ 40 ശതമാനം ആളുകളും നഗരങ്ങളിലാണ് വസിക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ പേർ നഗരങ്ങളിലേക്ക് ചേക്കേറിയിട്ടുള്ളത് കൊറഗ വിഭാഗത്തിൽ പെട്ടവരാണ്. മല അരയരുടെ കാര്യത്തിൽ ഉണ്ടായ അതേ മാറ്റം തന്നെയാണ് കൊറഗ വിഭാഗത്തിന്റെ കാര്യത്തിലും ഉണ്ടായിട്ടുള്ളത്. ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു വസ്തുത, വിദ്യാഭ്യാസപരമായ പുരോഗതിയുടെ കാര്യത്തിലും ഒപ്പം പരമ്പരാഗത ജോലികൾ ഉപേക്ഷിച്ച് നഗര മേഖലകളിലേക്ക് ജോലി തേടി പോകുന്നതിനും മതവിശ്വാസത്തിൽ ഉണ്ടായിട്ടുള്ള മാറ്റം ഒരു മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട് എന്നതാണ്.

**രത്നച്ചുരുക്കം**

പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർ തങ്ങളുടെ ഭൂമിയും വനത്തെ അടിസ്ഥാന മാക്കിയുള്ള പരമ്പരാഗത തൊഴിലുകളും ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് ചേക്കേറുന്ന തിനെ കുറിച്ചാണ് ഈ ലേഖനം. ഇത്തര മൊരു മാറ്റം കൂടുതലായി സംഭവിച്ചരിക്കുന്നത് തെക്കൻ ജില്ലകളിലാണ്. കേരളത്തിൽ അതി വേഗം നഗരവത്കരിക്കപ്പെടുന്ന ജില്ലകളിൽ പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ജനസംഖ്യ ഉയരുന്ന പ്രവണതയുണ്ട്. ഈ മാറ്റത്തിന് പിന്നിലെ പ്രധാന ചാലകശക്തി വിദ്യാഭ്യാസ മാണ്. പട്ടിക വർഗ്ഗ വിഭഗക്കാരിലെ ബിരുദധാരി കളുടെ എണ്ണം പരിശോധിച്ചാൽ ദക്ഷിണ ജില്ലകളിൽ അത് പട്ടിക ജാതി വിഭാഗക്കാ രെക്കാൾ കൂടുതലാണ് എന്ന് മാത്രമല്ല, പൊതുവിഭാഗവുമായി തുല്യതയിലേക്ക്

നീങ്ങുന്നു എന്നതുമാണ്. വടക്കൻ ജില്ലകളിൽ ഇത് പക്ഷെ നേരെ തിരിച്ചാണ്. തെക്കൻ ജില്ലകളിലെ പട്ടിക വർഗ്ഗ വിഭാഗക്കാരെക്കാൾ ഇക്കാര്യത്തിൽ വടക്കൻ ജില്ലകളിൽ നിന്നുള്ള വർ ഏറെ പുറകിലാണെന്നും കാണാം.

എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ പൊതു നയത്തിന്റെ ഭാഗമാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളായി ട്രൈബൽ സബ് പ്ലാൻ അനുസരിച്ചുള്ള വകയിരുത്തൽ കേരളത്തിൽ കൂടി വരികയാണ്. എല്ലാ ജില്ലകളിലും ശിശു പരിപാലന കേന്ദ്രങ്ങളും നഴ്സറി വിദ്യാഭ്യാസവും പ്രീ മെട്രിക് സ്കൂൾ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തിക വരുമാന പരിധി നോക്കാതെ ഉന്നത വിദ്യാഭ്യാസത്തിനടക്കം സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. ഇക്കാര്യത്തിൽ വിവിധ പട്ടിക വർഗ്ഗ വിഭാഗങ്ങൾ തമ്മിലോ, പ്രദേശങ്ങൾ തമ്മിലോ വേർതിരിവ് ഉണ്ടാകുന്നില്ല. അതുകൊണ്ട് എല്ലാവർക്കും അവസരം ലഭ്യമാകുന്നു എന്നത് വിദ്യാഭ്യാസ നയത്തിന്റെ മേന്മയായി കാണാം. പക്ഷെ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വടക്കൻ ജില്ലകൾ തമ്മിലും തെക്കൻ ജില്ലകൾ തമ്മിലും വ്യത്യാസം പ്രകടമാണ്. നഗരങ്ങളിലേക്കുള്ള ചേക്കേറലിന്റെ കാര്യത്തിലും അന്തരം പ്രകടമാണ്.

വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ മതവും ഒരു പ്രധാന റോൾ വഹിച്ചതായി കാണാം. നഗര മേഖലകളിലേക്ക് താമസം മാറ്റിയവരുടെ എണ്ണത്തിൽ ക്രിസ്ത്യൻ വിഭാഗത്തിൽ പെട്ടവരാണ് കൂടുതൽ എന്ന് കാണാം. മല അരയ വിഭാഗത്തിൽ പെട്ടവരുടെ മാറ്റം ചരിത്രപരമായി വിശകലനം ചെയ്യുമ്പോൾ അവരുടെ മതപരമായ ആഭിമുഖ്യം സാമൂഹ്യമായ പുരോഗതിയിലും വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളിലും ഒരു പ്രധാന പങ്ക് വഹിച്ചതായി മനസിലാക്കാം. ഈ നേട്ടം കൈവരിക്കുന്നതിന് ആദിവാസി ഗോത്രങ്ങൾ ഒന്നാകെ ഒരു പ്രത്യേക മതത്തിലേക്ക് മാറണമെന്നില്ല, പ്രത്യുത, ഒരു ചെറിയ വിഭാഗം അപ്രകാരം മാറുന്നത് മറ്റുള്ളവർക്കിടയിലും മത്സര ബുദ്ധി ഉണർത്തുകയും ആ വിഭാഗത്തിന് മൊത്തത്തിലുള്ള നേട്ടമായി അത് പരിണമിക്കുകയും ചെയ്യുന്നു എന്നതാണ് വസ്തുത. കാസർഗോഡ് ജില്ലയിലെ കൊറഗ വിഭാഗത്തിൽ പെട്ടവരുടെ അനുഭവം ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

നയപരമായ തീരുമാനങ്ങളുടെ സന്ദേശം വ്യക്തമാണ്. ക്ഷേമ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സൗകര്യങ്ങൾക്കുമായി സ്ഥാപനങ്ങൾ പണിതുയർത്തുന്നതിനും മറ്റും ഫണ്ട് അനുവദിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതുപക്ഷേ പലപ്പോഴും പര്യാപ്തമാകാറില്ല. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ തുല്യതയും അന്തസും വളർത്തുക എന്നത് സാമൂഹ്യ വികാസത്തിനും മറ്റും അത്യന്താപേക്ഷിതമായ കാര്യമാണ്. ഒരു പ്രത്യേക വകുപ്പ് മാത്രം വിചാരിച്ചാൽ കൈവരിക്കാൻ കഴിയുന്ന ഒന്നല്ല ഇത്. അമ്പരപ്പിക്കുന്ന വസ്തുത അതല്ല, ഫണ്ടിന്റെ പകുതിയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടും കാര്യമായ മാറ്റം സംഭവിക്കുന്നില്ല എന്നതാണ്. പ്രാദേശികമായ ആവശ്യങ്ങൾക്ക് അനുസൃതമായി അനുയോജ്യമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ രൂപപ്പെടുത്തണം. അവർ പരാജയപ്പെടുന്നുവെന്ന് വന്നാൽ ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണം.

■

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ)

## End Note

[1] There is a problem with the counting of scheduled tribe population in Kerala. The ST population is reported to be 320,967 in 1991 and 364169 in 2001. The increase is only 13.46%. In 2011, the count shows 484839 reporting an increase of 33.14% when the count of non- tribals is in fact showing a fall. We suspect the inclusion of some tribes in one census followed by their exclusion in the next or such practices would have led to this situation.

## References

1. V V Joseph. Tribal Development in Kerala: A Critique (A Case Study of the Malai Arayans in Kottayam District), Ph. D thesis submitted to the Mahatma Gandhi University, Kottayam, 2004.
2. P K Suresh. Social Structural Determinants of Education among Tribes in Kerala, Ph. D thesis submitted to the Cochin University of Science and Technology, Kochi, 2015.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഇന്ത്യൻ ഭരണഘടനയുടെ ധനപരമായ അധികാരങ്ങളും ഫെഡറൽ ഘടനയും

ആർ മോഹൻ

ഇന്ത്യൻ ഭരണഘടനയിലെ ധനപരമായ നിർണ്ണയങ്ങൾ പ്രധാനമായും 1935ലെ ഗവണ്മെന്റ് ഓഫ് ഇന്ത്യ ആക്ടിൽ നിന്നും കടം കൊണ്ടിട്ടുള്ളതാണ്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക മായ അസന്തുലിതാവസ്ഥ പരിഹരിക്കുന്ന തിനുള്ള പ്രധാന മാർഗ്ഗമായാണ്, കേന്ദ്ര സർക്കാർ ശേഖരിക്കുന്ന വ്യക്തിഗത ആദായ നികുതിയെ കണക്കാക്കിയിരി ക്കുന്നത്. 1935 ലെ ആക്ടിന്റെ ചുവട് പിടിച്ച് ഓട്ടോ നേമിയെർ കമ്മീഷൻ വ്യക്തിഗത ആദായ നികുതിയുടെ 50 ശതമാനം പ്രാദേശിക ഗവണ്മെന്റുകളുമായി പങ്ക് വയ്ക്കണമെന്ന് ശുപാർശ ചെയ്തു. പിന്നീട് ഭരണഘടനാ അസംബ്ലി ഇത് സംബന്ധിച്ച നളിനി രഞ്ജൻ സർക്കാർ കമ്മറ്റിയുടെ റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു. എന്നാൽ വ്യക്തിഗത ആദായ നികുതി പങ്ക് വയ്ക്കുന്ന വിഷയത്തിൽ പ്രത്യേകമായ അനുപാതം ഭരണഘടനയുടെ ഭാഗമായി അസംബ്ലി ഉൾപ്പെടുത്തുകയുണ്ടായില്ല. ഭരണഘടനയുടെ അനുച്ഛേദം 280 അനുസരിച്ച് രാഷ്ട്രപതിയുടെ ഉത്തരവ് പ്രകാരം ഓരോ അഞ്ചു വർഷം കൂടുമ്പോഴും ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കണം. കമ്മീഷൻ ഇത് സംബന്ധിച്ച ശുപാർശകൾ രാഷ്ട്രപതിക്ക് സമർപ്പിക്കുകയും വേണം.

ഭരണഘടനയുടെ എൺപതാം ഭേദഗതി യുടെ ഘട്ടം വരെ വ്യക്തിഗത ആദായ നികുതി മാത്രമാണ് ഇപ്രകാരം പങ്ക് വയ്ക്കപ്പെട്ടിരുന്നുള്ളു. ആർട്ടിക്കിൾ 272 അനുസരിച്ചുള്ള നിയമ നിർമ്മാണത്തിന്റെ (എൺപതാം ഭരണഘടനാ ഭേദഗതി നിലവിൽ വരുന്നത് വരെ ഇത് ഉണ്ടായിരു ന്നില്ല) അടിസ്ഥാനത്തിൽ കേന്ദ്ര എക് സൈസ് തീരുവയും ഇങ്ങനെ പങ്ക് വയ്ക്കപ്പെട്ടിരുന്നു. എന്നാൽ പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഈ രീതിക്ക് കാതലായ മാറ്റം വരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ എൺപതാം ഭരണഘടനാ ഭേദഗതി വഴിയായി സർചാർജ്, സെസ്സ് എന്നിവ ഒഴികെയുള്ള എല്ലാ കേന്ദ്ര നികുതി വരുമാനവും സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കണമെന്ന സ്ഥിതി വന്നുചേർന്നു. 2000–2005 മുതൽക്കാണ് ഇത് നിലവിൽ

***ഇന്ത്യൻ ഭരണഘടനയിൽ ഫെഡറൽ തത്വങ്ങൾക്ക് അനുപേക്ഷണീയമായ നിരവധി ഘടകങ്ങൾ കാണാം. ഓരോ അഞ്ചു വർഷം കൂടുമ്പോഴും ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കണം എന്നത് ഇതിന് നല്ല ഉദാഹരണമാണ്. കേന്ദ്രത്തിന് ലഭിക്കുന്ന നികുതി വരുമാനത്തിന്റെ നിർദിഷ്ട ഭാഗം സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കണമെന്നതും ഇതിന്റെ ഭാഗമാണ്.***

***ആർട്ടിക്കിൾ 352, 354, 360 തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളിൽ സ്വീകരിക്കാൻ കഴിയുന്ന അധികാരങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ യൂണിറ്ററി സ്വഭാവത്തെ പ്രതിനിധീകരിക്കുന്നതാണ്.***

വന്നത്. സംസ്ഥാനങ്ങൾ ദീർഘകാലമായി ഉയർത്തിയിരുന്ന ഒരു ആവശ്യമാണ് ഇതുവഴി സാധിതമായത്. കേന്ദ്ര സർക്കാരിന് വലിയ വരുമാനം ഉണ്ടാക്കുന്ന കോർപറേറ്റ് ആദായ നികുതി, കസ്റ്റംസ് ഡ്യൂട്ടി എന്നിവ ഡിവിസിബിൾ പൂളിന് പുറത്തായിരുന്നു എന്നതാണ് സംസ്ഥാനങ്ങൾ ഉയർത്തിയിരുന്ന പ്രധാന വിമർശനം. ഫെഡറൽ തത്വങ്ങളിലെ ധനപരമായ കാര്യങ്ങളിലെ നിർണ്ണായകമായ ഒരു മാറ്റത്തിനാണ് എൺപതാം ഭരണഘടനാ ഭേദഗതി വഴി തുറന്നത്.

ധനകാര്യ കമ്മീഷനുകളെ നിയമിക്കുക എന്നത് നിയമപരമായ ഉത്തരവാദിത്വമാക്കി മാറ്റുന്ന ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം അതിന്റെ ഫെഡറൽ ഘടനക്ക് ഉത്തമ ഉദാഹരണമാണ്. ധനകാര്യ കമ്മീഷനുകൾ ഇന്ത്യൻ പ്രസിഡന്റിനാണ് ശുപാർശകൾ സമർപ്പിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 281 അനുസരിച്ചാണ് ഇത് നിർവഹിക്കുന്നത്. ശുപാർശകൾ വിശദീകരണ കുറിപ്പോടെ പാർലമെന്റിന്റെ ഇരു സഭകൾക്കും മുന്നിൽ വയ്ക്കുന്നു.

ഇപ്രകാരം പ്രസിഡന്റ് അനുമതി നൽകുന്ന അനുപാതം ഇന്ത്യ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ ഭാഗമായി മാറുന്നില്ല. അതുകൊണ്ട് ഇത് പാർലമെന്റിന്റെ വോട്ടെടുപ്പിന്റ പരിധിയിൽ വരുന്നില്ല.

ധനകാര്യ കമ്മീഷനുകൾ ശുപാർശ ചെയ്യുന്ന സംസ്ഥാനങ്ങൾക്കുള്ള സഹായ ധനമായി നൽകുന്ന ഗ്രാന്റുകൾ കൺസോളിഡേറ്റഡ് ഫണ്ടിന്റെ ഭാഗമല്ലാത്തതിനാൽ പാർലമെന്റിന്റെ അംഗീകാരം അതിന് ആവശ്യമില്ല. ഭരണഘടനയുടെ അനുച്ഛേദം 74 അനുസരിച്ച്, മന്ത്രിസഭയുടെ ഉപദേശം അനുസരിച്ചാണ് പ്രസിഡന്റ് പ്രവർത്തിക്കേണ്ടത്. ഉപദേശം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുന്നതിന് പ്രസിഡന്റിന് അധികാരമുണ്ടെങ്കിലും ഒരേ ഉപദേശം വീണ്ടും സമർപ്പിച്ചാൽ അതിന് അനുസരിച്ച് പ്രവർത്തിക്കുന്നതിന് രാഷ്ട്രപതി ബാധ്യസ്ഥനാണ്. ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഭേദഗതി ചെയ്ത് രാഷ്ട്രപതിക്ക് സമർപ്പിക്കുന്നതിന് കേന്ദ്ര മന്ത്രിസഭക്ക് അധികാരമുണ്ട്. സംസ്ഥാനങ്ങളുടെ വാദങ്ങൾ കൂടി പരിഗണിച്ച ശേഷമാണ് നികുതി വരുമാനത്തിന്റെ പങ്ക് വയ്ക്കൽ സംബന്ധിച്ചും ഗ്രാന്റുകളുടെ വിതരണം സംബന്ധിച്ചും കമ്മീഷൻ തീരുമാനമെടുക്കുന്നത്. ഇപ്രകാരമുള്ള ശുപാർശകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള അധികാരം ഭരണ ഘടനാപരമായി കേന്ദ്ര സർക്കാരിനുണ്ട്. എന്നാൽ ഇതുവരെ ധനകാര്യ കമ്മീഷന്റെ ശുപാർശകളിൽ മാറ്റം വരുത്തുന്നതിന് ഒരു സർക്കാരും തയ്യാറായിട്ടില്ല എന്ന് കാണാം. കാലങ്ങളായി ഉരുത്തിരിഞ്ഞ ഒരു ഫെഡറൽ കീഴ്വഴക്കമാണ് ഇതെന്ന് വിലയിരുത്താം.

സംസ്ഥാനങ്ങളുടെ വിവിധ പദ്ധതി – പദ്ധതിയേതര വരുമാനങ്ങളെ സംബന്ധിച്ച സമഗ്രമായ ഒരു വിലയിരുത്തലാണ് ധനകാര്യ കമ്മിഷനുകൾ നടത്തുന്നത്. മൂന്നാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ സംഭവിച്ചതുപോലെ ഇത്തരം എല്ലാ ശുപാർശകളും കേന്ദ്ര സർക്കാർ അംഗീകരിക്കണമെന്നില്ല. ഈ കമ്മീഷന്റെ മെമ്പർ – സെക്രട്ടറി ഒരു വിയോജനക്കുറിപ്പ്

***അനുച്ഛേദം 282 അനുസരിച്ച് നൽകുന്ന, മിസലേനിയസ് ഫിനാൻഷ്യൽ പ്രൊവിഷന്റെ പരിധിയിൽ ഉൾപ്പെടുന്ന ഗ്രാന്റുകൾ കേന്ദ്ര സർക്കാരിന്റെ വിവേചനാധികാരത്തിൽ പെടുന്നവയാണ്.***

സമർപ്പിക്കുകയും അത് കേന്ദ്രം അംഗീകരിക്കുകയും ചെയ്തു. കമ്മീഷന്റെ ശുപാർശകൾ പദ്ധതിയേതര ഇനങ്ങളിൽ മാത്രമായി ഒതുങ്ങണം എന്നതായിരുന്നു ഈ വിയോജന കുറിപ്പ്. എന്നാൽ പിന്നീട് ഒമ്പതാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ (1990–95) പദ്ധതി വരുമാനവും കൂടി ഉൾപ്പെടുത്തണമെന്ന തീരുമാനത്തിന് അംഗീകാരം നൽകി. 2015–16 മുതൽ പഞ്ചവത്സര പദ്ധതികൾക്ക് വിരാമമായി. അതോടെ 14, 15 ധനകാര്യ കമ്മീഷനുകൾ ആർട്ടിക്കിൾ 275 അനുസരിച്ച് ഗ്രാന്റുകൾ ശുപാർശ ചെയ്യുന്നതിന് റവന്യു വരുമാനം മൊത്തത്തിൽ പരിഗണിക്കുക എന്ന നിലപാടിലേക്ക് മാറി.

പതിന്നാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നിബന്ധനകളോടു കൂടിയ ഗ്രാന്റ് അനുവദിക്കുന്നതിന് ശുപാർശ നൽകിയില്ല. ധനപരമായ ഫെഡറലിസത്തിന്റെ കാര്യത്തിൽ ഇത് ഒരു നിർണ്ണായക ചുവടുവയ്പ്പായിരുന്നു. ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന ലിസ്റ്റിൽ വരുന്ന കാര്യങ്ങളിൽ ചെലവ് ചെയ്യുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് മുൻഗണനക്രമത്തിൽ തീരുമാനമെടുക്കാം. എന്നാൽ പതിനഞ്ചാം ധനകമ്മിഷൻ നിബന്ധനകളോട് കൂടിയ ഗ്രാന്റുകൾക്ക് അംഗീകാരം നൽകുകയുണ്ടായി.

ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ പ്രകാരമല്ലാതെ നൽകുന്ന ഗ്രാന്റുകൾ ഭരണഘടനയുടെ അനുച്ഛേദം 282 അനുസരിച്ചുള്ള 'മിസലേനിയസ് ഫിനാൻഷ്യൽ പ്രൊവിഷൻ' അനുസരിച്ച് നൽകുന്നതാണ്. ഇപ്രകാരം വിവേചനാധികാരത്തോടെ അനുവദിക്കപ്പെടുന്ന ഇത്തരം ഗ്രാന്റുകൾ മൊത്തം ഗ്രാന്റിന്റെ അഞ്ചിൽ നാല് ഭാഗമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (സി എസ് എസ്) കേന്ദ്ര സഹായം ഇത്തരത്തിലുള്ളതാണ്. എന്നാൽ ഇതിനുള്ള ഉപാധികൾ നിർണ്ണയിക്കുന്നത് അതാത് കേന്ദ്ര മന്ത്രാലയങ്ങളാണ്. സംസ്ഥാനങ്ങൾക്ക് ഇതിൽ പരിമിതമായ റോൾ മാത്രമാണുള്ളത്. ഒൻപതാം ധനകാര്യ കമ്മീഷൻ ഇത്തരത്തിൽ ഗ്രാന്റുകൾ നൽകുന്നത് സ്വാഭാവികമാകണം എന്ന തരത്തിലുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ഭീംസിംഗ് – കേന്ദ്ര സർക്കാർ എന്ന കേസിൽ (5 എസ് സി സി 538, 2010) അനുച്ഛേദം 282 മറ്റേതെങ്കിലും അനുച്ഛേദത്തിന് വിഷയീഭവിക്കുന്നില്ലെന്നും അതിന്റെ വൈപുല്യം നിയന്ത്രണ വിധേയമല്ലെന്നും സുപ്രീം കോടതി വ്യക്തമാക്കുകയുണ്ടായി. ഇതിനുള്ള ഒരേയൊരു നിബന്ധന അത് പൊതു ആവശ്യങ്ങൾക്കായുള്ളതാകണം എന്നാണ് സുപ്രീം കോടതി ഈ കേസിൽ വ്യക്തമാക്കിയത്. പാർലമെന്റ് അംഗങ്ങളുടെ ലോക്കൽ ഏരിയ ഡെവലപ്മെന്റ് പദ്ധതി (എം പി എൽ എ ഡി) ഈ കേസിൽ കോടതി ശരിവയ്ക്കുകയും ചെയ്തു.

ധനകാര്യ കമ്മീഷന്റെ ശുപാർശകൾക്കതീതമായി ഇത്തരത്തിൽ സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക പാക്കേജുകൾ വഴിയായി ധനസഹായം വിതരണംചെയ്യുന്നത് കേന്ദ്രത്തിന് വിപുലമായ അധികാരം നൽകുന്നുണ്ട്.

സഹകരണ ഫെഡറലിസത്തിന്റെ താല്

പര്യങ്ങൾക്കിണങ്ങുന്ന വിധത്തിൽ കൃത്യമായ വ്യവസ്ഥകൾ പ്രകാരം വേണം ഇത്തരത്തിൽ വായ്പ അനുവദിക്കാൻ. സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയങ്ങളെ ആധാരമാക്കി തുക ചെലവഴിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുകയും വേണം.

ധനപരമായ വിഭവങ്ങൾ പങ്ക് വയ്ക്കുന്നതിനുള്ള സംവിധാനം ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ ഘടനയുടെ വിഷയം വരുമ്പോൾ അതിനിർണ്ണായകമാണ്. പക്ഷെ അടിയന്തിര നടപടികൾ ആവശ്യമായി വരുമ്പോൾ (ആർട്ടിക്കിൾ – 352) 270 മുതൽ 279 വരെയുള്ള അനുച്ഛേദങ്ങളിൽ മാറ്റം വരുത്തുന്നതിന് (ആർട്ടിക്കിൾ – 354) കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. ഈ അനുച്ഛേദങ്ങളുടെ ഭാഗത്താണ് സംസ്ഥാനങ്ങളുമായി വിഭവങ്ങൾ പങ്ക് വയ്ക്കുന്നതിനെ കുറിച്ച് പരാമർശമുള്ളത്. അടിയന്തിരാവസ്ഥ പോലുള്ള നടപടികൾ സ്വീകരിക്കുമ്പോഴും ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കണം. എന്നാൽ ധനപരമായ പങ്ക് വയ്ക്കലിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. ഇത് ഭരണഘടനയുടെ വളരെ പ്രധാനപ്പെട്ട ഒരു യൂണിറ്ററി പ്രത്യേകതയാണ്. ഇത് പക്ഷെ നാളിതുവരെ പ്രയോഗത്തിൽ വരുത്തിയിട്ടില്ല.

ഇന്ത്യയിൽ മൊത്തമായോ, ഭാഗികമായോ സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തിന് അധികാരമുണ്ട് (അനുച്ഛേദം 360). ഇത്തരത്തിലുള്ള ഒരു അടിയന്തിരവസ്ഥ പ്രഖ്യാപിക്കപ്പെട്ടാൽ 207 അനുച്ഛേദം അനുസരിച്ച് എല്ലാ പണ ബില്ലുകളും, ഫിനാൻസ് മെമ്മോറാണ്ടം ആവശ്യമായി വരുന്ന ബില്ലുകളും രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം. അതായത് ഇത്തരം ഘട്ടത്തിൽ ധനപരമായ കാര്യങ്ങൾ പൂർണ്ണമായും യൂണിറ്ററി സ്വഭാവമുള്ളതായി മാറുന്നു എന്ന് ചുരുക്കം. ഈ വകുപ്പും ഇതുവരെ പ്രയോഗത്തിൽ വരുത്തിയിട്ടില്ല.

ഭരണഘടനയുടെ ആർട്ടിക്കിൾ 293 (3) പ്രകാരം അനുവദനീയമായതിലും കൂടുതൽ വായ്പയെടുക്കുന്നതിനോ, ഗ്യാരന്റി ലഭ്യമാക്കുന്നതിനോ സംസ്ഥാനങ്ങൾ കേന്ദ്രത്തിന്റെ അംഗീകാരം വാങ്ങേണ്ടതുണ്ട്. അതുകൊണ്ട് ധനഉത്തരവാദിത്വ നിയമങ്ങൾ പ്രകാരമുള്ള കമ്മി നിബന്ധനകൾ പാലിക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ കേന്ദ്രത്തേക്കാൾ സമ്മർദ്ദത്തിന് വിധേയമാവുകയാണ്.

ധനപരമായ നിലപാടുകളുടെ കാര്യത്തിൽ ഇന്ത്യൻ ഭരണഘടനയിൽ ഫെഡറൽ തത്വങ്ങൾക്ക് അനുസൃതമായ നിരവധി കാര്യങ്ങളുണ്ട്. ധനകാര്യ കമ്മീഷനുകളുടെ രൂപീകരണം ഇതിന് നല്ല ഉദാഹരണമാണ്. അതേസമയം തന്നെ യൂണിറ്ററിയായ പല ഘടകങ്ങളും അതിൽ ഉൾപെട്ടിട്ടുണ്ട്. അതൊന്നും നാളിതുവരെ പ്രയോഗത്തിൽ വരുത്തിയിട്ടില്ല. പക്ഷെ, ഇത്തരം അധികാരങ്ങൾ ഏത് അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നു എന്നത് നിർണ്ണായക പ്രാധാന്യമുള്ള കാര്യമാണ്.

■

(ഗിഫ്റ്റിന്റെ ഓണററി ഫെലോ ആണ് ലേഖകൻ)

## References

1 Constituent Assembly Debates on Draft Articles 268 and 269

2 Reports of the 9, 10,14 and 15 Finance Commissions

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

# ധനസ്ഥിതിയിലെ കേരളത്തിന്റെ തിരിച്ചുവരവും സാമ്പത്തിക അച്ചടക്കവും

കെ ജെ ജോസഫ്, അനിതകുമാരി എൽ

**ആമുഖം**

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ കോവിഡിന് ശേഷം ഇന്ത്യൻ സമ്പദ്ഘടന ഒരു തിരിച്ചുവരവിന്റെ പാതയിലാണെന്ന് കാണാം. നിലവിലെ വിലയെ അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ 2022 സെപ്റ്റംബർ മാസത്തിൽ ഇന്ത്യയുടെ ജി ഡി പി 130.26 ലക്ഷം കോടി രൂപയാണ്. തൊട്ടുതലേ സാമ്പത്തിക വർഷത്തെ ആദ്യപകുതിയിൽ ഇത് 107.47 ലക്ഷം കോടി രൂപയായിരുന്നു. അതായത്, 2022–23 വർഷത്തിന്റെ ആദ്യ പകുതിയിൽ 21.2 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തെ ഇതേ കാലയളവിൽ ഇത് –25.0 ശതമാനമായിരുന്നു (എൻ എസ് എസ്, 2022–23). സാമ്പത്തിക രംഗത്തെ തിരിച്ചുവരവ് സാധാരണഗതിയിൽ എല്ലാ സംസ്ഥാനങ്ങളുടെയും ധനപരമായ നേട്ടം എന്ന നിലയിലാണ് പരിണമിക്കാറ്. പക്ഷെ, ഇന്ത്യൻ സാഹചര്യങ്ങളിൽ ഇത് അങ്ങനയാകണമെന്നില്ല. ധനപരമായ ഫെഡറൽ ബന്ധങ്ങൾ, സംസ്ഥാനങ്ങളുടെ സാമ്പത്തികാരോഗ്യം തുടങ്ങിയ പല കാരണങ്ങളും ഇതിനു പിന്നിലുണ്ട്. കേരളം തന്നെ നല്ല ഉദാഹരണമാണ്. കോവിഡിന് ശേഷം കേരളം മികച്ച രീതിയിൽ തിരിച്ചുവരവ് നടത്തുമ്പോഴും ജി എസ് ടി നഷ്ടപരിഹാരം അടക്കമുള്ള കാര്യങ്ങളിലുള്ള കേന്ദ്ര തീരുമാനങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തികമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സാമ്പത്തിക രംഗം കടുത്ത പ്രതിസന്ധിയിൽ ഉലഞ്ഞാടുമ്പോഴും കേരളം ശമ്പള പരിഷ്കരണം നടപ്പാക്കിയത് സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കിയതായി കാണാൻ കഴിയും. അതുകൊണ്ട് ധനകാര്യ മേഖലയിലെ പോസിറ്റീവായ മാറ്റത്തിന് ധനകാര്യ മാനേജ്മെന്റിനെ കെട്ടുറപ്പുള്ളതാക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ശ്രമങ്ങൾ ആവശ്യമാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ എട്ട് മാസക്കാലയളവിൽ കേരളത്തിന്റെ ധനകാര്യ

***നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ റവന്യു വരുമാനത്തിൽ കേരളം 35.8 ശതമാനം വളർച്ച കൈവരിച്ചു. മഹാരാഷ്ട്ര (40.4%), തെലങ്കാന (38.9%) എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് കേരളത്തിന് മുന്നിൽ. നികുതി വരുമാനം മാത്രമെടുത്താൽ 42.2 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 45.5 ശതമാനം വളർച്ചയുമായി മഹാരാഷ്ട്ര മാത്രമാണ് കേരളത്തിന് മുന്നിലുള്ളത്. 30 ശതമാനമാണ് സംസ്ഥാനങ്ങളുടെ ശരാശരി വളർച്ച.***

***കേരളത്തിന്റെ റവന്യൂ ചെലവുകളിൽ 5.6 ശതമാനം ഇടിവ് രേഖപ്പെടുത്തി. 14.5 ശതമാനമാണ് ഇക്കാര്യത്തിലെ ദേശീയ ശരാശരി. ധനപരമായ അച്ചടക്കത്തിന്റെ ശക്തമായ സൂചനയാണ് ഇത് നൽകുന്നത്.***

മേഖലയിലെ പ്രകടനം വിലയിരുത്തുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ധനകാര്യ രംഗം കെട്ടുറപ്പുള്ളതാകുന്നതിന്റെ എന്തെങ്കിലും സൂചനകൾ ലഭിക്കുന്നുണ്ടോ എന്ന അന്വേഷണം ഇതിന്റെ ഭാഗമാണ്. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറ് മാസത്തെ കേരളത്തിന്റെ പ്രകടനം ഇതര സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുകയാണ്. തുടർന്ന് 2022 നവംബർ വരെയുള്ള കേരളത്തിന്റെ പ്രവർത്തനവും വിലയിരുത്തുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ നവംബർ മാസം വരെയുള്ള കണക്കുകൾ ലഭ്യമല്ലാത്തതിനാൽ അത്തര മൊരു താരതമ്യം ഇവിടെ നടത്തിയിട്ടില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്ന് നിർവഹിക്കുന്ന മൊത്തം ചെലവിന്റെ 62.4 ശതമാനവും സംസ്ഥാനങ്ങളുടെ ചുമലിലാണ് വരുന്നത്. എന്നാൽ മൊത്തം വരുമാനത്തിന്റെ 37.6 ശതമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. ഇത് വളരെ പ്രകടമായ ഒരു അസന്തുലിതാവസ്ഥയെയാണ് (വി എഫ് ഐ) കാണിക്കുന്നത്. ഇന്ത്യയുടെ ധനകാര്യ ഫെഡറലിസത്തിന്റെ ഒരു മുഖമുദ്രയായി ഇത് മാറിയിട്ടുണ്ട്. ഇതിന് പരിഹാരം കാണുക എന്നത് 1951 മുതലുള്ള എല്ലാ ധനകാര്യ കമ്മീഷനുകളുടെയും ഒരു പ്രധാന വെല്ലു വിളിയാണ്. സെസ്സ്, സർചാർജ് തുടങ്ങിയവ വഴിയായി വരുമാനം ഉയർത്തുന്നതിന് കേന്ദ്രം തന്ത്രപരമായ സമീപനം കൈക്കൊള്ളുന്നത് മൂലം സംസ്ഥാനങ്ങളുമായി പങ്ക്‌വയ്ക്കേണ്ട സഞ്ചിത വരുമനം കുറയുന്നത് ഈ വെല്ലുവിളി കൂടുതൽ ദുഷ്കരമാക്കിയിട്ടുണ്ട്. 2022–23ലെ ബജറ്റ് കണക്കുകൾ നമുക്കൊന്ന് പരി–ശോധിക്കാം; 2009–10 ൽ മൊത്തം നികുതി വരുമാനത്തിൽ സെസ്സ്, സർചാർജ് എന്നിവയുടെ വിഹിതം കേവലം 6.5 ശതമാനമായിരുന്നത് 2021–22 ൽ 19 ശതമാനമായി ഉയർന്നു. വരുമാനം പങ്ക് വയ്ക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള സന്തുലിതാവസ്ഥ സൃഷ്ടിക്കുക എന്നത് ധനകാര്യ കമ്മീഷനുകളുടെ മൗലികമായ ഉത്തരവാദിത്വമായി മാറുമ്പോൾ ഇതിനായി രൂപീകരിക്കുന്ന ഫോർമുല പലപ്പോഴും കേരളം പോലെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് ദോഷകരമായി മാറുന്നു. ഇതുമൂലം കേന്ദ്രനികുതി വരുമാനത്തിൽ നിന്നുള്ള കേരളത്തിന്റെ വിഹിതം ഏതാണ്ട് പകുതിയായി കുറഞ്ഞു. പത്താംധനകാര്യ കമ്മീഷന്റെ കാലത്ത് (1995–2000) 3.875 ശതമാനമായിരുന്ന വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് (2021–26) 1.925 ശതമാനമായി

***മൂലധനച്ചെലവ് 5 ശതമാനമാണ് ഉയർന്നത്. 5.6 ശതമാനമെന്ന സംസ്ഥാനങ്ങളുടെ ശരാശരിയേക്കാൾ അല്പം കുറവാണ് ഇത്. കിഫ്ബി, റീ ബിൽഡ് കേരള എന്നിവ വഴി കൂടുതൽ മൂലധനച്ചെലവുകൾ നിർവഹിക്കാൻ കഴിഞ്ഞതാണ് ഈ നേട്ടത്തിന് കാരണം. ഇത്തരം ചെലവുകൾക്കായി ബജറ്റിന് പുറത്തുനിന്നും പണം സമാഹരിക്കുന്നതിനുള്ള ബദൽ സംവിധാനങ്ങളാണ് ഇത്.***

***കടമെടുക്കുന്നത് ഗണ്യമായി കുറയ്ക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട് (53.4%). ദേശീയ ശരാശരി–20 ശതമാനമാണ്. ഇതും ധനകാര്യ രംഗത്ത് കൂടുതൽ അച്ചടക്കം കൊണ്ടു വരുന്നതിന് സഹായകമായിട്ടുണ്ട്.***

താഴ്ന്നു. വയോജനങ്ങളുടെ സംഖ്യ ഉയരുന്നത് പോലെ കേരളത്തിന്റെ തനത് പ്രശ്നങ്ങൾ വിഹിതം തീരുമാനിക്കുന്ന കാര്യത്തിൽ കാര്യമായി പരിഗണിക്കപ്പെടുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്.

ജി എസ് ടി നടപ്പാക്കിയത് സംസ്ഥാനങ്ങളുടെ താല്പര്യങ്ങൾക്ക് ഏറെ പ്രതികൂലമായി മാറുന്നതായി കാണാം. കാരണം, തങ്ങളുടെ തനത് വരുമാനത്തിന്റെ നല്ലൊരു ഭാഗം ഇതുവഴി സംസ്ഥാനങ്ങൾക്ക് വിട്ടുനൽകേണ്ട തായി വന്നു. ഇതിന് പുറമേ എല്ലാ സംസ്ഥാന ങ്ങൾക്കും ഒരേ താരിപ്പ് എന്ന രീതിയിൽ സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി നിശ് ചയിച്ചതും ഓഫ് ബജറ്റ് വായ്പകൾ കടമെടുപ്പിന്റെ പരിധിയിൽ കൊണ്ടുവന്നതും കാര്യങ്ങൾ കൂടുതൽ വഷളാക്കി.

നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യത്തെ ആറ് മാസക്കാലയളവിലെ (ഏപ്രിൽ–സെപ്റ്റംബർ) ധനകാര്യ മേഖലയിലെ പ്രകടനമാണ് ഈ സാഹചര്യത്തിൽ ഈ ലേഖനത്തിലൂടെ പരിശോധിക്കുന്നത്.

### റവന്യൂ വരുമാനം

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, തനത് നികുതിയേതര വരുമാനം, കേന്ദ്ര വിഹിതം, ധനസഹായം തുടങ്ങിയവയെല്ലാം ചേർത്തുള്ള മൊത്തം റവന്യൂ വരുമാനം ഇക്കാലയളവിൽ വലിയ കുതിപ്പുണ്ടാ ക്കിയിട്ടുണ്ട്. തലേ വർഷം ഇതേ കാലയള വിനെ അപേക്ഷിച്ച് 35.5 ശതമാനം വളർച്ച യാണ് നേടിയത്. ബേസ് എഫക്റ്റ്കൂടി പരിഗണിക്കുമ്പോൾ നിഗമനങ്ങളിലെത്തി ചേരുന്നത് കരുതലോടു കൂടിയാകേണ്ടതുണ്ട്. അതുകൊണ്ട് കേരളത്തിന്റെ പ്രകടനത്തെ മറ്റു പ്രമുഖ സംസ്ഥാനങ്ങളുടേതുമായാണ് ഇവിടെ താരതമ്യം ചെയ്യുന്നത്. പട്ടിക ഒന്നിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നുണ്ട്. മഹാരാഷ്ട്ര (40.4 ശതമാനം) തെലങ്കാന (38.9) എന്നീ സംസ്ഥാനങ്ങളുടേതിനേക്കാൾ കുറ വാണ് കേരളത്തിന്റെ വളർച്ച എന്നതാണ് അത്. എന്നാൽ മറ്റു പ്രമുഖ സംസ്ഥാന ങ്ങളുടെ ശരാശരി വളർച്ചയേക്കാൾ (25 ശതമാനം) മുകളിലാണ് കേരളത്തിന്റെ വളർച്ച എന്നും കാണാം

എന്നാൽ നികുതി വരുമാന വളർച്ചയുടെ രംഗത്ത് കേരളം മികച്ച നേട്ടമാണ് കൈവരിച്ചി രിക്കുന്നത്, 42.2 ശതമാനം വളർച്ച. 45.5 ശതമാനം വളർച്ചയുമായി മഹാരാഷ്ട്ര മാത്രമാണ് കേരളത്തിന് മുന്നിലുള്ളത്. ഇക്കാര്യത്തിലെ അഖിലേന്ത്യാ ശരാശരി 30 ശതമാനം മാത്രമാണെന്നറിയുമ്പോൾ കേരള ത്തിന്റെ പ്രകടനം മികച്ചതായി മാറുന്നു. തമിഴ്നാട് (38.2%), പശ്ചിമ ബംഗാൾ (37.6), ഗുജറാത്ത് (32.7) ഉത്തർപ്രദേശ് (33.5) തെലങ്കാന (30.5) എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് ദേശീയ ശരാശരിയേക്കാൾ മികച്ച പ്രകടനം കാഴ്ച്ച വച്ചത്.

### റവന്യൂ ചെലവുകൾ

വരുമാന വർധനയെക്കാൾ ചെലവിലെ വളർച്ച അധികരിച്ചതാണ് സംസ്ഥാനങ്ങളുടെ ധന പ്രതിസന്ധിക്ക് അടിസ്ഥാന കാരണം. മൊത്തമുള്ള ചെലവിൽ റവന്യൂ ചെലവ് ചെലുത്തുന്ന ശക്തമായ സമ്മർദം വ്യക്ത മാക്കുന്ന കാര്യമിതാണ്, സംസ്ഥാനങ്ങൾ റവന്യൂ ചെലവുകൾ കുറയ്ക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കണം. ആദ്യത്തെ ആറ് മാസത്തെ കണക്കുകൾ

**Table 1** - Half yearly growth rates across in states 2022 over 2021

| States | Revenue Receipts | Tax Revenue | Revenue Expenditure | Capital Expenditure |
|---|---|---|---|---|
| Andhra Pradesh | 12.5 | 15.4 | 16.2 | 1.8 |
| Bihar | 12.1 | 17.5 | 18.6 | 2.7 |
| Gujarat | 27.9 | 32.7 | 11.3 | 40.0 |
| Haryana | 16.1 | 21.6 | 10.6 | -31.8 |
| Karnataka | 20.8 | 27.0 | 8.9 | 4.0 |
| Kerala | 35.8 | 42.2 | -5.6 | 5.0 |
| Madhya Pradesh | 28.5 | 30.0 | 18.8 | -4.9 |
| Maharashtra | 40.4 | 45.5 | 22.1 | 36.2 |
| Odisha | 13.3 | 28.0 | -3.7 | 33.6 |
| Punjab | 23.3 | 21.5 | 27.7 | -42.6 |
| Rajasthan | 17.3 | 29.0 | 9.2 | -23.8 |
| Tamil Nadu | 31.6 | 38.2 | 22.9 | 18.4 |
| Telangana | 38.9 | 30.5 | 26.3 | -47.8 |
| Uttar Pradesh | 31.3 | 33.5 | 21.5 | -3.8 |
| West Bengal | 25.8 | 37.6 | 12.3 | 96.7 |
| All states average | 25.0 | 30.0 | 14.5 | 5.6 |

*Source: Estimates based on C&AG Data*

പരിഗണിക്കുമ്പോൾ കേരളം ഇക്കാര്യത്തിൽ ശക്തമായ ഒരു ചുവട്വയ്പ് നടത്തിയിരിക്കുന്നു എന്ന് കാണാൻ കഴിയും. കാരണം, റവന്യൂ ചെലവുകൾ കുറഞ്ഞുവെന്ന് മാത്രമല്ല, അതിന്റെ വളർച്ച – 5.6 ശതമാനം മാത്രമാണ് (പട്ടിക–1). എല്ലാ സംസ്ഥാനങ്ങളുടെയും കാര്യം പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ 14.5 ശതമാനം വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നെഗറ്റീവ് വളർച്ച രേഖപ്പെടുത്തിയ മറ്റൊരു സംസ്ഥാനം ഒഡിഷയാണ്, –3.7 ശതമാനം. 27.7 ശതമാനം വർധനയുമായി പഞ്ചാബാണ് ഇക്കാര്യത്തിൽ ഏറ്റവും മുൻപിൽ നിൽക്കുന്നത്. അതുകൊണ്ട് അവിടത്തെ ധനപ്രതിസന്ധി കൂടുതൽ സങ്കീർണമാണ്. റവന്യൂ ചെലവിലെ വളർച്ച നിർണ്ണായകമായ രീതിയിൽ നിയന്ത്രിക്കാൻ കഴിഞ്ഞുവെന്നത് ധനപരമായ നിയന്ത്രണ മേഖലയിൽ കേരളം നല്ല രീതിയിൽ മുന്നേറുന്നു എന്നതിന്റെ സൂചനയാണ്.

**മൂലധന ചെലവുകൾ**

മൂലധനച്ചെലവുകളുടെ കാര്യത്തിലേക്ക് വരുമ്പോൾ ഇക്കാലയളവിൽ കേരളം കൈവരിച്ചിരിക്കുന്നത് 5 ശതമാനം വളർച്ചയാണ്. ദേശീയ ശരാശരിയായ 5.6 ശതമാനത്തേക്കാൾ നേരിയ തോതിൽ മാത്രമാണ് കുറഞ്ഞിരിക്കുന്നത്. ഇവിടെ ചില കാര്യങ്ങൾ കേരളം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 15 പ്രമുഖ സംസ്ഥാനങ്ങളിൽ ആറെണ്ണവും ഇക്കാര്യത്തിൽ നെഗറ്റീവ് വളർച്ചയാണ് കാഴ്ചവച്ചത്. ഭാവിയിലെ വികസനത്തെ കരുപിടിപ്പിക്കുന്ന കാര്യത്തിൽ പ്രതികൂലമായി മാറുന്ന മൂലധനച്ചെലവുകളിൽ വിട്ടുവീഴ്ച് ചെയ്യുന്ന സമീപനം പല സംസ്ഥാനങ്ങളും സ്വീകരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 5.6 ശതമാനം വളർച്ചകാണി

***വരുമാനം ഉയർത്തൽ, ചെലവ് ചുരുക്കൽ എന്നിവയുടെ അത്യന്തകമായ ഫലം കമ്മി സംബന്ധമായ സൂചകങ്ങളിൽ പ്രകടമാണ്. ധനകമ്മി (534%), പ്രാഥമിക കമ്മി (76.3%) എന്നിവ കാണിക്കുന്നത് തൃപ്തികരമായ ധനകാര്യ അച്ചടക്കത്തിന്റെ സൂചനകളാണ്.***

ക്കുന്നത് മൂലധന രംഗത്തെ യഥാർത്ഥ വളർച്ചയുടെ ചിത്രമാണ്. കാരണം സംസ്ഥാനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അധിക പങ്കും കിഫ്ബി, റീബിൽഡ് കേരള തുടങ്ങിയ ബജറ്റിതര വഴികളിലൂടെയാണ് എന്നതാണ്. മൂലധന ചെലവുകൾ ഉയർന്ന തോതിൽ നിർത്തുന്നതിനും റവന്യു ചെലവുകൾ കുറച്ചു കൊണ്ട് വരുന്നതും ധനകാര്യ മേഖലയിൽ അച്ചടക്കം പാലിക്കുന്നതിനുള്ള ശ്രദ്ധേയമായ ചുവടുവയ്പുകളാണ്.

**കടമെടുപ്പും കമ്മിയും**

കേരളത്തിന്റെ പൊതുകടം എന്നും പൊതു ശ്രദ്ധയാകർഷിക്കുന്ന ഒരു വിഷയമാണ്. ഈയിടെയായി വലിയ തോതിൽ കേരളത്തിലെ പൊതുസമൂഹം ഇത് ചർച്ച ചെയ്യുന്നുണ്ട്. പക്ഷെ വിമർശനങ്ങളുടെ പെരുമഴയിൽ വിസ്മൃതമാകുന്ന ഒരു വസ്തുത ഇത് കേരളത്തിന്റേത് മാത്രമായ ഒരു പ്രത്യേക പ്രതിഭാസമല്ല എന്നതാണ്. 2021–ൽ ഐ എം എഫ് പുറത്തു വിട്ട കണക്കുകൾ പ്രകാരം സ്വകാര്യ, പൊതുകടങ്ങൾ ചേർത്തുള്ള ലോകത്തിന്റെ മൊത്തം കടം ജി ഡി പിയുടെ 247 ശതമാനമാണ്. ഇതിൽ സർക്കാരുകളുടെ കടം 96 ശതമാനം മാത്രമാണ്. മഹാമാരിയുടെ ഘട്ടത്തിൽ പൊതുകടം റെക്കോർഡ് തലത്തിലേക്ക് കുതിച്ചുയർന്നുവെന്നാണ് സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നത്. വികസിത, വികസ്വര, അവികസിത രാജ്യങ്ങളുടെയെല്ലാം കാര്യത്തിൽ ഇതിന് മാറ്റമുണ്ടായില്ല. ദരിദ്ര രാജ്യങ്ങളുടെ കാര്യത്തിൽ ഉയർന്ന ധനക്കമ്മിയും ഒപ്പം വൻതോതിലുള്ള കടബാധ്യതയും അവയുടെ മാക്രോ ഇക്കണോമിക് സുസ്ഥിരതക്കു പോലും വൻ വെല്ലുവിളിയായാണ് ഉയർത്തുന്നത്. ഡോമർ സ്ഥിതിയുടെ അടിസ്ഥാനത്തിൽ കടത്തിന്റെ സുസ്ഥിര നിയന്ത്രണത്തെ അധികരിച്ച് ഗിഫ്റ്റ് നടത്തിയ പഠനത്തിൽ നിന്ന് വ്യക്തമായ ഒരു കാര്യം, കടത്തിന്റെ തിരിച്ചടവിന്റെ കാര്യത്തിലെ ആശങ്ക വല്ലാതെ പർവ്വതീകരിച്ചതാണ് എന്നതാണ്. കടമെടുത്ത ഫണ്ടിന്റെ കൃത്യമായ വിനിയോഗത്തിലായിരിക്കണം നമ്മുടെ ശ്രദ്ധ.

നിർദിഷ്ട ആറ് മാസക്കാലയളവിൽ കേരളത്തിന്റെ വായ്പയെടുക്കലിൽ ഉണ്ടായ വളർച്ച– 53.4 ശതമാനമാണ്. അതായത് വായ്പയുടെ കാര്യത്തിൽ ഗണ്യമായ ഇടിവ് ഇക്കാലയളവിൽ ഉണ്ടായെന്ന് സാരം (പട്ടിക–2). എല്ലാ സംസ്ഥാനങ്ങളുടെയും കാര്യത്തിൽ ഇടിവ് ശരാശരി–20 ശതമാനമാണെന്നത് കണക്കിലെടുക്കുമ്പോഴാണ് കേരളത്തിന്റെ നേട്ടം ശ്രദ്ധേയമാകുന്നത്. നാല് സംസ്ഥാനങ്ങൾ ഒഴിച്ച് നിർത്തിയാൽ ബാക്കി എല്ലാ സംസ്ഥാനങ്ങളും വായ്പയെടുക്കുന്ന കാര്യത്തിൽ നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണാം. സംസ്ഥാനങ്ങളുടെ ശക്തമായ ശ്രമങ്ങൾ കടമെടുപ്പിന്റെ തോതിനെ

***നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ പ്രകടമായ സാമ്പത്തിക അച്ചടക്കം തുടർന്ന് 2022 നവംബർ വരെയുള്ള മാസങ്ങളിലും പ്രകടമായി കാണാവുന്നതാണ്.***

**Table 2**- Half yearly growth rates of borrowing and deficits across in states 2022 over 2021

| States | Borrowings & Other Liabilities | Revenue Deficit | Fiscal Deficit | Primary Deficit |
|---|---|---|---|---|
| Andhra Pradesh | 23.4 | 23.6 | 23.4 | 27.4 |
| Bihar | 27.4 | 37.6 | 27.4 | 20.0 |
| Gujarat | -82.7 | 786.6 | -82.7 | 288.9 |
| Haryana | -13.7 | -9.4 | -13.7 | -54.5 |
| Karnataka | -86.0 | 310.8 | -86.0 | -1241.2 |
| Kerala | -53.4 | -67.3 | -53.4 | -76.3 |
| Madhya Pradesh | -34.6 | -311.1 | -34.6 | -60.0 |
| Maharashtra | -135.8 | -425.0 | -135.8 | 763.5 |
| Odisha | 144.5 | -3.4 | 79.3 | 144.5 |
| Punjab | 17.2 | 52.7 | 17.2 | 50.0 |
| Rajasthan | -20.3 | -22.3 | -20.3 | -40.5 |
| Tamil Nadu | -15.9 | -55.6 | -15.9 | -89.2 |
| Telangana | -17.2 | -56.7 | -17.2 | -34.0 |
| Uttar Pradesh | -46.8 | -304.7 | -46.8 | -131.4 |
| West Bengal | -6.4 | -27.4 | -6.4 | -36.7 |
| All states average | -20.0 | -4.8 | -24.4 | -31.3 |

*Source: Estimates based on C&AG Data*

എഫ് ആർ ബി എം നിയമത്തിന്റെ പരിധിക്കകത്ത് നിർത്താനും വായ്പയെ നിയന്ത്രിതമായ തോതിൽ നില നിർത്താനും സഹായിച്ചിട്ടുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം കടമെടുപ്പിലെ നെഗറ്റീവ് വളർച്ച കാണിക്കുന്നത് സംസ്ഥാനം ധനപരമായ നിയന്ത്രണങ്ങളുടെ ശരിയായ പാതയിലാണ് എന്നാണ്. ഈ ഒരു ഘട്ടത്തിലാണ് സംസ്ഥാനങ്ങളുടെ ഓഫ് ബജറ്റ് വായ്പകൾ കേന്ദ്രം കടമെടുപ്പിന്റെ പരിധിയിലേക്ക് കൊണ്ട് വരുന്നത്.

റവന്യു വരുമാനം ഉയർത്തുന്നതിന്റെയും ചെലവുകളുടെ സമ്മർദ്ദവും പോസിറ്റീവായ ഒരു കാര്യത്തിലേക്ക് നയിച്ചതായി കാണാം. റവന്യു കമ്മി കാര്യമായി കുറഞ്ഞുവെന്നതാണ് അത്. നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ ഇക്കാര്യത്തിൽ–67.3 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത് എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. അഞ്ചു സംസ്ഥാനങ്ങൾ റവന്യു മിച്ചം രേഖപ്പെടുത്തി എന്നതും എടുത്തു പറയത്തക്ക കാര്യമാണ്. ഗുജറാത്ത്, കർണ്ണാടക, പഞ്ചാബ്, ബീഹാർ ആന്ധ്രപ്രദേശ് എന്നിവയാണ് ഈ സംസ്ഥാനങ്ങൾ. എന്നാൽ എല്ലാ സംസ്ഥാനങ്ങളുടെയും കണക്കെടുക്കുമ്പോൾ റവന്യു കമ്മിയുടെ വളർച്ച നിരക്ക് – 4.8 ശതമാനമാണ്. കേരളത്തിന്റെ കാര്യത്തിൽ ഏതായാലും ഇക്കാര്യത്തിൽ കാര്യമായ ഇടിവ് ഉണ്ടായിട്ടുണ്ട്. ഒപ്പം ധനക്കമ്മി (53.4%), പ്രാഥമിക കമ്മി (76.3%) എന്നിവയിലെ കുറവും സാമ്പത്തിക

**Table 3:** Fiscal position of Kerala up to november 2022 compared to november 2021

| Description | 2021-22 (RE) | 2022-23 (BE) | Nov-22 | Nov-21 | Growth rate Nov 2022 over Nov 2021 |
|---|---|---|---|---|---|
| Revenue Receipts | 117888.2 | 134097.8 | 81736.6 | 64292.0 | 27.13 |
| Tax Revenue | 76200.0 | 91818.3 | 55751.8 | 41349.5 | 34.83 |
| Non-Tax Revenue | 10038.0 | 11769.6 | 6634.7 | 4133.7 | 60.50 |
| Grants-in-aid | 31650.0 | 30509.9 | 19350.1 | 18808.8 | 2.88 |
| Capital Receipts | 46912.0 | 39489.7 | 20053.3 | 42180.0 | -54.13 |
| Borrowings & Other Liabilities | 46395.5 | 39144.9 | 19887.8 | 41772.5 | -52.39 |
| Total Receipts | 164800.2 | 173587.5 | 101789.9 | 106472.0 | -4.40 |
| Revenue Expenditure | 149803.2 | 157065.9 | 92115.7 | 96591.8 | -4.63 |
| Expenditure on Interest Payment | 22115.4 | 25965.9 | 14850.0 | 12706.6 | 16.87 |
| Expenditure on salaries and wages | 45585.4 | 43305.0 | 26632.7 | 32370.0 | -17.72 |
| Expenditure on Pension | 26898.7 | 26834.0 | 18588.5 | 19002.1 | -2.18 |
| Expenditure on Subsidy | 3889.5 | 2170.5 | 1278.9 | 2960.7 | -56.81 |
| Capital Expenditure | 14996.9 | 16521.6 | 8009.0 | 7558.9 | 5.95 |
| Expenditure on Capital outlay | 12226.3 | 14890.8 | 7931.3 | 7463.1 | 6.27 |
| Total Expenditure | 164800.1 | 173587.5 | 100124.7 | 104150.8 | -3.87 |
| Revenue Surplus (+)/Deficit (-) * | -23176.1 | -22968.1 | -10379.1 | -32299.9 | -67.87 |
| Fiscal Surplus/Deficit* | -37656.5 | -39116.6 | -19887.8 | -41772.5 | -52.39 |
| Primary Deficit | -15541.0 | -13150.6 | -5037.9 | -29065.9 | -82.67 |

** GST compensation balance and balance from Revenue Deficit grant excluded from revenue deficit.*

*Note: 2021-22 and 2022-23 figures are taken from Budget in Brief, 2022-23, Government of Kerala*

***കടമെടുക്കുന്ന കാര്യത്തിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടെങ്കിലും പൊതുകടം സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന ആശങ്ക ശക്തമായി തുടരുകയാണ്.***

അച്ചടക്കത്തിന്റേതായ നല്ല പുരോഗതി സംസ്ഥാനത്ത് കാണിക്കുന്നുണ്ട് (പട്ടിക–2).

**കേരളത്തിന്റെ ധനസ്ഥിതി അർദ്ധവർഷത്തിന് ശേഷം**

ഇതുവരെ മറ്റു സംസ്ഥാനങ്ങളുടേതുമായി നടത്തിയ താരതമ്യം ആദ്യത്തെ ആറ് മാസക്കാലത്തെയാണ്. ഇപ്പോൾ കേരളത്തിന്റെ എട്ടു മാസത്തെ വിവരങ്ങൾ സി എ ജിയിൽ നിന്ന് ലഭ്യമാണ്. അതുകൊണ്ട് 2022 നവംബർ വരെയുള്ള ചിത്രമൊന്ന് പരിശോധിക്കാം (പട്ടിക–3).

എട്ട് മാസത്തെ കണക്കുകൾ പ്രകാരം കേരളം വരുമാനത്തിൽ രേഖപ്പെടുത്തിയ വളർച്ച 27.13 ശതമാനമാണ്. ആദ്യത്തെ ആറ് മാസത്തിൽ രേഖപ്പെടുത്തിയ 35.8 ശതമാനത്തേക്കാൾ കുറവാണ് ഇത്. നികുതി വരുമാനത്തിന്റെ കാര്യത്തിൽ ഇത് യഥാക്രമം 35 ശതമാനവും 42 ശതമാനവും വീതമാണ്. കുറഞ്ഞ നിരക്കിലുള്ള വരുമാന വളർച്ച കണക്കിലെടുത്താലും ബജറ്റിൽ ലക്ഷ്യമിട്ടിരുന്ന 91,818.3 കോടി രൂപ എന്ന വരുമാനത്തോതിന്റെ അടുത്തെത്താൻ സംസ്ഥാനത്തിന് കഴിയും. തനത് നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഉയർത്തി റവന്യു വരുമാനം ഉയർത്താൻ കഴിഞ്ഞതാണ് കോവിഡിന് ശേഷം കേരളത്തിന്റെ തിരിച്ചുവരവിന് മുഖ്യ കാരണമായത്. മൊത്തത്തിലെടുക്കുമ്പോൾ വരുമാന രംഗത്തെ പ്രകടനം വലിയൊരളവോളം തൃപ്തികരമാണ്.

എന്നാൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റുകളുടെ കാര്യത്തിലെ വർധന 2.9 ശതമാനം എന്ന ഏറെ കുറഞ്ഞ തോതിലാണ്. ഇത് കേരളത്തിന്റെ നിത്യനിദാന ചെലവുകളെയും ഒപ്പം അടിസ്ഥാന സൗകര്യ വികസനത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്. കടമെടുപ്പിന്റെ തോതിലെ വളർച്ച –52.4 ശതമാനമെന്ന തോതിലായതും റവന്യു ചെലവുകൾ ഉയരുന്നത്–4.63 ശതമാനമായതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ശമ്പള ഇനത്തിലെ ചെലവ്–17.7 ശതമാനവും പെൻഷൻ ഇനത്തിലെ ചെലവ് –2.2 ശതമാനവു മാണ് ഉയർന്നത്. ഇതിന്റെ ഫലമായി റവന്യു കമ്മിയിലെ വളർച്ച –67.3 ശതമാനവും ധനകമ്മിയിലെ വർധന –53.4 ശതമാനവുമാണ്. പ്രാഥമിക കമ്മിയിലുണ്ടായ വർധനയാകട്ടെ –82.7 ശതമാനവുമാണ്. ചുരുക്കത്തിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളം ധനകാര്യ മാനേജ്മെന്റിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച നിലയിലാണെന്ന് കാണാം. 2022 നവംബർ വരെ റവന്യു വരുമാനത്തിൽ നല്ല വളർച്ചയും ഒപ്പം ചെലവുകൾ ചുരുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അടുത്ത മാസങ്ങളിലും ഇതേ

***കടം ഉയരുക എന്നത് കേരളം മാത്രം നേരിടുന്ന ഒരു പ്രതിഭാസമല്ല. കോവിഡിന്റെ ഘട്ടത്തിൽ ആഗോള കടബാധ്യത 2021 ൽ മൊത്തം ജി ഡി പി യുടെ 247 ശതമാനമായി ഉയർന്നതായി ഐ എം എഫ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽ 96 ശതമാനം മാത്രമാണ് പൊതുകടം.***

നില തുടരുക എന്നതാണ് സംസ്ഥാനം നേരിടുന്ന വെല്ലുവിളി. അതു കൊണ്ട് ചെലവ് ചുരുക്കൽ തുടരുക എന്നതിനൊപ്പം ജി എസ് ടി അടക്കമുള്ള വരുമാന മാർഗ്ഗങ്ങൾ ഉയർത്തുന്നതിനും കേരളം പുതിയ നീക്കങ്ങൾ നടത്തേണ്ടി യിരിക്കുന്നു.

**ഉപസംഹാരം**

ഇന്ത്യയുടെ ധനകാര്യ ഫെഡറലിസത്തിൽ നിഴലിക്കുന്ന അസന്തുലിതാവസ്ഥയും ഒപ്പം ധനകാര്യ കമ്മീഷനുകളുടെ ശുപാർശകളും പൊതുവെ കേരളത്തിന്റെ താല്പര്യങ്ങൾക്ക് എതിരായാണ് കാണുന്നത്. അതുകൊണ്ട് ധനപരമായ അച്ചടക്കത്തിന്റെ കാര്യത്തിൽ സംസ്ഥാനം തനത് നിലയിൽ ചില നീക്കങ്ങൾ നടത്തേണ്ടതായി വരികയാണ്. എന്നാൽ കോവിഡ് മഹാമാരി പോലുള്ള ഗൗരവതര മായതും നൂറ്റാണ്ടിൽ ഒരിക്കൽ മാത്രം സംഭവിക്കുന്നതുമായ പ്രതിസന്ധികൾ നേരിടേണ്ടി വരുമ്പോൾ ഇത്തരം പ്രവർത്തന ങ്ങൾക്ക് പരിമിതികൾ കാണാം. 2022 ൽ ഗിഫ്റ്റ് നടത്തിയ പഠന പ്രകാരം മഹാമാരിയുടെ ഘട്ടത്തിൽ സാമൂഹ്യ ചെലവഴിക്കൽ മേഖല കളിൽ ഏറ്റവും ഉയർന്ന വളർച്ചയായ 163 ശതമാനം രേഖപ്പെടുത്തിയത് കേരളത്തിലാണ്. തൊട്ടടുത്ത് വരുന്ന ഗുജറാത്തിന് (60%) കേരളത്തിന്റെ പകുതി പോലുമെത്താൻ കഴിഞ്ഞിട്ടില്ല.

ഈ പഠനം വ്യക്തമാക്കുന്ന കാര്യം ധനസ്ഥി തിയിൽ കേരളത്തിന് മികച്ച തിരിച്ചുവരവ് നടത്താൻ കഴിഞ്ഞുവെന്നാണ്. മറ്റു പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് ഇക്കാര്യ ത്തിൽ കേരളം ഏറെ മുന്നിലാണ്. റവന്യു വരുമാനത്തിൽ പ്രകടമായ വളർച്ചയും ഒപ്പം ചെലവിലും കടമെടുപ്പിലും ഉണ്ടായ കുറവും പ്രധാന സാമ്പത്തിക സൂചകങ്ങളിൽ കുറവ് വരുന്നതിന് നിദാനമായി. റവന്യു കമ്മി, ധനക്കമ്മി, പ്രാഥമിക കമ്മി തുടങ്ങിയ കാര്യങ്ങളിൽ ഇത് വ്യക്തമായി കാണാവുന്ന താണ്. ആദ്യത്തെ ആറുമാസക്കാലയളവിൽ ദൃശ്യമായ ഈ പ്രവണത 2022 നവംബർ വരെ തുടരുന്നതായും അതുവരെയുള്ള കണക്കുകൾ കാണിക്കുന്നു. കടമെടുക്കുന്നതിൽ വലിയ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും പൊതുകടം സംബന്ധിച്ച് ശക്തമായ ആശങ്കയാണ് സമൂഹത്തിലുള്ളത്. ഈ പ്രശ്നം കേരളത്തിൽ മാത്രമായി നിൽക്കുന്നതല്ല എന്നതാണ് മനസിലാക്കേണ്ടത്. 2021 ൽ കോവിഡ് പ്രതിസന്ധിയെ തുടർന്ന് ആഗോള തലത്തിൽ മൊത്തം കടം ജി ഡി പിയുടെ 247 ശതമാന മായി ഉയർന്നുവെന്നാണ് ഐ എം എഫ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 96 ശതമാനം മാത്രമാണ് പൊതുകടം. അതുകൊണ്ട് പൊതു കടത്തിന്റെ വലുപ്പത്തേക്കാൾ അതിന്റെ ഗുണപരമായ പ്രയോഗത്തെക്കുറിച്ചാണ് കൂടുതൽ ചർച്ചകൾ ഉയർന്നു വരേണ്ടത്. ധനകാര്യ അച്ചടക്കത്തിന്റെ കാര്യത്തിൽ അഭിനന്ദനാർഹമായ നിലപാട് സംസ്ഥാനം സ്വീകരിക്കുമ്പോഴും വരുമാനം ഉയർത്തു ന്നതിലും ചെലവുകൾ നിയന്ത്രിക്കുന്നതിലും തുടർച്ചയായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

(ലേഖനത്തിലെ ചില വിവരങ്ങൾക്ക് ഡോ. കിരൺകുമാർ കക്കർലപുടി, ഡോ. സന്തോഷ്കുമാർ ഡാഷ് എന്നിവരോട് കടപ്പാട്)

■

(ഗിഫ്റ്റിന്റെ ഡയറക്ടറാണ് പ്രൊഫ. കെ. ജെ. ജോസഫ്, അസ്സോസിയേറ്റ് പ്രഫസറാണ് അനിതകുമാരി എൽ)

## References

1 (2021 & 2022). nd Auditor General of India (2021 & 2022). *"State Accounts: Monthly Key Indicators. Available at https://cag.gov.in/en/state-accounts-report*

2 GIFT (2022). *Socio Economic Impact of COVID-19 Pandemic on Kerala: A Comparative Analysis,* A report submitted

to Government of Kerala, GIFT, Thiruvananthapram

3 GoI (2021). *Fifteenth Finance Commission Report,* Vol 1, Finance Commission, Government of India

4 GoI (2022). *"National Accounts Statistics ( NAS)",* National Statistical Office, Ministry of Statistics & Programme Implementation, Government of India 2022-23

5 GoI (2022). *Receipt Budgets, 2022-23,* Ministry of Finance, Budget Division, Government of India

6 GoK (2022). *Budget in Brief*, Government of Kerala., 2022-23, Finance Department, Thiruvananthapuram

7 IMF (2022). *Global Debt Monitor,* Fiscal Affairs Department , International Monetary Fund , December 2022

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# കോവിഡിന്റെ രണ്ടു വർഷവും ജി എസ് ടി വരുമാനത്തിലെ തിരിച്ചുവരവും

സന്തോഷ്കുമാർ ഡാഷ്, ജെറോം ജോസഫ്

## ആമുഖം

ഇന്ത്യയിൽ ജി എസ് ടി നടപ്പാക്കിയത് രാജ്യത്തിന്റെ സാമ്പത്തികമായ ഏകോപനവും ദേശീയതലത്തിൽ വ്യാപാരവും വാണിജ്യവും വിപുലീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ്. നികുതിഘടന ലളിതമാകുന്നുവെന്നതാണ് ഇതിന്റെ അടിസ്ഥാനം. ഒപ്പം തന്നെ, നികുതിദായകരുടെ നികുതി പാലിക്കുന്നതിനുള്ള ചെലവ് കുറയുകയും അത് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' നിലവാരം ഉയർത്തുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും നികുതി വരുമാനം ഇതുവഴി ഉയരുകയും ചെയ്യുന്നു. എന്നാൽ 2016–ൽ നടപ്പാക്കിയ നോട്ട് നിരോധനത്തെ തുടർന്ന് ഇന്ത്യൻ സമ്പദ് വ്യവസ്ഥ മോശം സാഹചര്യത്തിലാവുകയും അതിന്റെ പ്രത്യാഘാതങ്ങളിൽ നിന്ന് മോചിതമാകും മുൻപ് തൊട്ടടുത്ത വർഷം പുതിയ നികുതി സമ്പ്രദായം നടപ്പാക്കിയതും സ്ഥിതി കൂടുതൽ വഷളാക്കി. വറചട്ടിയിൽ നിന്നും എരിതീയിലേക്ക് ചാടുന്നതിന് സമാനമായ ഒരു സാഹചര്യമായിരുന്നു ഇത്. 2020–ന്റെ ആദ്യപകുതിയിൽ കോവിഡ് മഹാമാരിയുടെ വരവ് കൂടിയായതോടെ കൂനിന്മേൽ കുരുവെന്ന പോലെയായി കാര്യങ്ങൾ. അതോടെ ജനങ്ങളുടെ വാങ്ങൽ ശേഷിയിൽ കാര്യമായ കുറവുണ്ടായി. ജി എസ് ടി വരുമാനത്തെ ഇത് സാരമായി ബാധിച്ചു.

എന്നാൽ അടുത്തകാലത്തായി ഇതിന് മാറ്റം സംഭവിച്ചിട്ടുണ്ട്. ജി എസ് ടി വരുമാനത്തിൽ കാര്യമായ നേട്ടം പ്രകടമാകുന്നുണ്ട്. 2022 ആഗസ്റ്റ് മാസത്തിൽ വരുമാനം 1.43 ലക്ഷം കോടിയായി ഉയർന്നു. 2021 ആഗസ്റ്റ് മാസത്തെ അപേക്ഷിച്ച് 28 ശതമാനംവർധനയാണ് അത്. തുടർച്ചയായി ആറ് മാസം ജി എസ് ടി വരുമാനം 1.4 ലക്ഷം കോടിക്ക് മുകളിൽ തുടർന്നുവെന്നതും മറ്റൊരു പ്രത്യേകതയാണ്. എന്നാൽ, ദേശീയതലത്തിൽ വരുമാനത്തിൽ ഉണ്ടായ വളർച്ച പ്രോത്സാഹജനകമാണെങ്കിലും സംസ്ഥാനങ്ങളുടെ അവസ്ഥ മറ്റൊരു കഥയാണ് വ്യക്തമാക്കുന്നത്.

കോവിഡിന്റെ ഘട്ടത്തിൽ സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിൽ ഉണ്ടായ കനത്ത ഇടിവും കോവിഡാനന്തര ഘട്ടത്തിൽ ഉണ്ടായ തിരിച്ചുവരവുമാണ് ഈ ലേഖനത്തിൽ ചർച്ച ചെയുന്നത്. ഇതിന് 2021–22 വർഷത്തെ ജി എസ് ടി വരുമാനം 2020–21, 2019–20 എന്നീ വർഷങ്ങളുടേതുമായി താരതമ്യം ചെയ്യുകയാണ് ഇവിടെ. ഇത്തരത്തൊലൊരു താരതമ്യം സംസ്ഥാനങ്ങളുടെ തിരിച്ചു വരവിന്റെ അവസ്ഥയിലേക്ക് കൂടുതൽ ഉൾക്കാഴ്ച പകർന്നു തരുന്നു.

## വിവര സ്രോതസും ഭിന്നകങ്ങളും

സംസ്ഥാനങ്ങളുടെ വരുമാനത്തിലെ പ്രകടനം പരിശോധിക്കുന്നതിന് സ്റ്റേറ്റ് ജി എസ് ടി

(എസ് ജി എസ് ടി), ടോട്ടൽ ജി എസ് ടി (ടി ജി എസ് ടി) എന്നിവയാണ് കണക്കിലെടുത്തിട്ടുള്ളത്. സംസ്ഥാനത്തിനകത്തെ വ്യാപാര ഇടപാടുകളിൽ നിന്ന് ലഭിക്കുന്ന നികുതി വരുമാനമാണ് എസ് ജി എസ് ടി. സംസ്ഥാനങ്ങളുടെ മൊത്തം ജി എസ് ടി വരുമാനമാണ് ടി ജി എസ് ടി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എസ് ജി എസ് ടി വരുമാനവും, ഐ ജി എസ് ടി വരുമാനത്തിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതവും ചേർത്തുള്ളതുകയാണ് ഇത്. ഐ ജി എസ് ടി വരുമാനം കേന്ദ്രം സമാഹരിക്കുകയും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുകയുമാണ് ചെയ്യുന്നത്. സംസ്ഥാനങ്ങളുടെ യഥാർത്ഥത്തിലുള്ള മൊത്തം വരുമാനമാണ് ടി ജി എസ് ടി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പ്രധാനപ്പെട്ട 18 സംസ്ഥാനങ്ങളെയാണ് ഈ പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ജി എസ് ടി പോർട്ടലിൽ നിന്നാണ് ഇതിനായുള്ള വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്. 2019–20 മുതൽ 2021–22 വരെയുള്ള വർഷങ്ങളിലെ വരുമാനക്കണക്കുകളാണ് എടുത്തിരിക്കുന്നത്. ഇതിൽ 2020–21 വർഷത്തിലാണ് കോവിഡ് മഹാമാരി സംഭവിച്ചത്. 2021–22 വർഷമാകട്ടെ കോവിഡിന് ശേഷമുള്ള വർഷവുമാണ്. സംസ്ഥാനങ്ങളുടെ വരുമാന രംഗത്തെ പ്രകടനം വിലയിരുത്തുക എന്ന ലക്ഷ്യ ത്തോടെയാണ് ഈ കണക്കുകൾ വിശകലനം ചെയുന്നത്.

**കോവിഡ് വർഷം : വരുമാനത്തിൽ ഇടിവ്**

2019–20, 2020–21, 2021–22 എന്നീ വർഷങ്ങളിലെ സംസ്ഥാനങ്ങളുടെ നികുതി വരുമാനമാണ് പട്ടിക ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (കോളം 1–3). അതിൽ തന്നെ 4–6 കോളങ്ങളിലായി അതിന്റെ വളർച്ചാനിരക്കും രേഖപ്പെടുത്തിയിരിക്കുന്നു. 2019– 20 നെ അപേക്ഷിച്ച് 2020–21 ൽ ഉണ്ടായ ശതമാന കണക്കിലുള്ള വ്യതിയാനമാണ് നാലാം കോളത്തിൽ കാണുന്നത്. അഞ്ചാം കോളത്തിൽ 2020–21 ആയി താരതമ്യം ചെയ്യുമ്പോൾ 2021–22 ൽ ഉണ്ടായ ശതമാന കണക്കിലുള്ള വ്യത്യാസവുമാണ് ചേർത്തിരിക്കുന്നത്. 2021–22 ൽ 2019–20 നെ അപേക്ഷിച്ച് ഉണ്ടായ ശതമാനടിസ്ഥാനത്തിലുള്ള വ്യത്യാസമാണ് കോളം ആറിൽ ചേർത്തിരിക്കുന്നത്. (പട്ടിക–1).

**മഹാമാരി വർഷത്തിലെ എസ് ജി എസ് ടി വരുമാനം**

പട്ടിക ഒന്ന് പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യം കോവിഡ് മഹാമാരി മൂലം സംസ്ഥാനങ്ങളുടെ വരുമാനം കാര്യമായി കുറഞ്ഞുവെന്നതാണ്. 18 സംസ്ഥാനങ്ങളുടെയും മൊത്തത്തിലുള്ള എസ് ജി എസ് ടി വരുമാനം 2019–20ൽ 284, 649 കോടിയായിരുന്നത് 2020–21ൽ 252,932 കോടിയായി താഴ്ന്നു. അതായത് 11.1 ശതമാനത്തിന്റെ ഇടിവ്. സാധാരണ വർഷമായ 2019–20 ആയി താരതമ്യം ചെയ്യുമ്പോൾ 2020–21 ൽ 18 സംസ്ഥാനങ്ങൾ രേഖപ്പെടുത്തിയ ശരാശരി ഇടിവ് 9.67 ശതമാനമാണ്. ഇത് ജി ഡി പി യിൽ സംഭവിച്ച ശരാശരി ഇടിവായ 7.7 ശതമാനത്തേക്കാൾ കൂടുതലാണ്. 14.41 ശതമാനം ഇടിവ് നേരിട്ട മഹാരാഷ്ട്രയാണ് ഏറ്റവും വലിയ തിരിച്ചടി നേരിട്ടത്. ഹരിയാന 14.15 ശതമാനം ഇടിവും രേഖപ്പെടുത്തി. ഛത്തീസ്ഗഡ് 2.54 ശതമാനവും ഒഡിഷ 4.87 ശതമാനവും മാത്ര

***2019–20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 18 സംസ്ഥാനങ്ങളുടെ എസ് ജി എസ് ടി യിൽ നിന്നുള്ള ശരാശരി വരുമാനം 2020–21ൽ 9.67 ശതമാനം കുറഞ്ഞു. പക്ഷെ കേരളത്തിന്റെ കാര്യത്തിൽ 12 ശതമാനമാണ് ഇടിവ്.***

**Table 1:** SGST revenue collection of states

| State | Rs Crore | | | | Percent | |
|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2021-22 | FY21/ FY20 | FY22/ FY21 | FY22/ FY20 |
| | (1) | (2) | (3) | (4) | (5) | (6) |
| Andhra Pradesh | 9265 | 8562 | 10567 | -7.6 | 23.4 | 14.1 |
| Assam | 4212 | 3885 | 4638 | -7.8 | 19.4 | 10.1 |
| Bihar | 5842 | 5367 | 6083 | -8.1 | 13.4 | 4.1 |
| Chhattisgarh | 5581 | 5439 | 6818 | -2.5 | 25.3 | 22.2 |
| Gujarat | 27271 | 24667 | 32724 | -9.5 | 32.7 | 20.0 |
| Haryana | 13922 | 11952 | 15116 | -14.2 | 26.5 | 8.6 |
| Jharkhand | 5490 | 4863 | 6328 | -11.4 | 30.1 | 15.3 |
| Karnataka | 26472 | 23209 | 28660 | -12.3 | 23.5 | 8.3 |
| Kerala | 9457 | 8326 | 9887 | -12.0 | 18.7 | 4.6 |
| Maharashtra | 62275 | 53300 | 70516 | -14.4 | 32.3 | 13.2 |
| Madhya Pradesh | 8841 | 8218 | 9433 | -7.0 | 14.8 | 6.7 |
| Odisha | 8713 | 8288 | 12743 | -4.9 | 53.7 | 46.3 |
| Punjab | 6133 | 5520 | 6896 | -10.0 | 24.9 | 12.4 |
| Rajasthan | 12197 | 11103 | 13443 | -9.0 | 21.1 | 10.2 |
| Tamil Nadu | 27142 | 23819 | 29441 | -12.2 | 23.6 | 8.5 |
| Telangana | 12977 | 11788 | 14603 | -9.2 | 23.9 | 12.5 |
| Uttar Pradesh | 22043 | 19711 | 23766 | -10.6 | 20.6 | 7.8 |
| West Bengal | 16815 | 14915 | 18164 | -11.3 | 21.8 | 8.0 |

*Note: Authors' own calculation using data from the GST Portal. FY 20: 2019-20, FY 21: 2020-21, FY 22: 2021-22.*

മാണ് രേഖപ്പെടുത്തിയത്. വികസിത സംസ്ഥാനങ്ങളാണ് ഒഡിഷ, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ബീഹാർ തുടങ്ങി താരതമ്യേന വികസനം കുറവായ സംസ്ഥാനങ്ങളേക്കാൾ കൂടുതൽ ഇടിവ് രേഖപ്പെടുത്തിയത്. (പട്ടിക–1)

18 പ്രമുഖ സംസ്ഥാനങ്ങളുടെ എസ് ജി എസ് ടി വരുമാനം 2020–21 ൽ 2019–20 നെ അപേക്ഷിച്ച് 9.67 ശതമാനം കണ്ട് കുറഞ്ഞുവെന്നാണ് ഡാഷ്, കക്കർലാപുടി (2022) എന്നിവരുടെ വാദം. ഇതേ കാലയളവിൽ കേരളത്തിന്റെ എസ് ജി എസ് ടി വരുമാനം 12 ശതമാനം ഇടിഞ്ഞു.

കർക്കശമായ ലോക്ക്ഡൗണും, അതിന്റെ കാലയളവും മറ്റും ഇതിനെ ഏറിയും കുറഞ്ഞും സ്വാധീനിച്ചിട്ടുള്ളതായി കാണാം. നഗരവത്കരണത്തിലെ വ്യത്യാസമാണ് മറ്റൊരു നിർണ്ണായക ഘടകം. കോവിഡിന്റെ ഒന്നാം തരംഗം നഗര മേഖലകളെയാണ് കൂടുതലായി ബാധിച്ചത്. അതുകൊണ്ട് സമ്പന്ന സംസ്ഥാനങ്ങളിലാണ് ഉപഭോഗത്തിൽ കാര്യമായ ഇടിവ് കണ്ടത്. വികസനം കുറവായ സംസ്ഥാനങ്ങളിൽ ഉപഭോഗം താരതമ്യേന സ്ഥിരത പുലർത്തിയതായും കാണാം.

### മഹാമാരി വർഷത്തിലെ ടി ജി എസ് ടി വരുമാനം

എസ് ജി എസ് ടി, ഐ ജി എസ് ടി യുടെ സംസ്ഥാന വിഹിതം എന്നിവ ചേർത്തുള്ള

***2019–20 നെ അപേക്ഷിച്ച് 2020–21 ൽ സംസ്ഥാനങ്ങളുടെ ടി ജി എസ് ടി വരുമാനത്തിൽ ശരാശരി 8.1 ശതമാനത്തിന്റെ കുറവുണ്ടായി. ഐ ജി എസ് ടി വരുമാനത്തിലെ ഉയർന്ന് വളർച്ചയാണ് മൊത്തം ജി എസ് ടി വരുമാനത്തിലെ ഇടിവ് ഈ തോതിൽ നിർത്തിയത്.***

വരുമാനമാണ് ടി ജി എസ് ടി. ഇതിന്റെ കണക്കുകൾ പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു (കോളം 4–6). ഒരു സാധാരണ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കോവിഡ് വർഷത്തിൽ സംസ്ഥാനങ്ങളുടെ വരുമാനം ഗണ്യമായി ഇടിഞ്ഞിട്ടുണ്ട്. 18 സംസ്ഥാനങ്ങളുടെ കണക്കുകൾ മൊത്തത്തിൽ പരിഗണിക്കുമ്പോൾ ഉണ്ടായിരിക്കുന്ന കുറവ് 9.8 ശതമാനമാണ്, അതായത് 4,60,426 കോടിയിൽ നിന്ന് 4,15,279 കോടിയായി ഇടിഞ്ഞു. ആ വർഷം ഇന്ത്യയുടെ ജി ഡി പിയിൽ സംഭവിച്ച ഇടിവ് 7.7 ശതമാനമാണ്. അതിനേക്കാൾ രണ്ടു ശതമാനം കൂടുതലാണ് സംസ്ഥാനങ്ങളുടെ വരുമാനത്തിൽ സംഭവിച്ച കുറവ് എന്നത് ശ്രദ്ധേയമാണ്. മഹാമാരി എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തിക നിലയെ കാര്യമായി ഉലച്ചു.

ടി ജി എസ് ടി വരുമാനം 2019–20 നും 2020–21 നുമിടയിൽ ശരാശരി 8.1 ശതമാനം ഇടിഞ്ഞത് ഇത് വ്യക്തമാക്കുന്നുണ്ട്. മഹാരാഷ്ട്ര (14.6%), തമിഴ്നാട് (12.7), ഗുജറാത്ത് (11.7), പഞ്ചാബ് (11.5), ഉത്തർപ്രദേശ് (11) എന്നീ സംസ്ഥാനങ്ങൾക്കാണ് കൂടുതൽ ആഘാതമേറ്റത്. എന്നാൽ ഒഡിഷ (1.8%), ബീഹാർ (2.2), ഛത്തീസ്ഗഡ് (3.4), ഹരിയാന (4.2) തുടങ്ങിയ സംസ്ഥാനങ്ങൾ താരതമ്യേന ഭേദപ്പെട്ട നിലയിലെന്ന് പറയാം. ടി ജി എസ് ടി, എസ് ജി എസ് ടി എന്നിവയുടെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ ടി ജി എസ് ടിയിലെ നഷ്ടം എസ് ജി എസ് ടിയെക്കാൾ കുറവാണെന്ന് കാണാം. എസ് ജി എസ് ടി വരുമാനം ശരാശരി 9.67 ശതമാനം കുറഞ്ഞപ്പോൾ ടി ജി എസ് ടി യിലെ ഇടിവ് 8.1 ശതമാനമാണ്. 18 സംസ്ഥാനങ്ങളുടെ മൊത്തം എസ് ജി എസ് ടി 11.1 ശതമാനം ഇടിഞ്ഞപ്പോൾ ടി ജി എസ് ടി യിലെ കുറവ് 9.8 ശതമാനം മാത്രമാണ്. ഐ ജി എസ് ടി വരുമാനത്തിൽ ഉണ്ടായ താരതമ്യേന മെച്ചപ്പെട്ട സ്ഥിതിയാണ് ഇതിന് കാരണമെന്ന് വിലയിരുത്താം.

### 2021–22 : ജി എസ് ടി വരുമാനം–തിരിച്ചുവരവിന്റെ പാതയിൽ

2021 മാർച്ചിൽ ആരംഭിച്ച മഹാമാരിയുടെ രണ്ടാം തരംഗം മെയ് അവസാനം വരെ തുടർന്നു. ഒന്നാം തരംഗത്തേക്കാൾ തീവ്രമായിരുന്നു രണ്ടാം തരംഗം. വാക്സിൻ, ഓക്സിജൻ സിലിണ്ടർ, ആശുപത്രി കിടക്കകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവക്ക് രാജ്യത്തിന്റെ പല ഭാഗങ്ങളിലും കടുത്ത ക്ഷാമം അനുഭവപെട്ടു. ദേശീയ തലത്തിൽ നടപ്പാക്കിയ അടച്ചിടലിന് പുറമെ 36 കേന്ദ്ര ഭരണ പ്രദേശങ്ങളും സംസ്ഥാനങ്ങളു മുള്ളതിൽ 35 എണ്ണത്തിലും പ്രാദേശികമായ നിബന്ധനകൾ വേറെയും ഏർപ്പെടുത്തിയിരുന്നു. അത്തരം കർശന നടപടികൾ മൂലം രോഗത്തിന്റെ തീവ്രത കുറഞ്ഞു. ജൂൺ മാസം മുതൽ ലോക്ക്ഡൗൺ ഘട്ടം ഘട്ടമായി മിക്ക സംസ്ഥാനങ്ങളിലും പിൻവലിക്കാൻ തുടങ്ങി. അതോടെ സംസ്ഥാനങ്ങളുടെ അവസ്ഥയിൽ കാര്യമായ മാറ്റമുണ്ടായി.

2021–22 സാമ്പത്തിക വർഷത്തിൽ രണ്ടു പ്രധാന മാറ്റങ്ങൾ സംഭവിച്ചു. ഒന്ന്, യാത്രാ വിലക്കുകൾ പിൻവലിക്കപ്പെടുകയും

**Table 2:** TGST revenue collection of states

| State | Rs Crore | | | Per cent change in | | |
|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2021-22 | FY21/FY20 | FY22/FY21 | FY22/FY20 |
| | (1) | (2) | (3) | (4) | (5) | (6) |
| Andhra Pradesh | 19780 | 17847 | 23234 | -9.8 | 30.2 | 17.5 |
| Assam | 8521 | 8038 | 10152 | -5.7 | 26.3 | 19.1 |
| Bihar | 15301 | 14970 | 18389 | -2.2 | 22.8 | 20.2 |
| Chhattisgarh | 7625 | 7362 | 8931 | -3.4 | 21.3 | 17.1 |
| Gujarat | 34721 | 30664 | 45769 | -11.7 | 49.3 | 31.8 |
| Haryana | 18855 | 18069 | 23812 | -4.2 | 31.8 | 26.3 |
| Jharkhand | 8153 | 7383 | 9146 | -9.4 | 23.9 | 12.2 |
| Karnataka | 42175 | 38205 | 51094 | -9.4 | 33.7 | 21.1 |
| Kerala | 19390 | 17669 | 22578 | -8.9 | 27.8 | 16.4 |
| Maharashtra | 82966 | 70870 | 100475 | -14.6 | 41.8 | 21.1 |
| Madhya Pradesh | 18768 | 17301 | 21516 | -7.8 | 24.4 | 14.6 |
| Odisha | 13008 | 12768 | 16291 | -1.8 | 27.6 | 25.2 |
| Punjab | 12699 | 11241 | 15542 | -11.5 | 38.3 | 22.4 |
| Rajasthan | 21619 | 20010 | 27117 | -7.4 | 35.5 | 25.4 |
| Tamil Nadu | 40142 | 35032 | 46329 | -12.7 | 32.2 | 15.4 |
| Telangana | 23411 | 22300 | 29230 | -4.7 | 31.1 | 24.9 |
| Uttar Pradesh | 46407 | 41291 | 53642 | -11.0 | 29.9 | 15.6 |
| West Bengal | 26884 | 24258 | 30487 | -9.8 | 25.7 | 13.4 |

*Note: Same as Table 1.*

അതോടെ മൊത്തത്തിൽ ഡിമാന്റിൽ വർധന പ്രകടമാവുകയും ചെയ്തു. ജനങ്ങൾ 'റിവഞ്ച് ഷോപ്പിംഗ്'[1] എന്ന സാഹചര്യത്തിലേക്ക് മാറുന്ന അവസ്ഥയുണ്ടായി. 2021 മെയ് മാസത്തോടെ മാസ്സ് വാക്സിനേഷൻ ആരംഭിച്ചതാണ് രണ്ടാമത്തെ കാര്യം. അതേവർഷം ഡിസംബറോടെ ഇന്ത്യയിൽ 1.4 ബില്യൺ വാക്സിനേഷൻ പൂർത്തിയാക്കി. ആരോഗ്യ മന്ത്രാലയത്തിന്റെ രേഖകൾ അനുസരിച്ച് പ്രായപൂർത്തിയായ വരിൽ 95 ശതമാനം പേർക്കും ഒരു ഡോസ് വാക്സിൻ ലഭിച്ചിട്ടുണ്ട്. 2022 ജനുവരിയിലെ കണക്കുകൾ വ്യക്തമാക്കുന്നത് 74 ശതമാനം പേർക്ക് രണ്ടു ഡോസ് വാക്സിൻ നൽകിയിട്ടുണ്ട് എന്നാണ്.

ഈ രണ്ട് നടപടികളും ഇന്ത്യൻ സമ്പദ്ഘടനയുടെ തിരിച്ചുവരവിന് വഴിയൊരുക്കി. കേന്ദ്ര ധനകാര്യ വകുപ്പിന്റ ഒരു പത്രക്കുറിപ്പിൽ പറയുന്നത്, 2021 സെപ്റ്റംബർ മാസത്തോടെ ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ മുന്നേറ്റത്തിന് വേഗം കൂടിയെന്നാണ്. ആഗസ്റ്റ് മാസം മുതൽ ജി എസ് ടി വരുമാനത്തിൽ ഉണർവ് പ്രകടമാകാൻ തുടങ്ങി.

**എസ് ജി എസ് ടി വരുമാനം കോവിഡിന് ശേഷം**

എസ് ജി എസ് ടിയുടെ കാര്യത്തിൽ വ്യക്തമായ തിരിച്ചുവരവുണ്ടായെന്ന് പട്ടിക ഒന്നിൽ നിന്നും മനസിലാക്കാം. 18 സംസ്ഥാനങ്ങളുടെ മൊത്തം എസ് ജി എസ് ടി വരുമാനം 2020–21 ൽ 2,52,932 കോടിയായിരുന്നത് 2021–22 ൽ 3,19,826 കോടിയായി

***2021–22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തിൽ കാര്യമായ തിരിച്ചുവരവ് പ്രകടമായി. എസ് ജി എസ് ടി വരുമാനത്തിലുണ്ടായ ശരാശരി വളർച്ച 25 ശതമാനമായിരുന്നു. ടി ജി എസ് ടി യിലാകട്ടെ 30.7 ശതമാനം വർധന രേഖപ്പെടുത്തി.***

ഉയർന്നു. 26.4 ശതമാനം വർധന. സംസ്ഥാനങ്ങളുടെ ശരാശരി വളർച്ച 25 ശതമാനം. 2020–21ൽ ഒരു സംസ്ഥാനത്തും വരുമാനത്തിൽ ഇടിവുണ്ടായില്ലെന്നത് ഒരു പ്രത്യേകതയാണ്. ഏറ്റവും കൂടുതൽ വളർച്ച ഒഡിഷയിലാണ് രേഖപ്പെടുത്തിയത്, 53.7 ശതമാനം. ഗുജറാത്ത് 32.66 ശതമാനവും മഹാരാഷ്ട്ര 32.3 ശതമാനവും വളർച്ച രേഖപ്പെടുത്തി. ഏറ്റവും കുറവ് വളർച്ചയായ 14.8 ശതമാനം രേഖപ്പെടുത്തിയത് മധ്യപ്രദേശിലാണ്. 18.7 ശതമാനവുമായി കേരളമാണ് തൊട്ടടുത്ത സ്ഥാനത്ത്.

## ടി ജി എസ് ടി വരുമാനം മഹാമാരിക്ക് ശേഷം

2021–22 ൽ ടി ജി എസ് ടി യുടെ കാര്യത്തിലും ഉണർവ് പ്രകടമായി. 18 സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് 4,15,279 കോടിയായിരുന്നത് 2021–22 ൽ 33.3 ശതമാനം വളർച്ചയോടെ 5,53,735 കോടിയായി ഉയർന്നു. പട്ടിക രണ്ട് വ്യക്തമാക്കുന്നത് ഇക്കാര്യത്തിലെ സംസ്ഥാനങ്ങളുടെ ശരാശരി വളർച്ച 30.7 ശതമാനമാണെന്നാണ്. കുറഞ്ഞത് 21 ശതമാനം വളർച്ച എല്ലാ സംസ്ഥാനങ്ങളും രേഖപ്പെടുത്തുകയുണ്ടായി. ഏറ്റവും ഉയർന്ന വർധനയായ 49.3 ശതമാനം കൈവരിച്ചത് ഗുജറാത്തായിരുന്നു. മഹാരാഷ്ട്ര 41.8 ശതമാനവും വളർച്ച നേടി. ഈ സംസ്ഥാനങ്ങളുടെ ഐ ജി എസ് ടി വിഹിതത്തിൽ ഉണ്ടായ വൻ വർധനയാണ് ഇതിന് നിദാനം. ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയത് ഛത്തീസ്ഗഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളാണ്. യഥാക്രമം 21.3 ശതമാനവും 22.8 ശതമാനവും.

നേരത്തെ വ്യക്തമാക്കിയതുപോലെ, റവന്യു വരുമാനത്തിലെ വളർച്ചക്ക് പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. ഇതിനെല്ലാം പുറമെ ഉയർന്ന തോതിലുള്ള കംപ്ലെയ്ൻസും ഡേറ്റ വിശകലനവും നികുതി വെട്ടിപ്പുകൾ ഫലപ്രദമായി തടയാൻ കഴിഞ്ഞതും നികുതി വരുമാന വളർച്ചക്ക് കാരണമായിട്ടുണ്ട്. ഇത്തരം ഘടകങ്ങളിലെ ഏറ്റക്കുറച്ചിലുകളാണ് സംസ്ഥാനങ്ങൾ തമ്മിലെ വരുമാനത്തിലെ അന്തരത്തിന് ഒരു കാരണം.

## തിരിച്ചുവരവ് പൂർണ്ണമായോ?

തീർച്ചയായും റവന്യു വരുമാനത്തിൽ കാര്യമായ ഉണർവ് കാണുന്നുണ്ട്. എന്നാൽ മുഖ്യമായ പ്രശ്നം 2021–22 ൽ ഉണ്ടായ വളർച്ച 2020–21 ൽ സംഭവിച്ച നഷ്ടം പരിഹരിക്കാൻ സഹായകമായോ എന്നതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ കോവിഡിന് മുൻപുണ്ടായിരുന്ന വരുമാനത്തെ മറികടക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര കണ്ട് അതിന് സാധിച്ചിട്ടുണ്ട്? 2020–21 ലെ റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്കിൽ സംഭവിച്ച കുറവ് പരിഹരിക്കാനായിട്ടുണ്ടോ? അടുത്തതായി പരിശോധിക്കുന്നത് മഹാമാരിക്ക് മുൻപുള്ള സ്ഥിതിയിലേക്ക് എത്താൻ സംസ്ഥാനങ്ങൾക്ക് എത്രമാത്രം കഴിഞ്ഞു വെന്നതാണ്. ഇവിടെ 2021–22 ലെ വരുമാനം 2019–20 ലേതുമായാണ് താരതമ്യംചെയ്യുന്നത്.

എസ് ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കും കോവിഡിന് മുൻപുള്ള വരുമാനത്തെ മറികടക്കാൻ കഴിഞ്ഞുവെന്നതാണ് യാഥാർഥ്യം. പട്ടിക ഒന്നിലെ ആറാം കോളം ഇക്കാര്യത്തിലെ

***2019–20 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2021–22 ൽ എസ് ജി എസ് ടി വരുമാനം കോവിഡ് മഹാമാരിക്ക് മുൻപുള്ള സ്ഥിതിയിലേക്ക് തിരിച്ചെത്തിയതായി കാണാം. 13 ശതമാനമായിരുന്നു ഇക്കാര്യത്തിലെ ശരാശരി വളർച്ച. ഛത്തിസ്ഗഢ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ 20 ശതമാനം നേട്ടം കൈവരിച്ചപ്പോൾ കേരളത്തിന്റെ നേട്ടം 4.6 ശതമാനത്തിലൊതുങ്ങി. എന്നാൽ ടി ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങളും മികച്ച നേട്ടം കൈവരിച്ചു. കുറഞ്ഞത് 12 ശതമാനം വർധനയാണ് കണ്ടത്. ഇക്കാര്യത്തിലെ ദേശീയ ശരാശരി 20 ശതമാനമാണ്.***

ശതമാനക്കണക്ക് താരതമ്യം ചെയ്യുന്നതാണ്. 2019–20, 2021–22 എന്നീ വർഷങ്ങളിലെ എല്ലാ സംസ്ഥാനങ്ങളുടെയും മൊത്തം എസ് ജി എസ് ടി വരുമാനമെടുത്താൽ 12.4 ശതമാനം വളർച്ച കാണാം. അതായത് 2,84,649 കോടിയിൽ നിന്ന് 3,19,826 കോടി രൂപയായി ഉയർന്നു. ഇക്കാര്യത്തിൽ മികച്ച നേട്ടം കൈവരിച്ചിരിക്കുന്നത് ഛത്തീസ്ഗഢ് (22.2%), ഗുജറാത്ത് (20) എന്നീ സംസ്ഥാനങ്ങളാണ്. ബീഹാർ നേടിയത് 4 ശതമാനം വർധനയാണ്. കേരളം 4.6 ശതമാനവും മധ്യപ്രദേശ് 6.7 ശതമാനവും വളർച്ച കൈവരിച്ചിട്ടുണ്ട്.

എസ് ജി എസ് ടി വരുമാനത്തിലെ സംസ്ഥാനങ്ങളുടെ ശരാശരി വളർച്ച 13 ശതമാനമാണ്. പക്ഷെ സംസ്ഥാനങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ പ്രകടമായ അന്തരം നിലനിൽക്കുന്നത് കാണാം. 46.3 ശതമാനം വർദ്ധനവോടെ ഒഡിഷ മികച്ച നേട്ടമാണ് ഇക്കാര്യത്തിൽ കൈവരിച്ചത്. എല്ലാ സംസ്ഥാനങ്ങളും 2020–21 ൽ നഷ്ടമായ വരുമാനം തിരിച്ചു പിടിച്ചതായി കാണാം. മാത്രവുമല്ല, കോവിഡിന് മുൻപുണ്ടായിരുന്നതിനേക്കാൾ വലിയ നേട്ടം കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. അതായത് എസ് ജി എസ് ടി വരുമാനത്തിലെ വളർച്ച വ്യത്യസ്തമാണെങ്കിലും മൊത്തം ജി എസ് ടി വരുമാനം എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും ഉയർന്നിട്ടുണ്ട്. 2019–20 വർഷത്തെ അപേക്ഷിച്ച് ടി ജി എസ് ടി വരുമാനം 2021–22 ൽ ഉയർന്നത് 20.3 ശതമാനമാണ്. 4,60,426 കോടി രൂപയിൽ നിന്നും അത് 5,53,735 കൂടിയായി ഉയർന്നു. എല്ലാ സംസ്ഥാനങ്ങളും കുറഞ്ഞത് 12 ശതമാനം വളർച്ചയെങ്കിലും ഇക്കാര്യത്തിൽ നേടിയിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ശരാശരി കണക്കാക്കുമ്പോൾ 20 ശതമാനമാണ് വളർച്ച.

ഗുജറാത്ത് (31.8%), ഹരിയാന (26.3), രാജസ്ഥാൻ (25.4), ഒഡിഷ (25.5), തെലങ്കാന (24.9) എന്ന രീതിയിലുള്ള വളർച്ച നേടിയിട്ടുണ്ട്. ജാർഖണ്ഡ് (12.2%), പശ്ചിമ ബംഗാൾ (13.4), മധ്യപ്രദേശ് (14.6) എന്നീ സംസ്ഥാനങ്ങളാണ് കുറഞ്ഞ നിരക്കിലുള്ള വളർച്ച കൈവരിച്ചത്.

2021–22 ലെ എസ് ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ അന്തരം പ്രകടമാണ്. എട്ട് സംസ്ഥാനങ്ങൾ 2019–20 നെ അപേക്ഷിച്ച് 10 ശതമാനത്തിൽ താഴെയാണ് വളർച്ച കൈ

***കേരളം 2019–20 ലെ ടി ജി എസ് ടി വരുമാനത്തേക്കാൾ 16.4 ശതമാനം വളർച്ച രേഖപ്പെടുത്തി.***

വരിച്ചത്. ഇക്കാര്യത്തിലെ സ്റ്റാൻഡേർഡ് ഡീവിയേഷൻ 9.6 ശതമാനമാണ്. എന്നാൽ ടി ജി എസ് ടിയുടെ കാര്യത്തിൽ ഇത്തര ത്തിൽ അന്തരം പ്രകടമല്ല. ഇക്കാര്യത്തിലെ സ്റ്റാൻഡേർഡ് ഡീവിയേഷൻ 5.3 ശതമാന മാണ്. എല്ലാ സംസ്ഥാനങ്ങളും 2019–20 നെ അപേക്ഷിച്ച് 12 ശതമാനം വളർച്ച കൈ വരിച്ചിട്ടുണ്ട്.

ഒന്നും രണ്ടും പട്ടികകളിലെ ആറാം കോളത്തിലെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ കൗതുകകരമായ ചില വിവരങ്ങൾ ലഭിക്കുന്നു. ഒഡിഷ ഒഴിച്ച് നിർത്തിയാൽ ബാക്കി സംസ്ഥാനങ്ങളുടെ എസ് ജി എസ് ടി വരുമാനം 2021–22 സാമ്പത്തിക വർഷത്തിൽ 2019–20 നെ അപേക്ഷിച്ച് 11 ശതമാനം വളർച്ച രേഖപ്പെടു ത്തിയിട്ടുണ്ട്. അതായത് മഹാമാരിക്ക് മുൻപുള്ള നിലയെക്കാൾ 11 ശതമാനം അധിക നേട്ടം കൈവരിച്ചു. ടി ജി എസ് ടി വരുമാനത്തിലെ വളർച്ച 20 ശതമാനത്തി നടുത്താണ്. ഐ ജി എസ് ടി വരുമാന ത്തിലുള്ള വളർച്ചയാണ് ഈ 9 ശതമാനം അധിക നേട്ടത്തിന് കാരണമായി മാറിയത്. ഇതിൽ നിന്നും അനുമാനിക്കാൻ കഴിയുന്ന കാര്യം 2021–22 വർഷത്തോടെ അന്തർ സംസ്ഥാന വിതരണ രംഗം സാധാരണ നിലയിലായി എന്നാണ്.

ഞങ്ങളുടെ പഠനം സൂചിപ്പിക്കുന്ന കാര്യം, ജി എസ് ടി വരുമാനക്കാര്യത്തിൽ സംസ്ഥാ നങ്ങൾ സാധാരണ നില പുനഃസ്ഥാ പിച്ചുവെന്ന് പറയാമെങ്കിലും ഇതേ പ്രവണത ഭാവിയിലും തുടരുമോ എന്ന കാര്യത്തിൽ ഉറപ്പ് പറയാൻ കഴിയില്ല എന്നതാണ്. എസ് ജി എസ് ടി വരുമാന വളർച്ചയുടെ ചിത്രം യഥാർഥത്തിലുള്ളത് തന്നെയാണോ എന്നതിലും ചില സന്ദേഹങ്ങളുണ്ട്. കാരണം, 2021–22 വർഷത്തിൽ ഒരു തരം റിവഞ്ച് ഷോപ്പിംഗ് കാണാവുന്നതാണ്. വിവാഹങ്ങൾ, യാത്രകൾ തുടങ്ങിയ കാര്യ ങ്ങളിലും ഇത്തരത്തിൽ അഭൂതപൂർവമായ മാറ്റം പ്രകടമാണ്. അതുകൊണ്ട് എസ് ജി എസ് ടി യുടെ കാര്യത്തിലെ യഥാർത്ഥ ചിത്രം ഇനിയും വ്യക്തമാകേണ്ടതായുണ്ട്.

**ഉപസംഹാരം**

18 സംസ്ഥാനങ്ങളുടെ സ്ഥിതി പരിശോധി ക്കുമ്പോൾ 2020–21 ൽ 2019–20 നെ അപേക്ഷിച്ച് ടി ജി എസ് ടി വരുമാനം 8.1 ശതമാനം കണ്ട് കുറഞ്ഞിട്ടുണ്ട്. കോവിഡ് മഹാമാരിയാണ് ഇതിലെ പ്രധാന വില്ലൻ. എന്നാൽ ലോക്ക് ഡൗണിലെ ഇളവുകളും വേഗത്തിലുള്ള വാക്സിനേഷനും മൂലം 2021–22 ൽ ജി എസ് ടി വരുമാനത്തിൽ ഉണർവ് പ്രകടമായി. 2021–22 ൽ തൊട്ടു തലേവർഷത്തെ അപേക്ഷിച്ച് ശരാശരി 30.75 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. മിക്കവാറും സംസ്ഥാനങ്ങൾ മഹാമാരിയുടെ ആഘാതത്തിൽ നിന്ന് മുക്തമായി എന്ന് വിലയിരുത്താം. 2021–22 ലെ വരുമാനം 2019–20 ലേതുമായി താരതമ്യപ്പെടുത്തുമ്പോൾ വരുമാന വിഷയ ത്തിൽ ഒരു സംസ്ഥാനവും പഴയ നിലയെക്കാൾ മോശമായ സാഹചര്യ ത്തിലല്ല.

ടി ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ കാര്യമായ വ്യതി യാനം ഇല്ലെങ്കിലും എസ് ജി എസ് ടി യുടെ കാര്യത്തിൽ സ്ഥിതി മറിച്ചാണ്. സാമ്പത്തിക മേഖലയിൽ പ്രകടമായ ഉണർവും ഉപഭോഗ ത്തിൽ ഉണ്ടായ കുതിപ്പുമാണ് ഈ മാറ്റത്തിന് നിദാനമായത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നടത്തിയ ഒരു പഠനം വ്യക്തമാക്കുന്നത് എട്ട് ശതമാനം ജി എസ് ടി വരുമാന വളർച്ചക്ക് ഒരു കാരണം പണപ്പെരുപ്പമാണെന്നാണ്. ഇതിനു പുറമെ ജി എസ് ടിയുടെ കാര്യത്തിലെ മികച്ച ഗവേണൻസും ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ കാര്യത്തിലെ പ്രശ്നങ്ങൾ വലിയൊരളവോളം പരിഹരിക്കു

ന്നതിന് ഇ–ഇൻവോയ്സിംഗ് സമ്പ്രദായം സഹായകമായിട്ടുണ്ട്.

രാജ്യത്തെ പ്രതിമാസ ജി എസ് ടി വരുമാനത്തിൽ പ്രകടമായ പുരോഗതി കാണാവുന്നതാണ്. 2021–22 ൽ മാറ്റത്തിന്റെ ശക്തമായ സൂചനകൾ കാണാമെങ്കിലും ജി എസ് ടി നഷ്ടപരിഹാരം 2022 ൽ അവസാനിച്ചത് സംസ്ഥാനങ്ങളുടെ വരുമാനത്തെ ഭാവിയിൽ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. എന്നാൽ ഇപ്പോൾ കാണുന്ന ഒരു വെള്ളി രേഖ ജി എസ് ടി വരുമാന വളർച്ച മികച്ച നിലയിലാണ് എന്നതാണ്. ഇത് ജി എസ് ടി നഷ്ടപരിഹാരം തീരുന്നതുകൊണ്ടുള്ള പ്രതിസന്ധിക്ക് സമാശ്വാസം പകരുമെന്ന് കരുതാം. എന്നാൽ ചില വലിയ സംസ്ഥാനങ്ങളുടെ സ്ഥിതി അതല്ല. നഷ്ടപരിഹാര കാലാവധി 2022 ജൂലായ്ക്ക് ശേഷം നീട്ടാതിരുന്നാൽ അവയ്ക്ക് വലിയ നഷ്ടം ഉണ്ടാകുമെന്നാണ് സൂചന. 2020–21, 2021–22 എന്നീ സാമ്പത്തിക വർഷങ്ങൾ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പ്രതിസന്ധിയുടെ നാളുകളായിരുന്നു. റവന്യു വരുമാനം കാര്യമായി താഴ്ന്നു. ചെലവുകൾ കുതിച്ചുയർന്നു. ഈ സാഹചര്യത്തിൽ നഷ്ടപരിഹാര കാലാവധി രണ്ടുവർഷം കൂടി നീട്ടിയാൽ അത് സംസ്ഥാന സമ്പദ്വ്യവസ്ഥകൾക്ക് സ്ഥിരത കൈവരിക്കുന്നതിന് സഹായകമാകും.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറാണ് സന്തോഷ്കുമാർ ഡാഷ്, റിസർച്ച് സ്കോളറാണ് ജെറോം ജോസഫ്)

**End Note**

[1] Revenge shopping implies consumers making up for lost time with an increase in spending.

## References

1 Dash, S.K., & Kakarlapudi, K.K. (2022). What explains interstate variation in GST collection? *Gulati Institute of Finance and Taxation,* Working Paper - 02/2022.

2 The Hindu (2022). Price rise driving 8% of GST revenue surge: SBI Research, August 5, 2022. Retrieved on September 6, 2022. https://www.thehindu.com/business/price-rise-driving-8-of-gst-revenue-surge-sbi-research/article65727203.ece.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

# ജി എസ് ടി സമ്പ്രദായം അഞ്ച് വർഷം പിന്നിടുമ്പോൾ

റെൽഫി പോൾ

ചരക്ക് സേവന നികുതി (ജി എസ് ടി) നടപ്പാക്കിയിട്ട് അഞ്ചു വർഷം പിന്നിട്ടിരിക്കുകയാണ്. പുതിയ സമ്പ്രദായത്തിന്റെ ഗുണവും ദോഷവും ഇതിനകം നമുക്ക് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ധനപരമായ ഫെഡറലിസത്തിന്റെ മേഖലയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ ജി എസ് ടിക്ക് കഴിഞ്ഞു. കേന്ദ്രവും സംസ്ഥാനങ്ങളും ഈടാക്കി വന്ന ഒരു ഡസനിൽപരം നികുതികൾ സമന്വയിപ്പിച്ചാണ് പുതിയ നികുതി നടപ്പിലാക്കിയത്. ജി എസ് ടി നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ സർവാത്മനാ സഹകരിക്കുകയുണ്ടായി. കേന്ദ്രത്തിന് തനതായി ലഭ്യമായിരുന്ന 35 ശതമാനം നികുതികൾ വിട്ടു കൊടുത്തപ്പോൾ സംസ്ഥാനങ്ങൾക്ക് 44 ശതമാനം നഷ്ടമാണ് ഉണ്ടായത്. ഇതനുസരിച്ച് മൊത്തം ജി എസ് ടി വരുമാനത്തിന്റെ അധിക പങ്കും ലഭിക്കേണ്ടത് സംസ്ഥാനങ്ങൾക്കാണ്. എന്നാൽ സംഭവിച്ചത് അപ്രകാരമല്ല. നികുതി അധികാരം മാത്രമല്ല സംസ്ഥാനങ്ങൾക്ക് നഷ്ടമായത്, ചില നിയമനിർമ്മാണ അധികാരങ്ങൾ പോലും ഇല്ലാതാവുകയുണ്ടായി. സംസ്ഥാനങ്ങൾക്ക് അതിനനുസരിച്ചുള്ള നേട്ടം ഉണ്ടായതുമില്ല. ഇത്തരത്തിൽ സംഭവിച്ച മാറ്റങ്ങൾ സംസ്ഥാനങ്ങളുടെ രാഷ്ട്രീയമായ കരുത്തിനെയും വികസന പ്രവർത്തനങ്ങളെയും ഒപ്പം ക്ഷേമപ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധി ച്ചിട്ടുണ്ട്.

### ധനപരമായ വളർച്ച

കേന്ദ്ര സർക്കാരും രാഷ്ട്രീയമായി മറുചേരിയിലുള്ള സംസ്ഥാന സർക്കാരുകളും തമ്മിൽ ചില്ലറ അസ്വാരസ്യങ്ങൾ നിലനിന്നിരുന്നുവെങ്കിലും സഹകരണ ഫെഡറലിസത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ആദ്യഘട്ടത്തിൽ ജി എസ് ടി കൗൺസിലിന് കഴിഞ്ഞു. കേരളമുൾപ്പടെ പല സംസ്ഥാനങ്ങളും ധനപരമായ പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ട് സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തെ കൂടുതലായി ആശ്രയിക്കേണ്ട സാഹചര്യവുമുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വരുമാനം വിലയിരുത്തുമ്പോൾ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും പ്രതീക്ഷിച്ചിരുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞട്ടില്ലെന്ന് കാണാൻ കഴിയും. ഇതുസംബന്ധിച്ച് ഈയിടെ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി (എൻ ഐ പി എഫ് പി) നടത്തിയ പഠനത്തിൽ ജി എസ് ടിയിൽ നിന്നുള്ള വരുമാനം സംസ്ഥാനങ്ങളേക്കാൾ കൂടുതലായി കേന്ദ്രത്തിനാണ് ലഭിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ ജി എസ് ടി സെറ്റിൽമെന്റിൽ പോലും ഇങ്ങനെയാണ് സംഭവിക്കുന്നത്.

ജി എസ് ടി സമ്പ്രദായത്തിന് മുൻപ് സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനം ജി എസ് ടിയിൽ നിന്നുള്ള വരുമാന

***ജി എസ് ടി സമ്പ്രദായം നിലവിൽ വന്നിട്ട് അഞ്ച് വർഷം പിന്നിട്ടിരിക്കുകയാണ്. നിരവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് അഞ്ചു വർഷം പൂർത്തിയാക്കിയത്. ഫെഡറൽ സംവിധാനത്തിനകത്ത് സംസ്ഥാനവും കേന്ദ്രവും തമ്മിൽ സമവായമുണ്ടാക്കുക, നിലവിലെ നികുതിദായകർക്ക് പുതിയ സംവിധാനത്തിലേക്ക് സുഗമമായി മാറുന്നതിന് സാഹചര്യമൊരുക്കുക, രാജ്യത്തെ പൗരസഞ്ചയത്തിന്റെ വൈവിധ്യമാർന്ന താല്പര്യങ്ങൾക്ക് ഇണങ്ങുന്ന വിധത്തിൽ നികുതി ഘടനയെ മാറ്റി തീർക്കുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാന വെല്ലുവിളികൾ. ആദ്യഘട്ടത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ വിവിധ വിഷയങ്ങളിൽ നടന്ന ക്രിയാത്മകമായ ചർച്ചകൾ ഇത്തരം വെല്ലുവിളികൾ മാറി കടക്കുന്നതിന് പര്യാപ്തമായിരുന്നു. എന്നാൽ പിന്നീട് ഇത്തരമൊരു ഊഷ്മള ബന്ധം തുടരുന്നതിനും സംസ്ഥാനങ്ങൾക്ക് അർഹമായ പരിഗണന നൽകുന്നതിനും കഴിയാതെ പോയി. കേരളത്തിന്റെ സവിശേഷമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ധനകാര്യ ഫെഡറലിസത്തെ ജി എസ് ടി സമ്പ്രദായം എത്രമാത്രം സ്വാധീനിച്ചുവെന്നത് വിശകലനം ചെയ്യുകയാണിവിടെ.***

ത്തേക്കാൾ കൂടുതലായിരുന്നു എന്നാണ് പഠനം കണ്ടെത്തിയിരിക്കുന്നത്. സംസ്ഥാനങ്ങളുടെ ശരാശരി റവന്യു വരുമാനത്തിന്റെ കാര്യത്തിൽ പ്രാദേശികതലത്തിൽ പ്രകടമായിരിക്കുന്ന അസന്തുലിതാവസ്ഥ മറ്റൊരു പ്രധാന പ്രശ്നമാണ്. ഈ പഠനം രണ്ടു വസ്തുതകൾ വെളിച്ചത്ത് കൊണ്ടു വരുന്നുണ്ട്. ഒന്ന്, ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ ശരാശരി വളർച്ചാ നിരക്ക് ജി എസ് ടി വന്നതിനു ശേഷംകൂടിയിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇടിവുമാണ് കണ്ടെത്തിയത്. രണ്ട്, മിക്ക സംസ്ഥാനങ്ങളുടെ കാര്യത്തിലും കേന്ദ്രം ഉറപ്പ് നൽകിയ 14 ശതമാനത്തിനും താഴെയാണ് വളർച്ചാ നിരക്ക്.

കേരളത്തിന്റെ കാര്യം കുറച്ചുകൂടി വ്യത്യസ്തമാണ്. അഞ്ചു വർഷങ്ങൾക്കിപ്പുറവും പ്രതീക്ഷിച്ചത്ര വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല. പരമാവധി വളർച്ചാ നിരക്ക് 14 ശതമാനമാണ്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഇത് തുടർച്ചയായി 10 ശതമാനത്തിൽ താഴെയായിരുന്നു. നഷ്ടപരിഹാരവും അതനുസരിച്ച് ഉയരുന്നു. ഈയിനത്തിൽ 26,501 കോടി രൂപ ലഭിച്ച കേരളം ഇക്കാര്യത്തിൽ അഞ്ചാം സ്ഥാനത്താണ്. മഹാരാഷ്ട്ര, കർണ്ണാടക, ഗുജറാത്ത്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാണ് ആദ്യ നാല് സ്ഥാനങ്ങളിൽ ഇടം പിടിച്ചത്. സംസ്ഥാനത്തിന്റെ ജി എസ് ടിയിൽ നിന്നുള്ള വരുമാനകണക്കുകൾ ഒന്ന് പരിശോധിക്കാം; 2019–20ൽ എസ് ജി എസ് ടി ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ചത് 27,474 കോടി രൂപയാണ്. 2020–21ൽ ഐ ജി എസ് ടി, നഷ്ടപരിഹാര വിഹിതം 18,595 കോടിയായി താഴ്ന്നു. കോവിഡ് പ്രതിസന്ധിയും തുടർച്ചയായ രണ്ട് വെള്ളപ്പൊക്കവുമാണ് ഇതിന് കാരണമായത്. പിന്നീട് ഇത് 33,459 കോടിയായി ഉയരുകയുണ്ടായി. എന്നാൽ ഇതിൽ 11,157 കോടി രൂപ മാത്രമാണ് നഷ്ടപരിഹാര ഇനത്തിൽ കിട്ടിയത്. കാര്യങ്ങളിൽ പടിപടിയായുള്ള മാറ്റം പിന്നീടുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ എസ് ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ പോസിറ്റീവായ മാറ്റം പ്രകടമായി. 2022 സെപ്റ്റംബർ മാസം വരെ എസ് ജി എസ് ടി

ഇനത്തിൽ 16,163 കോടി രൂപ സമാഹരിക്കാൻ കേരളത്തിന് കഴിഞ്ഞു. ഇത് ഒരു പോസിറ്റീവ് പ്രവണതയായി കാണാമെങ്കിലും കേന്ദ്രത്തിന്റെ ചില നിലപാടുകൾ മൂലം ജി എസ് ടിയിൽ നിന്നുള്ള വരുമാനം നടപ്പ് സാമ്പത്തിക വർഷത്തിലും ഒരു പ്രതികൂല ഘടകം തന്നെയായി തുടരുമെന്നതിന് സംശയമില്ല. സംസ്ഥാന ധനകാര്യ മന്ത്രി കെ. എൻ ബാലഗോപാൽ പറയുന്നത്, ജി എസ് ടി നഷ്ടപരിഹാരമുൾപ്പടെ 2022–23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് 23,000 കോടിയോളം രൂപ ലഭിക്കാതെ പോയിട്ടുണ്ട് എന്നാണ്.

എന്നാൽ കേന്ദ്ര സർക്കാരിന്റെ വരുമാനം മികച്ച രീതിയിലുള്ളതാണ്. കഴിഞ്ഞ വർഷം മുതൽ നികുതി വരുമാനത്തിൽ കാര്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018–19 സാമ്പത്തിക വർഷത്തിൽ കേന്ദ്രം സമാഹരിച്ചത് 11.7 ലക്ഷം കോടി രൂപയാണ്. 'റവന്യു ന്യൂട്രൽ' എന്ന ഉപാധി പരിഗണിക്കാതെ നിരക്കുകൾ കുറച്ചതു മൂലം 2019–20ൽ പ്രതീക്ഷിച്ചിരുന്ന തോതിനെക്കാൾ കുറവായിരുന്നു വരുമാനം. എന്നിരുന്നാലും തൊട്ടുതലേ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നാലു ശതമാനം നേട്ടവുമായി 12.2 ലക്ഷം കോടി രൂപയിലെത്തി. കോവിഡ് പ്രതിസന്ധി മൂലം 2020–21 സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തിരിച്ചടി നേരിട്ടുവെങ്കിലും പിന്നീടുള്ള മാസങ്ങളിൽ തിരിച്ചുവരവ് പ്രകടമായി. 11.32 ലക്ഷം കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. 2021–22ൽ മികച്ച രീതിയിലുള്ള തിരിച്ചുവരവാണ് കണ്ടത്. വരുമാനം തൊട്ടു മുൻവർഷത്തെ അപേക്ഷിച്ച് 28 ശതമാനം ഉയർന്ന് 14.76 ലക്ഷം കോടിയായി. 2019–20നെ അപേക്ഷിച്ച് 23 ശതമാനം നേട്ടം. മഹാമാരിയുടെ ആഘാത ത്തിൽ നിന്നും സമ്പദ്ഘടന മോചിത മാകുന്നു എന്നതിന്റെ സൂചന കൂടിയായി ഇതിനെ വിലയിരുത്താം.

സമീപകാലത്തായി സ്വീകരിച്ച ഭരണപരവും നയപരവുമായ ചില മാറ്റങ്ങളും ഇതിന് കാരണമായിട്ടുണ്ട്. സിസ്റ്റത്തിന്റെ ശേഷി ഉയർത്തൽ, ആട്ടോ പോപ്പുലേഷൻ ഓഫ് റിട്ടേൺ, ബ്ലോക്കിങ് ഇ–വേ ബിൽ, ഫയൽ ചെയ്യാത്തവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സൗകര്യം തുടങ്ങിയ നീക്കങ്ങൾ റിട്ടേൺ ഫയലിംഗ് ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്. നികുതി വെട്ടിപ്പ് ഫലപ്രദമായി തടയാൻ കഴിഞ്ഞതും വരുമാനം ഉയരുന്നതിന് സഹായകമായി. നിരക്കുകളുടെ കാര്യത്തിൽ ജി എസ് ടി കൗൺസിൽ സ്വീകരിച്ച തിരുത്തൽ നടപടികളും വരുമാനം ഉയരുന്നതിന് സഹായകമായിട്ടുണ്ട്. വരുമാന നേട്ടത്തിലെ പോസിറ്റീവായ ഈ ട്രെൻഡ് അടുത്ത വർഷങ്ങളിലും തുടരുമെന്നാണ് പൊതുവെ പ്രതീക്ഷിക്കുന്നത്.

### ജി എസ് ടി കൗൺസിലും ഫെഡറൽ തർക്കങ്ങളും

മഹാമാരിയുടെ ഘട്ടത്തിൽ എല്ലാ സംസ്ഥാനങ്ങളും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയുണ്ടായി. ഇത് സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തെ പിന്നോട്ടടിപ്പിച്ചു. കോവിഡ് മഹാമാരി മൂലം ആരോഗ്യ മേഖലയിലുണ്ടായ പ്രതിസന്ധി നേരിടേണ്ട മുഖ്യ ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകൾക്കായിരുന്നു. ഇത് അവയുടെ സാമ്പത്തിക ആവശ്യങ്ങൾ പലമടങ്ങായി ഉയർത്തി. പക്ഷെ, ഈ ഘട്ടത്തിലാണ് ജി എസ് ടി നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രം മന്ദഗതിയിലാക്കിയതും. പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ കേന്ദ്രം ആരോഗ്യ മേഖലയിലെ തങ്ങളുടെ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നതായി ആരോപണമുയർത്തി. ഈ ഘട്ടത്തിൽ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് വായ്പയെടുക്കുന്നതിനുള്ള രണ്ട് നിർദേശങ്ങളാണ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് മുൻപാകെ വച്ചത്. ഇത് സംസ്ഥാനങ്ങളുടെ ശക്തമായ വിയോജിപ്പിന് വഴിയൊരുക്കി. മതിയായ നഷ്ടപരിഹാരം

അനുവദിക്കാതെ കേന്ദ്രം കൂടുതൽ വായ്പ യെടുക്കുന്നതിന് സംസ്ഥാനങ്ങളെ നിർബന്ധിക്കുകയാണെന്ന ആക്ഷേപം ഉയർന്നു. പല സംസ്ഥാനങ്ങളും ഇതിനെ നിശിതമായി വിമർശിച്ചു. ഒടുവിൽ 2020–21ൽ കേന്ദ്രം 1.1 ലക്ഷം കോടി രൂപ വായ്പയെടുത്ത് നഷ്ടപരിഹാര ഇനത്തിൽ സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്തു. 2021–22ൽ ഇപ്രകാരം 1.59 ലക്ഷം കോടിയും വിതരണം ചെയ്തു. ഇത്തരം നീക്കങ്ങൾ ജി എസ് ടി കൗൺസിലിനെ സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാനങ്ങളുടെ വിശ്വാസ തകർച്ചക്ക് കാരണമായി മാറി. കേരളം, രാജസ്ഥാൻ, തമിഴ്നാട്, ഛത്തീസ്ഗഡ്, പശ്ചിമ ബംഗാൾ, ഡൽഹി, പഞ്ചാബ് തുടങ്ങിയ പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് പുറമെ ബി ജെ പി ഭരിക്കുന്ന ഏതാനും സംസ്ഥാനങ്ങൾ പോലും ഇതിനെ പിന്തുണക്കുന്ന സ്ഥിതിയുണ്ടായി.

നഷ്ടപരിഹാരത്തിനായുള്ള കാലാവധി നീട്ടണമെന്ന് 12ലധികം സംസ്ഥാനങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്രം അത് നിരാകരിക്കുകയാണുണ്ടായത്. ജി എസ് ടി വരുമാനം ഉയരുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം ഇനി ആവശ്യമില്ലെന്ന നിലപാടിലാണ് കേന്ദ്രം. ശ്രദ്ധേയമായ കാര്യം, ജി എസ് ടി കൗൺസിൽ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ പോലും കേന്ദ്രം തയാറായില്ലെന്നതാണ്. ഇത് ജി എസ് ടി കൗൺസിലിലുള്ള വിശ്വാസം കൂടുതൽ ഇടിയുന്നതിന് കാരണമായിട്ടുണ്ട്. 2016–ൽ കൊണ്ടുവന്ന ഭരണഘടനയുടെ നൂറ്റിയൊന്നാം ഭേദഗതിയുടെ പതിനെട്ടാം വകുപ്പ് പ്രകാരം ജി എസ് ടി കൗൺസിലിന്റെ ശുപാർശ അനുസരിച്ച് അഞ്ചു വർഷക്കാലത്തേക്ക് നഷ്ടപരിഹാരം നൽകണമെന്നാണ് വ്യവസ്ഥ എന്നാണ് കേന്ദ്ര ധനമന്ത്രി പറയുന്നത്. ഇതനുസരിച്ച് നഷ്ടപരിഹാരത്തിനുള്ള കാലാവധി 2022 ജൂൺ 30ന് അവസാനിച്ചു. അതുകൊണ്ട് സംസ്ഥാനങ്ങളുടെ വാദത്തിൽ കാര്യമില്ലെന്നാണ് കേന്ദ്ര നിലപാട്. പക്ഷെ നഷ്ടപരിഹാര സെസ്സ് 2026 മാർച്ച് വരെ തുടരാനാണ് നാല്പത്തിയഞ്ചാമത് ജി എസ് ടി കൗൺസിൽ എടുത്ത തീരുമാനം. നഷ്ടപരിഹാരം നൽകുന്നതിന് എടുത്ത വായ്പകൾ തിരിച്ചടക്കുന്നതിനാണ് എന്നതാണ് ഇതിനുള്ള ന്യായീകരണം. അതുകൊണ്ട് നഷ്ടപരിഹാരം എന്ന പ്രശ്നം ഫെഡറൽ തർക്കങ്ങളിലെ മറ്റൊരു കീറാമുട്ടിയായി ഭാവിയിൽ മാറുന്നതിനുള്ള സാദ്ധ്യതകൾ വിരളമല്ല.

### സുപ്രീം കോടതിയുടെ വിധിന്യായം

യൂണിയൻ ഓഫ് ഇന്ത്യക്കെതിരെ മൊഹിത് മിനറൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കേസിൽ ജസ്റ്റിസുമാരായ ഡി. വൈ ചന്ദ്രചൂഡ്, സൂര്യകാന്ത്, വിക്രം നാഥ് എന്നിവരടങ്ങുന്ന മൂന്നംഗ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്. ജി എസ് ടിയുടെ ഭരണഘടനപരമായ അടിത്തറ, സഹകരണ ഫെഡറൽ തത്വങ്ങൾ എന്നിവ ഉൾപ്പടെ നിരവധി വിഷയങ്ങൾ ഈ കേസിൽ ബെഞ്ച് പരിഗണിക്കുകയുണ്ടായി. ജി എസ് ടി വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് യൂണിയന്റെയും സംസ്ഥാനങ്ങളുടെയും ലെജിസ്ളേറ്റീവ് സഭകൾക്ക് തുല്യമായ അധികാരങ്ങളാണുള്ളതെന്ന് വിധിയിൽ ബെഞ്ച് വ്യക്തമാക്കുന്നു. ഇന്ത്യയിൽ ബഹുകക്ഷി ഫെഡറൽ സംവിധാനമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് കേന്ദ്രം ഭരിക്കുന്ന പാർട്ടി തന്നെ സംസ്ഥാനങ്ങളിൽ അധികാരത്തിൽ ഉണ്ടാകണമെന്നില്ല. സംസ്ഥാനങ്ങൾക്ക് കുറഞ്ഞ അധികാരമാണ് നൽകപ്പെട്ടിട്ടുള്ളതെന്ന് കരുതിയാലും യൂണിയൻ ഗവണ്മെന്റിന്റെ കല്പനകളെ ചെറുക്കുന്നതിന് ഭരണഘടനാപരമായ തങ്ങളുടെ അവകാശങ്ങൾ പ്രയോഗിക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയുമെന്ന് വിധിയിൽ സിദ്ധാന്തിക്കുന്നുണ്ട്. ഫെഡറൽ ഘടനയിൽ ഒരു ഘടകത്തിന് മറ്റൊന്നിനേക്കാൾ

കൂടുതൽ അധികാരം ഉണ്ട് എന്ന് തീർച്ചപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് സഹകരണ ഫെഡറലിസത്തിന്റെ യഥാർത്ഥ സ്പിരിറ്റ് ഉൾക്കൊണ്ട് ജി എസ് ടി പോലുള്ള വിഷയങ്ങളിലെ പ്രശ്നങ്ങൾ ചർച്ചകളിലൂടെയാണ് പരിഹരിക്കേണ്ടതെന്ന് കോടതി ചൂണ്ടിക്കാണിക്കുന്നു.

ജി എസ് ടി കൗൺസിലിൽ കേന്ദ്ര സർക്കാരിന് കൂടുതൽ വോട്ടിങ് അധികാരം ഉള്ളതിനെ വിധി വിമർശിക്കുന്നുണ്ട്. ഇത് സഹകരണ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമാണ്. നിലവിലെ സാഹചര്യത്തിൽ ജി എസ് ടി കൗൺസിലിൽ കേന്ദ്രത്തിന്റെ സഹകരണമില്ലാതെ സംസ്ഥാനങ്ങൾക്ക് മൂന്നിൽ രണ്ട് വോട്ടവകാശം ലഭ്യമാവുകയില്ല. എന്നാൽ ഇക്കാര്യം ചർച്ച ചെയ്യപ്പെടാതെ പോവുകയാണ്. കാരണം, എല്ലാ തീരുമാനങ്ങളും സമവായത്തിന്റെ അടിസ്ഥാനത്തിലാകുമെന്നാണ് പൊതു വിശ്വാസം. അതു കൊണ്ട് വോട്ടെടുപ്പ് വേണ്ടി വരുന്നില്ല എന്നാണ് ന്യായീകരണം. കൗൺസിലിന്റെ 37 യോഗങ്ങളിൽ അങ്ങനെ തന്നെ തുടരുകയും ചെയ്തു. എന്നാൽ മുപ്പത്തിയെട്ടാമത്തെ യോഗത്തിൽ ആദ്യമായി വോട്ടെടുപ്പ് വേണ്ടി വന്നു. ഇതുവരെ നടന്ന 47 യോഗങ്ങളിലായി വിവിധ വിഷയങ്ങളിൽ 1500ൽ പരം തീരുമാനങ്ങൾ കൗൺസിൽ എടുക്കുകയുണ്ടായി. ലോട്ടറിയുടെ നികുതിയുടെ കാര്യമൊഴിച്ച് നിർത്തിയാൽ മറ്റെല്ലാം സമവായത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ലോട്ടറിയുടെ നികുതിയുടെ കാര്യത്തിലാണ് ആദ്യമായി വോട്ടെടുപ്പ് വേണ്ടി വന്നത്. സംസ്ഥാനങ്ങൾ നടത്തുന്ന ലോട്ടറികൾക്കും സ്വകാര്യ ലോട്ടറികൾക്കും ഒരേ നികുതി നിരക്ക് വേണമോ എന്നതായിരുന്നു വിഷയം. എന്നാൽ കേരള മുന്നയിച്ച ഈ ആവശ്യത്തിന് ഭൂരിപക്ഷ പിന്തുണ കൗൺസിലിൽ ലഭിച്ചില്ലെങ്കിലും പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലും ദേശീയ മാധ്യമങ്ങളിലും ഇത് വലിയ ചർച്ചാവിഷയമായി മാറി.

**ഉപസംഹാരം**

ഇന്ത്യ പോലെ വൈവിധ്യമാർന്ന രാഷ്ട്രീയ നിലപാടുകളുടെ ഭൂമികയിൽ സഹകരണ ഫെഡറലിസം ശക്തമായി മുന്നോട്ട് പോകണമെങ്കിൽ ചർച്ചകൾ അനിവാര്യമായ ഒരു കാര്യമാണ്. ജി എസ് ടി യുടെ പരിഷ്കരണം ഇത്തരത്തിൽ സമവായത്തിന്റെ സാഹചര്യത്തിൽ മാത്രം നടപ്പാക്കാൻ കഴിയുന്ന ഒന്നാണ്. ധനകാര്യ ഫെഡറലിസത്തെ ശക്തിപ്പെടുത്തുന്നതിന് സമവായ സമീപനങ്ങൾക്ക് കഴിയും. കൂടുതൽ ശക്തവും സുതാര്യവുമായ ചർച്ചകൾ സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ ഉണ്ടാകണം. പ്രത്യേകിച്ച് വിഭവങ്ങൾ പങ്ക് വയ്ക്കുന്നതടക്കമുള്ള മേഖലകളിൽ. അഞ്ചു വർഷം പിന്നിടുന്ന ജി എസ് ടി സമ്പ്രദായത്തിന്റെ പരിഷ്കരണത്തിന് ഇത് അനിവാര്യമായ കാര്യവുമാണ്. ആറാം വർഷത്തിലേക്ക് കടക്കുമ്പോൾ ജി എസ് ടി കൗൺസിലിന്റെ ക്രിയാത്മകമായ സമീപനങ്ങളിൽ മെല്ലെ ന്യൂനം സംഭവിക്കുന്നതായി പല സംസ്ഥാനങ്ങൾക്കും ശക്തമായ വിമർശനമുണ്ട്. അതുകൊണ്ട് സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ ജി എസ് ടി കൗൺസിലിന്റെ ഘടനയിലും പ്രവർത്തന രീതികളിലും പുനർവിചിന്തനം ആവശ്യമാണ്. സഹകരണ ഫെഡറലിസത്തിന് ഒരു മാതൃകയായി മാറുന്ന തരത്തിൽ ജി എസ് ടി സംവിധാനത്തെ ഉടച്ച് വാർക്കേണ്ടതിന്റെ സാധ്യതകളും ആരായേണ്ടതുണ്ട്.

■

(ഗിഫ്റ്റിലെ റിസർച്ച് അസിസ്റ്റന്റാണ് ലേഖകൻ)

## References

1 Mukherjee, S. (2022), "Revenue Assessment of Goods and Services Tax (GST) in India", Working Paper No. 385. National Institute of Public Finance and Policy (NIPFP), New Delhi, July 2022.

2 Mukherjee, S. (2020), *"Possible Impact of Withdrawal of GST Compensation Post GST Compensation Period on Indian State Finances",* Working Paper No. 291. National Institute of Public Finance and Policy (NIPFP), New Delhi, January 2020.

3 Ghosh, A. (2022), *"Five years of GST: Implications for India's fiscal federalism"* Observer Research Foundation (ORF), New Delhi, July, 2022.

4 Gupta,M., Rajaraman, I. (2020), *"Is the 14% Revenue Guarantee to States Justified?"* Economic & Political Weekly (EPW), Vol.47, November, 2020.

5 https://www.cbic.gov.in/resources//htdocs-cbec/gst/Five%20Years%20Of%20GST%20-%20GST@5.pdf

6 https://www.thehindu.com/news/national/kerala/extend-gst-compensation-period-by-another-five-years-kerala/article65583105.ece

7 https://keralataxes.gov.in/tax-collection-2021-22/

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഇന്ത്യയിലെ ജി എസ് ടി ഉത്തരവുകളെക്കുറിച്ച് ഒരു വിശകലനം

ജെന്നി തെക്കേക്കര, അനിതകുമാരി എൽ

'ഒരു രാജ്യം, ഒറ്റ നികുതി' എന്ന ആപ്ത വാക്യത്തോടെയാണ് ഇന്ത്യയിൽ ചരക്ക്, സേവന നികുതി (ജി എസ് ടി) നടപ്പാക്കിയത്. നികുതി നിയമങ്ങളും നടപടി ക്രമങ്ങളും കൂടുതൽ ലളിതമാക്കുക എന്നത് ഇതിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. ജി എസ് ടി നിയമങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഭരണപരമായ നിരവധി ഉത്തരവുകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. 2022 ഡിസംബർ 31 വരെയുള്ള ഘട്ടം മാത്രമെടുത്താൽ 718 ഉത്തരവുകൾ ഇങ്ങനെ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരുകളും കേന്ദ്രഭരണ പ്രദേശങ്ങളിലെ ഭരണകൂടങ്ങളും പുറപ്പെടുവിച്ച ഉത്തരവുകൾ ഇതിന് പുറമെയാണ്. അസ്സസ് മെന്റ്, ലെവി തുടങ്ങിയ നികുതി പിരിവുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഉദ്യോഗസ്ഥർ ക്കിടയിലും നികുതിദായകർക്കിടയിലും കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്തിട്ടുള്ളത്.

ഒരു നിയമം ലളിതമാണ് എന്ന് പറയുന്നത് അത് നടപ്പാക്കുന്ന വേളയിൽ വരുത്തുന്ന മാറ്റങ്ങൾ താരതമ്യേന വിരളമായിരിക്കുമ്പോഴാണ്. എന്നാൽ ജി എസ് ടി നിയമമനുസരിച്ച് തുടർച്ചയായി നിരവധി ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ വെട്ടിലാവുന്നത് നികുതിദായകരാണ്. പ്രതിമാസ റിട്ടേണുകൾ സമർപ്പിക്കുന്നതിനും ഉത്തരവുകൾക്ക് മറുപടി നൽകുന്ന കാര്യത്തിലും ഇതുണ്ടാക്കുന്ന പൊല്ലാപ്പുകൾ ചില്ലറയല്ല. ഒരു കാര്യത്തെ കുറിച്ച് നിലവിലുണ്ടായിരുന്ന രീതി ഒറ്റ രാത്രി കൊണ്ടാണ് മാറ്റിയാണ് പലപ്പോഴും വേറെ ഉത്തരവ് പുറപ്പെടുവിക്കുന്നത്. നികുതി ദായകരെ ഇതൊന്നും മുൻകൂട്ടി അറിയിക്കുന്നതുമില്ല. എന്നാൽ നടപടികൾ യഥാസമയം പാലിച്ചില്ല എന്ന വീഴ്ച ചുമത്തി ഫൈൻ ഉൾപ്പടെയുള്ള നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കുകയും ചെയ്യുന്നു. ഇതുമൂലം സോഫ്ട്വെയറിൽ ഇടയ്ക്കിടെ മാറ്റം വരുത്തുന്നതിന് നികുതി ദായകർ കൂടുതൽ പണം ചെലവഴിക്കേണ്ടതായും വരുന്നു.

ചെറുകിട, ഇടത്തരം വ്യാപാരികൾക്കാണ് ഇത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. കാരണം, ഇവർക്ക് മാറ്റങ്ങളെ സംബന്ധിച്ചുള്ള അറിവ് യഥാസമയം ലഭിക്കുന്നില്ല. അതിനായി പ്രഫഷനലുകളുടെ സേവനം തേടുക എന്നത് അവർക്ക് താങ്ങാനാകാത്തതുമാണ്. ഇത്തരത്തിൽ നിരവധിയായ ഉത്തരവുകൾ മൂലമുണ്ടാകുന്ന നൂലാമാലകൾ നികുതിക്ക് വിധേയമാകുന്നതിനെയും ഒപ്പം റവന്യു വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ജി എസ് ടി നിയമ വ്യവസ്ഥകൾ ഉദാരമാക്കുക എന്ന ലക്ഷ്യത്തിന് അടിക്കടി മാറ്റങ്ങൾ വരുത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ വലിയ തടസമാണ് സൃഷ്ടിക്കുന്നത്.

ജി എസ് ടി യെ സംബന്ധിച്ച് ഇതിനകം നടന്ന പഠനങ്ങളിൽ അധികവും നടന്നിരിക്കുന്നത് ഇന്ത്യയിൽ ഈ നികുതി സമ്പ്രദായം നടപ്പാക്കിയ ഘട്ടത്തിലെ വിഷയങ്ങളെ അധികരിച്ചാണ്. ഇതിന്റെ ഘടനാപരമായ അടിത്തറ,

***സി ജി എസ് ടി നിയമത്തിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടാണ് സി ജി എസ് ടി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. സി ജി എസ് ടി നിയമത്തിന്റെ മുപ്പത്തിഒൻപതാം വകുപ്പ് പ്രകാരമാണ് അധികം ഉത്തരവുകളും (101 എണ്ണം) വന്നിട്ടുള്ളത്. സെക്ഷൻ 164 ആണ് ഇതിന് തൊട്ടു പിന്നിൽ വരുന്നത്. സെക്ഷൻ 37,168 എന്നിവയാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നത്. 174 വകുപ്പുകളുമായി ബന്ധപ്പെട്ട 394 ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പഠനത്തിൽ നിന്നും വ്യക്തമായ ഒരു കാര്യം ഒരു വകുപ്പിനെ അധികരിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ് അതിന്റെ പരിധിയിൽ മാത്രം നിൽക്കുന്നതല്ല എന്നതാണ്. ചില ഉത്തരവുകൾ നാലഞ്ച് വകുപ്പുകളുമായി ബന്ധപ്പെട്ട്വരുന്നവയാണ്.***

ആർ എൻ ആർ അടക്കമുള്ള വിഷയങ്ങൾ, സംസ്ഥാനങ്ങളുടെ ധനപരമായ സ്വയംഭരണാവകാശങ്ങൾ, നികുതി നിരക്കുകളുടെ നിർണ്ണയം, ചെറുകിട ബിസിനസുകൾ നേരിടുന്ന പ്രശ്നങ്ങൾ, വാറ്റ് നികുതിയിലെ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾക്കാണ് പഠനങ്ങൾ അധികവും ഊന്നൽ നൽകിയത്. (അലോക് കുമാർ പ്രസന്ന–ഇ പി ഡബ്ള്യു, 2016, രക്തിം ദത്ത, ബിനോദ്കുമാർ–ഇ പി ഡബ്ള്യു, 2018, സുർജിത് ദാസ് – ഇ പി ഡബ്ള്യു, 2017, ഇ പി ഡബ്ള്യു എഡിറ്റോറിയൽ, ആഗസ്റ്റ് 2019, സുദിപ്തോ ബാനർജി, സോണിയ പ്രസാദ് –ഇ പി ഡബ്ള്യു, സെപ്റ്റംബർ 2017, സച്ചിദാനന്ദ മുഖർജി–എൻ ഐ പി എഫ് പി ഡബ്ള്യു പി നമ്പർ 301, 2020). വളരെ കുറവ് എണ്ണം പഠനങ്ങളാണ് ജി എസ് ടിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്. ജി എസ് ടി നടപ്പാക്കിയതിന് ശേഷമിറങ്ങിയ ഉത്തരവുകളെ കുറിച്ചുള്ള ഈ പഠനം ഇത്തരത്തിലുള്ള ആദ്യത്തേതാണ്.

ഇത്തരത്തിൽ അനേകം ഉത്തരവുകൾ ഇറക്കുന്നതിന് ഇടയാക്കിയ സാഹചര്യങ്ങളെ കുറിച്ചാണ് ഈ പഠനം വിശകലനം ചെയ്യുന്നത്. 2017 ജൂലൈയിൽ നടപ്പാക്കിയത് മുതൽ 2022 ഡിസംബർ വരെയുള്ള വിവിധ ഉത്തരവുകളെയാണ് ഇതിനായി പരിഗണിച്ചിരിക്കുന്നത്. വിവിധ വിഭാഗങ്ങളെ ആസ്പദമാക്കിയുള്ള പൊതുവായ ഉത്തരവുകളെ കുറിച്ചും ഒപ്പം സെൻട്രൽ ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (സി ജി എസ് ടി), സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (എസ് ജി എസ് ടി) എന്നിവയിലെ പ്രത്യേക വകുപ്പുകൾ അനുസരിച്ച് ഇറക്കിയിട്ടുള്ള ഉത്തരവുകളെ കുറിച്ചുമാണ് ഈ പഠനം. ഇത്തരത്തിലുള്ള ഉത്തരവുകളുടെ ബാഹുല്യം സംസ്ഥാന റവന്യു വരുമാനത്തെ ഏതെങ്കിലും വിധത്തിൽ ബാധിച്ചിട്ടുണ്ടോ എന്നതും പഠനത്തിന്റെ ഭാഗമാണ്.

### ജി എസ് ടി ഉത്തരവുകളുടെ സ്ഥിതി

2017ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവീസസ് നിയമം (സി ജി എസ് ടി നിയമം), ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് നിയമം (ഐ ജി എസ് ടി നിയമം) എന്നിവ അടിസ്ഥാനമാക്കിയാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. കേന്ദ്ര നികുതി ഉത്തരവുകൾ, കേന്ദ്ര നികുതി (നിരക്ക്) ഉത്തര വുകൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് ഉത്തരവുകൾ വന്നിട്ടുള്ളത്. ജി എസ് ടി നടപ്പാക്കിയത് മുതൽ 2022 ഡിസംബർ വരെയുള്ള ഉത്തരവുകളുടെ സ്ഥിതി പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

2017 മുതൽ 2022 വരെയുള്ള ഉത്തരവുകളുടെ മൊത്തം എണ്ണമാണ് പട്ടിക ഒന്നിൽ ചേർത്തിട്ടുള്ളത്. അതിൽ നിന്നും മനസിലാക്കാൻ കഴിയുന്ന ഒരു കാര്യം കേന്ദ്ര നികുതി വിഭാഗത്തിലാണ് കൂടുതൽ ഉത്തരവുകളും

***കേന്ദ്ര നികുതി നിരക്കുകളുമായി ബന്ധപ്പെട്ട് പുതിയ ഉത്തരവുകൾ ഉണ്ടായ വിവിധ വകുപ്പുകൾ പഠനത്തിൽ കണ്ടെത്തുകയുണ്ടായി. ഇതിലധികവും സി ജി എസ് ടി നിയമത്തിന്റെ 9,11 എന്നീ വകുപ്പുകളിൽ സ്വാധീനം ചെലുത്തുന്നവയാണ്. ഒൻപതാം വകുപ്പുകമായി ബന്ധപ്പെട്ട് 85 ഉത്തരവുകൾ (37.61%) ഉണ്ടായിട്ടുണ്ട്. പതിനൊന്നാം വകുപ്പിൽ 71 എണ്ണവും (31.42%). നികുതി ചുമത്തലുമായി ബന്ധപ്പെട്ട വകുപ്പാണ് ഒൻപതെങ്കിൽ, നികുതിയൊഴിവ് നൽകുന്നതാണ് പതിനൊന്നാം വകുപ്പ്.***

(54.87 ശതമാനം) ഇറങ്ങിയിട്ടുള്ളത് എന്നാണ്. 20.61 ശതമാനം കേന്ദ്ര നികുതി നിരക്ക് വിഭാഗത്തിലും വരുന്നു. 2017 മുതൽക്ക് തന്നെ കേന്ദ്ര നികുതി ഉത്തരവുകളുടെ എണ്ണത്തിൽ വർധന പ്രകടമായി കാണാം. 2019 ൽ മാത്രം നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2020ൽ ഉത്തരവുകളുടെ എണ്ണം 95 ആയി ഉയർന്നു. എന്നാൽ 2021–22ൽ എണ്ണത്തിൽ കാര്യമായ കുറവ് രേഖപ്പെടുത്തുന്നു. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം, കേന്ദ്ര ഉത്തരവുകൾക്ക് അനുഗുണ മായി 2017ലെ സംസ്ഥാന ചരക്ക് സേവന നികുതി നിയമ (എസ് ജി എസ് ടി നിയമം) പ്രകാരവും ഉത്തരവ് പുറപ്പെടുവിക്കണം എന്നതാണ്. എന്നാൽ സമയബന്ധിതമായി ഇത്തരത്തിലുള്ള അനുബന്ധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല എന്നതാണ് ശ്രദ്ധേയമായ കാര്യം. ഉദാഹരണത്തിന്, കേരളത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ് സൈറ്റിൽ കുറഞ്ഞ ഒരു കാലയളവിലെ ഉത്തരവുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. സംസ്ഥാന നികുതി വകുപ്പ് ഭരണപരമായ കാര്യങ്ങൾക്കായി ഉത്തരവുകൾ പുറപ്പെടു വിക്കുന്നു എന്നതൊഴിച്ചാൽ അവ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ പ്രസിദ്ധ പ്പെടുത്തുന്നില്ല എന്നർത്ഥം.

സി ജി എസ് ടി നിയമത്തിന്റെ വകുപ്പുകളുമായി

**Table 1**- The status of notifications issued from the inception of GST to December 2022

| Year | Central Tax[CT] | Integrated Tax[IT] | Central Tax (Rate) [CT (R)] | Integrated Tax (Rate) [IT (R)] | Total |
|---|---|---|---|---|---|
| 2017 | 75 | 12 | 47 | 50 | 184 |
| 2018 | 79 | 4 | 30 | 31 | 144 |
| 2019 | 78 | 4 | 29 | 28 | 139 |
| 2020 | 95 | 6 | 5 | 5 | 111 |
| 2021 | 40 | 3 | 22 | 22 | 87 |
| 2022 | 27 | | 15 | 11 | 53 |
| Total<br>(per cent) | 394<br>(54.87) | 29<br>(4.04) | 148<br>(20.61) | 147<br>(20.47) | 718<br>(100) |

**Table 2** - Central tax notifications and share of relevant sections involved under CGST Act, 2017

| Sl.No | Section involved under CGST Act | No. of sections involved in Central Tax Notifications | %sections dealt in notifications |
|---|---|---|---|
| 1 | Sec.1 | 8 | 1.29 |
| 2 | Sec.5 | 11 | 1.78 |
| 3 | Sec.10 | 26 | 4.20 |
| 4 | Sec.16 | 6 | 0.97 |
| 5 | Sec.19 | 8 | 1.29 |
| 6 | Sec.23 | 9 | 1.45 |
| 7 | Sec.25 | 14 | 2.26 |
| 8 | Sec.29 | 5 | 0.81 |
| 9 | Sec.31 | 22 | 3.55 |
| 10 | Sec.37 | 57 | 9.21 |
| 11 | Sec.38 | 8 | 1.29 |
| 12 | Sec.39 | 101 | 16.32 |
| 13 | Sec.44 | 16 | 2.58 |
| 14 | Sec.47 | 30 | 4.85 |
| 15 | Sec.50 | 9 | 1.45 |
| 16 | Sec.51 | 17 | 2.75 |
| 17 | Sec.54 | 11 | 1.78 |
| 18 | Sec.67 | 4 | 0.65 |
| 19 | Sec.68 | 6 | 0.97 |
| 20 | Sec.128 | 18 | 2.91 |
| 21 | Sec.148 | 36 | 5.82 |
| 22 | Sec.164 | 62 | 10.02 |
| 23 | Sec.168 | 56 | 9.05 |
| 24 | Sec.168A | 10 | 1.62 |
| 24 | Others | 69 | 11.13 |
| | Total | 619 | 100 |

ബന്ധപ്പെട്ടാണ് സി ജി എസ് ടി ഉത്തരവുകൾ പുറപ്പെടുവിച്ചരിക്കുന്നത്. ഏതൊക്കെ സെക്ഷനുകൾ ഉദ്ധരിച്ചാണ് ഈ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് പട്ടിക–2 വ്യക്തമാക്കുന്നു. പട്ടിക വ്യക്തമാക്കുന്ന ഒരു കാര്യം, 16.32 ശതമാനം ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ളത് സി ജി എസ് ടി നിയമത്തിലെ സെക്ഷൻ 39 അനുസരിച്ചാണ് എന്നതാണ്. രണ്ടാമതായി വരുന്നത് സെക്ഷൻ 168 ആണ്. ഓഫീസർമാർക്കുള്ള നിർദേശങ്ങൾ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഭാഗമാണ് സെക്ഷൻ 168. മൂന്നാം സ്ഥാനത്ത് വരുന്ന സെക്ഷൻ 37 പ്രകാരവും നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി കാണാം.

കേന്ദ്ര നിയമത്തിലെ 174 സെക്ഷനുകളെ ഉൾപെടുത്തികൊണ്ട് സെൻട്രൽ ടാക്സ് ഇനത്തിൽ 394 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു സെക്ഷനെ ആധാരമാക്കി ഇറക്കിയിട്ടുള്ള ഉത്തരവ് ആ സെക്ഷനിൽ മാത്രം ഒതുങ്ങി

നിൽക്കുന്നതല്ലെന്നും കാണാം. ചില ഉത്തരവുകൾ നാല്, അഞ്ച് സെക്ഷനുകൾക്ക് വരെ ബാധകമാകുന്നതാണ് (പട്ടിക –3).

കേന്ദ്ര നികുതി നിയമ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ നല്ല പങ്ക് സി ജി എസ് ടി നിയമത്തിലെ മുപ്പത്തിയൊമ്പതാം വകുപ്പ് പ്രകാരമുള്ളതാണ് (16.32 ശതമാനം). റിട്ടേൺ ഫയലിംഗിനെ കുറിച്ചുള്ളതാണ് ഈ സെക്ഷൻ. റിട്ടേൺ ഫയലിംഗ് പൂർണ്ണമായും ഓൺലൈനിലായതിനാൽ ഇതിൽ ഉണ്ടാകുന്ന ഏത് പ്രശ്നവും ഒരു ഉത്തരവ് മുഖേനയെ പരിഹരിക്കാൻ കഴിയൂ. സെക്ഷൻ 164 ഇതിനുള്ള അധികാരം നൽകുന്നുണ്ട്. 10 ശതമാനം ഉത്തരവുകളും ഇതിനെ ആധാരമാക്കിയുള്ളതാണ്. 39, 168 എന്നീ സെക്ഷനുകൾ പ്രകാരമാണ് ഉത്തരവുകളുടെ നല്ലൊരു പങ്കും ഇറക്കിയിരിക്കുന്നത്. സാങ്കേതികമായ തകരാറുകൾ മൂലം റിട്ടേൺ സമർപ്പിക്കുന്നതിന് ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. തുടർച്ചയായി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടി വരുന്നതിന്റെ ഒരു കാരണം ഇതാണ്. ജി എസ് ടി എൻ പോർട്ടലും നിയമത്തിലെ വിവിധ വകുപ്പുകളും തമ്മിലുള്ള ഏകോപനക്കുറവും കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നു (പട്ടിക–4).

**Table 3** - Relevant sections dealt under Central tax notifications

| Sections | Sections dealt with | % sections dealt in notifications |
|---|---|---|
| Sec 1 | Commencement of the provisions of the Act | 1.29 |
| Sec 5 | Powers of Officers | 1.78 |
| Sec 10 | Composition Levy | 4.2 |
| Sec 19 | Taking input tax credit in respect of inputs and capital goods sent for job works | 1.29 |
| Sec 23 | Persons not liable for Registration | 1.45 |
| Sec 25 | Registration | 2.26 |
| Sec 31 | Tax Invoice | 3.55 |
| Sec 37 | Returns-Outward supplies | 9.21 |
| Sec 39 | Returns-Inward and Outward supplies of goods or services or both | 16.32 |
| Sec 44 | Annual Return | 2.58 |
| Sec 47 | Levy of Late fee | 4.85 |
| Sec 51 | TDS | 2.75 |
| Sec 128 | Power to wave Penalty or fee or both | 2.91 |
| Sec 148 | Notifying certain class of registered persons for furnishing returns and payment of tax | 5.82 |
| Sec 164 | Power to make notifications | 10.02 |
| Sec 168 | Power to issue instructions or directions | 9.05 |
| Sec 168A | Power of Government to extend time limit in special circumstances | 1.62 |
| Others | Other sections | 19.05 |

***സാങ്കേതികമായ പ്രശ്നങ്ങൾ മൂലം റിട്ടേൺ സമർപ്പിക്കുന്നതിൽ ബുദ്ധിമുട്ടുകളും കാലതാമസവും നേരിടുന്നുണ്ട്. ഇത് നിരവധി ഉത്തരവുകൾ ഇറക്കുന്നതിന് കാരണമായിട്ടുണ്ട്. ജി എസ് ടി എൻ പോർട്ടലും നിയമത്തിലെ നിർദ്ദിഷ്ട വ്യവസ്ഥകളും തമ്മിൽ ഏകോപനമില്ലാതെ വരുന്നത് ഒട്ടേറെ പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട്***

**Table 4** - Central Tax (Rate) notifications and share of relevant sections involved under CGST Act

| Sl.No | Sections under CGST Act. | Central Tax (Rate) Total | Per cent |
|---|---|---|---|
| 1 | Sec.7 | 4 | 1.77 |
| 2 | Sec.9 | 85 | 37.61 |
| 3 | Sec.11 | 71 | 31.42 |
| 4 | Sec.15 | 28 | 12.39 |
| 5 | Sec.16 | 12 | 5.31 |
| 6 | Sec.51 | 2 | 0.88 |
| 7 | Sec.54 | 4 | 1.77 |
| 8 | Sec.55 | 2 | 0.88 |
| 9 | Sec.148 | 18 | 7.96 |
| | Total | 226 | 100.00 |

ഏതൊക്കെ സെക്ഷനുകൾ അനുസരിച്ചാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക നാലിൽ നിന്ന് ലഭിക്കുന്നു. നിരക്കുകൾ സംബന്ധിച്ച ഉത്തരവുകൾ അധികവും പുറപ്പെടുവിച്ചിരിക്കുന്നത് സി ജി എസ് ടി നിയമത്തിന്റെ 9, 11 എന്നീ വകുപ്പുകൾ പ്രകാരമാണ്. ഇതിൽ ലെവി, കളക്ഷൻ എന്നിവയെ കുറിച്ചുള്ള ഒൻപതാം വകുപ്പ് അനുസരിച്ച് 85 ഉത്തരവുകൾ (37.61 ശതമാനം) ഇറങ്ങിയിട്ടുണ്ട്. പതിനൊന്നാം വകുപ്പ് പ്രകാരം 71 ഉത്തരവുകളും (31.42 ശതമാനം) പുറപ്പെടുവിച്ചിട്ടുണ്ട്. ഒൻപതാം വകുപ്പ് നികുതി ചുമത്തുന്നതിനെ കുറിച്ചുള്ളതും പതിനൊന്നാം വകുപ്പ് നികുതിയിൽ നിന്ന് ഒഴിവ് നൽകുന്നതിനുള്ളതുമാണ്.

ഇത്തരം ഉത്തരവുകൾ സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനത്തെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. ഒരു ഉദാഹരണമെടുത്താൽ, 2017 ലെ നാല്പത്തിയൊന്നാം നമ്പർ ഉത്തരവ് വഴിയായി ഇരുന്നൂറോളം ഉത്പന്നങ്ങളുടെ നികുതി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചു. അതായത്, എസ് ജി എസ് ടി നിരക്കുകൾ 14 ശതമാനത്തിൽ നിന്നും 9 ശതമാനമായി കുറഞ്ഞു. ഇത് സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു (ജോസഫ്, അനിതകുമാരി–2021).

നികുതി നിരക്കുകളിൽ വരുന്ന ഇളവുകൾ നികുതി വരുമാനത്തിലെ ഇടിവായാണ് പരിണമിക്കുന്നത്. ഇത്തരം മാറ്റങ്ങൾ നികുതിദായകരുടെ ചെലവും ഉയർത്തുന്നതാണ്. നികുതി വകുപ്പ് ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം നികുതി കണക്കാ

***അടിക്കടി ഉണ്ടാകുന്ന ഉത്തരവുകൾ സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തെയും ബാധിക്കുന്ന സ്ഥിതിയുണ്ട്. നിയമവും ജി എസ് ടി എൻ നെറ്റ് വർക്കിലെ മാറ്റങ്ങളും തമ്മിൽ ഏകോപനമില്ലാതെ വരുന്നതാണ് വേറൊരു പ്രശ്നം. ഉത്തരവ് മുഖേന വരുന്ന മാറ്റം ജി എസ് ടി എൻ പോർട്ടലിൽ പ്രതിഫലിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. ഇത് റിട്ടേൺ സമർപ്പണത്തിന്റെ തീയതി നീട്ടുന്നതടക്കമുള്ള തുടർ ഉത്തരവുകൾക്ക് വഴി വയ്ക്കുന്നു. ഇതിനെ കുറിച്ചും ഈ പഠനം വിശകലനം ചെയ്യുകയുണ്ടായി.***

ക്കുന്നത് കൂടുതൽ ദുഷ്കരമാക്കുകയും ചെയ്യുന്നു. നിരക്കുകളിൽ അടിക്കടി വരുത്തുന്ന മാറ്റങ്ങൾ നികുതി ഭരണസംവിധാനത്തെ സാരമായി ബാധിക്കുന്നതാണ്. ഉത്തരവുകളുടെ ബാഹുല്യം നിരക്കുകളിലെ റവന്യു ന്യൂട്രാലിറ്റിയെയും ബാധിക്കുന്നതാണ്. നിരക്കുകൾ കുറയ്ക്കുന്നതും ചില ഉത്പന്നങ്ങളെയും സേവനങ്ങളെയും നികുതിയിൽ നിന്നൊഴിവാക്കുന്നതും ബാധിക്കുക റവന്യു വരുമാനത്തെയാണ്.

ജി എസ് ടി എൻ നെറ്റ് വർക്കിലെ മാറ്റങ്ങളും നിയമത്തിലെ വിവിധ വകുപ്പുകളും തമ്മിൽ ഏകോപനമില്ലാതെ വരുന്നതാണ് മറ്റൊരു പ്രധാന വൈതരണി. ഉത്തരവുകൾ പ്രകാരം ഉണ്ടാകുന്ന മാറ്റങ്ങൾ ജി എസ് ടി എൻ പോർട്ടലിൽ പ്രതിഫലിക്കുന്നതിന് പലപ്പോഴും വലിയ കാലതാമസം ഉണ്ടാകാറുണ്ട്. ഇത് റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടുന്നതടക്കമുള്ള കാര്യങ്ങളിൽ വീണ്ടും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിലേക്ക് നയിക്കുന്നു.

ഇതിനു പുറമെ, ഈ പഠനം ഉത്തരവുകളുടെ ഉള്ളടക്കവും ബന്ധപ്പെട്ട വകുപ്പുകളും വിശകലനം ചെയ്തിരുന്നു. പല വകുപ്പുകളിലും വ്യക്തതക്കുറവ് പ്രകടമാണ്. സി ജി എസ് ടി നിയമത്തിൽ ഇത്തരത്തിലുള്ള വ്യക്തതയില്ലായ്മയും അതിന് അനുസൃതമായി ജി എസ് ടി എൻ സംവിധാനത്തിൽ നിലനിൽക്കുന്ന അവ്യക്തതകളുമാണ് തുടർ ഉത്തരവുകളുടെ പരമ്പരക്ക് കാരണമായി മാറിയത്. സുസ്ഥിരവും ലളിതവുമായ ഒരു റിട്ടേൺ ഫയലിംഗ് സമ്പ്രദായത്തിന്റെ അഭാവവും ഇതിലേക്ക് വഴി തുറന്നിട്ടുണ്ട്. പുതിയ രീതികളുമായി ഒത്തുചേർന്ന് പോകുന്നതിലെ കാലതാമസം, ജി എസ് ടി എൻ നെറ്റവർക്ക് രൂപീകരിക്കുമ്പോൾ ഡൊമൈൻ സംബന്ധമായ അറിവില്ലായ്മ, ജി എസ് ടി എൻ സംവിധാനത്തിൽ ചട്ടങ്ങളിലെ ഭേദഗതി കൃത്യമായി ഉൾപെടുത്താൻ കഴിയാതെ പോകുന്നതടക്കം നിരവധി കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. നിയമപരമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനും പ്രതിമാസ ഫയലിംഗിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും വ്യാപാരികളെ സംബന്ധിച്ചിടത്തോളം കൂടുതൽ സമയം ആവശ്യമാണ്.

## ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന്റെ ഉദ്ദേശ്യം

കൂടുതൽ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ളത് ജി എസ് ടി എൻ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനാണ്. റിട്ടേൺ സമർപ്പണവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ 25 ശതമാനവും അതിന്റെ തീയതി നീട്ടുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. അതായത് കൂടുതൽ ഉത്തരവുകളും വേണ്ടി വന്നത് ജി എസ് ടി എൻ സംവിധാനത്തിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ്. എന്നാൽ ചില ഉത്തരവുകൾ സി ജി എസ് ടി നിയമത്തിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ളതാണ്. ഇവയെ കുറിച്ച് കൂടുതൽ വിശദമായ പഠനം ആവശ്യമാണ്.

***അവ്യക്തത, നൈരന്തര്യമില്ലായ്മ തുടങ്ങിയ നിരവധി പോരായ്മകൾ പല വകുപ്പുകളിലും കാണാം. സ്ഥിരതയാർന്നതും ലളിതവുമായ റിട്ടേൺ സമർപ്പണ രീതിയുടെ അഭാവമാണ് ഉത്തരവുകൾ തുടർച്ചയായി ഇറക്കേണ്ടി വരുന്നതിന്റെ സാഹചര്യം. ഇത് സി ജി എസ് ടി നിയമത്തിലെ വകുപ്പുകളിലെയും ജി എസ് ടി എൻ സംവിധാനത്തിലെയും വ്യക്തതക്കുറവ് വെളിപ്പെടുത്തുന്നതാണ്. സംവിധാനവുമായി താദാത്മ്യം പ്രാപിക്കുന്നതിലെ കാലതാമസം, ജി എസ് ടി എൻ നെറ്റ്‌വർക്ക് രൂപീകരിക്കുമ്പോൾ ഡൊമെയ്നിനെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മ തുടങ്ങിയ ഘടകങ്ങൾ പ്രതികൂലമായവയാണ്. റിട്ടേൺ സമർപ്പിക്കുന്ന വേളയിൽ നിയമപരമായ മാറ്റങ്ങളെ കുറിച്ച് മനസിലാക്കാൻ കൂടുതൽ സമയമെടുക്കുന്നത് ഡീലർമാർക്ക് വലിയ കടമ്പയാണ് ഒരുക്കുന്നത്.***

### വിവിധ വകുപ്പുകളിലെ അവ്യക്തത

ഉത്തരവുകൾ കൂലംകക്ഷമായി പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന കാര്യം സി ജി എസ് ടി നിയമത്തിലെ അവ്യക്തതകളാണ്. അതുകൊണ്ട് ഉത്തരവുകളുടെ ഉള്ളടക്കത്തെ കുറിച്ച് കൂടുതൽ വിശദമായ പരിശോധനകൾ ആവശ്യമാണ്. ഒരു പ്രത്യേക വകുപ്പിന്റെ അടിസ്ഥാനത്തിൽ പുറത്തിറക്കുന്ന ഉത്തരവിന് മറ്റു നിരവധി വകുപ്പുകളിൽ ആഘാതമുണ്ടാകുന്നുണ്ട്. ചില ഉത്തരവുകൾക്ക് മൂന്ന് മുതൽ അഞ്ചു വകുപ്പുകളിൽ വരെ സ്വാധീനമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

പല ഉത്തരവുകളിലും അതിന്റെ ഉള്ളടക്കം വ്യക്തമല്ലെന്ന പ്രശ്നമുണ്ട്. പല ഉത്തരവുകളും ഉത്തരവിന്റെ ഉദ്ദേശ്യം, ലക്ഷ്യം എന്നിവ പ്രത്യേകമായി ഉൾപ്പെടുത്താതിരിക്കുന്നതും കാണാം. ഉത്തരവുകളിൽ വകുപ്പുകൾ കൃത്യമായി കാണിച്ചിട്ടില്ലാത്ത പ്രശ്നവുമുണ്ട്. ഇത് അവ്യക്തതക്ക് കാരണമാകുന്നുണ്ട്. നികുതി അധികാരികൾക്കും നികുതിദായകർക്കും ഇത് ഒരു പോലെ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

നികുതി നിരക്കുകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അടക്കമുള്ള കാര്യങ്ങൾക്കനുസൃതമായി സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ എന്നിവയിൽ മാറ്റം വരുത്തേണ്ടതായിവരുന്നു. ധൃതി പിടിച്ചുള്ള മാറ്റങ്ങൾ സമയനഷ്ടത്തിനും കാരണമാകുന്നു. വ്യാപാരികൾ, നികുതി പ്രാക്ടീഷണർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ഇത് ഉണ്ടാക്കുന്ന തലവേദന ചെറുതല്ല. ചെറുകിട വ്യാപാരികളെയും എം എസ് എം ഇ മേഖലയിലുള്ളവരെയുമാണ് ഇത് കാര്യമായി ബാധിക്കുന്നത്.

തെലങ്കാന പോലുള്ള ചില സംസ്ഥാനങ്ങൾ രജിസ്ട്രേഷൻ വേണ്ടി വരുന്നതിനുള്ള പരിധി സംബന്ധമായ ഉത്തരവ് പോലും കൃത്യമായി നൽകിയിട്ടില്ലെന്ന് കാണാം. രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള വിറ്റുവരവ് പരിധി 20 ലക്ഷത്തിൽ നിന്നും 40 ലക്ഷമാക്കി ഉയർത്തിയെങ്കിലും പല സംസ്ഥാനങ്ങളും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. (Notification No.10/2019, Central tax). പല സംസ്ഥാനങ്ങളിലും ഇത്തരം പ്രശ്നങ്ങൾ ഇനിയും നിലനിൽക്കുന്നു. കേരളം 2019 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം ചരക്കുകൾക്ക് മാത്രം ബാധകമാകുന്ന വിധത്തിൽ ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 40 ലക്ഷമെന്ന പരിധി ചെറുകിട വ്യാപാരികൾ വളരെ കൂടുതലുള്ള കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ഉത്തരവുകളുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള മറ്റു ചില പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. ചട്ടങ്ങളിൽ അടിക്കടി മാറ്റം വരുത്തി കൊണ്ടുള്ള ഉത്തരവുകൾ നടപടിക്രമങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. ഓരോ മാറ്റത്തിനൊപ്പം കാര്യങ്ങൾ അപ്ഗ്രേഡ് ചെയ്യാൻ വ്യാപരികൾക്ക് ഏറെ ബുദ്ധിമുട്ട് പ്രകടമാകുന്നുണ്ട്. അതുകൊണ്ട് ഉത്തരവുകളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടത് ന്യായമായ കാര്യമാണ്. ഉത്തരവുകൾ വായിച്ചു മനസിലാക്കലല്ല ഒരു വ്യാപാരിയുടെ ജോലി. അതുകൊണ്ട് ബിസിനസ് സുഗമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് അവർക്ക് വഴിയൊരുക്കണം. ബിസിനസിനെ നിരുൽസാഹപ്പെടുത്താൻ മാത്രമേ ഇത്തരം ഉത്തരവുകൾ കൊണ്ട് പ്രയോജനമുള്ളൂ. നിയമവിരുദ്ധമായി ബിസിനസ് ചെയ്യുന്നതിന് ഇത് പ്രേരണയാകുന്നതിനൊപ്പം ഖജനാവിന് വരുമാന നഷ്ടത്തിനും ഇത് കാരണമാകും.

2. കേന്ദ്രമിറക്കുന്ന നിർദേശങ്ങൾ സംസ്ഥാനങ്ങൾ അതേപടി കോപ്പി ചെയ്യുന്നു. ഉത്തരവിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെകുറിച്ചൊന്നും അതിൽ പറയുന്നില്ല. അതുകൊണ്ട് നടപ്പാക്കുന്നതിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വൈരുധ്യം നിലനിൽക്കുന്നുണ്ട്

3. സേവന നികുതിയുടെ കാര്യത്തിൽ 12/2017 ലെ ഉത്തരവ് പോലെ പല ഉത്തരവുകളും നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ ഭാഷ എല്ലാവർക്കും മനസിലാകുന്ന വിധത്തിൽ ലളിതമാകണം.

4. വിവിധ നികുതി നിരക്കുകളുള്ള പല ഉത്പന്നങ്ങൾക്കും ഒരേ എച്ച് എസ് എൻ കോഡ് നൽകിയിരിക്കുന്നത് കാണാം.

5. ഉത്തരവുകളുടെ ഭാഷ പലപ്പോഴും ദുർഗ്രഹമാണ്. നിയമത്തിൽ പരിജ്ഞാനമുള്ളവർക്ക് പോലും പല ഉത്തരവുകളും വായിച്ച് മനസിലാക്കാൻ കഴിയുന്നില്ല.

6. അനുബന്ധമായ എല്ലാ വകുപ്പുകളും നിയമത്തിൽ ഉൾപെടുത്തേണ്ടതാണ്. ഡെലിഗേറ്റ് ചെയ്തിട്ടുള്ള അധികാരങ്ങൾ നിയമനിർമ്മാണത്തിന് ഉപയോഗിക്കാവുന്നതല്ല. വിശദാംശങ്ങൾ അനുബന്ധം ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7. ചട്ടങ്ങളുടെ ഭേദഗതി വഴി വേണം ആവശ്യമായ നിയമനിർമ്മാണം നടത്താൻ. അത് ഉത്തരവുകൾ മുഖേനയാകരുത്. (Munjaal Manish Bhai Bhat vs Union of India(Guj) (2022) 30 KTR 444 (Guj).

## നയരൂപീകരണത്തിനായുള്ള ചില നിർദ്ദേശങ്ങൾ

അടിക്കടി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് പരമാവധി കുറയ്ക്കണം. മൂന്ന് മാസത്തിലൊരിക്കൽ എന്ന നിലയിലേക്ക് അത് പരിമിതപ്പെടുത്തണം. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഇത്തരം മാറ്റങ്ങൾ ജി എസ് ടി എൻ പോർട്ടലിൽ ഉൾപ്പെടുത്തണം. നിയമത്തിലെ ഭേദഗതി വർഷത്തിൽ രണ്ടു തവണ മാത്രമായി ചുരുക്കണം. ഉത്തരവിൽ തന്നെ അതിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കണം. ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ഓരോ ചരക്കിനെയും വെവ്വേറെ പരിഗണിക്കണം. സേവന നികുതി ഉത്തരവുകൾക്ക് സമാനമാകരുത്. ഉത്തരവുകളിലെ ഭാഷ ലളിതവും വ്യക്തവുമാകണം. വ്യക്തതക്കുവേണ്ടി എട്ടക്ക എച്ച് എസ് എൻ കോഡ് നിർബന്ധമായും ഉൾപ്പെടുത്തണം. അടിസ്ഥാന നിയമത്തിലെ പ്രസക്തമായ ഭാഗങ്ങൾ പ്രത്യേകം എടുത്ത് ചേർക്കണം. ഡെലിഗേറ്റ് ചെയ്തിരിക്കുന്ന അധികാരം നിയമ നിർമ്മാണത്തിനായി ഉപയോഗിക്കരുത്. റിട്ടേൺ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാകണം. നികുതി പ്രഫഷനലുകളുമായി ആലോചിച്ച് റിട്ടേൺ സമർപ്പണ കാര്യങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് എം എസ് എം ഇ മേഖലയിലെ സംരംഭങ്ങൾക്ക് അവസരം ഉറപ്പാക്കണം.

■

(ഗിഫ്റ്റിലെ അസോസിയേറ്റ് പ്രൊഫസർമാരാണ് ലേഖകർ).

## References

1 *Joseph K J and Anitha Kumary L (2021),Kerala's GST revenue conundrum: A preliminary exploration within the fiscal federal context, Kerala Economy,* Oct-Nov- Dec, p.7-16 , Gulati Institute of Finance and Taxation.
2 Gulati Institute of Finance and Taxation (2022), *Munjaal Manish Bhai Bhat vs Union of India(Guj),* Kerala Tax Reporter (KTR), Vol 30, p 444- 492
3 Websites of cbic.gov.in, gst.gov.in and keralataxes.gov.in.

**Appendix 1**

Supreme Court in the case of Cellular Operators Association of India v. TRAI [(1026) 7 SCC 703] wherein the Apex Court has delineated the parameters of judicial review of subordinate legislation. It is also well recognised that a subordinate legislation can be challenged under any of the following grounds:

(a) Lack of legislative competence to make the subordinate legislation.

(b) Violation of fundamental rights guaranteed under the Constitution of India.

(c) Violation of any provision of the Constitution of India.

(d) Failure to conform to the statute under which it is made or exceeding the limits of authority conferred by the enabling Act.

(e) Repugnancy to the laws of the land, that is, any enactment.

(f) Manifest arbitrariness/unreasonableness (to an extent where the court might well say that the legislature never intended to give authority to make such rules).

The court considering the validity of a subordinate legislation, will have to consider the nature, object and scheme of the enabling Act, and also the area over which power has been delegated under the Act and then decide whether the subordinate legislation conforms to the parent statute. Where a rule is directly inconsistent with a mandatory provision of the statute, then, of course, the task of the court is simple and easy. But where the contention is that the inconsistency or non-conformity of the rule is not with reference to any specific provision of the enabling Act, but with the object and scheme of the parent Act, the court should proceed with caution before declaring invalidity."

Rule which does not conform to the provisions of the Act will have to be held ultra vires the enabling Act.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

GIFT GULATI INSTITUTE OF FINANCE AND TAXATION

# കോവിഡ് കാലത്തെ ഉയർന്ന പണപ്പെരുപ്പം : കേരളവുമായി ഒരു താരതമ്യം

രഞ്ജിത്ത് പി എസ്, കിരൺകുമാർ കക്കർലപുടി

**ആമുഖം**

രണ്ടു വർഷത്തോളമായി തുടർന്നുവന്ന കോവിഡ് പ്രതിസന്ധിയിൽ നിന്ന് ലോകത്തെ വിവിധ സമ്പദ്‌വ്യവസ്ഥകൾ ഇപ്പോൾ കരകയറുന്ന ഘട്ടത്തിലാണ്. എന്നാൽ, കഴിഞ്ഞ ഏതാനും ദശകങ്ങൾക്കിടയിലെ ഏറ്റവും ഉയർന്ന പണപ്പെരുപ്പത്തിലേക്ക് വികസിത രാജ്യങ്ങൾ കടന്നിരിക്കുന്നത് പുതിയ വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട് (ഐ എം എഫ്–2022). കോവിഡിന്റെ ഘട്ടത്തിൽ സാമൂഹ്യ സഹായ പദ്ധതികളുടെ ഭാഗമായി വികസിത, വികസ്വര രാജ്യങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട ഉത്തേജക പാക്കേജുകൾ ഭാഗികമായി ഇതിന് വഴിവച്ചിട്ടുണ്ടാകാം. ഒപ്പം ഡിമാന്റിൽ ഉണ്ടായ പ്രകടമായ മുന്നേറ്റവും. അതേസമയം തന്നെ നിയന്ത്രണങ്ങൾ മൂലവും ഉയരുന്ന ചരക്ക് കൂലിയും കാരണം വിതരണ ശൃംഖലയിൽ ഉണ്ടായ പ്രതിസന്ധി സാധന വില മുന്നേറ്റത്തിന്റെ ആക്കം വർധിപ്പിച്ചത് ആഗോളതലത്തിൽ പണപ്പെരുപ്പം ഉയരുന്നതിന് കാരണമായി മാറിയതായും കാണാം (സാമ്പത്തിക സർവെ 2022). റഷ്യ–യുക്രൈൻ യുദ്ധവും പല രാജ്യങ്ങളും കയറ്റുമതിക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഭക്ഷ്യസാധനങ്ങളുടെ പണപ്പെരുപ്പം കൂടുന്നതിന് വഴിവച്ചിട്ടുണ്ട്. പൊതുവിൽ ആഗോളതലത്തിൽ സംഭവിച്ച ഉയർന്ന തോതിലുള്ള പണപ്പെരുപ്പത്തിന് ഇതും ഒരു പ്രധാന കാരണമായി മാറിയിട്ടുണ്ട്.

അമേരിക്ക, ബ്രിട്ടൻ അടക്കമുള്ള യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെ ഉപഭോക്തൃ വിലകൾ കഴിഞ്ഞ നാല് ദശകത്തിനിടയിലെ ഏറ്റവും ഉയർന്ന നിലയിലേക്ക്, ഏതാണ്ട് 8–9 ശതമാനം, ഉയർന്നു. തീവ്രത അല്പം കുറവായിരുന്നെങ്കിലും, ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര രാജ്യങ്ങളിലും ഉയർന്ന വില പ്രകടമായിരുന്നു (രേഖാചിത്രം–1). 2020–ലെ വലിയ തോതിലുള്ള വർധനക്ക് ശേഷം വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അടുത്ത കാലത്തായി ഇന്ത്യയിൽ ഉപഭോക്തൃ വില സൂചികയെ ആധാരമാക്കിയുള്ള പണപ്പെരുപ്പം ഒരു പരിധിക്കകത്താണെന്ന് കാണാം. 2021 നവംബറിൽ ഇത് 4.9 ശതമാനമായിരുന്നു. ഡിസംബറിൽ 5.6 ശതമാനമായി ഉയർന്നു. സപ്ലൈ നിയന്ത്രി

***ഇന്ത്യയിൽ, 2020–ൽ പണപ്പെരുപ്പനിരക്കിൽ കാര്യമായ മുന്നേറ്റം പ്രകടമായിരുന്നു. എന്നാൽ 2021ൽ ഇതര വികസ്വര രാജ്യങ്ങളിലെയും വികസിത രാജ്യങ്ങളിലെയും സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ പണപ്പെരുപ്പനിരക്ക് ഒരു പരിധിക്കകത്ത് നിന്നാണ് ചലിച്ചതെന്ന് കാണാം.***

ക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച കൃത്യമായ നടപടികളാണ് പണപ്പെരുപ്പം ഇത്തരത്തിൽ നിയന്ത്രിതമായ തോതിൽ തുടരുന്നതിന് നിദാനമായത്. 2021–ൽ 5.9 ശതമാനമായിരുന്ന നിരക്ക് 2022 ൽ 6.9 ശതമാനമായി ഉയർന്നുവെങ്കിലും വികസ്വര രാജ്യങ്ങളെയും യൂറോപ്യൻ യുണിയനെയും അപേക്ഷിച്ച് കുറവാണെന്ന് കാണാം (രേഖാചിത്രം–1). സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമിന്റേഷൻ മന്ത്രാലയം (എം ഒ എസ് പി ഐ) പുറത്തുവിട്ട ഉപഭോക്ത്യ വില സൂചിക വിവരങ്ങൾ പ്രകാരം 2022–23 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ ഇന്ത്യയിൽ ഉപഭോക്തൃ വിലകൾ കുറയുന്ന പ്രവണതയാണ് പ്രകടമാക്കിയത്. ഈ പശ്ചാത്തലത്തിൽ, കേരളത്തിൽ വിലകളിൽ പ്രകടമായ മാറ്റങ്ങളെ ഇതര സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുകയാണ് ഈ ലേഖനത്തിൽ. അതിന് പുറമെ, പണപ്പെരുപ്പത്തിന് കാരണമായ വിവിധ ഘടകങ്ങളെ അപഗ്രഥിക്കുന്നുമുണ്ട് (രേഖാചിത്രം – 1) .

എം ഒ എസ് പി ഐ, 2019–20 ഏപ്രിൽ മാസത്തിനും 2022 സെപ്റ്റംബർ മാസത്തിനുമിടയിൽ പ്രസിദ്ധീകരിച്ച ഉപഭോക്തൃ വില സൂചിക സംബന്ധിച്ച വിവരങ്ങളാണ് പഠനത്തിനായി ഞങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. വാർഷികാടിസ്ഥാനത്തിലുള്ള വിവരങ്ങൾ തയാറാക്കുന്നതിന് മാസംതോറുമുള്ള കണക്കുകളുടെ ശരാശരിയാണ് എടുത്തിരിക്കുന്നത്. ഈ ലേഖകരുടെ മുൻ ലേഖനങ്ങളിൽ കോവിഡ് ഘട്ടത്തിലെയും അതിന് മുൻപുമുള്ള വിലകളെ താരതമ്യം ചെയ്തിരിക്കുമ്പോൾ ഈ ലേഖനത്തിൽ കോവിഡ് ഘട്ടത്തിലെയും അതിന് ശേഷവുമുള്ള വില വിവരങ്ങളാണ് താരതമ്യം ചെയ്യുന്നത്.

ഇന്ത്യയുടെ മൊത്തം ജി ഡി പിയുടെ 90 ശതമാനത്തിലധികം സംഭാവന നൽകുന്ന 20 സംസ്ഥാനങ്ങളുടെ വിവരങ്ങളാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. ലേഖനത്തിന്റെ രണ്ടാം ഭാഗത്ത് 2020–21 മുതൽക്കുള്ള ഒരു താരതമ്യമാണ് നടത്തിയിരി




Source: IMF World Economic Outlook

***2020–21 സാമ്പത്തിക വർഷത്തിൽ പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ മൂന്നാം സ്ഥാനത്താ യിരുന്നു കേരളം (4.94%). രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് കേരളത്തേക്കാൾ കുറഞ്ഞ പണപ്പെരുപ്പം രേഖപ്പെടുത്തിയത്. യഥാക്രമം 3.48 ശതമാനവും 4.26 ശതമാനവും വീതം. മഹാമാരിയുടെ ഘട്ടത്തിൽ വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ കേരളത്തിന് മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞുവെന്നാണ് ഇത് വ്യക്തമാക്കുന്നത്.***

ക്കുന്നത് . മൂന്നാം ഭാഗത്ത് പണപ്പെരുപ്പത്തെ സ്വാധീനിച്ച വിവിധ ഘടകങ്ങളെ കുറിച്ചാണ് പ്രതിപാദ്യം. അവസാന ഭാഗത്ത് നിരീക്ഷണ ങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 2. കോവിഡ് ഘട്ടത്തിലും അതിന് ശേഷവുമുള്ള വില പ്രവണതകൾ

2013–14 മുതൽ 2019–20 വരെയുള്ള ഘട്ടത്തിൽ ഉപഭോക്തൃ വിലയെ (സി പി ഐ) ആധാരമാക്കിയുള്ള പണപ്പെരുപ്പം ഇന്ത്യ യിൽ കുറയുന്ന പ്രവണതയാണ് പ്രകടമാ ക്കിയത്. ചില മുൻ പഠനങ്ങളിൽ വ്യക്ത മാക്കപ്പെട്ടതുപോലെ, 2019–20ൽ 4.8 ശതമാന മായിരുന്ന സി പി ഐ പണപ്പെരുപ്പം 2020–21ൽ 6.2 ശതമാനമായി ഉയർന്നു. കോവിഡ് ഘട്ടത്തിലെ നിയന്ത്രണങ്ങൾ ഡിമാന്റിനെയും സപ്ലൈയേയും ബാധിച്ച താണ് ഇതിന് കാരണം. ഇവിടെ വിരുദ്ധമായ രണ്ട് ഘടകങ്ങൾ ശക്തമായി സ്വാധീനിച്ച തായി കാണാം. വരുമാനവും തൊഴിലും നഷ്ടമായത് ജനങ്ങളുടെ വാങ്ങൽശേഷിയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ഇതോടൊപ്പം ചരക്കുകളുടെയും സേവനങ്ങളുടെയും നീക്കത്തിനേർപ്പെടുത്തിയ നിയന്ത്രണങ്ങൾ വിതരണത്തെയും പ്രതികൂലമായി ബാധിച്ചു. എന്നാൽ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യ സ്തമായ രീതിയിലായിരുന്നു പണപ്പെരുപ്പം നീങ്ങിയത്. കോവിഡിന്റെ ആഘാതത്തിലെ വ്യത്യാസവും ഉത്തേജക പാക്കേജുകളുടെ സ്വാധീനവുമൊക്കെ ഇതിന് കാരണങ്ങ ളാണ്. 2020–21 സാമ്പത്തിക വർഷത്തിൽ പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ രാജ സ്ഥാനും (3.48 ശതമാനം) പഞ്ചാബിനും (4.26 ശതമാനം) പിന്നിൽ മൂന്നാം സ്ഥാനത്താ യിരുന്നു കേരളം (പട്ടിക–1). 201920ൽ കേരള ത്തിൽ പണപ്പെരുപ്പം ദേശീയ ശരാശരി യേക്കാൾ ഉയർന്ന തോതിലായിരുന്നു. എന്നാൽ മഹാമാരിയുടെ ഘട്ടത്തിൽ ഇക്കാര്യത്തിൽ കുറവ് രേഖപ്പെടുത്തിയ ഏക ദക്ഷിണേന്ത്യൻ സംസ്ഥാനമാണ് കേരളം (കക്കർലപുടി, രഞ്ജിത്ത്–2020).

20 സംസ്ഥാനങ്ങളുടെ പട്ടികയിൽ പത്തിലും പണപ്പെരുപ്പ നിരക്ക് ദേശീയ ശരാശരിയേ ക്കാൾ കൂടുതലായിരുന്നു. 2020–21 സാമ്പ ത്തിക വർഷത്തിൽ 8.01 ശതമാനവുമായി ത്രിപുരയായിരുന്നു ഒന്നാം സ്ഥാനത്ത്. 7.98 ശതമാനവുമായി ആന്ധ്രപ്രദേശും 7.94 ശതമാനവുമായി പശ്ചിമ ബംഗാളുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. ലോക്ക്ഡൗൺ പിൻവലിച്ചതോടെ 2021–22ൽ പണപ്പെരുപ്പ നിരക്ക് കുറഞ്ഞു. ദേശീയതലത്തിൽ ഇത് 6.21 ശതമാനത്തിൽ നിന്ന് 5.57 ശതമാനമായി കുറഞ്ഞു. കേരളത്തിന്റെ കാര്യത്തിൽ പണപ്പെരുപ്പം 3.96 ശതമാനം എന്ന തോതിലേക്ക് താഴ്ന്നു. ഏറ്റവും കുറവ് പണപ്പെരുപ്പം രേഖപ്പെടുത്തിയ സംസ്ഥാന ങ്ങളുടെ കൂട്ടത്തിൽ മൂന്നാം സ്ഥാനത്താണ് കേരളം. 2021–22ലും ഇതേ നില തുടർന്നു. 20 സംസ്ഥാനങ്ങളിൽ പതിന്നാലിലും വിലനിലവാരം കുറഞ്ഞതായി പട്ടിക–1 വ്യക്ത മാക്കുന്നു. ഏറ്റവും കൂടുതൽ വിലയിടിവ്

രേഖപ്പെടുത്തിയിട്ടുള്ളത് ത്രിപുരയിലാണ്, 4.2 ശതമാനം. ഛത്തീസ്ഗഢ് (3.28%), ഒഡിഷ (3.23%), ആന്ധ്രപ്രദേശ് (2.12%) എന്നിങ്ങനെയാണ് തൊട്ടടുത്ത വരുന്ന സംസ്ഥാനങ്ങളുടെ നില. വിലമുന്നേറ്റം രേഖപ്പെടുത്തിയത് 6 സംസ്ഥാനങ്ങളിലാണ്. രാജസ്ഥാൻ–1.54%, ഹരിയാന–1.42%, കർണാടക–0.87% എന്നിവയാണ് ഏറ്റവും ഉയർന്ന വിലക്കയറ്റം രേഖപ്പെടുത്തിയത്. 2021–22 ൽ ഏറ്റവും ഉയർന്ന പണപ്പെരുപ്പം രേഖപ്പെടുത്തിയ സംസ്ഥാനങ്ങൾ തെലങ്കാന (7.09%), ഹരിയാന (6.4%), മധ്യപ്രദേശ് (6.1%) എന്നിവയാണ്.

2022–23 സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു പാദങ്ങളിൽ മിക്ക സംസ്ഥാനങ്ങളുടെ

***2022–23 സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ട് പാദങ്ങളിൽ വിലനിലവാരത്തിൽ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും തിരിച്ചടി നേരിടുകയുണ്ടായി. ക്രൂഡ് ഓയിൽ വില ഉയർന്നതിന്റെയും റഷ്യ–യുക്രൈൻ യുദ്ധത്തിന്റെയും ഒപ്പം കോവിഡ് ഉത്തേജക പാക്കേജുകൾ അവസാനിച്ചതിന്റെയും പശ്ചാത്തലത്തിൽ ആഗോള പണപ്പെരുപ്പം കുതിച്ചുയർന്നതാണ് ഇതിന് കാരണം.***

**Table 1:** Inflation Trends during and after COVID-19 across major Indian states (%)

| State | 2020-21 | 2021-22 | 2022-23* |
|---|---|---|---|
| Andhra Pradesh | 7.98 | 5.86 | 8.15 |
| Assam | 6.75 | 4.76 | 7.22 |
| Bihar | 6.49 | 4.90 | 5.90 |
| Chhattisgarh | 7.78 | 4.5 | 5.83 |
| Goa | 5.64 | 4.84 | 3.18 |
| Gujarat | 5.38 | 5.39 | 7.79 |
| Haryana | 4.98 | 6.40 | 7.96 |
| Jharkhand | 5.15 | 4.70 | 6.56 |
| Karnataka | 5.16 | 6.03 | 5.87 |
| Kerala | 4.94 | 3.96 | 5.41 |
| Madhya Pradesh | 6.75 | 6.11 | 7.77 |
| Maharashtra | 6.23 | 6.06 | 8.33 |
| Odisha | 6.95 | 3.72 | 7.00 |
| Punjab | 4.26 | 4.62 | 6.15 |
| Rajasthan | 3.48 | 5.02 | 7.48 |
| Tamil Nadu | 6.76 | 5.77 | 5.76 |
| Telangana | 7.73 | 7.09 | 9.45 |
| Tripura | 8.01 | 3.79 | 6.17 |
| Uttar Pradesh | 5.26 | 5.68 | 7.23 |
| West Bengal | 7.96 | 5.83 | 8.26 |
| ALL India | 6.21 | 5.57 | 7.16 |

*Source: Authors' calculation based on MOSPI data*

***തുടർച്ചയായ രണ്ട് വർഷത്തെ ഇടിവിന് ശേഷം 2022–23 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ ഉപഭോക്തൃ വിലകളിൽ വർധന രേഖപ്പെടുത്തു കയുണ്ടായി. എന്നാൽ ഒന്നും രണ്ടും പാദങ്ങളിൽ കേരളം 5.41 ശതമാനമെന്ന കുറഞ്ഞ ഉപഭോക്തൃ പണപ്പെരുപ്പമാണ് രേഖപ്പെടുത്തിയത്. ഗോവ (3.18%), കർണ്ണാടക (5.83%), തമിഴ്നാട് (5.76%) എന്നീ സംസ്ഥാനങ്ങളാണ് കുറവ് പണപ്പെരുപ്പം രേഖപ്പെടുത്തിയ മറ്റു സംസ്ഥാനങ്ങൾ.***

കാര്യത്തിലും നേരെ തിരിച്ചുള്ള പ്രതികരണ മാണ് ഉണ്ടായത്. ക്രൂഡ് ഓയിൽ വില ഉയർന്നതും റഷ്യ–യുക്രെൻ യുദ്ധവും ഉത്തേജക പാക്കേജുകൾ നിർത്തലാക്കി യതും ഉൾപ്പടെ നിരവധി കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി വഴിയായി എത്തുന്ന പല അസംസ്കൃത സാധനങ്ങളുടെയും വില ഉയർന്നത് കാര്യങ്ങൾ കൂടുതൽ സങ്കീർണ മാക്കി. അതുകൊണ്ട് 2022 ജനുവരി മാസം മുതൽ തുടർച്ചയായ ആറ് മാസങ്ങളിൽ പണപ്പെരുപ്പ നിരക്ക് ഉയർന്നു[1]. ഇത് ലക്ഷ്യമിട്ടിരുന്ന 4 + അല്ലെങ്കിൽ–2 എന്ന തോതിനും മുകളിലെത്തി. പല സംസ്ഥാന ങ്ങളുടെ കാര്യത്തിലും ആദ്യ രണ്ടു പാദങ്ങളിൽ ഉപഭോക്തൃ വിലകളിൽ കുതിപ്പ് രേഖപ്പെടുത്തി. ഗോവ, കർണ്ണാടക, തമിഴ്നാട് എന്നീ മൂന്ന് സംസ്ഥാനങ്ങളിൽ മാത്രമാണ് 2021–22 നെ അപേക്ഷിച്ച് 2022–23ൽ വിലനിലവാരം കുറഞ്ഞു നിന്നത്. 10 സംസ്ഥാനങ്ങളുടെ കാര്യത്തിൽ വർധന 2 ശതമാനത്തിലും മേലെയായിരുന്നു. 3.28 ശതമാനം വർധനയുമായി ഒഡിഷയാണ് ഏറ്റവും മുന്നിൽ നിന്നത്. രാജസ്ഥാനും ആസാമും 2.46 ശതമാനവും ബംഗാൾ 2.43 ശതമാനവും വളർച്ച രേഖപ്പെടുത്തി. തുടർച്ചയായ രണ്ടു വർഷത്തെ ഇടിവിനു ശേഷം 2022–23ൽ കേരളം വിലനില വാരത്തിൽ വർധന രേഖപ്പെടുത്തി. എന്നാൽ കേരളത്തിൽ നിലവാരം (1.45%) ദേശീയതല ത്തിലേക്കാൾ (1.59%) നേരിയ തോതിൽ കുറവായിരുന്നുവെന്ന് കാണാം. ഉപഭോക്തൃ വിലയെ അടിസ്ഥാനമാക്കിയുള്ള പണ പ്പെരുപ്പത്തിന്റെ കാര്യത്തിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയിരിക്കുന്നത് ഗോവയിലാണ്, 3.18 ശതമാനം. 5.41 ശതമാനവുമായി കേരളം തൊട്ടടുത്ത് വരുന്നു. 5.83 ശതമാനവുമായി കർണ്ണാടകവും 5.76 ശതമാനവുമായി തമിഴ്നാടുമാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. തെലങ്കാന, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പണപ്പെരുപ്പ നിരക്ക് 8 ശതമാനത്തിന് മുകളിലാണ് രേഖപ്പെടുത്തിയത് (പട്ടിക–1).

മഹാമാരിയുടെ ഘട്ടത്തിൽ പണപ്പെരു പ്പത്തിന്റെ കാര്യത്തിൽ വിവിധ സംസ്ഥാന ങ്ങളിൽവ്യത്യസ്തമായ പ്രവണതയാണ് കണ്ടത്. ഇക്കാര്യത്തിൽ കൂടുതൽ വിശദ

***കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ കേരളത്തിന് മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. അവശ്യസാധനങ്ങൾ യഥാസമയം, നേരിട്ട് ജനങ്ങൾക്കെത്തിക്കാൻ കഴിഞ്ഞതാണ് ഇതിന് പിന്നിൽ. എന്നാൽ ഇതിന് പകരം ജനങ്ങൾക്ക് പണമായി നൽകിയ തെലങ്കാന, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഉയർന്ന പണപ്പെരുപ്പം രേഖപ്പെടുത്തുകയുണ്ടായി.***

മായ പഠനം വേണമെന്നതാണ് ഞങ്ങളുടെ നിഗമനം. ഒരു കാര്യം വ്യക്തമാണ്, കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ വിലനിലവാരം കുറയ്ക്കാൻ കഴിഞ്ഞ ഏക സംസ്ഥാനം കേരളമാണ്. ഭക്ഷ്യകിറ്റ് പോലുള്ള ആവശ്യസാധന വിതരണ പദ്ധതിയാണ് ഇതിന് മുഖ്യ കാരണമെന്ന് കണ്ടെത്താൻ കഴിയും (രഞ്ജിത്ത്, കക്കർലപുടി–2021). കോവിഡിന്റെ ഘട്ടത്തിൽ മുഴുവനായും ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. പൊതുവിതരണ സംവിധാനത്തിന് വലിയ സ്വാധീനം ചെലുത്താൻ കഴിയുന്ന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളും മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. ഈ സംസ്ഥാനങ്ങൾ പല സാധനങ്ങളും പൊതുവിതരണ സംവിധാനം വഴിയായി ജനങ്ങൾക്കെത്തിച്ചു (പാണ്ഡെ–2022). എന്നാൽ ജനങ്ങൾക്ക് നേരിട്ട് പണം നൽകിയ പല സംസ്ഥാനങ്ങളിൽ ഉയർന്ന പണപ്പെരുപ്പം രേഖപ്പെടുത്തിയതായി കാണാൻ കഴിയും. സി എം ഐ ഇ–സി പി എച്ച് എസ് ഡേറ്റ പ്രകാരം ഏറ്റവും ഉയർന്ന പ്രതിശീർഷ പണം അനുവദിക്കൽ ഉണ്ടായ സംസ്ഥാനങ്ങൾ ആന്ധ്രപ്രദേശും തെലങ്കാനയുമാണ്. മഹാമാരിയുടെ ഘട്ടത്തിൽ ഈ രണ്ടു സംസ്ഥാനങ്ങളിലും ഉയർന്ന പണപ്പെരുപ്പമാണ് രേഖപ്പെടുത്തിയത്.

### പണപ്പെരുപ്പത്തെ നിയന്ത്രിക്കുന്ന ഘടകങ്ങൾ

കോവിഡ് കാലത്ത് പണപ്പെരുപ്പത്തെ നിയന്ത്രിച്ച ഘടകങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായിരുന്നു വെന്ന് കാണാം (രേഖാചിത്രം–2). ദേശീയ തലത്തിൽ പരിശോധിക്കുമ്പോൾ, 2018 –19ൽ പണപ്പെരുപ്പത്തിൽ ഭക്ഷണ, പാനീയ ഇനങ്ങളുടെ സംഭാവന ഏതാണ്ട് 10 ശതമാനമായിരുന്നു. എന്നാൽ 2019–20 ഏപ്രിൽ – ഡിസംബർ ഘട്ടവും 2020–21 സാമ്പത്തിക വർഷവും പരിഗണിക്കുമ്പോൾ ഇത് 54 ശതമാനം എന്ന തോതിലേക്ക് ഉയർന്നതായി കാണാൻ കഴിയും. വിതരണ ശൃംഖലയിൽ

Figure 2: State-wise Drivers of Inflation during and after COVID-19 crisis









*Source: Authors' calculations based on MOSPI data*

***2020–21ൽ ദേശീയതലത്തിലെ പണപ്പെരുപ്പത്തിൽ ഭക്ഷ്യ ഉത്പന്നങ്ങളുടെ പണപ്പെരുപ്പത്തിന്റെ സ്വാധീനം 54 ശതമാനമായിരുന്നു. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഇത് 40 ശതമാനം മാത്രമായിരുന്നു. 2021–22ൽ ഭക്ഷ്യപണപ്പെരുപ്പത്തിന്റെ സ്വാധീനം എല്ലാ സംസ്ഥാനങ്ങളിലും കുറയുന്ന പ്രവണതയാണ് കണ്ടത്.***

ഉണ്ടായ പ്രതിസന്ധിയാണ് ഇതിന് കാരണമായത്. 2021–22ലെത്തുമ്പോൾ ഇതിന് അല്പം അയവ് വന്നതായി കാണാൻ കഴിയും (രേഖാചിത്രം–2:പാനൽ ബി). സംസ്ഥാനങ്ങളുടെ കാര്യമെടുക്കുമ്പോൾ പണപ്പെരുപ്പത്തെ നിയന്ത്രിച്ച ഘടകങ്ങൾ വ്യത്യസ്തമാണെന്ന് കാണാം. 2020–21 സാമ്പത്തിക വർഷത്തിൽ 20 സംസ്ഥാനങ്ങളിൽ 11 എണ്ണത്തിലും ഭക്ഷണ, പാനീയ ഉത്പന്നങ്ങളുടെ പങ്ക് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. 2021–22ൽ ഇത് 7 സംസ്ഥാനങ്ങളായി കുറഞ്ഞു. രേഖാചിത്രം 2–എ വ്യക്തമാക്കുന്നത് ഭക്ഷ്യ പണപ്പെരുപ്പം ഏറ്റവും കുറവ് രാജസ്ഥാനിലും ഹര്യാനയിലുമാണ് എന്നാണ്. പഞ്ചാബ്, കേരളം എന്നീ സംസ്ഥാനങ്ങളാണ് തൊട്ടടുത്ത്. മുൻ ലേഖനത്തിൽ (2021) ഈ ലേഖകർ ചൂണ്ടിക്കാട്ടിയ ഒരു കാര്യം മഹാമാരിയുടെഘട്ടത്തിൽ ഭക്ഷ്യവസ്തുക്കളുടെ വിലയിൽ ഇടിവ് രേഖപ്പെടുത്തിയ ഏക ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണെന്നാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വാസ്തവത്തിൽ വിതരണ ശൃംഖല തകരാറിലായതുമൂലം വില ഉയരേണ്ടതായിരുന്നു. ഭക്ഷ്യവസ്തുക്കളുടെ വില വിവിധ സംസ്ഥാനങ്ങളുടെ പണപ്പെരുപ്പത്തെ എപ്രകാരം ബാധിച്ചുവെന്നത് വിശദമായ പഠനത്തിന് വിധേയമാക്കേണ്ട കാര്യമാണ്.

ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ പിൻവലിക്കുകയും വിതരണ ശൃംഖല സാധാരണ നിലയിലാവുകയും ചെയ്തതോടെ, 2021– 22ൽ പണപ്പെരുപ്പ നിരക്കിന്മേൽ ഭക്ഷണ സാധനങ്ങളുടെ വിലകൾക്കുള്ള സ്വാധീനം കുറഞ്ഞു. ദേശീയതലത്തിൽ 2020–21ൽ 54 ശതമാനമായിരുന്ന ഇത് 2021–22ൽ 35 ശതമാനം എന്ന നിലയിലേക്ക് താഴ്ന്നു. ഒഡിഷ, ത്രിപുര എന്നീ സംസ്ഥാനങ്ങളാണ് ഇക്കാര്യത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്. കേരളം ഇക്കാര്യത്തിൽ നന്നേ കുറഞ്ഞ സ്വാധീനം ചെലുത്തുന്ന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ (19%) ഇടം പിടിച്ചു. എന്നാൽ ഇന്ധനം, വൈദ്യുതി എന്നിവയുടെ സ്വാധീനം എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും 2021–22ൽ ഉയർന്നതായി കാണാം. രാജ്യാന്തര വിപണികളിൽ ക്രൂഡ് വില ഉയർന്നതും പെട്രോളിയം ഉത്പന്നങ്ങളുടെ ഉയർന്ന വിലയും നികുതി ഉയർത്തിയതുമാണ് ഇതിന് കാരണമായത്. ഒപെക് രാജ്യങ്ങളും ഇതര ക്രൂഡ് ഉത്പാദക രാജ്യങ്ങളും ക്രൂഡിന്റെ സപ്ലൈ കുറച്ചതാണ് ഇത്തരമൊരു വിലക്കയറ്റത്തിന് വഴി വച്ചത്. കോവിഡ് നിബന്ധനകൾ ഉദാരമാക്കിയതോടെ ലോകത്തെ മിക്ക സ്ഥലങ്ങളിലും വിലമുന്നേറ്റം കൂടുതൽ ശക്തമായി. ഒപെക് പ്ലസ് രാജ്യങ്ങൾ എണ്ണ വിതരണം ഉയർത്തിയെങ്കിലും ഡിമാൻഡിലെ തിരിച്ചുവരവുമായി തട്ടിച്ചു നോക്കുമ്പോൾ അത് കുറവായിരുന്നു (സാമ്പത്തിക സർവെ–2022). അതുപോലെ ഭക്ഷ്യേതര ഉത്പന്നങ്ങളുടെ ആവശ്യം അധികരിച്ചത് പാദരക്ഷകൾ, തുണിത്തരങ്ങൾ തുടങ്ങിയ ഉത്പന്നങ്ങളുടെ പണപ്പെരുപ്പ നിരക്കിലെ സ്വാധീനം ഉയരുന്നതിന് കാരണമായി.

എന്നാൽ 2022–23 സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ട് പാദങ്ങളിൽ ഭക്ഷ്യഉത്പന്ന

ങ്ങളുടെ സ്വാധീനത്തിന്റ കാര്യത്തിൽ കാര്യമായ മാറ്റം സംഭവിച്ചു. ആഭ്യന്തര അസംസ്കൃത ഉത്പന്നങ്ങളുടെ വിലയിൽ ഉണ്ടായ സമ്മർദ്ദമാണ് ഇതിന് പ്രധാന കാരണം. സി പി ഐ പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ ഭക്ഷണം, പാനീയങ്ങൾ എന്നിവ കൂടുതൽ സ്വാധീനം ചെലുത്തുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 2022–23ൽ ദേശീയതലത്തിൽ ഇവയുടെ സ്വാധീനം 49 ശതമാനം എന്ന തോതിലേക്ക് ഉയർന്നു. 7 സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് ദേശീയ ശരാശരിയേക്കാൾ ഉയർന്ന തോതിലായി. ഏറ്റവും ഉയർന്ന ശതമാനമായ 57 ശതമാനം രേഖപ്പെടുത്തിയത് പഞ്ചാബിലാണ്. ഉത്തർപ്രദേശ്–54 ശതമാനം, കർണ്ണാടക–53 ശതമാനം എന്നിവയാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നത്. 2021–22നെ അപേക്ഷിച്ച് കേരളവും ഇക്കാര്യത്തിൽ നേരിയ വർധന രേഖപ്പെടുത്തി. പക്ഷെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തോത് വളരെ കുറവായിരുന്നുവെന്ന് കാണാം. ഏറ്റവും കുറവ് രേഖപ്പെടുത്തിയ സംസ്ഥാനം ഗോവയാണ്, 27 ശതമാനം. 34 ശതമാനം രേഖപ്പെടുത്തിയ കേരളമാണ് തൊട്ടടുത്ത്. ആന്ധ്രപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങൾ 42 ശതമാനവും രേഖപ്പെടുത്തി (രേഖാചിത്രം 2).

**ഉപസംഹാരം**

കോവിഡിന് ശേഷം ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് ആഗോള തലത്തിൽ തന്നെ ഉയരുന്ന പണപ്പെരുപ്പമാണ്. മഹാമാരിയുടെ ഘട്ടത്തിൽ പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകൾ, രാജ്യാന്തര വിതരണ ശ്രിംഖലയിൽ ഉണ്ടായ വിഘ്നങ്ങൾ, ലോകവ്യാപകമായി ഡിമാന്റിൽ ഉണ്ടായ പ്രകടമായ ഉണർവ് തുടങ്ങിയ കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. വികസിത രാജ്യങ്ങളിൽ പണപ്പെരുപ്പം രണ്ടക്കം കടന്നപ്പോൾ , ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര രാജ്യങ്ങളിൽ ഇതിന്റെ തീവ്രത താരതമ്യേന കുറവായാണ് കാണുന്നത്. ഈ സാഹചര്യത്തിൽ ഇന്ത്യയിലും പണപ്പെരുപ്പം ഒരു പ്രധാന ചർച്ചാവിഷയമായി മാറിയിട്ടുണ്ട്. അതുകൊണ്ട് കേരളത്തിന്റെ ഇക്കാര്യത്തിലെ നില ഇതര സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്ത് വിശകലനം നടത്തുന്നത് പ്രസക്തമാണ്. ഇതിൽ നിന്നും മനസിലാക്കാൻ കഴിയുന്ന പ്രധാന കാര്യം, മഹാമാരിയുടെ ഘട്ടത്തിൽ വിലകൾ പിടിച്ചു നിർത്താൻ കഴിഞ്ഞ ഏക ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണ് എന്നതാണ്.

തുടർച്ചയായ രണ്ടു വർഷത്തിന് ശേഷം 2022–23 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ വിലകൾ ഉയർന്നുവെന്നാണ് ഈ പഠനം വഴി മനസിലാക്കാൻ കഴിഞ്ഞത്. എന്നാൽ ദേശീയ ശരാശരിയെ അപേക്ഷിച്ച് കേരളത്തിൽ വിലകൾ താരതമ്യേന കുറവായിരുന്നു. ഗോവ കഴിഞ്ഞാൽ ഏറ്റവും കുറവ് ഉപഭോക്തൃ പണപ്പെരുപ്പ നിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം കേരളമാണ്. തെലങ്കാന, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ 8 ശതമാനത്തിന് മുകളിൽ പണപ്പെരുപ്പം രേഖപെടുത്തി. കേരളത്തെ പോലെ മഹാമാരിയുടെ ഘട്ടത്തിൽ ജനങ്ങൾക്ക് സാധനങ്ങൾ വിതരണം ചെയ്ത സംസ്ഥാനങ്ങളിൽ കുറഞ്ഞ തോതിലുള്ള പണപ്പെരുപ്പമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഹായങ്ങൾ പണമായി നൽകിയ സംസ്ഥാനങ്ങളിൽ പണപ്പെരുപ്പത്തിന്റെ തോത് കൂടുതലായിരുന്നുവെന്ന് കാണാം. കോവിഡിന്റെ നാളുകളിൽ ഭക്ഷണം, പാനീയങ്ങൾ എന്നിവയുടെ വിലകളാണ് പണപ്പെരുപ്പ നിരക്കിനെ കൂടുതലായി സ്വാധീനിച്ചിട്ടുള്ളത്. എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും ഇത് പ്രകടമായിരുന്നു. ഇക്കാര്യത്തിൽ ഏറ്റവും കുറവ് സ്വാധീനം രേഖപ്പെടുത്തിയ സംസ്ഥാന

ങ്ങളുടെ കൂട്ടത്തിലാണ് കേരളത്തിന്റെ സ്ഥാനം എന്നും പഠനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസർമാരാണ് ലേഖകർ)

**End Note**

[1] https://theprint.in/macrosutra/10-in-telangana-5-4-in-kerala-why-some-states-are-feeling-inflation-heat-more-than-others/1038782/

## References

1. IMF (2022). *"World Economic Outlook, January 2022"*. International Monetary Fund
2. Pandey, R (2022). *10% in Telangana, 5.4% in Kerala* - why some states are feeling inflation heat more than others, The Print, July 15
3. Kakarlapudi, K. K. and Renjith, P. S. (2020). Taming the Prices During the Pandemic, *Kerala Economy,* 1(4), 31-35.
4. Renjith, P. S., and Kakarlapudi, K. K. (2021). Taming the Prices During the Pandemic: Further Exploration, *Kerala Economy, 2*(1), 24-28.
5. GoI (2022), *Economic Survey 2022,* Ministry of Finance, Government of India.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

# കോവിഡ് മഹാമാരിയും തൊഴിലില്ലായ്മയും : കേരളവും ഇതര സംസ്ഥാനങ്ങളും – ഒരു താരതമ്യം

കിരൺകുമാർ കക്കർലപുടി, ഷഗിഷ്ണ കെ

**ആമുഖം**

കോവിഡ് മഹാമാരി, ആഗോളതലത്തിൽ സാമൂഹ്യ, സാമ്പത്തിക മേഖലയെ ഏറെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. രാജ്യങ്ങളുടെ ജി ഡി പി വളർച്ചയിൽ വൻ ഇടിവാണ് ഇത് മൂലം ഉണ്ടായത്. ദശലക്ഷക്കണക്കിനാളുകൾക്ക് ജീവനോപാധികൾ നഷ്ടമായി, ദാരിദ്ര്യവും അസമത്വവും ഉച്ചസ്ഥായിയിലെത്തി. അന്താരാഷ്ട്ര ലേബർ ഓർഗനൈസേഷൻ (ഐ എൽ ഒ) പുറത്തുവിട്ട കണക്കുകൾ നോക്കാം. 2020 ൽ കോവിഡ് പ്രതിസന്ധി 255 ദശലക്ഷം പേർക്ക് ജോലി നഷ്ടപെടുത്തിയതായി ഐ എൽ ഒ റിപ്പോർട്ട് പറയുന്നു. കോവിഡിന്റെ ആഘാതത്തിൽ നിന്നും രാജ്യങ്ങൾ മുക്തമായി വരികയാണെങ്കിലും 52 ദശലക്ഷം പേർക്ക് ഇനിയും നഷ്ടമായ തൊഴിലിലേക്ക് തിരിച്ചു വരാൻ കഴിഞ്ഞിട്ടില്ല. ഐ എൽ ഒ റിപ്പോർട്ട് വ്യക്തമാക്കുന്ന മറ്റൊരു കാര്യം, തൊഴിൽ മേഖലയിലെ തിരിച്ചുവരവ് പല രാജ്യങ്ങളിലും വ്യത്യസ്തമായ രീതിയിലാണ് എന്നതാണ്. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ തിരിച്ചുവരവിന് വേഗത കൂടുതലാണ്. എന്നാൽ കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളുടെ കാര്യത്തിൽ സ്ഥിതി മറിച്ചാണ്.

ഇന്ത്യയിൽ കോവിഡ് പ്രതിസന്ധിക്ക് മുൻപ് തന്നെ തൊഴിലില്ലായ്മ രൂക്ഷമായിരുന്നുവെന്ന് പല വിദഗ്ധരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കോവിഡ് മഹാമാരി ഇത് കൂടുതൽ രൂക്ഷമാക്കി. തൽഫലമായി ദശലക്ഷക്കണക്കിനാളുകൾക്ക് തങ്ങളുടെ തൊഴിലും വരുമാനവും നഷ്ടമായിട്ടുണ്ട്.

ഈ പ്രശ്നങ്ങൾ പല തലത്തിലുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിയൊരുക്കുകയുണ്ടായി. സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമിയുടെ (സി എം ഐ ഇ) കൺസ്യൂമർ പിരമിഡ് ഹൗസ് ഹോൾഡ് സർവെ (സി പി എച്ച് എസ്) പ്രകാരം, 2020 മാർച്ച് മുതൽ മെയ് വരെ

***കോവിഡിന്റെ ഒന്നാം തരംഗത്തിന്റെ ഘട്ടത്തിൽ കേരളത്തിൽ തൊഴിലില്ലായ്മയുടെ നിരക്ക് ഇരട്ടിയായി ഉയർന്നു. 2020 ജനുവരി–മാർച്ച് കാലയളവിൽ 7.3 ശതമാനമായിരുന്ന തൊഴിലില്ലായ്മ ഏപ്രിൽ–ജൂൺ കാലയളവിൽ 14.8 ശതമാനമായി വർധിച്ചു. എന്നാൽ ഇത്, ദേശീയ ശരാശരി വളർച്ചയേക്കാൾ കുറവായിരുന്നു. ദേശീയതലത്തിൽ ഇതേ കാലയളവിൽ തൊഴിലില്ലായ്മ നിരക്ക് 7.9 ശതമാനത്തിൽ നിന്ന് 18.4 ശതമാനമായാണ് ഉയർന്നത്.***

***കോവിഡിന്റെ രണ്ടാം തരംഗത്തിൽ ഇന്ത്യയിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്ക് രേഖപ്പെടുത്തിയത് കേരളത്തിലാണ്. 10.3 ശതമാനമാണ് കേരളം രേഖപ്പെടുത്തിയ നിരക്ക്. ദേശീയ ശരാശരിയായ 3.03 ശതമാനത്തേക്കാൾ മൂന്നിരട്ടിയിലേറെ അധികമാണ് ഇതെന്ന് കാണാം.***

തൊഴിലില്ലായ്മ അതിരൂക്ഷമായിരുന്നു. ദേശീയതലത്തിൽ പ്രഖ്യാപിക്കപ്പെട്ട ലോക്ക് ഡൗണാണ് ഇതിന് കാരണം. മാർച്ച് മാസത്തിലെ അവസാന വാരത്തിൽ തൊഴിലില്ലായ്മ അഭൂതപൂർവമായി ഉയർന്ന് 23.8 ശതമാനമായി. എന്നാൽ ആദ്യ രണ്ടാഴ്ചകളിൽ ഇത് 7.6 ശതമാനമായിരുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ ഇത് 23.5 ശതമാനമായിരുന്നു. ജൂൺ പകുതിയാകുമ്പോഴേക്ക് ലോക്ക്ഡൗണിൽ വരുത്തിയ ഇളവുകൾ ഈ സ്ഥിതിയിൽ മാറ്റം വരുത്തി (വ്യാസ്–2020). സർവെ അനുസരിച്ച് 2019–20ലെ ശരാശരി പ്രതിമാസ തൊഴിൽ 403.7 ദശലക്ഷമാണ്. സി എം ഐ ഇ (2020) യുടെ അനുമാനം അനുസരിച്ച് 2020 ഏപ്രിൽ മാസത്തിൽ 121.5 ദശലക്ഷം പേർക്കാണ് തൊഴിൽ നഷ്ടമായത്. അതായത് ഏതാണ്ട് 30 ശതമാനം പേർക്ക് തൊഴിൽ നഷ്ടമായി എന്നർത്ഥം. ലോക്ക് ഡൗണിന്റെ ആഘാതം പല മേഖലകളിലും വ്യത്യസ്തമായിരുന്നു. അസംഘടിത മേഖലകളിലും സാധാരണ തൊഴിലാളികൾക്കും സ്ത്രീകൾ, യുവാക്കൾ, പിന്നോക്ക വിഭാഗങ്ങൾ തുടങ്ങിയവർക്കുമാണ് തൊഴിൽ നഷ്ടത്തിന്റെ ആഘാതം കൂടുതൽ കഠിനമായത് (ഐ എൽ ഒ–2020, ഒ ഇ സി ഡി – 2020, ഐക്യരാഷ്ട്ര സംഘടന–2020).

എന്നാൽ വിവിധ സംസ്ഥാനങ്ങളിൽ കോവിഡ് പ്രതിസന്ധി തൊഴിൽ മേഖലയിൽ വരുത്തിയിട്ടുള്ള ആഘാതം വ്യത്യസ്തതരത്തിലുള്ളതാണ്. ഇന്ത്യയിൽ ആദ്യത്തെ കോവിഡ് കേസ് രേഖപ്പെടുത്തിയത് കേരളത്തിലാണ്. ആദ്യതരംഗത്തെ ഫലപ്രദമായി നേരിടാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഇക്കാര്യത്തിൽ രാജ്യാന്തര തലത്തിൽ തന്നെ കേരളത്തിന് ശ്രദ്ധ പിടിച്ചു പറ്റാൻ കഴിഞ്ഞു. പക്ഷെ രണ്ടാം വരവിൽ സ്ഥിതി ഗുരുതരമായി. ഇന്ത്യയിലെ മൊത്തം കേസുകളുടെ 60 ശതമാനവും കേരളത്തിലും മഹാരാഷ്ട്രയിലുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇക്കാരണത്താൽ കോവിഡ് തൊഴിൽ രംഗങ്ങളിൽ ഏൽപിച്ച ആഘാതവും അതിൽ നിന്നുള്ള തിരിച്ചുവരവും വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത രീതിയിലായിരുന്നു. തൊഴിൽ നഷ്ടത്തിന്റെ കണക്കെടുക്കുമ്പോൾ ഒന്നും രണ്ടും തരംഗങ്ങളുടെ വേളയിൽ കൂടുതൽ തൊഴിൽ നഷ്ടം രേഖപ്പെടുത്തിയത് കേരളത്തിലായിരുന്നു എന്ന് കാണാം (കക്കർല പുടി –2022).

കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും കോവിഡ് ഘട്ടത്തിലും അതിന് ശേഷവുമുള്ള തൊഴിലില്ലായ്മയുടെ സ്ഥിതി സി എം ഐ ഇ യുടെ എംപ്ലോയ്മെന്റ് ഔട്ട്ലുക് പ്രസിദ്ധീകരണത്തിന്റെ അടിസ്ഥാനത്തിൽ അവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. താഴെ കാണുന്ന വിധത്തിലാണ് ഈ ലേഖനം ക്രമപ്പെടുത്തിയിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലെ തൊഴിലില്ലായ്മയുടെ സ്ഥിതിയാണ് രണ്ടാം ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്നാം ഭാഗത്ത് ഗ്രാമീണ, നഗര മേഖലകളിൽ തൊഴിലില്ലായ്മയുടെ വ്യതിയാനം ചർച്ച ചെയ്യുന്നു. തൊഴിലില്ലായ്മയുടെ കാര്യത്തിലെ ലിംഗഭേദമാണ് നാലാം ഭാഗത്ത് വരുന്നത്. അവസാന ഭാഗത്ത് നിരീക്ഷണങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

***മഹാമാരിയുടെ ആദ്യ തരംഗത്തിന്റെ ഘട്ടത്തിൽ ഗ്രാമീണ മേഖലയിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും കുറഞ്ഞ തൊഴിലില്ലായ്മ രേഖപ്പെടുത്തിയത് കേരളത്തിലാണ്. നഗര മേഖലയിൽ ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്കും കേരളത്തിലാണ് രേഖപ്പെടുത്തിയത്. എന്നാൽ രണ്ടാം തരംഗത്തിൽ ദേശീയ രംഗത്തെ പ്രവണതകൾക്ക് വിരുദ്ധമായി കേരളത്തിൽ ഗ്രാമീണ മേഖലയിൽ നഗര പ്രദേശങ്ങളെക്കാൾ ഉയർന്നതായിരുന്നു തൊഴിലില്ലായ്മ.***

## 2. സംസ്ഥാനങ്ങളിലെ തൊഴിലില്ലായ്മയുടെ തോത്

2020 ഏപ്രിൽ മാസത്തിൽ പ്രഖ്യാപിച്ച ലോക്ക് ഡൗൺ മൂലം തൊഴിലിന്റെ എണ്ണത്തിലും മൊത്തത്തിൽ ജോലി ചെയ്യുന്ന സമയത്തിലും വൻതോതിലുള്ള ഇടിവ് പ്രകടമായി (മണ്ഡൽ et al,2020). കോവിഡിന്റെ ആദ്യതരംഗത്തിന്റെ ഘട്ടത്തിൽ തൊഴിലില്ലായ്മ 23.5 ശതമാനം എന്ന നിലയിലേക്ക് ഉയർന്നു (സി എം ഐ ഇ –2020). 2020 ജനുവരി– മാർച്ച് ഘട്ടത്തിൽ 7.3 ശതമാനമായിരുന്ന കേരളത്തിലെ തൊഴിലില്ലായ്മ ഏപ്രിൽ – ജൂൺ മാസങ്ങളിൽ 14.8 ശതമാനം എന്ന തോതിലേക്ക് കുതിച്ചുയർന്നു. ഇത് പക്ഷെ, ദേശീയ ശരാശരിയേക്കാൾ കുറവാണെന്ന് കാണാം. ലോക്ക് ഡൗൺ ഘട്ടത്തിൽ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ രേഖപ്പെടുത്തിയ സംസ്ഥാനം ജാർഖണ്ഡ് ആണ്, 32.2 ശതമാനം. 28.3 ശതമാനവുമായി തമിഴ്നാട് തൊട്ടടുത്ത് വരുന്നു. ബിഹാറിൽ 24.7 ശതമാനവും കർണ്ണാടകയിൽ 16.2 ശതമാനവും രേഖപ്പെടുത്തി. നാല് ശതമാനത്തിൽ താഴെ രേഖപ്പെടുത്തിയത് ഛത്തീസ്ഗഢ്, ആസാം, രാജസ്ഥാൻ, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലാണ്. 18 പ്രമുഖ സംസ്ഥാനങ്ങളിൽ പത്തെണ്ണവും തുടർന്നുള്ള പാദങ്ങളിൽ മഹാമാരിക്ക് മുൻപുള്ള സ്ഥിതിയിലേക്ക് തിരികെയെത്തി. 2020 ജൂലൈ – സെപ്റ്റംബർ പാദത്തിൽ കേരളത്തിൽ തൊഴിലില്ലായ്മ കുറഞ്ഞുവെങ്കിലും മഹാമാരിക്ക് മുമ്പുള്ളതിനേക്കാൾ നേരിയ കുറവ് (0.7%) രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം (പട്ടിക–1).

കോവിഡിന്റെ രണ്ടാം തരംഗത്തിൽ (2021 ഏപ്രിൽ–ജൂൺ) ഇന്ത്യ ആഗോള തലത്തിൽ ഏറ്റവും കൂടുതൽ ആഘാതം നേരിട്ട രാജ്യങ്ങളിൽ ഒന്നായി മാറി. പോസിറ്റീവ് കേസുകളുടെ എണ്ണത്തിൽ അമേരിക്കയെ മറി കടന്ന് ഇന്ത്യ രണ്ടാം സ്ഥാനത്തായി. എന്നാൽ റിസർവ് ബാങ്ക് പ്രവചിച്ചത് രണ്ടാം തരംഗം ഒന്നാം തരംഗത്തെ അപേക്ഷിച്ച് കുറഞ്ഞ ആഘാതം മാത്രമേ ഏല്പിക്കൂ എന്നാണ് (ആർ ബി ഐ–2022, പേജ്–77). ദേശീയാടിസ്ഥാനത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിക്കാതിരുന്നതാണ് ഇതിന് കാരണം. പല സംസ്ഥാനങ്ങളും രോഗത്തിന്റെ തീവ്രത നോക്കി ഭാഗികമായി മാത്രമാണ് അടച്ചിട്ടത്. സി എം ഐ എയുടെ കണക്കുകൾ അനുസരിച്ച് 2021 ഏപ്രിൽ മാസത്തിൽ ഏഴ് ദശലക്ഷം തൊഴിലാണ് നഷ്ടമായത്. 2021 മാർച്ചിൽ 6.5 ശതമാനമായിരുന്ന തൊഴിലില്ലായ്മ നിരക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ 7.97 ശതമാനമായി വർധിച്ചു. രണ്ടാം തരംഗത്തിൽ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്ക് രേഖപ്പെടുത്തിയത് കേരളത്തിലാണ് 10.3 ശതമാനം. ഇത് 3.03 ശതമാനം എന്ന ദേശീയ ശരാശരിയുടെ മൂന്നിരട്ടിയിലേറെയായിരുന്നു. കോവിഡ് കേസുകളുടെ എണ്ണം ഉയരുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാനം കൈക്കൊണ്ട കർശനമായ നിയന്ത്രണങ്ങളാണ് ഇതിന് വഴി വച്ചത്. പശ്ചിമ ബംഗാൾ (10.03%), തമിഴ്നാട് (8.9%),

**Table 1**: Unemployment trends across major states (in%)

| States | Jan - Mar 2020 | Apr - Jun 2020 | Jul - Sep 2020 | Oct - Dec 2020 | Jan - Mar 2021 | Apr - Jun 2021 | Jul - Sep 2021 | Oct - Dec 2021 | Jan - Mar 2022 | Apr - Jun 2022 |
|---|---|---|---|---|---|---|---|---|---|---|
| Andhra Pradesh | 5.70 | 13.73 | 7.23 | 6.43 | 4.70 | 8.37 | 7.10 | 5.77 | 7.50 | 4.73 |
| Assam | 4.63 | 7.10 | 3.50 | 4.87 | 1.40 | 0.30 | 4.03 | 4.53 | 8.80 | 8.87 |
| Bihar | 12.10 | 36.80 | 12.70 | 10.83 | 12.20 | 11.93 | 12.20 | 14.90 | 13.87 | 16.13 |
| Chhattisgarh | 8.53 | 9.37 | 5.97 | 5.77 | 5.03 | 4.53 | 3.80 | 2.30 | 1.77 | 0.87 |
| Gujarat | 6.20 | 11.33 | 2.37 | 3.63 | 2.87 | 1.97 | 1.57 | 1.80 | 1.83 | 2.23 |
| Haryana | 23.73 | 32.97 | 25.67 | 28.47 | 23.83 | 30.53 | 28.30 | 31.33 | 26.93 | 29.87 |
| Jharkhand | 10.20 | 42.40 | 8.90 | 11.23 | 12.10 | 15.07 | 12.83 | 15.53 | 12.80 | 13.13 |
| Karnataka | 3.33 | 19.40 | 2.30 | 1.63 | 2.33 | 4.27 | 2.20 | 1.90 | 2.23 | 3.57 |
| Kerala | 7.30 | 14.87 | 8.00 | 5.40 | 5.23 | 15.60 | 8.07 | 6.40 | 5.57 | 5.63 |
| Madhya Pradesh | 3.63 | 13.63 | 4.57 | 3.87 | 3.23 | 2.97 | 2.97 | 2.27 | 2.47 | 1.27 |
| Maharashtra | 5.17 | 15.20 | 4.87 | 3.70 | 3.70 | 5.20 | 4.40 | 4.27 | 4.17 | 4.03 |
| Odisha | 6.03 | 13.00 | 1.80 | 1.37 | 2.37 | 4.17 | 2.03 | 1.10 | 4.17 | 1.77 |
| Punjab | 10.80 | 15.93 | 9.93 | 7.27 | 7.53 | 7.47 | 7.40 | 8.30 | 8.40 | 8.30 |
| Rajasthan | 12.70 | 15.93 | 16.20 | 23.60 | 21.00 | 27.30 | 21.90 | 25.60 | 25.27 | 26.97 |
| Tamil Nadu | 3.37 | 31.73 | 4.80 | 1.27 | 3.93 | 12.87 | 6.03 | 5.63 | 4.20 | 2.80 |
| Telangana | 6.53 | 10.50 | 4.83 | 3.83 | 4.53 | 5.67 | 4.10 | 3.47 | 6.70 | 9.77 |
| Uttar Pradesh | 8.90 | 17.13 | 5.20 | 7.97 | 4.37 | 5.83 | 5.67 | 4.63 | 3.37 | 2.93 |
| West Bengal | 6.23 | 14.03 | 10.33 | 9.13 | 6.30 | 16.33 | 7.20 | 6.53 | 6.10 | 5.73 |
| All India | 7.93 | 18.46 | 7.46 | 7.53 | 6.63 | 9.66 | 7.40 | 7.53 | 7.43 | 7.56 |

Source: CMIE- Employment Outlook, Various Years

***തൊഴിലില്ലായ്മയുടെ കാര്യത്തിലെ ലിംഗഭേദം വിശകലനം ചെയ്യുമ്പോൾ കേരളത്തിൽ പ്രകടമായത് ദേശീയതലത്തിലുള്ള പ്രവണതകൾക്ക് കടക വിരുദ്ധമായതായിരുന്നു. ഒന്നാം തരംഗ വേളയിൽ ദേശീയതലത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾക്കിടയിലാണ് തൊഴിലില്ലായ്മ കൂടുതൽ തീവ്രമായിരുന്നത്. എന്നാൽ കേരളത്തിൽ കണ്ടത് സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മയുടെ തോത് കുറയുന്നതായാണ്.***

ഹരിയാന (6.7%) എന്നിവയാണ് തൊഴിലില്ലായ്മ നിരക്കിൽ വലിയ വർധന രേഖപ്പെടുത്തിയ മറ്റു സംസ്ഥാനങ്ങൾ. മിക്ക സംസ്ഥാനങ്ങളുടെ കാര്യത്തിലും 2021ലെ തുടർന്നുള്ള പാദങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞു വരുന്നതായി കാണാം (പട്ടിക–1).

2022 ഏപ്രിൽ–ജൂൺ കാലയളവിലെ തൊഴിലില്ലായ്മയുടെ തോതും കോവിഡിന് മുൻപുള്ള സ്ഥിതിയും താരതമ്യം ചെയ്യുമ്പോൾ 18 സംസ്ഥാനങ്ങളിൽ 12 എണ്ണത്തിലും സ്ഥിതി കോവിഡിന് മുൻപുള്ള തോതിലേക്ക് തിരിച്ചെത്തിയിട്ടുണ്ട്. രാജസ്ഥാൻ, ആസാം, ഹരിയാന, ബീഹാർ, തെലങ്കാന, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലാണ് ഉയർന്ന തൊഴിലില്ലായ്മ രേഖപ്പെടുത്തിയത്. ഇതിൽ തന്നെ ആറ് സംസ്ഥാനങ്ങളുടെ കാര്യത്തിൽ കോവിഡിന്റെ രണ്ടാം വരവിനു ശേഷമുള്ള എല്ലാ പാദങ്ങളിലും നിരക്ക് ഉയർന്നു തന്നെ തുടർന്നു. കൗതുകകരമായ കാര്യം, രാജസ്ഥാൻ, ഹരിയാന, ബീഹാർ, ജാർഖണ്ഡ് എന്നിവ ഒഴിച്ച് നിർത്തിയാൽ മറ്റു സംസ്ഥാനങ്ങൾ കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളാണ് എന്നതാണ്. ഈ സംസ്ഥാനങ്ങളിൽ തുടർച്ചയായി തൊഴിലില്ലായ്മ തോത് ഉയർന്ന തോതിൽ തുടരുന്നതിനെ കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

### 3. ഗ്രാമ–നഗര പ്രദേശങ്ങളിൽ ആഘാതത്തിൽ ഉണ്ടായ വ്യത്യാസം

കോവിഡ് കേസുകളുടെ എണ്ണം ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് നഗരങ്ങളിൽ കൂടുതലായിരുന്നു. പൊതുവെ കാർഷിക മേഖലയെ കോവിഡിന്റെ ആഘാതം അത്ര കാര്യമായി ബാധിച്ചിട്ടില്ലെന്ന് കാണാം. എന്നാൽ, കാർഷികേതര മേഖലയിൽ ആഘാതം കടുത്തതായിരുന്നു. സമാനമായ രീതിയിൽ തൊഴിലിന്റെ കാര്യത്തിലും ഗ്രാമപ്രദേശങ്ങളുടെ സ്ഥിതി താരതമ്യേന മെച്ചപ്പെട്ടതായിരുന്നു. നഗര മേഖലകൾ കൂടുതലായുള്ള കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിൽ കോവിഡിന്റെ പകർച്ച കൂടുതലായിരുന്നുവെന്നത് ഈ വാദത്തിന് ഉപോൽബലകമാണ്. അതുകൊണ്ട് അർബൻ പ്രദേശങ്ങൾ കൂടുതലുള്ള സംസ്ഥാനങ്ങളിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിൽ രംഗത്തുണ്ടായ ആഘാതം ശക്തമായിരുന്നുവെന്ന് കാണാം.

മഹാമാരിക്ക് മുൻപേ തന്നെ കേരളത്തിലെ നഗര, ഗ്രാമ മേഖലകളിലെ തൊഴിലില്ലായ്മ നിരക്ക് മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ ഉയർന്ന തോതിലായിരുന്നു. 2019ൽ കേരളത്തിലെ നഗര മേഖലയിലെ ശരാശരി തൊഴിലില്ലായ്മ 6.7 ശതമാനമായിരുന്നു. കർണ്ണാടകത്തിൽ ഇത് 2.8 ശതമാനവും തമിഴ്നാട്ടിൽ 4 ശതമാനവുമായിരുന്നു. ഗ്രാമീണ മേഖലയിൽ കേരളത്തിൽ 7.7 ശതമാനമായിരുന്നു തൊഴിലില്ലായ്മയെങ്കിൽ തമിഴ്നാട്ടിൽ 2.2 ശതമാനവും കർണ്ണാടകത്തിൽ 3 ശതമാനവുമായിരുന്നു. നഗര മേഖലയിലെ തൊഴിലില്ലായ്മ ഗ്രാമങ്ങളിലേതിനേക്കാൾ കുറവായിരുന്നത് രണ്ട്

**Table 2** - Unemployment rates across rural-urban areas (%)

| | Urban | | | | | | Rural | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | AP | KA | KL | TN | TS | AI | AP | KA | KL | TN | TS | AI |
| Jan-Apr 2019 | 5.38 | 1.97 | 6.65 | 2.11 | 3.07 | 7.56 | 4.4 | 0.84 | 7.89 | 1.42 | 2.25 | 6.55 |
| May-Aug 2019 | 4.84 | 3.52 | 7.17 | 5.09 | 2.77 | 8.44 | 3.57 | 4.34 | 7.66 | 2.9 | 2.81 | 7 |
| Sep-Dec 2019 | 6.88 | 2.87 | 6.31 | 4.7 | 5.68 | 9.04 | 4.1 | 3.85 | 7.6 | 2.31 | 4.51 | 6.79 |
| Jan-Apr 2020 | 15.27 | 5.14 | 13.66 | 17.21 | 7.48 | 12.42 | 7.09 | 6.67 | 8.06 | 10.69 | 6 | 9.48 |
| May-Aug 2020 | 10.84 | 6.94 | 6.81 | 10.38 | 7.41 | 12.7 | 6.9 | 8.78 | 12.92 | 11.13 | 10.14 | 11.02 |
| Sep-Dec 2020 | 5.53 | 2.01 | 6.07 | 1.37 | 4.86 | 7.84 | 4.83 | 1.74 | 5.75 | 2.91 | 3.12 | 6.74 |
| Jan-Apr 2021 | 6.37 | 2.33 | 6.01 | 4.86 | 5.2 | 7.67 | 4 | 2.43 | 6.2 | 2.47 | 4.05 | 6.44 |
| May-Aug 2021 | 7.73 | 4.41 | 10.5 | 8.42 | 6.28 | 9.61 | 7.72 | 3.1 | 13.51 | 7.88 | 4.94 | 8.09 |
| Sep-Dec 2021 | 5.41 | 2.26 | 6.81 | 5.93 | 5.61 | 7.94 | 4.88 | 1.77 | 7.31 | 5.22 | 2.97 | 7.02 |
| Jan-Apr 2022 | 5.76 | 2.94 | 6.72 | 3.49 | 8.42 | 7.84 | 5.66 | 2.23 | 5.95 | 3.78 | 8.04 | 7.24 |
| May-Aug 2022 | 5.68 | 2.78 | 6.89 | 3.09 | 9.23 | 7.84 | 3.33 | 4.3 | 5.97 | 3.19 | 7.81 | 7.24 |

*Source: CMIE- Employment Outlook, Various Years*

Note: AP - Andhra Pradesh, KA - Karnataka, KL - Kerala, TN - Tamil Nadu, TS - Telangana, AI - All India.

സംസ്ഥാനങ്ങളിൽ മാത്രമായിരുന്നു, കേരളത്തിലും കർണാടകത്തിലും. മറ്റു സംസ്ഥാനങ്ങളിലെല്ലാം നേരെ തിരിച്ചായിരുന്നു (പട്ടിക–2). ഇവിടെ കോവിഡിന്റെ ആഘാതം വിശകലനം ചെയ്യുന്നതിന് രണ്ടു തരംഗത്തിന്റെയും ശരാശരിയാണ് കണക്കിലെടുത്തിരിക്കുന്നത്. 2020 ജനുവരി മുതൽ ഏപ്രിൽ വരെയും തുടർന്ന് ജൂൺ മുതൽ ആഗസ്റ്റ് വരെയുമുള്ള കണക്കാണ് എടുത്തിട്ടുള്ളത്. കോവിഡിന് മുൻപുള്ള സ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറഞ്ഞ തോതിൽ നഗര മേഖലയിലെ തൊഴിലില്ലായ്മ ഉണ്ടായിരിക്കുന്നത് കർണ്ണാടകത്തിലാണ്, 3.25 ശതമാനം. തൊട്ടടുത്ത് കേരളമാണ്, 3.5 ശതമാനം. കോവിഡിന്റെ ആദ്യ തരംഗം ഉണ്ടായപ്പോൾ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ വർധിച്ചത് തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ്. ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മയുടെ തോതിൽ ഏറ്റവും കുറഞ്ഞ വർധന രേഖപ്പെടുത്തിയ സംസ്ഥാനം കേരളമാണ്, 2.7 ശതമാനം.

തെലങ്കാന ഒഴിച്ചുള്ള എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഗ്രാമീണ മേഖലയെ അപേക്ഷിച്ച് അർബൻ മേഖലകളിൽ തൊഴിലില്ലായ്മ കൂടുതലായിരുന്നുവെന്ന് കാണാം. എന്നാൽ കേരളത്തിൽ നഗര മേഖലയിലെ തൊഴിലില്ലായ്മയുടെ വളർച്ചയുടെ തോത് താരതമ്യേന കുറവായിരുന്നു. സംസ്ഥാന സർക്കാർ സ്വീകരിച്ച വിവിധങ്ങളായ നയങ്ങളും പദ്ധതികളുമാണ് ഇതിന് കാരണമായി പറയാവുന്നത്. 2010 ലെ അയ്യൻ കാളി തൊഴിലുറപ്പ് പദ്ധതി ഇതിന് ഉദാഹരണമാണ്. 100 തൊഴിൽ ദിനങ്ങൾ ഈ പദ്ധതി ഉറപ്പ് നൽകുന്നു. കേരളത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ പദ്ധതി വഴി 2022ൽ ലക്ഷ്യമിടുന്നത് 50 ലക്ഷം മനുഷ്യ ദിനങ്ങളാണ്. ലോക്ക് ഡൗണിന് ശേഷം കാർഷിക മേഖല കൂടുതൽ സജീവമായത് ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് നിദാനമായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി എന്നറിയപ്പെടുന്ന എം ജി എൻ ആർ ഇ ജി എ പദ്ധതി ഇക്കാര്യത്തിൽ ശക്തമായ അടിത്തറയായി വർത്തിച്ചിട്ടുണ്ട്.

***പൊതുവിൽ പ്രകടമായ ട്രെൻഡ് പരിഗണിക്കുമ്പോൾ സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ ഏറ്റവും ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മ കണ്ടത് കേരളത്തിലാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കിടയിലാണ് തൊഴിലില്ലായ്മ കൂടുതൽ രൂക്ഷമായി കണ്ടത്.***

2020 നവംബർ മാസം വരെ 252 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതായി ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 43 ശതമാനം വർധനയാണ് ഇത് കാണിക്കുന്നത്. ഏപ്രിൽ മുതൽ തൊഴിലിന് താല്പര്യം പ്രകടമാക്കിയവരിൽ 55 ശതമാനം പേർക്കും ജോലി ലഭ്യമായിട്ടുണ്ട്. ഇതിൽ 98 ശതമാനം പേരും അഭിപ്രായപ്പെട്ടത് കൂടുതൽ ദിവസം ജോലി ചെയ്യാൻ താല്പര്യമുണ്ടെന്നാണ് (എ പി യു–2021 ).

2020ലെ തുടർന്നുള്ള മാസങ്ങളിൽ ഗ്രാമീണ മേഖലയിലും നഗര മേഖലയിലും കേരളത്തിൽ തൊഴിലില്ലായ്മയുടെ സ്ഥിതി കോവിഡിന് മുൻപുണ്ടായിരുന്ന സ്ഥിതിയിലേക്ക് തിരിച്ചെത്തി. മറ്റു സംസ്ഥാനങ്ങളുടെ കാര്യമെടുത്താൽ തെലങ്കാനയിൽ നഗര മേഖലയിൽ സ്ഥിതി കോവിഡിന് മുൻപുള്ള സ്ഥിതിയിലേക്ക് തിരിച്ചെത്തിയില്ല. ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഗ്രാമീണ തൊഴിലില്ലായ്മയുടെ കാര്യത്തിൽ ഇതേ അവസ്ഥയാണുണ്ടായത്. രണ്ടാം തരംഗമായപ്പോൾ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ രേഖപ്പെടുത്തിയ സംസ്ഥാനമായി കേരളം മാറി. ഗ്രാമീണ, നഗര മേഖലകളിലും ഇതായിരുന്നു കേരളത്തിന്റെ അവസ്ഥ. 2021 മെയ്–ആഗസ്റ്റ് കാലയളവിൽ ഗ്രാമീണ മേഖലയിൽ 7.3 ശതമാനവും നഗര മേഖലയിൽ 4.4 ശതമാനവും വീതമാണ് കേരളത്തിൽ തൊഴിലില്ലായ്മ രേഖപ്പെടുത്തിയത്. അതുപോലെ ആന്ധ്രപ്രദേശും തെലങ്കാനയും ഗ്രാമീണ മേഖലയിലാണ് കൂടുതൽ തൊഴിലില്ലായ്മ രേഖപ്പെടുത്തിയത്.

2022 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിലെ ശരാശരി തൊഴിലില്ലായ്മ 2019 ലേതുമായി താരതമ്യം ചെയ്യുമ്പോൾ കാണുന്ന ഒരു കാര്യം കേരളത്തിലൊഴികെ എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഉയർന്ന തോതിൽ ഗ്രാമീണ തൊഴിലില്ലായ്മ ഉണ്ടായി എന്നതാണ്. നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മയുടെ കാര്യമെടുത്താൽ 2022ൽ കേരളം, കർണ്ണാടക, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ ഉയർന്ന തൊഴിലില്ലായ്മ രേഖപ്പെടുത്തി എന്നും കാണാം. ഇതിൽ നിന്നും മനസ്സിലാക്കാവുന്ന ഒരു കാര്യം, അർബൻ മേഖലയുടെ കാര്യത്തിൽ കേരളത്തിൽ തൊഴിലില്ലായ്മ കോവിഡിന് മുൻപുള്ള ഘട്ടത്തിലെ നിലയിലേക്ക് എത്തിയിട്ടില്ല എന്നാണ്.

### 4. കോവിഡ് മഹാമാരിയും തൊഴിലില്ലായ്മയുടെ കാര്യത്തിലെ ലിംഗഭേദവും

ചരിത്രപരമായി തന്നെ തൊഴിൽ വിപണികളിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിന്നോക്കം പോകുന്ന സ്ഥിതി പ്രകടമാണ്. ഇതിന് ഉപോൽബലകമായി നിരവധി കാരണങ്ങൾ ചൂണ്ടികാണിക്കപ്പെടാറുണ്ട്. സ്ത്രീകൾ വരുമാനം ഉണ്ടാക്കുന്നത് മോശമാണെന്ന ചിന്താഗതി, ഉയർന്ന വരുമാനമുള്ള കുടുംബങ്ങൾക്ക് ഇത് അത്യാവശ്യമല്ലാതെ വരിക (ഐ എൽ ഒ 2013, സുബ്രമണ്യം, 2013; എബ്രഹാം, 2013; ചൗധരി, വെറിക്ക്, 2014), മോശം തൊഴിൽ സാഹചര്യങ്ങൾ, വേതനത്തിലെ തരംതിരിവ് (ഐ എൽ ഒ, 2013) തുടങ്ങിയ നിരവധി ഘടകങ്ങൾ ഇതിനു പിന്നിലുണ്ട്. പല പഠനങ്ങളും ചൂണ്ടിക്കാട്ടുന്നത് സ്ത്രീകൾ

**Table 3** - Gender-wise Unemployment Rate among South Indian States (in %)

| | Male | | | | | | Female | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | AP | KA | KL | TN | TS | AI | AP | KA | KL | TN | TS | AI |
| Jan-Apr 2019 | 4.79 | 1.11 | 3.86 | 1.26 | 3.22 | 5.64 | 3.89 | 3.46 | 35.96 | 3.37 | 0.73 | 15.77 |
| May-Aug 2019 | 4.21 | 1.24 | 4.11 | 2.24 | 3.82 | 6.06 | 1.82 | 29.95 | 33.91 | 9.29 | 0.22 | 17.63 |
| Sep-Dec 2019 | 4.88 | 1.02 | 3.81 | 2.37 | 6.57 | 6.16 | 5.02 | 30.09 | 33.67 | 7.46 | 1.03 | 17.47 |
| Jan-Apr 2020 | 9.09 | 3.97 | 7.45 | 13.43 | 8.42 | 9.37 | 11.59 | 29.27 | 31.72 | 13.45 | 2.46 | 18.52 |
| May-Aug 2020 | 8.56 | 7.01 | 9.3 | 10.72 | 8.01 | 10.87 | 5.65 | 14.09 | 16.63 | 11.06 | 11.52 | 17.14 |
| Sep-Dec 2020 | 5.13 | 1.29 | 5.13 | 2.25 | 4.4 | 6.10 | 4.57 | 6.98 | 14.09 | 2 | 2.19 | 15.06 |
| Jan-Apr 2021 | 4.63 | 1.91 | 5.24 | 3.43 | 5.69 | 6.04 | 5.23 | 6.04 | 15.03 | 4.35 | 1.67 | 13.28 |
| May-Aug 2021 | 7.79 | 3.73 | 10.09 | 7.41 | 6.16 | 7.88 | 7.29 | 2.8 | 28.97 | 12.56 | 3.76 | 14.28 |
| Sep-Dec 2021 | 4.94 | 1.68 | 5.47 | 4.42 | 5.42 | 6.65 | 5.63 | 3.95 | 21.44 | 13.13 | 0.55 | 12.80 |
| Jan-Apr 2022 | 5.2 | 1.89 | 5.25 | 3.26 | 6.35 | 6.57 | 8.63 | 7.71 | 17.11 | 6.81 | 11.71 | 14.79 |
| May-Aug 2022 | 3.73 | 2.9 | 5.37 | 2.55 | 7.59 | 6.57 | 6.69 | 12.36 | 17.11 | 7.53 | 10.21 | 15.20 |

*Source: CMIE- Employment Outlook, Various Years*

*Note: AP - Andhra Pradesh, KA - Karnataka, KL - Kerala, TN - Tamil Nadu, TS - Telangana, AI - All India.*

സ്വമേധയാ ജോലി ഉപേക്ഷിച്ച് പോകുന്നു എന്നാണ് (ഈപ്പൻ, 2004; സുദർശൻ, ഭട്ടാചാര്യ–2009; എബ്രഹാം–2013. ചാറ്റർജി –2016 ). വിവാഹം ഇതിന് കാരണമായി ചില പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട് (ദാസ്–2015 ). എന്നാൽ ഇത്തരത്തിൽ സംഭവിക്കാറി ല്ലെന്നും ചില പഠനങ്ങളിൽ (ഉണ്ണി–1996) വ്യക്തമായിട്ടുണ്ട്. സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തത്തിന് പിന്നിൽ പുരുഷ കേന്ദ്രീകൃതമായ സാമൂഹ്യ ഘടന ഒരു മുഖ്യ കാരണമാണ്. കുടുംബത്തിലുള്ളവരെ പരിചരിക്കൽ, കുടുംബത്തിന്റെ ചുമതലകൾ നിർവഹിക്കൽ തുടങ്ങിയ കാര്യങ്ങളാണ് സ്ത്രീകളുടെ പ്രധാന ഉത്തരവാദിത്വം എന്ന ചിന്ത ഇത്തരമൊരു സാമൂഹ്യാവസ്ഥക്ക് പിന്നിൽ പ്രവർത്തിക്കുന്നുണ്ട് (ചാപ്പ്മാൻ, മിശ്ര–2019).

സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മയുടെ തോത് കേരളത്തിൽ കൂടുതലാണ്. കോവിഡ് മഹാമാരി പുരുഷന്മാരേക്കാൾ സ്ത്രീക ളെയാണ് കാര്യമായി ബാധിച്ചിട്ടുള്ളതെന്ന് പല പഠനങ്ങളും വ്യക്തമാക്കുന്നുണ്ട്. കോവിഡ് ഘട്ടത്തിലെ തൊഴിലില്ലായ്മ സംബന്ധിച്ച ലിംഗപരമായ വ്യത്യാസ ങ്ങളാണ് മൂന്നാം പട്ടികയിൽ നിന്ന് നമുക്ക് ലഭ്യമാകുന്നത്. രണ്ടാം പട്ടികയിലെ പോലെ തന്നെ, ഒന്നാം തരംഗമെന്നാൽ 2020 ജനുവരി മുതൽ ആഗസ്റ്റ് മാസം വരെയും രണ്ടാം തരംഗം 2021 മെയ് മുതൽ ആഗസ്റ്റ് മാസം വരെയുമാണ്. 2019 ലെ കണക്കുകൾ അനുസരിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാന ങ്ങളുടെ കൂട്ടത്തിൽ സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ കേരള ത്തിലാണ്, 34.5 ശതമാനം. 21.2 ശതമാനവു മായി കർണ്ണാടകമാണ് രണ്ടാം സ്ഥാനത്ത്. ഒന്നാം തരംഗവേളയിൽ ഉണ്ടായ തൊഴിലി ല്ലായ്മയുടെ കാര്യത്തിലെ ലിംഗഭേദം പരിഗണിക്കുമ്പോൾ പല കാര്യങ്ങളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് പഠന ങ്ങളിൽ നിന്നും വ്യത്യസ്തമായി കണ്ടെ ത്തിയ ഒരു കാര്യം, ഒന്നാം തരംഗത്തിന്റെ ഘട്ടത്തിൽ കേരളത്തിൽ സ്ത്രീകളെക്കാൾ പുരുഷൻമാർക്കാണ് കൂടുതൽ തൊഴിൽ നഷ്ടമുണ്ടായത്. ഈ ഘട്ടത്തിൽ സ്ത്രീകൾ

ക്കിടയിലെ തൊഴിലില്ലായ്മ 2019 നെ അപേക്ഷിച്ച് 10 ശതമാനം കുറവായിരുന്നു. മഹാമാരിയുടെ ഘട്ടത്തിൽ വനിതകളുടെ തൊഴിലില്ലായ്മ കുറയുന്ന പ്രവണത പ്രകടമാക്കിയ ഒരേ ഒരു സംസ്ഥാനം കേരളമാണ്. ഇത് വ്യക്തമാക്കുന്ന ഒരു കാര്യം, പ്രതിസന്ധി ഘട്ടങ്ങളിൽ കുടുംബത്തിന്റെ വരുമാനം മെച്ചപ്പെടുത്തുന്നതിന് സ്ത്രീകൾ കൂടുതലായി അധ്വാനിക്കുന്നു എന്നതാണ്. ഒന്നാം തരംഗത്തിൽ വൈറസിന്റെ പകർച്ച തടയുന്നതിന് സ്വയം സഹായ ഗ്രൂപ്പുകളെ ഫലപ്രദമായി ഉപയോഗിക്കാൻ കേരളത്തിന് കഴിഞ്ഞു. കുടുംബശ്രീ നേതൃത്വം നൽകിയ സമൂഹ അടുക്കള പോലുള്ള പ്രവർത്തനങ്ങൾ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്.

രണ്ടാം തരംഗത്തിന്റെ ഘട്ടത്തിൽ തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം കേരളമാണ്. 2021 മെയ് മുതൽ ആഗസ്റ്റ് വരെ നീണ്ട ഈ ഘട്ടത്തിൽ പുരുഷൻമാർക്കിടയിലെ തൊഴിലില്ലായ്മ ഇരട്ടിയായപ്പോൾ, 13 ശതമാനം വർധനവാണ് സ്ത്രീകളുടെ കാര്യത്തിൽ ഉണ്ടായത്. വനിതകളുടെ തൊഴിലില്ലായ്മയിൽ ഇടിവ് രേഖപ്പെടുത്തിയ ഏക ദക്ഷിണേന്ത്യൻ സംസ്ഥാനം കർണ്ണാടകമാണ് (പട്ടിക–3). ഇപ്രകാരം സ്ത്രീകളുടെ തൊഴിലില്ലായ്മയിൽ സംസ്ഥാനത്ത് കുതിപ്പ് ഉണ്ടായതിനെ കുറിച്ച് കൂടുതൽ വിശദമായ പഠനം ആവശ്യമാണെന്ന് കരുതുന്നു. ഒന്നാം തരംഗത്തിൽ നിന്നും വ്യത്യസ്തമായി രണ്ടാം തരംഗത്തിൽ സ്ത്രീകൾ നേതൃത്വം നൽകുന്ന സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനം കുറവായിരുന്നു. സ്ത്രീകളുടെ തൊഴിലില്ലായ്മ വർധിക്കാൻ ഇത് ഒരു കാരണമായിരുന്നിരിക്കാം. 2022 ജനുവരി – ആഗസ്റ്റ് ഘട്ടത്തിലെ തൊഴിലില്ലായ്മയെ 2019 ആയി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ പുരുഷന്മാരുടെ തൊഴിലിന്റെ അവസ്ഥ കോവിഡിന് മുൻപുള്ള സ്ഥിതിയിലേക്ക് എത്തിയിട്ടില്ല എന്ന് കാണാം. തൊഴിലില്ലായ്മ കോവിഡിന് മുമ്പുള്ളതിനേക്കാൾ 1.3 ശതമാനം അധികമാണ്. ഇത് തെന്നിന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന നിലയാണ്. 2022 ൽ കേരളത്തിൽ സ്ത്രീകളുടെ തൊഴിൽ കോവിഡിന് മുമ്പുള്ളതിനേക്കാൾ 17 ശതമാനം കുറവാണ്കാണിക്കുന്നത് (പട്ടിക–3). കർണ്ണാടകത്തിൽ ഇത് 11 ശതമാനം കുറവാണ്. എന്നാൽ തെലങ്കാനയിൽ 10 ശതമാനം കൂടുതലാണ് എന്നതാണ് പ്രത്യേകത.

**5. ഉപസംഹാരം**

തൊഴിൽ മേഖലയിൽ കോവിഡ് മഹാമാരി ഉളവാക്കിയ ആഘാതം പരിഗണിക്കുമ്പോൾ മഹാമാരി തകർത്താടിയ ത്രൈമാസത്തിൽ തൊഴിലില്ലായ്മ, തൊട്ടുമുൻപുള്ള ത്രൈമാസത്തേക്കാൾ ഇരട്ടിയായിട്ടുണ്ട്. ഒന്നാം തരംഗത്തിന്റെ ഘട്ടത്തിൽ ഇത് ദേശീയ ശരാശരിയേക്കാൾ താഴെയാണ്. എന്നാൽ രണ്ടാം തരംഗത്തിൽ സ്ഥിതി വ്യത്യസ്തമായിരുന്നു. ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം കേരളമായിരുന്നു. മാത്രവുമല്ല, ദേശീയശരാശരിയേക്കാൾ മൂന്ന് മടങ്ങ് അധികമായിരുന്നു. ഗ്രാമീണ, നഗര ഭേദമില്ലാതെ ഇത് പ്രകടമായിരുന്നു. നഗര, ഗ്രാമീണ മേഖലകളിലെ തൊഴിലില്ലായ്മ പരിഗണിക്കുമ്പോൾ കേരളത്തിലും കർണ്ണാടകത്തിലും അർബൻ മേഖലയിൽ ഗ്രാമീണ മേഖലയെക്കാൾ തൊഴിലില്ലായ്മ കുറവായിരുന്നു എന്ന് കാണാം.

കോവിഡിന്റെ ഒന്നാം തരംഗത്തിൽ ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മയിലെ വർധന രൂക്ഷമായിരുന്നുവെന്നത് വ്യക്തമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഇത് കുറവായിരുന്നവെന്നും കാണാം. കേരള

ത്തിൽ ഗ്രാമീണ, നഗര മേഖലകളിൽ തൊഴിലില്ലായ്മ മഹാമാരിക്ക് മുൻപുള്ള ഘട്ടത്തിലേക്ക് എത്തി. ഒന്നാം തരംഗത്തിന്റെ ഘട്ടത്തിൽ കേരളത്തിൽ പുരുഷന്മാർക്കിടയിലാണ് തൊഴിലില്ലായ്മ കൂടുതൽ പ്രകടമായത്. വനിതകൾക്കിടയിലെ തൊഴിലില്ലായ്മയിൽ കുറവ് രേഖപ്പെടുത്തിയ ഏക സംസ്ഥാനം കേരളമാണ്. രണ്ടാം തരംഗത്തിൽ സ്ഥിതി പക്ഷെ മറിച്ചായിരുന്നു. തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ രേഖപ്പെടുത്തിയത് കേരളത്തിലാണ്. തൊഴിൽ മേഖലയുടെ കാര്യത്തിൽ 12 സംസ്ഥാനങ്ങളാണ് കോവിഡിന് മുൻപുള്ള സ്ഥിതിയിലേക്ക് തിരിച്ചെത്തിയത്. കേരളവും ഇതിലുൾപ്പെടുന്നു.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറാണ് കിരൺകുമാർ കക്കർലപുടി, റിസർച്ച് സ്കോളറാണ് ഷഗിഷ്ണ കെ)

## References

1 Abraham, V. (2013). Missing Labour or Consistent Defeminisation. *Economic and Political Weekly,* 48(31), 99-108.

2 APU. (2021). *State of Working India: One year of Covid-19.* Centre for Sustainable Employment, Azim Premji University. https://cse.azimpremjiuniversity.edu.in/wp-content/uploads/2021/05/SWI2021_May12.pdf

3 Chapman, T., & Mishra, V. (2019). *Rewriting the Rules: Women and Work in India.* ORF Special Report No. 80. New Delhi: Observer Research Foundation.

4 Chatterjee, U., Murgai, R., & Rama, M. (2016). What Explains the Decline in Female Labour Force Participation in India?'. Ideas for India, 13.

5 Choudhary, R., & Verick, S. (2014). *Female Labour Force Participation in India and Beyond.* ILO Asia Pacific Working Paper Series. Geneva: ILO.

6 Das,S., Chandra, S., Kochhar, K., & Kumar, N. (2015). *Women Workers in India: Why So Few Among So Many.* IMF Working Paper No. 15/55. Washington DC: IMF.

7 Eapen, M. (2004). *Women's Work and Mobility: Some Disquieting Evidenced from Indian Data.* CDS Working Paper No. 358. Thiruvananthapuram: Centre for Development Studies

8 International Labour Organisation. (2013). *Global Employment Trends 2013: Recovering from a Second Jobs Dip.* Geneva: ILO

9 International Labour Organisation. (2020). Impact of Lockdown Measures on the Informal Economy. ILO Brief (April). Geneva: ILO

10 International Labour Organisation. (2021). *COVID-19 and the World of Work. Seventh Edition Updated Estimates and Analysis.* ILO Monitor - 8th edition. Geneva: ILO

11 International Labour Organisation. (2022). *World Employment and Social Outlook: Trends 2022.* Geneva: ILO

12 Kakarlapudi, K. K. (2022, September). *Employment Impact of COVID-19 in Kerala: Is There a V-shaped Recovery?.* Discussion Paper. Retrieved from Gulati Institute of Finance and Taxation. https:www.gift.res.in/index.php/publish/list_detail/309/0922

13 Lahoti Rahul & Swaminathan Hema (2013). *Economic Growth and Female Labor Force Participation in India,* IIM Working Paper No: 414. Bangalore: IIM.

14 Mandal, K. K., Alam, S., Ranjan, A., Dharanirajan, K., & Kumari, P. (2020). A Review of India's Response to COVID? 19 Outbreak and the Impact of Lockdown on the Indian Economy. *Journal of Critical Reviews*, 7(13), 402-408.

15 Organisation for Economic Cooperation and Development. (2020). *The Impact of the COVID-19 Pandemic on Jobs and Incomes in G20 Economies.* Saudi Arabia's G20 Presidency 2020: OECD.

16 Reserve Bank of India. (2022, September 16). *Impact of COVID-19 on Economic Activity Across Indian States.* RBI: India

17 Sirisha, C.N. (2016). Domestic Labour and Female Labour Force Participation: Adding a Piece to the Puzzle. *Economic and Political Weekly,* Vol LI, No. 44 & 45,101-108.

18 Sudarshan, R. M., & Bhattacharya, S. (2009). Through the Magnifying Glass: Women's Work and Labour Force Participation in Urban Delhi. *Economic and Political Weekly,* 44(48), 59-66.

19 United Nations. (2020, September 16). *COVID-19 and its Economic Toll on Women: The Story Behind the Numbers.* UN-Women. https://www.unwomen.org/en/news/stories/2020/9/feature-covid-19-economic-impacts-on-women

20 Unni, J. (1996). Women's Employment in Newly Industrialising Countries [Review of the Book Women and Industrialisation in Asia]. *Economic and Political Weekly,* 31 (39), 2679-2680.

21 Vyas, M. (2020). Impact of Lockdown on Labour in India. *The Indian Journal of Labour Economics,* 63(1), 73-77.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

# സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ആഗോള സ്ഥിതിയും ഇന്ത്യയും

ലക്ഷ്മി പ്രസാദ്, കിരൺകുമാർ കക്കർലപുടി

2008–ലെ ഫിനാൻഷ്യൽ ഇൻക്ലൂഷൻ കമ്മറ്റി സാമ്പത്തികമായ ഉൾപ്പെടുത്തലിനെ നിർവചിച്ചിരിക്കുന്നത് 'പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും കുറഞ്ഞ വരുമാനക്കാർക്കും സമയബന്ധിതമായി സാമ്പത്തികമായ സേവനങ്ങളും മതിയായ വായ്പകളും ലഭ്യമാക്കുക' എന്നാണ്. സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ്, 1920 ൽ ഇമ്പിരിയൽ ബാങ്ക് ഓഫ് ഇന്ത്യ രൂപീകൃതമാകുന്നത് മുതൽ ഇതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ബാങ്ക് രൂപീകരിക്കുന്നതിനായുള്ള നിയമത്തിന്റെ 2 (ബി) വകുപ്പിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'ഈ നിയമം നിലവിൽ വന്ന് അഞ്ചു വർഷത്തിനുള്ളിൽ കുറഞ്ഞത് 100 ശാഖകൾ ആരംഭിക്കുന്നതാണ്. ഇതിൽ നാലിലൊന്ന് ഗവർണർ ജനറൽ നിർദേശിക്കുന്ന കേന്ദ്രങ്ങളിലായിരിക്കും (ഇമ്പിരിയൽ ബാങ്ക് ഓഫ് ഇന്ത്യ നിയമം–1920). 1955ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ദേശസാത്കരിച്ചപ്പോഴും ഇത്തരം ചില നിർദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 1969 ലും 1980 ലും നടന്ന ബാങ്ക് ദേശസാത്കരണത്തിലും ഇത് ആവർത്തിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എൺപതുകളുടെ മധ്യത്തോടെ പൊതുമേഖലാ ബാങ്കുകളുടെ ശാഖകളുടെ എണ്ണം വർധിപ്പിക്കുന്നത് കൊണ്ടു മാത്രം ഉദ്ദേശിക്കുന്ന നേട്ടം ജനങ്ങൾക്ക് ഉണ്ടാകുന്നില്ലെന്ന വിലയിരുത്തലിലേക്ക് എത്തി. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ആവശ്യമായ ഈട് നൽകാൻ കഴിയാത്തതിനാലും തിരിച്ചടവ് ശേഷി കുറവായതിനാലും അവർക്ക് ആവശ്യമായ വായ്പ ലഭ്യമാകുന്നില്ല എന്നതാണ് പ്രധാന പ്രശ്നം (ആർ ബി ഐ, 2018). തൊണ്ണൂറുകളിലെത്തിയപ്പോൾ ഈ സ്ഥിതിക്ക് മാറ്റം വരാൻ തുടങ്ങി. എൺപതുകളുടെ മധ്യത്തോടെ തുടങ്ങിയ സ്വാശ്രയ ഗ്രൂപ്പുകളും പിന്നീട് നബാർഡ്, റിസർവ് ബാങ്ക് എന്നിവയിലൂടെ ലഭ്യമായ സഹായവുമാണ് ഇതിന് നിദാനമായത്. ഇത് ഇന്ത്യയിൽ പല ഭാഗത്തും സാർവത്രികമാവുകയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്ക് ഏറെ ഗുണകരമാവുകയും ചെയ്തു (ഫെർണാണ്ടസ് – 2007).

***2011–21 കാലഘട്ടത്തിൽ പുതിയ ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്ന കാര്യത്തിൽ ആഗോളതലത്തിൽ തന്നെ ഇന്ത്യ മുൻനിരയിലെത്തി. 2011–ൽ അക്കൗണ്ടെടുക്കുന്നവരുടെ എണ്ണത്തിലുണ്ടായ വളർച്ച 35 ശതമാനമായിരുന്നെങ്കിൽ 2021–ൽ അത് 77 ശതമാനത്തിലേക്ക് ഉയർന്നു. ഇക്കാലയളവിൽ ആഗോള ശരാശരി വളർച്ച 66 ശതമാനത്തിൽ നിന്ന് 74 ശതമാനമായി.***

***2014–ൽ തുടക്കം കുറിച്ച പി എം ജെ ഡി വൈ എന്ന പദ്ധതിയാണ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ രംഗത്തെ നേട്ടത്തിന് നിദാനമായത്. പക്ഷെ, വലിയ തോതിലുള്ള കൃത്രിമ അക്കൗണ്ടുകൾക്കും നിഷ്ക്രിയ അകൗണ്ടുകൾക്കും ഇത് വഴിയൊരുക്കിയിട്ടുണ്ട്.***

ഇന്ത്യയിൽ സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഏറ്റവും പുതിയ അധ്യായം ആരംഭിക്കുന്നത് 2014ൽ 'പ്രധാനമന്ത്രി ജൻധൻ യോജന' എന്ന പദ്ധതി (പി എം ജെ ഡി വൈ) തുടങ്ങുന്നതോടെയാണ്. അതോടെ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണത്തിൽ ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടായി. പ്രായപൂർത്തിയായ വരുടെ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണ ത്തിൽ 30 ശതമാനം വർധന രേഖപ്പെടുത്തി. എന്നാൽ അക്കൗണ്ടുകളുടെ ഡ്യൂപ്ലിക്കേഷൻ, അക്കൗണ്ടുകൾ നിർത്തിപോവുക തുടങ്ങിയ കാര്യങ്ങളും വായ്പയെടുക്കുന്നവരുടെ എണ്ണത്തിൽ ഉണ്ടായ അനുപാതികമായ വർധനവുണ്ടാകാത്തതും ഇതിന്റെ പ്രായോഗി കതയെ ചോദ്യം ചെയ്യുന്ന നിലയിലേക്ക് യെത്തിച്ചു (സിൻഹ, ആസാദ്–2018). ഈ പദ്ധതിയുടെ ഒരു ലക്ഷ്യം ക്ഷേമ പെൻഷൻ, സ്കോളർഷിപ്പുകൾ, തൊഴിലുറപ്പ് വേതനം തുടങ്ങിയവ നേരിട്ട് ബാങ്ക് അക്കൗണ്ടു കളിലേക്ക് നൽകുക എന്നതായിരുന്നു. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് കേവലം ബാങ്കിങ് സേവനങ്ങൾ നൽകുക മാത്രമല്ല ഇതിന്റെ ലക്ഷ്യം. ഇത്തരമൊരു സാഹചര്യത്തിൽ ബാങ്കിങ്ങ്, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിലെ പുരോ ഗതിയെ കുറിച്ച് ഒരു താരതമ്യ പഠനമാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

സാമ്പത്തിക ഉൾപ്പെടുത്തലിന്റെ നേട്ടം, 2021–ലെ സാമ്പത്തിക സേവനങ്ങളുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ ഇതര രാജ്യങ്ങ ളുമായി താരതമ്യം ചെയ്ത് വിശകലനം ചെയ്യുന്നതിന് 2021ലെ ഗ്ലോബൽ ഫിൻഡെ ക്സ് ഡേറ്റ ബേസാണ് ഉപയോഗി ച്ചിരിക്കുന്നത്. ലോകബാങ്കാണ് ഗ്ലോബൽ ഫിൻഡെക്സ് പ്രസിദ്ധീകരിക്കുന്നത്. 148 രാജ്യങ്ങളിലെ സാമ്പത്തിക ഉൾപ്പെടുത്തൽ സംബന്ധിച്ച വിവരങ്ങൾ ഇത് നൽകുന്നു. ഈ രാജ്യങ്ങളിലെ ഏതാണ്ട് 150,000 ആളുകളെ നേരിട്ട് അഭിമുഖം നടത്തിയാണ് ഇതിലെ വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്. മൂന്ന് വർഷം കൂടുമ്പോൾ നടക്കുന്ന ഈ സർവേയുടെ ആദ്യ റിപ്പോർട്ട് പുറത്തു വന്നത് 2011 ലാണ്. തുടർന്ന് 2014, 2017, 2021 എന്നീ വർഷങ്ങളിൽ ഇത് പ്രസിദ്ധീകരിക്കു കയുണ്ടായി.

### സൗകര്യങ്ങളുടെ ലഭ്യത

സാമ്പത്തിക ഉൾപ്പെടുത്തൽ വിലയിരുത്തു ന്നതിനുള്ള ഒരു പ്രധാന അളവുകോൽ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണമാണ്. കാരണം, ബാങ്കിങ് സേവനങ്ങളിലേക്കുള്ള ആദ്യ പടിയാണ് ബാങ്ക് അക്കൗണ്ട്. ഇതിനെ 2021–ലെ ഗ്ലോബൽ ഫിൻഡെക്സ് നിർവ ചിച്ചിരിക്കുന്നത്, ബാങ്ക്, ക്രെഡിറ്റ് സ്ഥാപനം, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ, പോസ്റ്റ് ഓഫിസ്, മൊബൈൽ സാമ്പത്തിക സേവന ദാതാവ്[1] തുടങ്ങിയ നിയമപരമായ ചട്ടക്കൂടിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ വ്യക്തി ഗതമായോ, സംയുക്തമായോ ഉള്ള അക്കൗണ്ട് എന്നാണ് (രേഖാചിത്രം – 1).

കഴിഞ്ഞ ഒരു ദശകക്കാലത്ത് ബാങ്ക് അക്കൗണ്ടുകളുടെ എണ്ണത്തിൽ സ്ഥിരമായ വളർച്ച രേഖപ്പെടുത്തുകയുണ്ടായി. 2021–ലെ ഗ്ലോബൽ ഫിൻഡെക്സ്[2] അനുസരിച്ച് ലോകത്തെ പ്രായപൂർത്തിയായവരിൽ 76 ശതമാനം പേർക്ക് ബാങ്ക് അക്കൗണ്ട് ഉണ്ട്

***അക്കൗണ്ട് ഉടമകളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇന്ത്യ വലിയ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും 2021–ലെ കണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ വലിയൊരു ഭാഗം ഇപ്പോഴും ബാങ്കിങ്ങ് മേഖലക്ക് പുറത്താണ്. ലോകത്ത് ഏറ്റവും കൂടുതൽ പേർ ബാങ്കിങ്ങ് മേഖലക്ക് പുറത്തുള്ളത് ഇന്ത്യയിലാണ്. ഉയർന്ന ചെലവും തൊട്ടടുത്ത് ബാങ്ക് ശാഖകൾ ഇല്ലാത്തതുമാണ് ഇതിന് പ്രധാന കാരണം.***




(രേഖാചിത്രം–1). എന്നാൽ ഓരോ രാജ്യങ്ങൾ തമ്മിലും ഇക്കാര്യത്തിൽ പ്രകടമായ അന്തരമുണ്ട്. വികസിത രാജ്യങ്ങളിൽ 100 ശതമാനം പൗരന്മാർക്കും ബാങ്ക് അക്കൗണ്ടുള്ളപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളിൽ 60 ശതമാനം ആളുകൾക്കും ബാങ്ക് അക്കൗണ്ടില്ല എന്നതാണ് സ്ഥിതി. ഇന്ത്യയുടെ കാര്യമെടുത്താൽ 2011–ൽ 35 ശതമാനം ആളുകൾക്കാണ് അക്കൗണ്ട് ഉണ്ടായിരുന്നതെങ്കിൽ 2021–ൽ അത് 77 ശതമാനമായി ഉയർന്നു. 2014–നും 2017–നുമിടയിൽ 26 ശതമാനം വളർച്ചയാണ് ഇന്ത്യ കൈവരിച്ചത്. 'പ്രധാനമന്ത്രി ജൻധൻ യോജന' എന്ന ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി വഴിയാണ് ഇത് സാധ്യമായത്. ഇക്കാലഘട്ടത്തിൽ ആഗോളതലത്തിലെ വളർച്ച 6.57 ശതമാനവും വികസ്വര രാജ്യങ്ങളിൽ 7.27 ശതമാനവുമായിരുന്നു. ഇന്ത്യയെ ഒഴിവാക്കി വികസ്വര രാജ്യങ്ങളിലെ കണക്കെടുത്താൽ വളർച്ച കേവലം 3 ശതമാനമാണ്.

എന്നാൽ 2017നും 2021നുമിടയിലെ വിവരങ്ങൾ പരിശോധിക്കുമ്പോൾ ഇന്ത്യയിൽ അക്കൗ

ണ്ടുകളുടെ എണ്ണത്തിൽ 3 ശതമാനത്തിന്റെ ഇടിവ് സംഭവിച്ചിട്ടുണ്ട്. 80 ശതമാനത്തിൽ നിന്നും 77 ശതമാനത്തിലേക്ക് താഴ്ന്നു. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ ഘട്ടത്തിൽ ഇന്ത്യയിൽ മാത്രമാണ് ഇടിവുണ്ടായത് എന്നതാണ്. ഇതര രാജ്യങ്ങളിലെല്ലാം 2017–നും 2021–നുമിടയിൽ വളർച്ചയാണ് പ്രകടമായത്. ഏറ്റവും കൂടുതൽ നിഷ്ക്രിയ അക്കൗണ്ടുകൾ ഉള്ള രാജ്യം ഇന്ത്യയായി മാറി. 35 ശതമാനം അക്കൗണ്ടുകൾ ഇക്കാലയളവിൽ നിഷ്ക്രിയമായതായി കാണാം. അതായത്, പി എം ജെ ഡി വൈ പദ്ധതി നിഷ്ക്രിയ അക്കൗണ്ടുകൾ വർധിക്കുന്നതിന് കാരണമായതായി മുൻകാല പഠനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മനസിലാക്കാൻ കഴിയുന്നു (സിൻഹ, ആസാദ്–2018). അക്കൗണ്ടുകൾ എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല എന്ന ചോദ്യത്തിന് 49 ശതമാനം പേരും കാരണമായി പറഞ്ഞത് ധനകാര്യ സ്ഥാപനങ്ങൾ ഏറെ അകലെയാണെന്നതാണ്. 46 ശതമാനം അക്കൗണ്ട് ആവശ്യമില്ല എന്ന നിലപാടുകാരായിരുന്നു.

അക്കൗണ്ട് എടുക്കുന്നവരുടെ കാര്യത്തിൽ ഇന്ത്യ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ബാങ്ക് അക്കൗണ്ട് ഇനിയും എടുക്കാത്തവരുടെ എണ്ണം ഏറ്റവും കൂടുതൽ ഇന്ത്യയിൽ തന്നെയാണ് (17%). ഇതിന് വിവിധ കാരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഇന്ത്യയിൽ അക്കൗണ്ട് എടുക്കുന്നതിന് താല്പര്യമില്ലാത്തതിന് ഒരു കാരണം, വീട്ടിൽ ഒരാൾക്ക് അക്കൗണ്ട് ഉണ്ട് എന്നതാണ്. വീട്ടിൽ ഒരാൾക്ക് അക്കൗണ്ട് ഉള്ളതുകൊണ്ട് മറ്റുള്ളവർ എടുക്കേണ്ട ആവശ്യമില്ലെന്നതാണ് പലരുടെയും നിലപാട്. സൗകര്യങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടല്ല, മറിച്ച് വ്യക്തികൾ തന്നെ അക്കൗണ്ട് എടുക്കുന്നതിന് വിമുഖത കാണിക്കുന്നു എന്നതാണ് സർവേകളിൽ നിന്നും വ്യക്തമാകുന്നത്. ബാങ്ക് അക്കൗണ്ട് താങ്ങാൻ പറ്റാത്തതാണ് എന്നതാണ്

**Figure 2: Reasons for not having a Financial Institution Account in India**




Source: Global Findex database, 2021.

***ഒ ഇ സി ഡി രാജ്യങ്ങളുമായി താരതമ്യം ചെയ്യാവുന്ന നിലയിലാണ് ഇന്ത്യയിലെ അക്കൗണ്ട് ഉടമകളുടെ എണ്ണമെങ്കിലും അതിൽ 26 ശതമാനം മാത്രമാണ് സംഘടിത ധനകാര്യ മേഖലയിൽ നിന്നും വായ്പകളെടുത്തിട്ടുള്ളത്. ഇത് ആഗോള ശരാശരിയേക്കാളും (53 ശതമാനം) വികസ്വര രാജ്യങ്ങളുടെ ശരാശരിയേക്കാളും (43 ശതമാനം) താഴെയാണ്. ധനകാര്യ സേവന മേഖല ഇന്ത്യയിൽ ഇനിയും ആഴത്തിൽ വേരോടിയിട്ടില്ല എന്നതാണ് ഇത് വ്യക്ത മാക്കുന്നത്.***

രണ്ടാമതായി വരുന്ന കാരണം. ബാങ്കുകൾ താമസസ്ഥലത്ത് നിന്നും അകലെയാണ് എന്നത് മറ്റൊരു കാരണമാണ്. ഇത് രണ്ടും ഏറെ നിർണ്ണായകമായ കാരണങ്ങളാണ്. സാമ്പത്തിക പരാധീനത ബാങ്ക് അക്കൗണ്ട് എടുക്കുന്നതിൽ വിമുഖത കാണിക്കുന്നതിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. ഇമ്പീരിയൽ ബാങ്ക് നിയമം നിലവിൽ വന്നിട്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞു. ബാങ്ക് ശാഖകളുടെ വിപുലീകരണത്തിന് ഏറെ പ്രാധാന്യം നൽകിയ ഒരു നിയമമായിരുന്നു ഇത്. എന്നിരുന്നാലും ബാങ്ക് ശാഖകൾ അകലെ യാണ് എന്നത് അക്കൗണ്ടുകൾ എടുക്കു ന്നതിന് ഇപ്പോഴും തടസമാകുന്നു എന്നത് ഏറെ ശ്രദ്ധേയമായ ഒരു കാര്യമാണ് (രേഖാചിത്രം–2).

ഡിജിറ്റലൈസേഷന്റെ ഈ ഘട്ടത്തിൽ ബാങ്കിങ് സേവനങ്ങളിലേക്ക് ജനങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിന് സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും. മൊബൈൽ അധിഷ്ഠിതമായ ബാങ്കിങ് സേവനങ്ങൾ കൂടുതൽ പ്രചാരത്തി ലാക്കുക വഴി ബാങ്ക് ശാഖകൾ ഇല്ലാത്ത പ്രശ്നവും ചെലവിന്റെ ബുദ്ധിമുട്ടുകളും ഒരളവോളം പരിഹരിക്കാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ ആഫ്രിക്കയിൽ നടപ്പാക്കിയ ചില മാതൃകകൾ നമുക്ക് സ്വീകരിക്കാവുന്ന താണ്. ഡിജിറ്റൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ, സാങ്കേതിക വിദ്യയുടെ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ ആധികാരികമായ വിവരങ്ങൾ അടങ്ങിയ നിരവധി പേപ്പറുകൾ ഇന്ന് ലഭ്യമാണ് (ഘോഷ്–2019). മൊബൈൽ ഫോണുകളുടെ ഉപയോഗം ഇന്ത്യയിൽ കൂടുതലാണെങ്കിലും ബാങ്കിങ് സേവന മേഖലയിൽ ഇന്ത്യയുടെ നേട്ടം താരതമ്യേന കുറവാണ്. ഇന്ത്യയിൽ ജനസംഖ്യയുടെ 65.6 ശതമാനം പേർക്ക് മൊബൈൽ ഫോൺ ഉണ്ട്. എന്നാൽ 12 ശതമാനം പേർ മാത്രമാണ് സാമ്പത്തിക ഇടപാടുകൾ നിർവഹിക്കു ന്നതിന് മൊബൈൽ ഉപയോഗപ്പെടു ത്തുന്നത്.

**ഉപയോഗം**

സംഘടിത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ പ്രയോജനപ്പെടു ത്താൻ ജനങ്ങൾക്ക് കഴിയുന്നു എന്നതാണ് ഫിനാൻഷ്യൽ ഇൻക്ലൂഷന്റെ മറ്റൊരു പ്രധാന നെടുംതൂണ്. ഇത്തരം സ്ഥാപനങ്ങൾ നിക്ഷേപം സ്വീകരിക്കൽ, വായ്പ നൽകൽ, പേയ്മെന്റ് സൗകര്യം, മൂലധന നിക്ഷേപം തുടങ്ങി നിരവധി സേവനങ്ങൾ ഉപഭോക്താ ക്കൾക്ക് നൽകുന്നു. ആവശ്യമായവർക്ക് വായ്പകൾ ലഭ്യമാക്കുന്നു എന്നതാണ് ബാങ്കുകൾ അടക്കമുള്ള ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾക്ക് നൽകുന്ന സേവനങ്ങളിൽ മുഖ്യമായ ഒന്ന്. ജനങ്ങൾക്ക് സംഘടിത മേഖലയിൽ നിന്നും അസംഘടിത മേഖലയിൽ നിന്നും വായ് പകൾ ലഭ്യമാകുന്നുണ്ട്. എന്നാൽ സംഘടിത സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കു

ന്നതാണ് അഭികാമ്യമായ കാര്യം കാരണം, അസംഘടിത മേഖലയിലെ വ്യാപരികൾ, ബ്ലേഡ് മാഫിയ തുടങ്ങിയവരുടെ കൊള്ളപ്പലി ശയിൽ നിന്നും ചൂഷണത്തിൽ നിന്നും ഇത് സാധാരണക്കാർക്ക് രക്ഷാകവചമായി മാറുന്നു (രേഖാചിത്രം –3).

രണ്ടാമത്തെ രേഖാചിത്രം വ്യക്തമാക്കുന്ന ഒരു വസ്തുത, രാജ്യത്തെമ്പാടുമെടുക്കു മ്പോൾ 45 ശതമാനം കുടുംബങ്ങൾ വായ്പയെടുക്കുന്നു എന്നതാണ് . സംഘടിത മേഖലയിലെ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന്റെ തോത് ഓരോ പ്രദേശങ്ങളിലും വ്യത്യസ്തമാണ്. ഉയർന്ന വരുമാനമുള്ള ഒ ഇ സി ഡി രാജ്യങ്ങളിൽ മൊത്തം വായ്പയിൽ സംഘടിത മേഖലയുടെ പങ്ക് വലുതാണ്. എന്നാൽ വരുമാനം കുറവായ ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിൽ സ്ഥിതി മറിച്ചാണ്. ഇന്ത്യയിൽ കുടുംബങ്ങൾ എടുക്കുന്ന വായ്പയുടെ തോത് 2014–ൽ 47 ശതമാനമായിരുന്നത് 2017–ൽ 42 ശതമാനമായി കുറഞ്ഞു. 2021–ൽ ഇത് 44.2 ശതമാനമായി ഉയർന്നിട്ടുണ്ട്. മൊത്തത്തിൽ വായ്പയെടുക്കുന്നത് കൂടുന്ന തിന്റെ അടിസ്ഥാനത്തിൽ 2021–ൽ സംഘടിത മേഖലയിലെ വായ്പയിലും വർധന രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കടത്തിന്റെ തോത് ഉയരുന്നതിന് ഒരു കാരണം കോവിഡ് പ്രതിസന്ധി മൂലം തൊഴിലും വരുമാനവും നഷ്ടപ്പെട്ടതാണ് (ഐ എൽ ഒ–ഒ ഇ സി ഡി 2021). സംഘടിത മേഖലയിൽ നിന്ന് വായ്പയെടുക്കുന്ന കാര്യത്തിൽ പല മേഖലകളിലും വ്യത്യസ്ത

**Figure 3: Total Borrowings and Borrowings from Formal Sources (in %)**




Source: Global Findex database, 2021.

മായ ചിത്രം കാണാം. 2017–നും 2021–നുമിടയിൽ ഇതിൽ നേരിയ വർധന കാണാൻ കഴിയും. പക്ഷെ ഇന്ത്യയിൽ ആളുകൾ വായ്പയുടെ കാര്യത്തിൽ അസംഘടിത മേഖലയെയാണ് കൂടുതലായി ആശ്രയിക്കുന്നതെന്ന് കാണാം. ഇന്ത്യയിൽ മൊത്തം വായ്പയുടെ 11.78 ശതമാനം മാത്രമാണ് സംഘടിത മേഖലയിലുള്ളത്. അതേസമയം, ആഗോള ശരാശരി 28.3 ശതമാനമാണ്.

വായ്പയെടുക്കുന്ന ആളുകളുടെ എണ്ണമെടുത്താൽ ആഗോളതലത്തിൽ സംഘടിത മേഖലയിൽ നിന്നും വായ്പയെടുക്കുന്നത് 53 ശതമാനമാണ്. ഇന്ത്യയിൽ ഇത് 26 ശതമാനവും. ഉയർന്ന വരുമാനമുള്ള ഒ ഇ സി ഡി രാജ്യങ്ങളിൽ ഇത് 87 ശതമാനമാണ്. ബാങ്കിങ്ങ് സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ ഇന്ത്യ ഒ ഇ സി ഡി രാജ്യങ്ങൾക്ക് ഒപ്പമെത്താൻ ശ്രമിക്കുന്നുണ്ട്. വികസ്വര രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യ ഏറെ മുന്നിലുമാണ്. 2014–ൽ പി എം ജെ ഡി വൈ നടപ്പാക്കിയ ശേഷവും സംഘടിത മേഖലയിലെ വായ്പയുടെ കാര്യത്തിൽ കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. ഇത് ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയുടെ സാമ്പത്തിക ഉൾപ്പെടുത്തൽ മേഖലയിലെ നേട്ടം കേവലം ബാങ്കിങ് സൗകര്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിലേക്ക് മാത്രമായി ചുരുങ്ങുന്നു.

**ഉപസംഹാരം**

ലോകബാങ്കിന്റെ വേൾഡ് ഫിൻഡെക്സ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രവർത്തനങ്ങളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. പ്രായപൂർത്തിയായവരുടെ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണത്തിൽ കാര്യമായ പുരോഗതി നേടാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. 2014–നും 2017–നുമിടയിലാണ് വലിയ പുരോഗതി ഇക്കാര്യത്തിൽ പ്രകടമായത്. 2014–ൽ ആരംഭിച്ച പി എം ജെ ഡി വൈ പദ്ധതിയാണ് ഇതിന് കാരണം. 2021–ൽ ഇന്ത്യയുടെ നില ലോക നിലവാരത്തിന് മുകളിലാണെന്ന് മാത്രമല്ല, വികസിത ഒ ഇ സി ഡി രാജ്യങ്ങളോട് ഏതാണ്ട് തുല്യവുമാണ്. ഇത്രയൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെങ്കിലും ഇന്ത്യൻ ജനതയുടെ നല്ലൊരു പങ്കിനും ഇപ്പോഴും ബാങ്കിങ്ങ് സൗകര്യങ്ങൾ അന്യമാണ്. ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിന് രണ്ട് പ്രധാന കാരണങ്ങളാണ് ഉള്ളത്. ഒന്ന്, സമീപ പ്രദേശങ്ങളിൽ ബാങ്ക് ശാഖകൾ ഇല്ലാത്തതും രണ്ടാമത്തേത് സാമ്പത്തിക വരുമാനം കുറഞ്ഞിരിക്കുന്നതുമാണ്. ഇതിൽ ദൂരം എന്ന ഘടകം വളരെ പ്രധാനമാണ്. മൊബൈൽ സേവനങ്ങൾ ഇന്ത്യയിൽ വ്യാപകമാകുന്നത് കൊണ്ട് ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളുടെ സാധ്യത ഇന്ത്യയിൽ ഏറെയാണ്. എന്നാൽ മൊബൈൽ ഫോൺ ബാങ്കിങ് സേവനങ്ങൾക്കായി ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം ലോകത്ത് ഏറ്റവും കുറവ് ഇന്ത്യയിലാണ്.

ഒരു കാര്യം വ്യക്തമാണ്, സൗകര്യങ്ങൾ ലഭ്യമാണെന്നതു കൊണ്ട് സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ തോത് ഉയരണമെന്നില്ല. സംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്ന കാര്യത്തിൽ ഇന്ത്യ വികസ്വര രാജ്യങ്ങളുടെ ശ്രേണിയിൽ ഏറെ പിന്നിലാണ്. 2017–നു ശേഷം ഈ സ്ഥിതിയിൽ മാറ്റമുണ്ടായെങ്കിലും വായ്പയെടുത്തവരിൽ 26 ശതമാനം മാത്രമാണ് സംഘടിത മേഖലയെ ആശ്രയിച്ചിരിക്കുന്നത്. ഇത് ചൂണ്ടിക്കാണിക്കുന്ന കാര്യം ബാങ്കിങ് സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്ന കാര്യത്തിൽ ഇന്ത്യക്ക് ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട് എന്നതാണ്. അല്ലാത്ത പക്ഷം ഇന്ത്യക്ക് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ഭാഗികമായി മാത്രമേ നടപ്പാക്കാൻ കഴിയൂ. ഈ രംഗത്ത് സാങ്കേതിക

വിദ്യയുടെ സഹായത്തോടെ വിജയിച്ച രാജ്യങ്ങളുടെ മാതൃക വിലയിരുത്തി ബാങ്കിങ് സേവനങ്ങൾ കൂടുതലായി ജനങ്ങൾക്കെത്തിക്കാൻ ഇന്ത്യക്ക് കഴിയണം.

■

(ഗിഫ്റ്റിൽ റിസർച്ച് സ്കോളറാണ് ലക്ഷ്മി പ്രസാദ്, അസിസ്റ്റന്റ് പ്രൊഫസറാണ് കിരൺകുമാർ കക്കർലപുടി)

**End Note**

[1] Global Findex Report, 2021.

[2] More than 15 years of age.

## References

1 Reserve Bank of India. (2008). *Report on Currency and Finance.* Mumbai.

2 Sinha, D., & Azad, R. (2018). Can Jan Dhan Yojana Achieve Financial Inclusion?. *Economic and Political Weekly*, 53(13).

3 Fernandez, A. (2006). History and spread of the self-help affinity group movement in India. *Occasional Paper,* 3(6).

4 ILO-OECD. (2020). The impact of the COVID-19 pandemic on jobs and incomes in G20 economies.

5 Committee on Financial Inclusion. (2008). Government of India.

6 Imperial Bank of India Act, Section 2(b). (1920).

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

# സി ഒ പി 27 ഉച്ചകോടിയും ഇന്ത്യയുടെ നിലപാടുകളും

ജ്ജു മോഹൻ എ

**ആമുഖം**

വ്യവസായിക വിപ്ലവത്തിന് ശേഷം, കുറഞ്ഞ ഒരു കാലയളവിൽ ഉണ്ടായ ഫോസിൽ ഇന്ധനങ്ങളുടെ വർധിച്ച തോതിലുള്ള ഉപയോഗം ഭൗമാന്തരീക്ഷത്തിൽ ചൂട് വർധിപ്പിക്കുന്ന ജി എച്ച് ജി യുടെ കേന്ദ്രീകരണത്തിന് കാരണമായിട്ടുണ്ട്. കാർബൺ ഡൈ ഓക്സൈഡ്, മീഥേൻ, ക്ളോറോ ഫ്ളൂറോ കാർബൺസ് തുടങ്ങിയ വസ്തുക്കളുടെ ആധിക്യം ഭൂമിയുടെ അന്തരീക്ഷത്തിലെ ചൂട് വർധിക്കുന്നതിന് കാരണമായി മാറിയിട്ടുണ്ട്. ഭൂമിയുടെ കാലാവസ്ഥയിൽ പ്രകടമായ മാറ്റം സംഭവിക്കുന്നതിന് ഇത് വഴിയൊരുക്കിയിട്ടുണ്ട്. കാലാവസ്ഥ സംബന്ധിച്ച പഠനങ്ങളിൽ നിന്ന് ഇത് വ്യക്തമായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഐ പി സി സി യുടെ നാലാം വിലയിരുത്തൽ റിപ്പോർട്ട് (എ ആർ–4), യു. എസ് ജിയോളജിക്കൽ സർവെ തുടങ്ങിയ പല റിപ്പോർട്ടുകളും ഇത്തരത്തിൽ കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നതായുള്ള ശാസ്ത്രീയമായ നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ ലോകം ഇന്ന് നേരിട്ടുവരികയാണ് (ബ്രൂസ്, 1996). യു എസ് ഗ്ലോബൽ റിസർച്ച് പ്രോഗ്രാം 2018–ൽ പ്രസിദ്ധീകരിച്ച നാലാമത്തെ ദേശീയ കാലാവസ്ഥാ വിലയിരുത്തൽ റിപ്പോർട്ടിൽ പറയുന്നത്, ഉയർന്ന അന്തരീക്ഷ ഊഷ്മാവ്, സമുദ്ര നിരപ്പ് ഉയരുന്നത്, കാലാവസ്ഥയിലെ പ്രകടമായ മാറ്റം മൂലം അടിസ്ഥാന സൗകര്യങ്ങൾ, സ്വത്തുക്കൾ തുടങ്ങിയവയ്ക്കുണ്ടാകുന്ന നാശം എന്നിവയ്ക്ക് പുറമെ, മനുഷ്യന്റെ ആരോഗ്യത്തെയും പ്രത്യുല്പാദന ശേഷിയെയും ദോഷകരമായി ബാധിക്കുന്നുവെന്നാണ്. കൃഷി, വനങ്ങൾ, മൽസ്യബന്ധനം, ടൂറിസം തുടങ്ങി നിരവധി രംഗങ്ങളെ ഇത് പ്രതികൂലമായി ബാധിച്ചതായി കാണാം. ദരിദ്ര രാജ്യങ്ങളെയാണ് ഇത് ഏറ്റവും ദോഷകരമായി ബാധിച്ചിരിക്കുന്നത്. കാരണം, ഈ രാജ്യങ്ങൾക്ക് ഇതുമായി പൊരുത്തപ്പെടുന്നതിന് സ്വാഭാവികമായി ഉള്ള ശേഷിക്കുറവ്, പുനരുദ്ധാരണത്തിന് കൂടുതൽ സമയം വേണ്ടി വരുന്നത് തുടങ്ങിയവയാണ്.

***ചരിത്രപരമായി തന്നെ ഇന്ത്യ കാർബൺ പുറംതള്ളുന്ന വലിയ രാജ്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നില്ല. ഇന്ത്യയുടെ പ്രതിശീർഷ പുറംതള്ളൽ ലോകത്തെ ഏറ്റവും കുറഞ്ഞ തോതിലുള്ളതാണ്. ഇക്കാര്യത്തിലെ ആഗോള ശരാശരിയുടെ മൂന്നിലൊന്ന് മാത്രമാണ് ഇന്ത്യയിലുള്ളത്.***

***കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തെ സൂചിപ്പിക്കുന്ന ഒരു ഘടകമാണ് ലോസ്സ് ആൻഡ് ഡാമേജ് (എൽ ആൻഡ് ഡി). ലഘൂകരണം, പൊരുത്തപ്പെടൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഒഴിവാക്കാൻ കഴിയുന്ന ഒന്നല്ല ഇത്തരം ആഘാതം. സാമ്പത്തികമായ നാശനഷ്ടം, ജീവനോപാധികൾ നഷ്ടമാകൽ, ജൈവവൈവിധ്യങ്ങളുടെ വിനാശം, സാംസ്കാരിക എടുപ്പുകളുടെ തകർച്ച തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.***

ജർമൻ വാച്ച് എന്ന സംഘടനയുടെ ഗ്ലോബൽ ക്ലൈമറ്റ് റിസ്ക് സൂചിക കാലാവസ്ഥാ വ്യതിയാനത്തിന്റെയും കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെയും ആഘാതത്തിന്റെ തോത് അനുസരിച്ച് രാജ്യങ്ങളെ റാങ്ക് ചെയ്തിട്ടുണ്ട്. ഇതിലെ കുറഞ്ഞ സ്കോർ ആ രാജ്യം നേരിടുന്ന ഗൗരവതരമായ സാഹചര്യത്തെയാണ് സൂചിപ്പിക്കുന്നത്. ഇത് പ്രകാരം ഏറ്റവും കൂടുതൽ ആഘാതം നേരിടുന്ന രാജ്യങ്ങളിൽ ഒന്നായാണ് ഇന്ത്യ പരിഗണിക്കപ്പെടുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഇന്ത്യയുടെ റാങ്കിങ്ങ് 20–ൽ താഴെയാണ്.

'ഹോട്ട് ഹൗസ് എർത്ത്' എന്ന ഒരു പ്രതിഭാസമുണ്ട്. ഇത് വ്യക്തമാക്കുന്നത് ഭൂമിയുടെ ചൂട് ക്രമമായി വർധിച്ച് സ്ഥിരമായി ഉയർന്ന ഊഷ്മാവ് ഉണ്ടാകുന്ന ഒരു സ്ഥിതിയിലേക്ക് മാറുന്നു എന്നതാണ്. ഇത്തരമൊരു ഘട്ടത്തിൽ ചൂട് കുറയ്ക്കുന്നതിനുള്ള ഒരു ശ്രമവും ഫലപ്രദമാകില്ല. അന്തരീക്ഷ ഊഷ്മാവ് 2 ഡിഗ്രി സെൽഷ്യസ് ഉയർന്നാൽ ഈ അവസ്ഥ സംജാതമാകും. 2050–ഓടെ ലക്ഷ്യമിടുന്ന കാർബൺ വിമുക്ത ഭൂമി എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞാലും ചൂട് 2.5 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്നാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ട് ഊഷ്മാവ് ഉയരുന്നത് ആഗോളതലത്തിൽ 2 ഡിഗ്രി സെൽഷ്യസിലും താഴെയാക്കി നിലനിർത്തേണ്ടതുണ്ട്. ശാസ്ത്രസമൂഹം കണക്കാക്കുന്നത് മനുഷ്യന് മൊത്തത്തിൽ 565 ഗിഗാ ടൺ കാർബൺ ഡൈ ഓക്സൈഡ് മാത്രമാണ് പുറത്തു വിടാൻ കഴിയൂ എന്നാണ്. അതുകൊണ്ട് 2 ഡിഗ്രി സെൽഷ്യസ് എന്ന ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയും. നിലവിലെ 36.6 ഗിഗാ ടൺ എന്ന തോതിൽ തുടർന്നാൽ അടുത്ത 15 വർഷം കൊണ്ട് ലക്ഷ്യം സാധ്യമാകുന്നതാണ്.

വൻതോതിൽ കാർബൺ പുറംതള്ളുന്ന രാജ്യങ്ങളുടെ പട്ടികയിലല്ല ഇന്ത്യ ഉൾപ്പെടുന്നത്. പ്രതിശീർഷ പുറംതള്ളൽ ഇവിടെ താരതമ്യേന കുറവായിട്ടാണ് കാണുന്നത്. ആഗോള ശരാശരിയുടെ മൂന്നിലൊന്ന് മാത്രമാണ് ഇന്ത്യയിലെ പ്രതിശീർഷ പുറംതള്ളൽ. എന്നാൽ ചില വികസിത രാജ്യങ്ങൾ ഏറ്റവും കൂടുതൽ കാർബൺ പുറംതള്ളുന്ന രാജ്യങ്ങളുടെ കൂട്ടത്തിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെ കുറിച്ച് പ്രത്യേകമായ പഠനം ആവശ്യമാണ്. അത്തരത്തിലൊരു പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ഇതിനെ മൂന്ന് ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്. യു എൻ കോൺഫറൻസ് ഓഫ് ദ പാർട്ടിസിന്റെ (സി ഒ പി) ചരിത്രപരമായ വിലയിരുത്തലാണ് രണ്ടാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. അടുത്തിടെ സമാപിച്ച സി ഒ പി 27 ന്റെ തീരുമാനങ്ങളുടെ വിലയിരുത്തലാണ് മൂന്നാം

***കൂടുതൽ കാർബൺ പുറംതള്ളൽ നടത്തുന്ന, കാലാവസ്ഥാ വ്യതിയാനത്തിന് വലിയ തോതിൽ കാരണക്കാരായ വികസിത രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയെ ഉൾപ്പെടുത്തുന്നത് ന്യായീകരിക്കാൻ കഴിയുന്നതല്ല.***

ഭാഗത്ത്. ഏറ്റവും ഒടുവിൽ ഉപസംഹാരവു മാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### സി ഒ പി 27–ന്റെ പശ്ചാത്തലം

ഏറെ പ്രാധാന്യമുള്ള ഈ വിഷയത്തിന് വിവിധ രീതിയിലുള്ള പ്രതികരണമാണ് ആഗോള സമൂഹത്തിൽ നിന്നും ലഭ്യമായത്. 'ഫസ്റ്റ് എർത്ത് സമ്മിറ്റ്' എന്നറിയപ്പെടുന്ന 1972–ലെ യുണൈറ്റഡ് നേഷൻസ് സയന്റിഫിക് കോൺ ഫറൻസ് ഓൺ ഹ്യൂമൻ എൻവയേൺമെൻറ് എന്ന സമ്മേളനമാണ് കാലാവസ്ഥാ വ്യതിയാനം എന്ന പ്രശ്നം ആദ്യമായി പരിഗണിച്ചത്. ഈ സമ്മേളനം പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഉയർത്തി പിടിക്കുന്ന തത്വങ്ങൾ അടിസ്ഥാനമാക്കി ഒരു പ്രഖ്യാപനത്തിന് അംഗീകാരം നൽകുകയുണ്ടായി. 1992ൽ ബ്രസീലിലെ റിയോ ഡി ജനേറോയിൽ ചേർന്ന 'എർത്ത് സമ്മിറ്റ്' കാലാവസ്ഥാ വ്യതിയാനത്തെ ആസ്പദമാക്കിയുള്ള യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയിഞ്ച് എന്ന ഉടമ്പടിക്ക് രൂപം നൽകു കയുണ്ടായി. അതനുസരിച്ച് ഇതിലെ അംഗ രാജ്യങ്ങൾ ഓരോ വർഷവും യോഗം ചേർന്ന് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നു. 2010 നവംബർ 28 മുതൽ ഡിസംബർ 10 വരെ മെക്സിക്കോയിൽ നടന്ന പതിനാറാം സി ഒ പി യോഗം ഐ പി സി സിയുടെ നാലാമത് അസ്സസ്മെന്റ് റിപ്പോർട്ടിന് അംഗീകാരം നൽകുകയുണ്ടായി. ഇതനുസരിച്ച് ആഗോള താപനം പരമാവധി 2 ഡിഗ്രി സെൽഷ്യസ് എന്ന നിലയിൽ നിയന്ത്രിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി 'ഗ്രീൻ ക്ലൈമറ്റ് ഫണ്ട്' എന്ന പേരിൽ 2020ൽ 100 ബില്യൺ ഡോളറിന്റെ ഫണ്ട് രൂപീകരിക്കുന്നതിനും ലക്ഷ്യമിടുകയുണ്ടായി. വികസിത രാജ്യങ്ങളിൽ നിന്നും സമാഹരിക്കുന്ന ഈ ഫണ്ട് കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിന് വികസ്വര രാജ്യങ്ങളെ സഹായി ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഒപ്പം 'ക്ലൈമറ്റ് ഫൈനാൻസിംഗ്' എന്ന ആശയത്തിന് ഇത് തുടക്കമിടുകയും ചെയ്തു.

ഇതിന്റെ പരിസമാപ്തി എന്ന നിലയിൽ 17 എസ് ഡി ജി മുഖ്യമായി മുന്നോട്ട് വച്ചു കൊണ്ട് ഗ്ലോബൽ ഗോൾസ് എന്ന പേരിലറി യപ്പെടുന്ന സുസ്ഥിര വികസന ലക്ഷ്യ ങ്ങൾക്ക് അംഗീകാരം നൽകി. 2015–ലെ മില്ലേനിയം വികസന ലക്ഷ്യങ്ങൾക്ക് ബദലായാണ് ഇത് വരുന്നത്. 2030–നകം ലോകത്തെ എല്ലാവർക്കും സമാധാനവും പുരോഗതിയും ഉറപ്പ് വരുത്തുകയാണ് ഇതിന്റെ ലക്ഷ്യം. 2015 ഡിസംബറിൽ പാരീസിൽ ചേർന്ന സി ഒ പി 21–ൽ പങ്കെടുത്ത 196 രാജ്യങ്ങൾ പാരീസ് ഉടമ്പടിക്ക് രൂപം നൽകി. ഇത് 2016 നവംബർ നാലിന് നിലവിൽ വന്നു. ആഗോള താപനം 1.5 ഡിഗ്രി സെൽഷ്യസിനും താഴെയാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

### ഇന്ത്യയും സി ഒ പി ഇരുപത്തിയേഴും

2022 നവംബർ 6 മുതൽ 20 വരെ ഈജിപ്തിലെ ഷം എൽ ഷേക്കിലാണ് ഇരുപത്തിയേഴാമത് യു എൻ എഫ് സി സി സി (സി ഒ പി 27) അരങ്ങേറിയത്. 92 രാഷ്ട്രത്തലവന്മാരും 190 രാജ്യങ്ങളിൽ നിന്നായുള്ള 35,000 പ്രതിനിധികളും ഇതിൽ പങ്കെടുത്തു. ഇതിന്റെ തീരുമാനങ്ങളുടെ നഖചിത്രമാണ് ചുവടെ.

***സി ഒ പി 27 ഉച്ചകോടിയിൽ പരിസ്ഥിതി സംരക്ഷണ കാര്യത്തിൽ ഇന്ത്യ ഒരു പ്രധാനപ്പെട്ട രാജ്യമായി മാറുകയുണ്ടായി. വികസ്വര, അവികസിത രാജ്യങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തുന്നതിലും അവയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കാണാം. അവയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിലും ഇന്ത്യ മുന്നിൽ നിൽക്കുന്നു.***

*1. നാശനഷ്ടങ്ങൾക്കായുള്ള ഫണ്ട്*

ഏറ്റവും കൂടുതൽ കാർബൺ പുറംതള്ളൽ നടത്തിയ സാഹചര്യത്തിൽ ചെറിയ ദ്വീപ് രാജ്യങ്ങളുടെ സമൂഹവും ദരിദ്ര രാജ്യങ്ങളും കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി വികസിത രാജ്യങ്ങളിൽ നിന്നും നഷ്ടപരിഹാരം ആവശ്യപ്പെട്ട് വരികയാണ്. ഇൻഷുറൻസ് പരിരക്ഷ, മുന്നറിയിപ്പ് സംവിധാനം എന്നിവ അടക്കമുള്ള ഏതാനും സഹായങ്ങൾ നൽകാൻ വികസിത രാജ്യങ്ങൾ തയാറാണ്. പക്ഷെ ദരിദ്ര രാജ്യങ്ങളുടെ ആവശ്യങ്ങൾ ശക്തമായി തന്നെ നിലനിൽക്കുകയാണ്. ഒടുവിൽ ജി 27 രാഷ്ട്രങ്ങളുടെ അടക്കമുള്ള സമ്മർദങ്ങളുടെ ഫലമായി ഇത്തരം വിഷയങ്ങൾ അടുത്ത വർഷം ചേരുന്ന സി ഒ പി 28–ന്റെ പരിഗണനക്ക് വിട്ടിരിക്കുകയാണ്.

*2. ആക്ഷൻ ഓൺ വാട്ടർ അഡാപ്റ്റേഷൻ ഓർ റിസൈലെൻസ്*

വേൾഡ് മിറ്റീരിയോളജിക്കൽ ഓർഗനൈസേഷനുമായി ചേർന്ന് സി ഒ പി 27 ആരംഭിച്ച ഒരു പദ്ധതിയാണ് ഇത്. കാലാവസ്ഥാ വ്യതിയാനം മൂലം ജലവുമായി ബന്ധപ്പെട്ട് ആഗോളതലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരമാണ് ഇതിന്റെ ലക്ഷ്യം. ശുദ്ധമായ വെള്ളത്തിന്റെ വിതരണം ഉറപ്പാക്കുക, ജലനഷ്ടം കുറയ്ക്കുക, ജലത്തിന്റെ കാര്യത്തിലുള്ള സഹകരണത്തിന് രാജ്യങ്ങളുടെ നയപരമായ പിന്തുണ ഉറപ്പാക്കുക, ഇക്കാര്യത്തിൽ കൂടുതൽ സഹകരണവും ജലസ്രോതസുകൾ തമ്മിൽ ബന്ധപ്പെടുത്തുന്നത് തുടങ്ങിയ വിഷയങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. 2023–ലെ യു. എൻ ജല സമ്മേളനത്തിൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുക എന്നത് ഇതിന്റെ സുപ്രധാന ദൗത്യമാണ്.

*3. ഇൻഫ്രാസ്ട്രക്ച്ചർ റിസൈലെൻസ് ആകക്സിലറേറ്റർ ഫണ്ട് (ഐ ആർ എ എഫ്)*

യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യു എൻ ഡി പി), യുണൈറ്റഡ് നേഷൻസ് ഓഫിസ് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (യു എൻ ഡി ആർ ആർ) എന്നിവയുടെ സഹകരണത്തോടെ സ്ഥാപിതമായ ഒരു ഫണ്ടാണിത്. സി ഒ പി 27–ന്റെ ഇന്ത്യ പവിലിയനിലാണ് ഇതിന് ആരംഭം കുറിച്ചത്. ഇന്ത്യ, യു. കെ ആസ്ട്രേലിയ, യൂറോപ്യൻ യൂണിയൻ തുടങ്ങിയ രാജ്യങ്ങൾ ഇതിന് ശക്തമായ പിന്തുണ നൽകുന്നു. വികസ്വര രാജ്യങ്ങളിലും ചെറിയ ദ്വീപ് രാജ്യങ്ങളിലും ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾക്ക് ആഗോളതലത്തിൽ ആവശ്യമായ സഹായം ഉറപ്പാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ മാത്രം 50 ദശലക്ഷം ഡോളറിന്റെ സഹായം ഈ പദ്ധതി വഴി ലഭ്യമാക്കുകയുണ്ടായി.

*4. ഗ്ലോബൽ ഷീൽഡ് പ്ലാൻ*

കാലാവസ്ഥാ വ്യതിയാനംമൂലം ദുരന്തങ്ങൾ നേരിടേണ്ടിവരുന്ന രാജ്യങ്ങൾക്ക് ആവശ്യമായ സഹായം എത്തിക്കുന്ന

***ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്ന കാര്യത്തിൽ ഇന്ത്യ ശക്തമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. എന്നാൽ എല്ലാ തരത്തിലുള്ള ഫോസിൽ ഇന്ധങ്ങൾക്കും ഇത് ബാധകമാണെന്ന് ഇന്ത്യ വാദിക്കുന്നു. കേവലം കൽക്കരിയുടെ കാര്യം മാത്രമായി ഇതിനെ ഒതുക്കുന്നതിനെ ഇന്ത്യ പിന്തുണക്കുന്നില്ല.***

തിനുള്ള ഒരു സംവിധാനമാണ് ഇത്. ജി 7 രാജ്യങ്ങളും കാലാവസ്ഥ വ്യതിയാനം കൂടുതലായി അലട്ടുന്ന വി 20 രാജ്യങ്ങളുടെ കൂട്ടായ്മയുമാണ് ഇതിന് നേതൃത്വം നൽകുന്നത്. പെറുവിലെ ലിമയിൽ ചേർന്ന കാലാവസ്ഥ വ്യതിയാനം കൂടുതലായി അലട്ടുന്ന രാജ്യങ്ങളിലെ ധനകാര്യ മന്ത്രിമാരുടെ യോഗത്തിലാണ് വാൾ നറബിൾ ടŵന്റി (വി 20) എന്ന ഈ കൂട്ടായ്മക്ക് രൂപം നൽകിയത്. വി 20 ഗ്രൂപ്പിൽ ഇന്ത്യ അംഗമല്ല. ദുരന്തം നേരിടുന്ന രാജ്യങ്ങളിൽ പുനരുദ്ധാരണ ഡിസൈൻ, ഫണ്ട്, മറ്റിടപെടലുകൾ എന്നിവ വഴിയായി അടിയന്തിര സുരക്ഷാ നടപടികൾ സ്വീകരിക്കുക, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ ഇൻഷുറൻസ്, ആവശ്യമായ സംരക്ഷണ ഫണ്ട് എന്നിവ ലഭ്യമാക്കുക, നഷ്ടപരിഹാര പുരോഗതിയിൽ ആവശ്യമായ സഹകരണം നൽകുക എന്നിവയാണ് ഇതിന്റെ പ്രധാന ദൗത്യം.

*5. ടെക്നോളജി മെക്കാനിസം*

യു എൻ എഫ് സി സി സി ഇത്തരം ആദ്യത്തെ സംയുക്ത പദ്ധതി 2023 –27 വർഷത്തേക്ക് ആരംഭിച്ചു. ജലം, ഊർജം, ഭക്ഷണം, വ്യവസായം, ഇതര മേഖലകൾ എന്നിവയിലെ ഉയർന്ന സാധ്യതയുള്ള മേഖലകളിലാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്.

*6. ഗ്ലോബൽ ഓഫ് ഷോർ വിൻഡ് അലയൻസ് (ജി ഒ ഡബ്ള്യു എ)*

ഇന്റർനാഷണൽ റിന്യൂവബിൾ എനർജി ഏജൻസിയും, ഡെൻമാർക്കും, ഗ്ലോബൽ വിൻഡ് എനർജി കൗൺസിലും സംയുക്ത മായാണ് ഇതിന് തുടക്കം കുറിച്ചത്. അന്താരാഷ്ട്ര സ്ഥാപനങ്ങൾ, സ്വകാര്യ മേഖല എന്നിവയുടെ സഹകരണത്തോടെ ഓഫ് ഷോർ വിൻഡ് എനർജിയുടെ സാധ്യത വർധിപ്പിക്കുകയാണ് ഇതിന്റെ പ്രധാന ദൗത്യം. സി ഒ പി 27–ൽ വച്ച് ഇതി ലേക്ക് പുതിയ അംഗങ്ങളായി ജർമനി, ജപ്പാൻ, യു കെ, അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളെകൂടി ഉൾപ്പെടുത്തു കയുണ്ടായി.

**ഇന്ത്യയുടെ പങ്ക്**

അന്താരാഷ്ട്ര കാലാവസ്ഥ ഉച്ചകോടികളിലെ ഒരു പ്രധാന ശ്രദ്ധാകേന്ദ്രമാണ് ഇന്ത്യ. ഇക്കാര്യത്തിലെ നീതിയും സമത്വവും ഉറപ്പ് വരുത്തുന്നതോടൊപ്പം മേജർ അഥവാ ടോപ് എമിറ്റേഴ്സ് തുടങ്ങിയ രാജ്യങ്ങളെ തരം തിരിക്കുന്ന രീതിയിലുള്ള പ്രയോഗങ്ങളെ ഇന്ത്യ ശക്തമായി എതിർക്കുന്നു. വാതക ങ്ങൾ പുറംതള്ളുന്ന കാര്യത്തിൽ ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ രാജ്യമാണ് ഇന്ത്യ. എന്നാൽ ഇന്ത്യയുടെ പ്രതിശീർഷ പുറംതള്ളൽ താരതമ്യേന കുറഞ്ഞ അളവിലാണെന്ന് കാണാം. 2020ൽ 1.77 ടൺ ആണ് ഇന്ത്യയുടെ പ്രതിശീർഷ പുറംതള്ളലെങ്കിൽ അമേരിക്കയുടേത് 14.22 ടണ്ണും ആസ്ട്രേലിയയുടേത് 15.25 ടണ്ണും ആണ്. സമ്മറി ഫോർ പോളിസി മേക്കേഴ്സ് എന്ന ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ

ക്ലൈമറ്റ് ചെയിൻജ്ന്റെ ആറാമത്തെ അസ്സസ്മെന്റ് റിപ്പോർട്ടിൽ (IPCC AR6) പറയുന്നത് 1850–നും 2019–നു മിടയിൽ ആഗോള തലത്തിലുള്ള പുറംതള്ളലിന്റെ കാര്യത്തിൽ ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ സംഭാവന കേവലം 4 ശതമാനം മാത്രമാണ് എന്നാണ്. ആഗോള ജനസംഖ്യയുടെ 24 ശതമാനം അധിവസിക്കുന്നത് ഇവിടെ യാണെന്നോർക്കണം (ഗവൺമെന്റ് ഓഫ് ഇന്ത്യ 2022:1).

ഇന്ത്യയെ ഒരു വലിയ മലിനീകരണ രാജ്യമായി ചിത്രീകരിക്കാനുള്ള വികസിത രാജ്യങ്ങളുടെ ശ്രമങ്ങൾ ന്യായീകരിക്കാൻ കഴിയില്ല. ഇത്തരം പ്രതിസന്ധിയുടെ മൂലകാരണം അവരാണ് എന്നതാണ് വസ്തുത. അതുകൊണ്ട് ഇന്ത്യ ഇതിനെതിരെ ശക്തമായ പ്രതിരോധക്കോട്ട തീർക്കുകയാണ്. ഊർജ ഉപയോഗം, പുറംതള്ളൽ, രാജ്യങ്ങളുടെ വരുമാനം തുടങ്ങിയ കാര്യങ്ങളിൽ ലോകരാജ്യങ്ങൾ തമ്മിൽ പ്രകടമായ അന്തരമുണ്ട്. അതുകൊണ്ട് ദരിദ്ര രാജ്യങ്ങൾക്ക് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് കൂടുതൽ ഫണ്ട് ലഭ്യമാക്കണമെന്ന് ഇന്ത്യ ആവശ്യപെടുന്നു.

2023–ലെ ക്ലൈമറ്റ് ചേഞ്ച് പെർഫോമൻസ് സൂചിക അനുസരിച്ച് 63 രാജ്യങ്ങളുടെ കൂട്ടത്തിൽ എട്ടാമതാണ് ഇന്ത്യയുടെ സ്ഥാനം. കുറഞ്ഞ തോതിലുള്ള പുറംതള്ളൽ മൂലവും ഊർജത്തിന്റെ പുനരുപയോഗ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതുമാണ് ഇതിന് കാരണം. ഈ സാഹചര്യത്തിൽ സി ഒ പി 27–ലെ ഇന്ത്യയുടെ സംഭാവനകൾ ചുവടെ ചേർക്കുന്നു.

*1. ലോങ്ങ് ടെം ലോ എമിഷൻ ഡെവലപ്മെന്റ് സ്ട്രാറ്റജി (എൽ ടി–എൽ ഇ ഡി എസ്)*

ഉയർന്ന തോതിൽ പുറംതള്ളൽ നടത്തുന്ന മേഖലകളെയും കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്നതിനുള്ള ആവശ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികൾ യു എൻ എഫ് സി സി സിക്ക് സമർപ്പിച്ച അൻപത്തിയെട്ടാമത്തെ രാജ്യമാണ് ഇന്ത്യ.

2021–ൽ ഗ്ലാസ്ഗോവിൽ നടന്ന സി ഒ പി 26 സമ്മേളനത്തിൽ ഇന്ത്യ രണ്ട് പ്രധാനപ്പെട്ട ഉറപ്പുകൾ നൽകിയിരുന്നു. എ) 2030–ഓടെ മൊത്തം ഊർജാവശ്യത്തിന്റെ പകുതി ഭാഗം പുനരുപയോഗ ഊർജ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കും. ബി) 2070–ൽ സീറോ കാർബൺ സമ്പദ്ഘടനയായി ഇന്ത്യ മാറും. 'ദേശീയ സാഹചര്യങ്ങൾക്ക് അനുഗുണമായ വിധത്തിൽ വികസനത്തിനായി കുറഞ്ഞ കാർബൺ ബഹിഷ്കരണമുള്ള തന്ത്രങ്ങൾ അവലംബിക്കുന്നതിലും അത് നടപ്പാക്കുന്നതിലും ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.' (ഗവൺമെന്റ് ഓഫ് ഇന്ത്യ 2022: 2). സി ഒ പി 27 പ്രസിദ്ധീകരിച്ച രേഖയിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്– ഇന്ത്യൻ ധനമന്ത്രാലയത്തിന്റെ പ്രത്യേക സബ് കമ്മിറ്റിയുടെ നിഗമനം അനുസരിച്ച് കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച പ്രശ്നങ്ങൾ നേരിടുന്നതിന് 2030 ആകുന്നതോടെ 85.6 ട്രില്യൺ രൂപ (2011–12 വർഷത്തെ വിലനിലവാരത്തിൽ) ആവശ്യമായി വരുന്നതാണ്.

മധ്യകാലത്തേക്ക് പ്രത്യേക ലക്ഷ്യങ്ങൾ മുന്നോട്ട് വയ്ക്കുന്നില്ലെങ്കിലും സീറോ കാർബൺ എന്ന മാർഗത്തിൽ കൃത്യമായ ഉൾക്കാഴ്ച ഇന്ത്യയുടെ നയങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. 2021–ൽ ആരംഭിച്ച ദേശീയ ഹൈഡ്രജൻ മിഷൻ ഇന്ത്യയെ ഒരു ഹൈഡ്രജൻ ഹബ്ബാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. ശുദ്ധമായ ഊർജം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പല പദ്ധതികളും ഇതിന് ഉദാഹരണങ്ങളാണ്. 2025–ൽ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം പരമാവധി ഉയർത്തുക, ഒപ്പം ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന്

പെട്രോളിൽ 20 ശതമാനം എത്തനോൾ കലർത്തുന്നതുമടക്കമുള്ള പദ്ധതികളും ശ്രദ്ധേയമാണ്. ഇതിനനുസരിച്ച് വ്യവസായങ്ങളും മാറ്റങ്ങൾ വരുത്തേണ്ടതായി വരുന്നു. വ്യവസായ ആവശ്യങ്ങൾക്കു വേണ്ടി വരുന്ന ഇലക്ട്രിസിറ്റിയുടെ തോത് 2070–ൽ മൂന്നിരട്ടിയായി ഉയർത്തണം. ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം മൊത്തം വാഹനങ്ങളുടെ എണ്ണത്തിന്റെ 70–80 ശതമാനമായി ഉയർത്തണം. ഇതടക്കം നിരവധി കാര്യങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇലക്ട്രിക് വാഹന വിതരണ രംഗത്ത് ചൈനയുടെ മേൽക്കോയ്മ ശക്തമായതിനാൽ ഇന്ത്യയിൽ ഫോസിൽ ഇന്ധനങ്ങൾ പ്രധാന ഊർജസ്രോതസായി തുടരുമെന്നാണ് നയങ്ങളിൽ നിന്നും വ്യക്തമാകുന്ന മറ്റൊരു കാര്യം. ഇക്കാര്യത്തിൽ സാങ്കേതിക വിദ്യയും അറിവും ലഭ്യമാക്കുന്നതിനായി വികസിത രാജ്യങ്ങളുമായുള്ള വ്യാപാര കരാറുകളുടെ ഒരു സുപ്രധാന ഭാഗമായി ഇത് ഉൾക്കൊള്ളിക്കുന്നു.

*2 ലൈഫ് ടൈം പ്രചാരണം*

ഇന്ത്യയുടെ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യു എൻ ഡി പി) ആയി സഹകരിച്ച് ഒരു പ്രചാരണ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഈജിപ്തിലെ സി ഒ പി 27 സമ്മേളനത്തിലാണ് ഇത് പ്രഖ്യാപിക്കപ്പെട്ടത്. പതിനെട്ടിനും 23 നും ഇടയ്ക്ക് പ്രായമുള്ള യുവാക്കൾക്കിടയിൽ പ്രകൃതി സൗഹൃദമായ സുസ്ഥിര ജീവിതരീതി അനുവർത്തിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനുള്ളതിനാണ് ഈ പദ്ധതി. അവരുടെ ഉപഭോഗ രീതിയെ നിർണ്ണായകമായി സ്വാധീനിക്കുന്ന വിധത്തിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള ജീവിത രീതി തിരഞ്ഞെടുക്കാൻ സഹായിക്കുക എന്നതാണ് ഇതിന്റെ മുഖ്യ ദൗത്യം.

*3 പരിസ്ഥിതിക്ക് ഇണങ്ങുന്ന ജീവിത രീതി*

ഗ്ലാസ്ഗോവിൽ 2021–ൽ നടന്ന യു എൻ എഫ് സി സി സി–സി ഒ പി 26 സമ്മേളനത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. പരിസ്ഥിതിയുടെ സംരക്ഷണത്തിന് വ്യക്തികളുടെ ശക്തിയും കഴിവുകളും പ്രയോജനപ്പെടുത്തുന്ന ഒരു അന്താരാഷ്ട്ര ജനകീയ പ്രസ്ഥാനമാണ് (LiFE) ലൈഫ് എന്നത്. ഉപയോഗിക്കുക, വലിച്ചെറിയുക എന്ന സമീപനത്തിന് പകരമായി സാധനങ്ങളുടെ പുനരുപയോഗം സാധ്യമാക്കുന്ന ഒരു സർക്കുലർ സമ്പദ് വ്യവസ്ഥ പടുത്തുയർത്തുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ഭൂമിയുടെ സംരക്ഷകരായി മാറുന്ന വ്യക്തികളുടെ ഒരു ആഗോള ശൃംഖല തന്നെ പടുത്തുയർത്തുക എന്നതാണ് ഇതിന്റെ കർമ പദ്ധതി. 2022 ജൂൺ അഞ്ചിന്റെ പരിസ്ഥിതി ദിനത്തിൽ ഇതിനായി ഇന്ത്യ ലൈഫ് ഗ്ലോബൽ മൂവ്മെന്റ് എന്ന പ്രസ്ഥാനത്തിന് രൂപം നൽകുകയുണ്ടായി. കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായുള്ള നാഷണലി ഡിറ്റർമൈൻറ് കോൺട്രിബ്യൂഷൻസ് (എൻ ഡി സി) എന്നതിൽ ലൈഫ് എന്ന പദ്ധതിയെ കൂടി ഇന്ത്യ ഉൾപ്പെടുത്തിയിട്ടുണ്ട്.

*4. ലീഡർഷിപ്പ് ഫോർ ഇൻഡസ്ട്രി ട്രാൻസിഷൻ (ലീഡ് ഐ ടി) ഉച്ചകോടി*

2019–ലെ യു.എൻ ക്ലൈമറ്റ് ആക്ഷൻ സമ്മിറ്റിൽ സ്വീഡനും ഇന്ത്യയും ചേർന്നാണ് ഇത്തരമൊരു പദ്ധതി പ്രഖ്യാപിച്ചത്. വേൾഡ് ഇക്കണോമിക് ഫോറം ഇതിന് പിന്തുണ നൽകുന്നുണ്ട്. സി ഒ പി 27ൽ ഇന്ത്യയും സ്വീഡനും ചേർന്ന് ലീഡ് ഐ ടി (LeadIT) സമ്മിറ്റ് 2022 സംഘടിപ്പിക്കു

കയുണ്ടായി. വ്യവസായ മേഖലയിൽ നിന്നും കാർബൺ പുറന്തള്ളൽ കുറയ്ക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. മാത്രമല്ല, പാരീസ് ഉടമ്പടിയുടെ ലക്ഷ്യങ്ങൾ നേടുന്നതിന് രാജ്യങ്ങളെയും കമ്പനികളെയും ഏകോപിപ്പിച്ച് ഒരേ ശൃംഖലയിൽ കൊണ്ടുവരിക എന്നതും ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യമാണ്.

*5. എം ഒ ഇ എഫ് സി സി–യു എൻ ഡി പി സംഗ്രഹം*

പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം എന്നിവയ്കയുള്ള മന്ത്രാലയവും യു എൻ ഡി പിയും ചേർന്നുള്ള ഒരു സംരംഭമാണ് ഇത്. 'മനസ്സർപ്പിക്കാതെയുള്ള ഉപഭോഗത്തിൽ നിന്നും മനസ്സറിഞ്ഞുള്ള പ്രയോഗവത്കരണം' എന്നതാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. 2022 നവംബർ 14 ന് സി ഒ പി 27 ലാണ് ഇതിന് രൂപം നൽകിയത്. താഴെ പറയുന്ന കാര്യങ്ങൾ ഇതിൽ എടുത്തു പറയത്തക്കതാണ്.

എ) ആവശ്യത്തിന് മാത്രമുള്ളത് ഉപയോഗിക്കുന്ന ഉത്തരവാദിത്വ ഉപഭോഗം. ഒരു ഉല്പന്നത്തിന്റെ എല്ലാ ഭാഗങ്ങളും ഉപയോഗിക്കുക, അവശേഷിക്കുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അത് റീസൈക്കിൾ ചെയ്യുക.

ബി) വിഭവങ്ങളുടെ പരമാവധി പ്രയോജനം ഉറപ്പിക്കുന്നതിന് പുനരുപയോഗം സാധ്യമാക്കുന്ന സർക്കുലർ സമ്പദ്ഘടന. അവശിഷ്ടങ്ങൾ, പുറംതള്ളൽ എന്നിവ കുറച്ച് കാർബൺ ഫുട്ട്പ്രിന്റ് കുറയ്ക്കുകയും തൽസ്ഥാനത്ത് പരിസ്ഥിതി പാദമുദ്ര ഉയർത്തുകയും ചെയ്യുക.

സി) 'വസുധൈവ കുടുംബകം' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രകൃതിയുമായി ഒത്തിണങ്ങി ജീവിതം നയിക്കുക. എല്ലാവരുടെയും നന്മ മുൻനിർത്തി ജീവിക്കുക.

ഡി) മനസ്സർപ്പിച്ചുകൊണ്ടുള്ള ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ വിഭവങ്ങളുടെ സുസ്ഥിരമായ മാനേജ്മെന്റ്. അമിത ഉപഭോഗം കുറയ്ക്കുക, വിഭവങ്ങളുടെ സമതുലിതമായ ലഭ്യത ഉറപ്പാക്കുക.

ഇ ) ശാസ്ത്രത്തിന്റെ പ്രചാരണം വഴിയായി രാജ്യങ്ങൾ തമ്മിൽ സഹകരണം, സഹവർത്തിത്വം എന്നിവ ഉറപ്പ് വരുത്തുക. വിജ്ഞാനത്തിന്റെ കൈമാറ്റം, മികച്ച പ്രായോഗിക രീതികളുടെ പ്രചാരണം, പരമ്പരാഗത അറിവുകളുടെ സംരക്ഷണം.

**ഉപസംഹാരം**

സി ഒ പി 27 ഉച്ചകോടിയിൽ ഇന്ത്യ ഒരു പ്രധാന രാജ്യമായി മാറുകയുണ്ടായി. ലോസ് ആൻഡ് ഡാമേജ് ഫണ്ടിന് നൽകുന്ന ഇന്ത്യയുടെ പിന്തുണ ഇതിന് വ്യക്തമായ ഉദാഹരണമാണ്. കാലാവസ്ഥാ വ്യതിയാനം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രാജ്യങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന ഒരു പ്രധാന സ്രോതസാണ് ഇത്. അതേസമയം, ഈ ഫണ്ടിനുള്ള സംഭാവനയുടെ കാര്യത്തിൽ ഇന്ത്യക്ക് കാര്യമായ ഉത്തരവാദിത്വമില്ലെന്നും ഇന്ത്യ വ്യക്തമാക്കിയിട്ടുണ്ട്.

യൂറോപ്യൻ യൂണിയൻ മുന്നോട്ട് വച്ചിട്ടുള്ള കാർബൺ ബോർഡർ അഡ്ജസ്റ്റ്മെന്റ് സംവിധാനത്തെ എതിർക്കുന്ന കാര്യത്തിൽ ഇന്ത്യ ബ്രിക്ക് രാജ്യങ്ങളെ ശക്തമായി പിന്തുണക്കുന്നുണ്ട്. 2026 മുതൽ സിമന്റ്, വളം, സ്റ്റീൽ തുടങ്ങിയ കാർബൺ അധികം ബഹിഷ്കരിക്കുന്ന ഉത്പന്നങ്ങൾക്ക് നികുതി ചുമത്തുന്നതിനുള്ള സംവിധാനമാണ് ഇത്. ബ്രിക് രാജ്യങ്ങൾക്കൊപ്പം ചേർന്ന് ഇത് വിപണിയെ തകരാറിലാക്കുമെന്ന് ഇന്ത്യയും വാദിക്കുന്നു. ഇത് ഒഴിവാക്കണമെന്നാണ് ഇന്ത്യയുടെ ആവശ്യം. വികസിത, വികസ്വര രാജ്യങ്ങൾ തമ്മിലുള്ള വ്യാപാര അന്തരം

കൂടുന്നതിനും ഇത് കാരണമാകുമെന്ന് ഇന്ത്യ വാദിക്കുന്നു.

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്ന കാര്യത്തിൽ ഇന്ത്യ ശക്തമായ സാന്നിധ്യമായി മാറിയിട്ടുണ്ട്. കൽക്കരിക്ക് പുറമെ ഇതര ഫോസിൽ ഇന്ധനങ്ങളുടെ കാര്യത്തിലും ഉപയോഗം കുറയ്ക്കുന്ന കാര്യത്തിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. യൂറോപ്യൻ യൂണിയൻ പിന്തുണക്കുന്ന ഗ്ളസ്ഗോ ഉച്ചകോടിയുടെ നിശ്ചയങ്ങളിൽ ഊന്നിയാണ് ഇന്ത്യ മുന്നോട്ട് പോകുന്നത്. കൽക്കരിക്ക് പുറമെ എണ്ണയും പ്രകൃതി വാതകവും ഹരിതഗൃഹ വാതക പ്രശ്ന ത്തിൽ കാര്യമായ സംഭാവന നൽകുന്നുണ്ട്. അതുകൊണ്ട് ഇവയും ഘട്ടം ഘട്ടമായി ഒഴിവാക്കപ്പെടേണ്ടതാണ്. വൈദ്യുതിയുടെ ഉല്പാദന രംഗത്ത് ഇന്ത്യ കൽക്കരിയെ കാര്യമായി ആശ്രയിക്കുന്ന രാജ്യമാണ്. അമേരിക്ക, സൗദി അറേബ്യ തുടങ്ങിയ ക്രൂഡ് ഓയിൽ, പ്രകൃതി വാതക ഉത്പാദക രാജ്യങ്ങൾ, ഫോസ്സിൽ ഇന്ധന ഉപയോഗം കുറയ്ക്കാനുള്ള നീക്കത്തെ ശക്തമായി എതിർക്കുകയാണ്. അതുകൊണ്ട് യഥാർ ത്ഥത്തിൽ പ്രഖ്യാപനങ്ങൾ കൽക്കരിയുടെ ഉപയോഗം കുറയ്ക്കുന്നതിലേക്ക് മാത്രമായി ചുരുങ്ങുകയാണ്.

■

(ഗിഫ്റ്റിലെ റിസർച്ച് സ്കോളറാണ് ലേഖിക)

**End Note**

[1] https://www.britannica.com/science/climate-change/. Accessed on 12 June 2022

[2] https://www.greenpeace.org/international/story/18394/rex-weyler-hothouse-earth/. Accessed on 12 January 2020.

[3] https://www.climatecentral.org/news/the-last-time-co2-was-this-high-humans-didnt-exist-15938. Accessed on 12 January 2020.

[4] https://pib.gov.inPressRelease Page. aspx?PRID=1876119#:~: text=Responding%20to%20the%20call%20 for,as%20 an%20 alternate%20 energy% 20source. Accessed on 09 January 2023.

[5] https://www.un.org/en/chronicle/article/stockholm-kyoto-brief-history-climate-change. Accessed on 2 July 2022.

[6] https://unfccc.int/process-and-meetings/the-paris-agreement/the-paris agreement#:~:text= The%20Paris%20Agreement%20is%20a, compared%20to%20pre%2 Dindustrial%20levels. Accessed on 12 August 2022.

## References

1. Bruce, J. P., Lee, H., & Haites, E. F. (1996). *Climate change 1995. Economic and social dimensions of climate change.* IPCC.
2. DEA. 2020. Report of the Sub-Committee for the Assessment of the Financial Requirements for Implementing India's Nationally Determined Contribution (NDC). Department of Economic Affairs, Ministry of Finance, Government of India. https://dea.gov.in/sites/default/files/Sub%20 Committee%20 Report%20 Final.pdf
3. Eckstein, D., Künzel, V., & Schäfer, L. (2021). Global climate risk index 2021. Who Suffers Most from Extreme Weather Events, 2000-2019.
4. Government of India (2022). *India's long-term low-carbon development strategy.* Ministry of Environment, Forest and Climate Change, New Delhi.
5. IPCC. 2022. Climate Change 2022: Mitigation of Climate Change - Summary for Policymakers. Intergovernmental Panel on Climate Change. https://www.ipcc.ch/report/ar6/wg3/downloads/ report/IPCC_AR6_WGIII_SPM.pdf.

6. Pachauri, R. K., & Reisinger, A. (2007). IPCC fourth assessment report. IPCC, Geneva, 2007.

7. Paris agreement. In *Report of the Conference of the Parties to the United Nations Framework Convention on Climate Change (21st Session, 2015: Paris). Retrived December* (Vol. 4, p. 2017). HeinOnline.

8. Reidmiller, D. R., Avery, C. W., Easterling, D. R., Kunkel, K. E., Lewis, K. L. M., Maycock, T. K., & Stewart, B. C. (2018). Fourth national climate assessment. Volume II: Impacts, Risks, and Adaptation in the United States, Report-in-Brief.

9. United Nations General Assembly (1987). Our Common Future: Report of the World Commission on Environment and Development. Transmitted to the General Assembly as an Annex to document A/42/427 - Development and International Co-operation: Environment.

10. United Nations 1992, UN Framework Convention on Climate Change (UNFCCC). unfccc.int/files/essential_background/background_ publications_htmlpdf/application/pdf/conveng.pdf. Accessed 12 June 2022.

11. United Nations Environment Programme (2016). Definitions and Concepts - Background Note.

12. United Nations Sustainable Development Goals: The Sustainable Development Agenda. Accessed June 19, 2022.

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

# ഉന്നത വിദ്യാഭ്യാസ രംഗത്ത് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സ്വാധീനം

ഇന്ദു ടി ആർ

വൈജ്ഞാനിക മേഖലയിൽ ഇന്ത്യയെ ഒരു ആഗോള ശക്തിയാക്കി മാറ്റുക എന്ന ലക്ഷ്യം മുന്നിൽ വച്ച്, ജനങ്ങൾക്ക് ഏറ്റവും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് ഊന്നൽ നൽകുന്ന വിദ്യാഭ്യാസ സംവിധാനം പടുത്തുയർത്തുക എന്നതാണ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (എൻ ഇ പി) അടിസ്ഥാന ലക്ഷ്യം. 10+ 2 എന്ന നിലവിലെ വിദ്യാഭ്യാസ രീതി ഈ നയത്തിൽ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇതിന് ബദലായി 5+3+3+4 എന്ന രീതിയാണ് അവലംബിക്കുക. അതായത്, പ്രൈമറി തലം മുതൽ സെക്കന്റ് ഗ്രേഡ് വരെ ഒന്നാം ഘട്ടവും മൂന്ന് മുതൽ അഞ്ച് വരെ രണ്ടാം ഘട്ടവും ആറാം സ്റ്റാൻഡേർഡ് മുതൽ എട്ടു വരെ അടുത്ത ഘട്ടവും അവസാന ഘട്ടം ഒൻപതാം സ്റ്റാൻഡേർഡ് മുതൽ പന്ത്രണ്ട് വരെയും എന്ന നിലയിലാണ് പ്രാഥമിക വിദ്യാഭ്യാസത്തെ ക്രമീകരിച്ചിരിക്കുന്നത്. 2020–ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ സമീപനം അനുസരിച്ച് അഞ്ചാം ക്ലാസ് വരെ പഠന മാധ്യമം പ്രാദേശിക ഭാഷയായിരിക്കും. പ്രാദേശിക ഭാഷ ഒന്നാം ഭാഷയായിരിക്കുമെന്ന് സാരം. എട്ടാം ക്ലാസ് വരെയും തുടർന്നും ഇതേ രീതി തുടരാമെന്നും നയം ശുപാർശ ചെയ്യുന്നു. സംസ്കൃതത്തിനും വിദേശ ഭാഷകൾക്കും വിദ്യാഭ്യാസത്തിൽ ഊന്നൽ നൽകുന്നുണ്ട്. സ്കൂൾതലം വരെ വിദ്യാർത്ഥികൾ മൂന്ന് ഭാഷകൾ പഠിക്കേണ്ടതാണ്. ഇതിൽ രണ്ടെണ്ണം നിർബന്ധമായും ഇന്ത്യൻ ഭാഷകളായിരിക്കണം. അതേ സമയം, പുതിയ നയം, ഒരു ഭാഷയും അടിച്ചേല്പിക്കുകയില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്തിരിക്കുന്നു.

### നയത്തിന്റെ ചരിത്രപരമായ പശ്ചാത്തലം

ഇന്ത്യയിൽ, വിദ്യാഭ്യാസ നയം, നിയമങ്ങൾ, ആക്ഷൻ പ്ലാൻ, കരിക്കുലം ഘടന തുടങ്ങിയ മേഖലകളിൽ കാലാകാലങ്ങളായി നിരവധി പരിഷ്കരണങ്ങൾ നടന്നിട്ടുണ്ട്.

എ) 1968–ലെ ആദ്യ ദേശീയ വിദ്യാഭ്യാസ നയം

കോത്താരി കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇന്ദിര ഗാന്ധിയുടെ നേതൃത്വത്തിലുള്ള സർക്കാരാണ് ആദ്യത്തെ ദേശീയ പ്രൈമറി വിദ്യാഭ്യാസ നയം നടപ്പാക്കിയത്. ഈ നയത്തിന് നിരവധി പ്രത്യേകതകളുണ്ടായിരുന്നു. ഇംഗ്ലീഷ്,

***2030–നകം കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം എന്നിവ സാർവത്രികമാക്കുക എന്നത് എൻ ഇ പി മുന്നോട്ട് വയ്ക്കുന്ന ഒരു പ്രധാന ലക്ഷ്യമാണ്.***

***5 + 3 + 3 + 4 എന്നതാണ് വിദ്യാഭ്യാസ മേഖലയിലെ പുതിയ കരിക്കുലം ഘടന.***

ഹിന്ദി, പ്രാദേശിക ഭാഷ എന്നിങ്ങനെ ത്രിഭാഷാ ബോധന രീതിയാണ് നയം അവലംബിച്ചത്. ദേശീയ വരുമാനത്തിന്റെ 6 ശതമാനം വിദ്യാഭ്യാസത്തിനായി നീക്കി വയ്ക്കണമെന്ന് നിർദേശിക്കുന്നു. ഒപ്പം ഭരണഘടനയുടെ അടിസ്ഥാനത്തിൽ, 14 വയസ് വരെ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസവും പ്രസ്തുത നയം ഉറപ്പ് വരുത്തുന്നു.

ബി) 1986ലെ ദേശീയ വിദ്യാഭ്യാസ നയം

രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഇതിനു രൂപം നൽകിയത്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പൗരാവകാശങ്ങൾക്കാണ് ഈ നയം മുൻതൂക്കം നൽകിയത്. പ്രത്യേകിച്ച് പെൺകുട്ടികൾ, പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർ എന്നിവരുടെ കാര്യത്തിൽ. പ്രൈമറിതല വിദ്യാഭ്യാസത്തിൽ കുട്ടികൾക്കാണ് അത് കൂടുതൽ പ്രാമുഖ്യം നൽകിയത്. പ്രാഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' എന്ന പദ്ധതിയും ഇതിന്റെ ഭാഗമായി വന്നു.

സി) 1992–ലെ വിദ്യാഭ്യാസ നയം (പരിഷ്കരണം)

1986–ലെ നയത്തിന്റെ പരിഷ്കരിച്ച പതിപ്പായിരുന്നു ഇത്. പി വി നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന ഘട്ടത്തിലാണ് ഈ നയം നടപ്പിലാക്കിയത്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സാർവത്രികമായ ഉൾക്കൊള്ളലും വിദ്യാർത്ഥികളെ വിദ്യാഭ്യാസ രംഗത്ത് ഉറപ്പിച്ച് നിർത്തുകയുമായിരുന്നു ഇതിന്റെ കാതലായ ലക്ഷ്യം. ഇക്കാര്യത്തിലെ ഗ്രാമീണ, നഗര അന്തരം കുറയ്ക്കുന്നതിനുള്ള നടപടികൾ, പ്രൊഫഷണൽ, സാങ്കേതിക കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ദേശീയ തലത്തിൽ പൊതു പ്രവേശന പരീക്ഷ തുടങ്ങിയ പരിഷ്കാരങ്ങൾ 1992–ലെ നയത്തിന്റെ ഭാഗമായിരുന്നു.

### പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സവിശേഷതകൾ

### സ്കൂൾ വിദ്യാഭ്യാസം

മൂന്ന് മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ പരിരക്ഷയും അവരുടെ വിദ്യാഭ്യാസവും (ഇ സി സി ഇ) 2030–നകം സർവർത്രികമായി നടപ്പാക്കുന്നതിന് പുതിയ നയം ലക്ഷ്യം വയ്ക്കുന്നു. ഒപ്പം മുഴുവൻ കുട്ടികളും സ്കൂൾ പ്രവേശനം നേടുന്നു എന്നത് ഉറപ്പ് വരുത്തുക എന്നതും ഇതിന്റെ ഭാഗമായി വരുന്നു. താഴെ പറയുന്ന കാര്യങ്ങളാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നയം മുന്നോട്ട് വയ്ക്കുന്നത്.

എട്ട് വയസു ഏറെയുള്ള കുട്ടികളുടെ കാര്യത്തിലുള്ള നാഷണൽ കരിക്കുലർ ആൻഡ് പെഡഗോഗിക്കൽ ഫ്രെയിംവർക്ക് ഫോർ ചൈൽഡ് ഹുഡ് കെയർ ആൻഡ് എഡ്യൂകേഷൻ (എൻ സി പി എഫ് ഇ സി സി ഇ) ഇതിന്റെ ഭാഗമായി വരുന്നു. മൂന്ന് വയസ്സ് മുതൽ 5+3+3+4 എന്ന രീതിയാണ് ഇവിടെ സ്വീകരിച്ചരിക്കുന്നത്. ബോധന ഭാഷ അഞ്ചാം ക്ലാസ് വരെ മാതൃഭാഷയോ, പ്രാദേശിക ഭാഷയോ ആയിരിക്കണം. എട്ടാം ക്ലാസ് വരെ ഇംഗ്ലീഷ് ഭാഷ ഓപ്ഷണലായിരിക്കും. 3,5,8 എന്നീ ക്ലാസ്സുകളിൽ സ്കൂൾ തലത്തിലുള്ള പരീക്ഷയും 10,12 ക്ലാസ്സുകളിൽ ബോർഡ് പരീക്ഷയും എന്ന രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. കരിക്കുലം സമഗ്രമാക്കുക എന്നതാണ് ഇതിന്റെ പ്രധാന തലം. എല്ലാ അംഗീകൃത സ്കൂൾ ബോർഡുകൾക്കും

***പെൺകുട്ടികൾക്കും ലൈംഗീക ന്യൂനപക്ഷങ്ങൾക്കും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ജെൻഡർ ഇൻക്ലൂഷൻ ഫണ്ടിന് രൂപം നൽകുന്നതാണ്.***

ബാധകമാകുന്ന വിധത്തിൽ പെർഫോമൻസ് അസ്സസ്മെന്റ്, റിവ്യൂ, ആൻഡ് അനാലിസിസ് ഓഫ് നോളജ് ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് (പരാഖ്) എന്ന ദേശീയതല അസസ്സ്മെന്റ് സെന്റർ രൂപീകരിക്കും.

**സ്കൂൾബാഗ് രഹിത വിദ്യാഭ്യാസം**

പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിലുമുള്ള കുട്ടികൾക്കും തുല്യ നിലയിൽ വിദ്യാഭ്യാസം നൽകുന്നതിന് ജെൻഡർ വിദ്യാഭ്യാസ ഫണ്ടിന് രൂപം നൽകും. അറിവ് പരിശോധിക്കുന്നതിന് മോഡുലാർ പരീക്ഷകൾ അടക്കമുള്ള ബോർഡ് പരീക്ഷകൾ ഉണ്ടാകും. ആറാം ക്ലാസ് മുതൽ നടപ്പാക്കുന്ന വൊക്കേഷണൽ പ്രോഗ്രാമുകൾ നടപ്പാക്കും.

**ഉന്നത വിദ്യാഭ്യാസവും ദേശീയ വിദ്യാഭ്യാസ നയവും**

2035–നകം 50 ശതമാനം വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ എൻറോൾമെന്റ് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി സർവകലാശാലകളെ മൂന്നായി തരം തിരിക്കും. ഗവേഷണത്തിന് പ്രാധാന്യം നൽകുന്നവ, അധ്യാപനത്തിനും മുൻതൂക്കം നൽകുന്നവ, ബിരുദം നൽകൽ അടക്കമുള്ള ചുമതലകൾ നിർവഹിക്കുന്ന സ്വയംഭരണ കോളേജുകൾ എന്നിങ്ങനെയാണ് അത്. മൂന്ന്, അല്ലെങ്കിൽ നാലു വർഷം വരുന്നതായിരിക്കും ബിരുദപഠനം. ഇതിൽ പല ഘട്ടങ്ങളിൽ എക്സിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഒരു വർഷം പൂർത്തിയാക്കിയാൽ സർട്ടിഫിക്കറ്റും രണ്ടു വർഷം കഴിഞ്ഞാൽ ഡിപ്ലോമയും പഠിതാക്കൾക്ക് ലഭിക്കുന്നു. മൂന്ന് വർഷത്തെ പഠനം പൂർത്തിയാക്കുന്നവർക്ക് ബിരുദം ലഭിക്കുമ്പോൾ നാലു വർഷം പൂർത്തീകരിക്കുന്നവർക്ക് വിവിധ വിഷയങ്ങളിലുള്ള ബിരുദവും ലഭിക്കും.

ഇത്തരം ഡിഗ്രി സമ്പ്രദായം വിദ്യാർത്ഥികൾക്ക് വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം നൽകുന്നു. ഉദാഹരണത്തിന് ഫിസിക്സ്, ഫാഷൻ ഡിസൈനിംഗ് എന്ന കോമ്പിനേഷൻ പഠിക്കാൻ വിദ്യാർത്ഥിക്ക് കഴിയുന്നു. ഇതിനായി മൾട്ടി ഡിസിപ്ലിനറി എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റികൾ (എം ഇ ആർ യു) ആരംഭിക്കും. വിദ്യാഭ്യാസം രാജ്യാന്തരതലത്തിലേക്ക് പരിണമിക്കുമ്പോൾ വിദേശ സർവ്വകലാശാലകൾ വിദ്യാർത്ഥികൾക്ക് പ്രാപ്യമാകുന്നതോടൊപ്പം കോളേജുകൾ മാറുന്നതിനുള്ള സൗകര്യം കൂടുതൽ ഉദാരമാവുകയും ചെയ്യും. ഫാക്കൽറ്റികൾക്കും സ്ഥാപനങ്ങൾക്കും കൂടുതൽ സ്വയംഭരണം ലഭ്യമാകും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങൾ അക്കാദമികവും ഭരണപരവുമായ അധികാരമുള്ള സ്വതന്ത്ര ബോർഡുകളുടെ കീഴിലാകും. ഫീസുകൾ ചുമത്തുന്നതും ഇത്തരത്തിലാകും. 2040–ഓടെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യത്യസ്തമായ, വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന അറിവിന്റെ കേന്ദ്രങ്ങളായി മാറും. ഉന്നത വിദ്യാഭ്യാസത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ് പ്രൊഫഷണൽ വിദ്യാഭ്യാസം. ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (എച്ച് ഇ സി ഐ) എന്ന നിയന്ത്രണ സ്ഥാപനമായിരിക്കും ഈ മേഖലയുടെ റെഗുലേറ്റർ എന്ന നിലയിൽ പ്രവർത്തിക്കുക. ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ്

***2035–നകം ഗ്രോസ് എൻറോൾമെൻറ് റേഷ്യോ 50 ശതമാനമായി ഉയർത്തുന്നതിന് എൻ ഇ പി ലക്ഷ്യമിടുന്നു.***

ട്രാൻസ്ലേഷൻ ആൻഡ് ഇന്റർപ്രട്ടേഷൻ (ഐ ഇ ടി ഇ) പ്രവർത്തനം ആരംഭിക്കും. ആദിവാസി ഗോത്രഭാഷകൾ, ക്ലാസിക്കൽ ഭാഷകൾ, അന്യം നിന്ന് പോകുന്ന ഭാഷകൾ എന്നിവയുടെ സംരക്ഷണവും പ്രോത്സാഹന വും ഉറപ്പാക്കും. നാഷണൽ റിസർച്ച് ഫൗണ്ടേഷൻ (എൻ ആർ എഫ്) എന്ന സ്ഥാപനം രൂപീകരിക്കും. പാലി, പേർഷ്യൻ, പരമ്പരാഗത ഭാഷകൾക്കായി പ്രത്യേക ദേശീയ ഇൻസ്റ്റിട്യൂട്ട് ആരംഭിക്കും (പട്ടിക –1).

**വിദ്യാഭ്യാസ നയത്തിന്റെ നേട്ടവും കോട്ടവും**

*സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങൾ :* 10+2 എന്ന നിലവിലെ രീതി 5+3+3+4 എന്ന പുതിയ രീതിയിലേക്ക് മാറും. ബോർഡ് പരീക്ഷകളുടെ ഭാരം കുറയ്ക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

പഠനത്തിനുള്ള വിശാലമായ സാദ്ധ്യതകൾ: 9 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പല വിഷയങ്ങൾ പഠിക്കാൻ സാധിക്കുന്ന വിധത്തിൽ കോമ്പിനേഷനുകൾ ഉണ്ടാകും. അതായത് കൂടുതൽ വിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അവസരങ്ങൾ ലഭിക്കുന്നു.

*വിദ്യാഭ്യാസം അടിസ്ഥാന അവകാശം:* 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് നിലവിൽ നിർബന്ധിത വിദ്യാഭ്യാസം ലഭിക്കുന്നു. സർവശിക്ഷാ അഭിയാൻ പോലുള്ള പദ്ധതികൾ വഴിയാണ് ഇത് നടപ്പാക്കുന്നത്. പക്ഷെ, ഈ സംവിധാനത്തിലും നിരവധി കുട്ടികളാണ് വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ ലഭിക്കാതെ പുറംതള്ളപ്പെടുന്നത്. പുതിയ വിദ്യാഭ്യാസ നയത്തിൽ മൂന്ന് മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്ന വിധത്തിൽ അതിനെ സാർവത്രികമാക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ സൗജന്യമായാണ് വിദ്യാഭ്യാസം നൽകുക.

സ്കൂളിൽ കോഡിങ് പഠിക്കുന്നതിനുള്ള

**Table - 1** Comparison of new education policy and old policy of education

| New education policy | Old education policy |
|---|---|
| • School formula: 5+3+3+4 | • School formula:10+2 |
| • Science students free to choose arts subjects | • Science/Arts students mix subjects |
| • Option of taking board exams again to improve | • Students can't take more than one board exam |
| • Advises learning in regional language till class 5 | • Regional language curriculum a choice |
| • 4-year undergraduate programme | • 3-year undergraduate programme |
| • Multiple exit options for students | • No exit options for students |

***പ്രത്യേക മൾട്ടി ഡിസിപ്ലിനറി ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റികൾ ആരംഭിക്കും.***

അവസരം:പുതിയ നയത്തിൽ ആറാം ക്ലാസ് മുതൽ കംപ്യൂട്ടർ, കോഡിങ്ങ് പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുന്നു. പാഠ്യപദ്ധതിയിൽ ഇതുൾപ്പെടുത്തുന്നത് പുരോഗമന പരമായ ഒരു നീക്കമാണ്.

*വിമർശനാത്മകമായി ചിന്തിക്കുന്നതിന് മുൻതൂക്കം:* നിലവിലെ ബോർഡ് പരീക്ഷകൾ വിദ്യാർത്ഥികളുടെ ഓർമ്മശക്തി പരീക്ഷിക്കുകയാണ് ചെയ്യുന്നത്. ഇതിനെ വിമർശനാത്മകമായി ചിന്തിക്കുന്ന, യുക്തി ഭദ്രമായ സമീപനമുള്ള, പഠിതാക്കളുടെ ക്രിയാശേഷിയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ, അവർ ആർജിച്ച വിജ്ഞാനത്തെ പ്രായോഗികമായി പ്രയോഗിക്കുന്നതിന് സജ്ജമാക്കുന്ന വിധത്തിൽ മാറ്റം വരുത്തും.

*എല്ലാവരെയും ഉൾക്കൊള്ളുന്ന നയം:* പുതിയ നയം ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കുന്നതോടൊപ്പം പ്രത്യേക വിദ്യാഭ്യാസ മേഖലകൾക്ക് രൂപം നൽകുന്നു. ലിംഗ പരമായ വേർതിരിവിന് പരിഹാരം കാണുന്നതിനായി പ്രത്യേക ജെൻഡർ ഇൻക്ലൂഷൻ ഫണ്ട് ഇതിന്റെ പ്രത്യേകതയാണ്. ഓരോ സംസ്ഥാനത്തും ബാലഭവനുകൾ രൂപീകരിച്ച് വിദൂര പ്രദേശങ്ങളിലുള്ളവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നു.

അധ്യാപനത്തിന്റെ ഗുണമേന്മ വർധിപ്പിക്കൽ: അധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനായി 2030–ഓടെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്ന ബി. എഡ് കോഴ്സ് നിർബന്ധമാക്കും. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് അധ്യാപകരെ പ്രാപ്തരാക്കും. മിടുക്കരായ വിദ്യാർത്ഥികൾക്ക് അധ്യാപകർ ആവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകുക, അവരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി തിരുത്തുക എന്നതും ഇതിന്റെ ഭാഗമായി വരുന്നുണ്ട്.

*നിലവാരമുള്ള ബിരുദ പഠന പദ്ധതി:* നിലവിലെ മൂന്ന് വർഷ ബിരുദപഠനം നാല് വർഷമായി മാറും. ഒന്നാം വർഷം പൂർത്തിയാക്കുമ്പോൾ അതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നു. രണ്ടു വർഷമാകുമ്പോൾ ഡിപ്ലോമ നൽകും. മൂന്ന് വർഷം പഠനം പൂർത്തീകരിക്കുമ്പോൾ ബിരുദം ലഭിക്കുന്നു. ഗവേഷണം അധിഷ്ഠിതമായാണ് നാലാം വർഷത്തെ പഠനം. വിദ്യാർത്ഥികൾക്ക് അവരുടെ പഠന വിഷയങ്ങൾ മാറുന്നതിനും ക്രെഡിറ്റ് പരിഷ്കരിക്കുന്നതിനും ഈ രീതിയിൽ അവസരം ലഭിക്കുന്നു.

*ഫീസിന് നിയന്ത്രണം:* എൻ ഇ പി നടപ്പാകുന്നതോടെ ഫീസ് ചുമത്തുന്നതിന് നിയന്ത്രണം വരും. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വൻതോതിലുള്ള ഫീസ് ഈടാക്കാൻ കഴിയില്ല.

*ആഗോള വിദ്യാഭ്യാസത്തിലേക്കുള്ള വാതായനം:* അന്താരാഷ്ട്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദേശ സർവ്വകലാശാലകൾക്കും ഇന്ത്യയിൽ ക്യാമ്പസ് തുറക്കുന്നതിന് പുതിയ നയം വഴിയൊരുക്കുന്നു. ഇന്ത്യക്കകത്ത് നിലവാരമുള്ള വിദ്യാഭ്യാസം ഇത് ഉറപ്പ് വരുത്തുന്നു. ഇതുവഴി മികച്ച വിദ്യാർത്ഥികൾ വിദേശത്തേക്ക് ചേക്കേറുന്നത് തടയാൻ കഴിയുന്നു.

**എൻ ഇ പിയുടെ കോട്ടങ്ങൾ**

*ഭാഷകളുടെ അടിച്ചേല്പിക്കൽ:* പ്രൈമറി തലം മുതൽ തന്നെ ഒന്നാം ഭാഷ എന്ന രീതി എൻ ഇ പിയിൽ നിലവിൽ വരുന്നു. പ്രധാന വിഷയങ്ങൾ ഈ ഭാഷയിലാ

***ഉന്നത വിദ്യാഭ്യാസ മേഖലയുടെ അവിഭാജ്യ ഘടകമാണ് പ്രഫഷണൽ വിദ്യാഭ്യാസം.***

യിരിക്കും പഠിപ്പിക്കുക. ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത് പിന്നീടുള്ള ഘട്ടങ്ങളിലാണ്.

*ഇംഗ്ലീഷ് പഠനത്തിന് കാലതാമസം:* എൻ ഇ പി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് അഞ്ചാം ക്ലാസിനു ശേഷമാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രം ആശ്രയിക്കേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് ഇത് തിരിച്ചടിയാകും. എന്നാൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടക്കം മുതൽ തന്നെ ഇംഗ്ലീഷ് പഠിപ്പിക്കുമ്പോൾ അത്തരം വിദ്യാർത്ഥികൾക്ക് അത് നേട്ടമാകുന്നു.

*ഡിജിറ്റൽ വിദ്യാഭ്യാസ മേഖലക്ക് പ്രാമുഖ്യം:* വിദ്യാഭ്യാസത്തിന്റെ ഡിജിറ്റൽവത്കരണം എൻ ഇ പിയിലെ ഒരു നിർണ്ണായക മേഖലയാണ്. പക്ഷെ ഇന്ത്യൻ ജനതയുടെ 30 ശതമാനത്തിന് മാത്രമാണ് സ്മാർട്ട് ഫോണുകളുള്ളൂ എന്നത് ഇത് നടപ്പാക്കുന്നതിന് മുന്നിലെ ഒരു പ്രധാന കടമ്പയാണ്. ഇന്ത്യയിൽ കമ്പ്യൂട്ടർ ഉള്ളവരുടെ എണ്ണവും താരതമ്യേന കുറവാണ്.

*ബിരുദ പഠനരംഗത്തെ മാറ്റങ്ങൾ:* പുതിയ വിദ്യാഭ്യാസ നയം അനുസരിച്ച് ബിരുദ വിദ്യാർത്ഥികൾക്ക് ഏത് ലെവലിൽ വേണമെങ്കിലും തങ്ങളുടെ പഠനം അവസാനിപ്പിക്കാം. അതനുസരിച്ച് അവർക്ക് സർട്ടിഫിക്കറ്റ്, ഡിപ്ലോമ ലഭിക്കുന്നു. അതുകൊണ്ട് പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത കൂടുതലാകും. പഠനത്തെ ഗൗരവമായി കാണാത്ത സ്ഥിതി ഇത് സൃഷ്ടിക്കും. ബിരുദപഠനത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വർദ്ധിക്കുന്നതിനും ഇടയാക്കും.

**ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ നയത്തിന്റെ സ്വാധീനം**

ബിരുദപഠനത്തിൽ ഒരു വർഷം പൂർത്തിയായാൽ സർട്ടിഫിക്കറ്റും രണ്ടു വർഷമായാൽ ഡിപ്ലോമയും മൂന്നാം വർഷം ബിരുദവും നൽകുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾ എത്തുന്ന അനുപാതം (ഗ്രോസ് എൻറോൾമെൻറ് റേഷ്യോ) ഉയർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2018–ൽ 26.3 ശതമാനമായിരുന്ന റേഷ്യോ 2035–ൽ 50 ശതമാനമാക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. 35 ദശലക്ഷം സീറ്റുകളാണ് ഇതിനായി പുതുതായി ആരംഭിക്കുന്നത്.

ഗവേഷണവും മറ്റും പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ, നാഷണൽ റിസർച്ച് ഫൗണ്ടേഷൻ രൂപീകരിക്കും. സർവകലാശാല തലത്തിൽ എല്ലാ അക്കാദമിക് വിഷയങ്ങളിലും ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വർഷത്തിൽ രണ്ട് തവണ എസ് എ ടി മാതൃകയിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി കോളേജ് പ്രവേശന പരീക്ഷ നടത്തും. അടുത്ത 15 വർഷത്തിനുള്ളിൽ, ബിരുദം നൽകുന്ന വിധത്തിൽ കൊളേജുകൾക്ക് ഗ്രേഡഡ് ആട്ടോണമി അനുവദിക്കും. യുണിവേഴ്സിറ്റിയുമായി കോളേജുകളുടെ അഫിലിയേഷൻ പടിപടിയായി ഇല്ലാതാകും. കോളേജുകൾക്ക് 'ഡീംഡ് ടു ബി യൂണിവേഴ്സിറ്റി' പദവി അനുവദിക്കും.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഫീസ് ഈടാക്കുന്നതിന് പരമാവധി പരിധിനിശ്ചയിക്കും.

ലോകത്തെ മുന്തിയ സർവകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നൽകും. അതുപോലെ ഇന്ത്യയിലെ പ്രമുഖമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആഗോള തലത്തിൽ പ്രവർത്തിക്കുന്നതിന് പ്രോത്സാഹനം നൽകും. എം ഫിൽ പ്രോഗ്രാം നിർത്തലാക്കുകയും പകരം ബിരുദാനന്തര ബിരുദം നേടിയവർക്ക് പി എച്ച് ഡി നേടുന്നതിന് പ്രോത്സാഹനം നൽകും.

ഇന്ത്യൻ ഭാഷകളുടെ സംരക്ഷണത്തിനായി ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ട്രാൻസ്ലേഷൻ ആൻഡ് ഇന്റെർപ്രെട്ടേഷൻ എന്ന സ്ഥാപനം ആരംഭിക്കുന്നതിന് എൻ ഇ പി ശുപാർശ ചെയ്യുന്നു. പാലി, പേർഷ്യൻ, പ്രാകൃത ഭാഷകൾക്കായി ദേശീയ ഇൻസ്റ്റിട്യൂട്ടുകൾ ആരംഭിക്കും. സംസ്കൃതത്തിനും ഇതര ഭാഷകൾക്കുമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക വകുപ്പുകൾ ആരംഭിക്കും. രാജ്യത്ത് 100 ശതമാനം സാക്ഷരതയാണ് ഈ പോളിസി ലക്ഷ്യമിടുന്നത്.

**ഉപക്രമം**

2020–ൽ ദേശീയ വിദ്യാഭ്യാസ നയം നിലവിൽ വന്നതോടെ എം.ഫിൽ പഠനം ഇടയ്ക്ക് വച്ച് അവസാനിപ്പിച്ചവരുടെ കാര്യത്തിലാണ് കാതലായ മാറ്റങ്ങൾ ഉണ്ടായത്. പുതിയ നയത്തിൽ നിരവധി പോരായ്മകൾ ചൂണ്ടികാണിക്കാനുണ്ടെങ്കിലും നേട്ടങ്ങളാണ് കൂടുതലായുള്ളത്. ഇതുവഴി ഇന്ത്യയിലെ അക്കാദമിക് രംഗം ആഗോളതലത്തിൽ മുൻനിരയിലേക്ക് നീങ്ങും എന്നാണ് പൊതുവെകരുതപ്പെടുന്നത്.

■

(ഗിഫ്റ്റിലെ റിസർച്ച് സ്കോളറാണ് ലേഖിക)

## References

1 Govt. of India (1986). National Policy on Education, 1986

2 Govt. of India (2020). National Education Policy 2020. https://www.education.gov.in/sites/upload_files/mhrd/files/NEP_Final_English_0.pdf

3 https://www.education.gov.in/sites/upload_files/mhrd/files/document-reports/NPE86-mod92.pd

4 Verma Hemlata and Kumar adarsh,2021New Education Policy 2020 of India: A Theoretical Analysis, International Journal of Business and Management Research,302-306.

5 Krishna, Atul (29 July 2020). "NEP 2020 Highlights: School and Higher Education". NDTV.

6 Nandini, ed. (29 July 2020). "New Education Policy 2020 Highlights: School and higher education to see major changes". Hindustan Times.

7 Chopra, Ritika (2 August 2020). "Explained: Reading the new National Education Policy 2020". The Indian Express

8 https://indianexpress.com/photos/explained-gallery/national-education-policy-2020-quixplained-6537120/

9 https://indianexpress.com/article/explained/reading-new-education-policy-india-schools-colleges-6531603/

10 https://indianexpress.com/article/explained/explained-hrd-ministry-and-ministry-of-education-6531694/

കേരള ഇക്കോണമി
പുസ്തകം 3 ലക്കം 4
ഒക്ടോബർ–നവംബർ–ഡിസംബർ 2022

GST updates

Relfi Paul

# Highlights of 48th GST Council meeting

The 48th GST Council meeting was held on 17th December 2022, virtually from New Delhi. Smt Nirmala Sitharaman, the Union Finance Minister, chaired the meeting, along with the Finance Ministers of the States and UTs. Since it was scheduled after a gap of more than five months, it had around 15 items on its agenda. But only eight points, including data-sharing matters, were discussed. The rest of the agenda items like revenue augmentation matters, setting up of GST appellate tribunal, GST on Gutkha and pan masala etc. could not be taken up in this meeting. The key highlights of the 48th GST Council meeting are as follows:

**Rationalisation of rates & clarifications**

GST on pulse husks for cattle feed (including chilka and concentrates) was reduced to nil from 5%. Further, the concessional 5% GST on ethyl alcohol was extended to refineries for blending with petrol, which was earlier charged at 18%.

The Council has also issued some clarifications on tax rates for supply of goods and services are as follows-

(i) Rab, also called rab-salawat is categorised under HSN code 1702, and GST rate of 18% gets charged.

(ii) GST at 18% is charged on fryums made using extrusion, particularly covered under HSN code 19059030.

(iii) Cess on SUV at 22% clarified- Applicable if meets 4 criteria-

(iv) Popularly known as SUV, The engine capacity of more than 1500 cc, Length more than 4000 mm and Ground clearance equal to or more than 170 mm.

(v) 5% GST is charged on imported equipment or goods classified in the concessional 5% GST rate category for petroleum operations and 12% GST applies if the general rate is higher than 12%.

(vi) No GST is chargeable if the residential dwelling is rented to a GST-registered person in their personal capacity for their own use/ account as a residence and not for business.

(vii) No GST on incentives paid to banks by the Central Government as a subsidy under the promotion of RuPay Debit Cards and low-value BHIM-UPI transaction schemes

**Amendments for improving trade facilitation**

**1. Decriminalise three offences under the GST law**

(i) The tax threshold for launching prosecution under GST or taking criminal action is increased from Rs.1 crore to Rs.2 crore, except for fake invoices. In other words, offences pertaining to the issuance of invoices without the sale of goods or services or both or dealing with fake invoices continue to be prosecuted if the tax amount is more than Rs.1 crore.

(ii) Reduction in the compounding amount from the current tax range of 50%-150% to the range of 25%-100%

(iii) Certain offences under Section 132(1) clauses (g), (j) and (k) of the CGST Act, such as obstruction or restricting any officer from discharging their duties, intentional tempering of material evidence and failure to provide the information.

**2. Unregistered persons to get new GST refund rules**

Earlier, there was no defined process for refund claims for the buyers not registered under GST upon cancellation of the contract/ agreement for the sale of services such as flat/house construction and long-term insurance policy and upon the expiry of the time limit to issue credit note by the supplier. The 48th GST Council decided to amend the CGST Rules and directed CBIC to issue a Circular for the procedure to file a refund application by such unregistered buyers.

**3. Facilitate e-commerce for micro-enterprises**

From 1st October 2023, GST-unregistered suppliers, dealers and composition taxable persons can sell goods through e-commerce operators within the state, subject to some conditions. CBIC and GSTN will make the necessary amendments to the Rules via notifications, an amendment to the Act and get the GST portal ready for the new functionality within the defined timeline.

**4. Clarifying the date of applicability for new entries in Schedule III**

New entries were added in Schedule III (Items not covered under GST) from 1st February 2019, such as para 7 (sale from one non-taxable territory to another, such as high sea sales), para 8(a) (sale of warehoused goods before clearance for home consumption) and para 8(b) (Sale of goods by the consignee to any other person where goods are dispatched from the foreign port but before clearance for home consumption).

Confusion arose about their taxability from 1st July 2017 up to 31st January 2019, so the 48th GST Council

recommended giving effect to these additions from the inception of GST. However, no refund of tax already paid shall be granted.

**5. Reversal of ITC for non-payment of invoice within 180 days**

CGST Rule 37(1) will be amended retrospectively from 1st October 2022 for ITC reversal to provide for reversal of input tax credit as per the second proviso to Section 16 of CGST Act, only to the extent of the invoice amount unpaid to the supplier versus the value of the supply, along with tax payable.

**6. New CGST Rule 37A for ITC reversal**

The GST Council decided to insert Rule 37A in CGST Rules that will define steps to reverse ITC claimed on taxes undeposited by the supplier within a specified date. Further, the process of re-availing such ITC where the supplier pays it subsequently will be provided. It allows easy compliance with the condition for claiming an input tax credit as per Section 16(2)(c) of the CGST Act.

**7. Amendments for timely and easier appeal processing**

*Changes in CGST Rules 108(3) and 109*: More clarity for submission of a certified copy of the order against which the appeal is filed and the final acknowledgement issued by the appellate authority.

*Change in CGST Rule 109C and insertion of new form GST APL-01/03 W:* Gives facility for withdrawing an appeal application up to a certain defined stage, avoiding litigations at the level of appellate authorities.

**8. Insurance** - No Claim Bonus (NCB) offered by insurance companies, especially in motor vehicle insurance, is allowed as a deduction from the taxable premium amount for valuation purposes.

**9. Fresh GST Circulars will be issued on the following issues:**

(i) Treatment of pending GST dues from bankrupt businesses where proceedings are filed under the Insolvency and Bankruptcy Code, 2016 (IBC). Rule 161 of CGST Rules and form DRC-25 will be amended accordingly.

(ii) Place of supply of mail/courier services for transportation of goods to places outside India under the proviso to Section 12(8) of the IGST Act and ITC availability to the recipient. The removal of that proviso from the law is further recommended by the Council.

(iii) Procedure for verification of ITC differences between GSTR-3B and GSTR-2A for FY 2017-18 and 2018-19. It would reduce the need for litigations and give much-needed clarity to taxpayers and officers.

(iv) Manner of demand re-determination as per Section 75(2) of the CGST Act. Suppose the tax officer claims there is a misstatement, suppression of returns, or fraud involving tax evasion but has not proved it. The taxes shall be recomputed under Section 73 and not as per Section 74.

(v) Applicability of e-invoicing for a business entity. For instance, suppose the turnover during FY 2022-23 exceeds the threshold limit of Rs.10 crore, whether e-invoicing applies from the next financial year, i.e., 1st April 2023 or from the current year.

**10. Grant of GST registration to TDS and TCS**

CGST Rule 12(3) will be amended to introduce a facility to the GST-registered TDS deductor and TCS collectors for applying for the cancellation of GST registration.

**Streamlining GST compliance**

1. Biometric-based Aadhaar authentication, as well as risk-based physical verification of GST registration applicants, is proposed in Gujarat on a pilot basis with amendments in CGST Rules 8 and rule 9 for curbing fake and fraudulent registrations.
2. Form REG-01 will capture PAN-linked mobile numbers and e-mail IDs (from the CBDT database) with OTP verification to restrict misuse of the PAN of a person and to curb identity thefts/frauds.
3. Amendment that will not allow the filing of all GST returns and statements, such as GSTR-1, GSTR-3B, GSTR-4, GSTR-9, GSTR-9C, etc., after a maximum of three years from the due date.
4. Amendment to GSTR-1 for allowing e-commerce operators and sellers to report sales through e-commerce operators, covered under Sections 52 and 9(5) of the CGST Act.
5. Insertion of CGST Rule 88C and form DRC-01B for intimation to the taxpayer, by the GST portal, for any tax liability differences between GSTR-1 and GSTR-3B for a tax period over a defined amount and/ or percentage, to either pay or explain the difference.
6. Further, a new clause (d) will be inserted in CGST Rule 59(6) to restrict the filing of GSTR-1 for future tax periods if the taxpayer has not deposited the tax laid down in the intimation. Further, that restriction may apply if he has also not replied to such intimation giving reasons for the pending unpaid tax without the intervention of the tax officers.
7. Amendment in the definition of "non-taxable online recipient" under section 2(16) of IGST Act, 2017 and definition of "Online Information and Database Access or Retrieval Services (OIDAR)" under section 2(17) of IGST Act, 2017 to reduce issues in interpretation and litigation on taxation of OIDAR Services.

*Note: With related to the decisions of 48th GST Council, the CBIC has issued two notifications and six circulars on 26th and 27th December 2022. These changes will come into effect from 1st January 2023.*

*Source: PIB Press release, dated 17.12.2022*

# GST Revenue Performance

### GST collections grow 15% to Rs 1.49 lakh crore in December 2022

*This is the tenth month in a row, that the monthly GST revenues have been more than the Rs 1.4 lakh crore mark. The collections had touched a record high of nearly Rs 1.68 lakh crore in April. The second-highest collection was Rs 1.51 lakh crore in October. In November 2022, it was Rs. 1.45 crore.*

The gross GST revenue collected during December 2022 is Rs 1,49,507 crore, of which CGST is Rs 26,711 crore, SGST is Rs 33,357 crore, IGST is Rs 78,434 crore (including Rs 40,263 crore collected on import of goods) and Cess is Rs 11,005 crore (including Rs 850 crore collected on import of goods). The Government has settled Rs 36,669 crore to CGST and Rs 31,094 crore to SGST from IGST as regular settlement. The total revenue of Centre and the States after regular settlements in the month of December 2022 is Rs 63,380 crore for CGST and Rs 64,451 crore for the SGST.

The revenues for the month of December 2022 are 15% higher than the GST revenues in the same month last year. During the month, revenues from import of goods was 8% higher and the revenues from domestic transaction (including import of services) are 18% higher than the revenues from these sources during the same month last year. During the month of November, 2022, 7.9 crore e-way bills were generated, which was significantly higher than 7.6 crore e-way bills generated in October, 2022.

Kerala has collected Rs. 2185 crore in December, which is 15% higher than the GST revenues in the same month last year. This month Maharashtra posted the highest GST collection in absolute terms at Rs.23,598 crore. States like Karnataka, Gujarat, Tamil Nadu, Haryana and Uttar Pradesh have also shown impressive numbers.

*Source: PIB Press release, dated 01.01.2023*

# New studies on Kerala

Young Scholars' Forum, GIFT
Led by Munawwara Zubair

## Economics

### Scopus indexed

1. Coley, C., Sheshadri, S., & Devanathan, S. (2022). Men's experience of women's empowerment and gender equality: A phenomenological study in Kerala, India. *Global Social Welfare.* https://doi.org/10.1007/s40609-022-00262-7

This paper is about how men perceive women's empowerment, how these perceptions form, and the factors that influence a decision-making calculus in determining whether or not men will support such social changes. This paper takes up this issue and presents the experiences of men whose wives recently graduated from a women's empowerment project. The structure of their experience is explored using phenomenological analysis methods, and a set of important themes are defined that can be used to improve future interventions in a similar context. Notable themes identified include men's ability to acknowledge injustices faced by women and the level of understanding of and beliefs around women's role in society.

2. Hari K, H., & P A, K. (2022). The Politics of Representating Dalit Women: A Study of the Newspaper Khabar Lahariya and the Documentary Writing with Fire. *Journal of International Women's Studies, 24(7),*

Redefining power is the only means to redress the gender bias that women have had to endure in a male-dominated society. women's writing is the only way to emphasise women's perspectives and end stereotyping of women and their opinions in literature. This transformation is required not only in the literary world, but there is also an urgent need for the realistic representation of women in every section of society. . Dalit women also need the same reassurance and reception in the media so that their lives are also represented without any bias. Visual media often are biased because Dalit women's realities are still ignored in the mainstream media. The public domains of arts, politics, and media are still not offering a space for Dalit women. Meera is the chief editor of Khabar Lahariya, India's only newspaper run by Dalit women. The documentary writing with Fire, directed by Rintu Thomas and Sushmit Ghosh, showcases the redefinition of representation and the power of Dalit women. This study focuses on how a group of Dalit women can enter and break the traditions of the news media in India. This study tries to identify the possibility of redefining power politics through an inclusion of the Dalit community.

